ജനകീയാസൂത്രണം

ഓമശ്ശേരി ഗ്രാമപഞ്ചായത്ത്


സമഗ്രവികസന രേഖ



"അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർപോലും, ഇത് തങ്ങളുടെ നാടാണെന്നും ഇത് രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും മഹത്തായൊരു പങ്കുണ്ടെന്നു വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഉയർന്ന വർഗ്ഗവും താണവർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി, എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി, ഞാൻ പ്രയത്നിക്കും."

- മഹാത്മാഗാന്ധി -


134-8




KOZHIKODE DISTRICT

LOCATION MAP

SCALE – 1 : 500,000




ജനപ്രതിനിധികൾ



വൈസ് പ്രസിഡണ്ട്
കെ. പി. കുഞ്ഞമ്മത്




പ്രസിഡണ്ട്
പി. പി ആമിന



സ്റ്റാൻറിംഗ്കമ്മറ്റി ചെയർമാൻ
കെ. ശാന്തകുമാർ

അംഗങ്ങൾ



പി.പി.മൊയ്തീൻകുട്ടിമാസ്റ്റർ




സി. കെ. കദീജ



വി. എം. വസന്ത



കെ. അഹമ്മദ്കുട്ടിഹാജി




എ.ടി.സി. അബ്ബൂബക്കർ



എം. കെ. ഉസൈൻ



ത്രേസ്യ പൗലോസ്



ഇ. കൃഷ്ണൻ

ബ്ലോക്ക് പഞ്ചായത്ത്




പി. പി. സെയ്ത്
(പുത്തൂർ ഡിവിഷൻ)

ജില്ലാ പഞ്ചായത്ത്



കെ. ടി. സക്കീന
(ഓമശ്ശേരി ഡിവിഷൻ)



കെ. വി. വർക്കി
(കോടഞ്ചേരി ഡിവിഷൻ)

സമർപ്പണം

സവിനയം,
ഈ ഗ്രാമത്തിന്റെ വയലേലകളിലും,
കൃഷിയിടങ്ങളിലും
മണ്ണിനോട് മല്ലടിച്ച്, പൊന്നുവിളയിച്ച
മണ്ണിന്റെ മക്കൾക്ക് മുമ്പിൽ,

ഈ ഗ്രാമത്തിലെ ജനതതിയുടെ
ദുരിതദുഃഖങ്ങളുടെ
ഉള്ളറിഞ്ഞ് ഇന്നിന്റെ പുരോഗതിയിലേയ്ക്ക്
നയിച്ച
അറിയപ്പെടുന്നവരും, അറിയപ്പെടാത്തവരുമായ
മുഴുവൻ ജനകീയ പ്രവർത്തകരുടെയും
മുമ്പിൽ;

ഈ ഗ്രാമത്തിന്റെ സാംസ്കാരിക തനിമ
നിലനിർത്തുന്നതിൽ കാലോചിതമായ
പങ്ക് വഹിച്ച് ഈ പ്രദേശത്തിന്റെ മതേതര
സങ്കല്പങ്ങൾക്ക് നിറം പകർന്ന മുഴുവൻ
ജനതയുടെയും
മുമ്പിൽ....

○

താളുകൾ മറിക്കുമ്പോൾ

			പേജ്
അദ്ധ്യായം	I	ആമുഖം	8
		പൊതുവിവരണം	10
		ഓമശ്ശേരി ഗ്രാമപഞ്ചായത്ത് മാപ്പ്	
		ഓമശ്ശേരി ഗ്രാമപഞ്ചായത്ത് അഡ്മിനിസ്ട്രേഷൻ മാപ്പ്	
		ഓമശ്ശരി ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ	
അദ്ധ്യായം	II	സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം	13
അദ്ധ്യായം	III	ഭൂപ്രകൃതിയും വിഭവങ്ങളും	15
അദ്ധ്യായം	IV	വികസനമേഖലകൾ	
	1.	കൃഷിയും ജലസേചനവും	17
	2.	മൃഗസംരക്ഷണം	23
	3.	വ്യവസായം	27
	4.	വിദ്യാഭ്യാസം	32
	5.	കുടിവെള്ളം	41
	6.	പൊതുജനാരോഗ്യം	48
	7.	ഗതാഗതം	56
	8.	ഊർജ്ജം	63
	9.	സംസ്കാരം	67
	10.	പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	73
	11.	സഹകരണമേഖല	78
	12.	വനിതാക്ഷേമം	80
	13.	സാമൂഹ്യക്ഷേമം-പാർപ്പിടം	83
	14.	വിഭവസമാഹരണം	88

ആമുഖം

ബ്രിട്ടീഷ് കൊളോണിയൽ മേൽക്കോയ്മക്കെതിരായി ഇന്ത്യൻ ഗ്രാമീണജനതയെ അണിനിരത്തുകയെന്ന രാഷ്ട്രീയദൗത്യമേറ്റെടുത്തുകൊണ്ട് മഹാത്മജി നടത്തിയ അന്വേഷണങ്ങളിൽനിന്നാണ് ഗ്രാമസ്വരാജ് എന്ന ആശയം രൂപപ്പെടുന്നത്. ഇതിൽനിന്നും പ്രചോദനമുൾക്കൊണ്ട ഇന്ത്യൻ ദേശീയ പ്രസ്ഥാനം നടത്തിയ എണ്ണമറ്റ പോരാട്ടങ്ങൾ രാജ്യത്തെ സ്വാതന്ത്ര്യപ്രാപ്തിയിലേക്ക് എത്തിച്ചു. സ്വാതന്ത്ര്യത്തിനുശേഷം നാം പിന്നിട്ട വർഷങ്ങൾ കേന്ദ്രീകൃത അധികാരവ്യവസ്ഥയുടേതായിരുന്നു. ഗാന്ധിജിയുടെ സ്വപ്നസാക്ഷാൽക്കാരത്തിനുവേണ്ടിയുള്ള മുറവിളികൾ സ്വതന്ത്ര ഇന്ത്യയിലാകമാനമുയർന്നുവന്നു. 72, 73 ഭരണഘടനാഭേദഗതികളിലൂടെ പഞ്ചായത്തിരാജ് നഗരപാലികാസംവിധാനം ഒരു യാഥാർത്ഥ്യമായിരിക്കുന്നു. പരിമിതമായ അധികാരങ്ങൾ മാത്രമേ വികേന്ദ്രീകരിക്കപ്പെടുന്നുള്ളുവെന്നത് പരിഹരിക്കപ്പെടേണ്ട ഒരു ന്യൂനതയായി ചൂണ്ടിക്കാട്ടാവുന്നതാണ്.

നാം പിന്നിട്ട എട്ടു പഞ്ചവത്സരപദ്ധതികൾ കൊണ്ട് വിവിധ മേഖലകളിൽ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും പദ്ധതികളുടെ ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും കേന്ദ്രീകൃതസ്വഭാവം മൂലം പൂർണ്ണലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിയാതെപോയി. ഈ പശ്ചാത്തലത്തിലാണ് ഒമ്പതാം പദ്ധതി ജനകീയപദ്ധതിയെന്ന മുദ്രാവാക്യം രൂപപ്പെട്ടത്.

1995 ഒക്ടോബർ 2-ാം തിയ്യതി കേരളത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽവന്നു. കാർഷിക വ്യവസായികമേഖലകളിൽ കേരളം അഭിമുഖീകരിക്കുന്ന മുരടിപ്പിനെ മറികടക്കുകയും സേവനത്തുറകളിൽ നാം കൈവരിച്ച നേട്ടങ്ങളെ നിലനിർത്തി ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോവുകയും ചെയ്യലാണ് ഇന്നത്തെ നമ്മുടെ കടമ. ഈ കടമ നിർവ്വഹിക്കുന്നതിന് നിലവിൽവന്നിട്ടുള്ള ത്രിതല പഞ്ചായത്ത് സംവിധാനത്തെ കാര്യക്ഷമവും ശക്തവുമാക്കി മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിൽവരുത്തി ജനങ്ങളിൽ പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും ദിശാബോധവും വളർത്തിയെടുക്കുകയെന്നുള്ളതാണ് ഇതിനുള്ള മുന്നുപാധി.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളും നടപടികളും അഭിമുഖീകരിക്കുന്നതിനുവേണ്ടി വിവിധ മത-രാഷ്ട്രീയ-ബഹുജനസംഘടനകളുടെയും സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരുടെയും ഒരു യോഗം സെപ്തംബർ 10ന് ഓമശ്ശേരി വിദ്യാപോഷിണി എൽ.പി. സ്കൂളിൽ ചേർന്നു. വിവിധ രംഗങ്ങളിലെ 150-ഓളം പേർ പങ്കെടുത്ത യോഗം പഞ്ചായത്ത് സ്വാഗതസംഘത്തെ തെരഞ്ഞെടുത്തു. വിശേഷാൽ ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിന് എല്ലാ വാർഡുകളിലെയും സ്വാഗതസംഘങ്ങൾ രൂപീകരിച്ചു. ജില്ലാതലത്തിൽ സെപ്തംബർ 3,4,5 എന്നീ തീയ്യതികളിൽ ആർ.ഇ.സി.എച്ച്.എസിൽ വെച്ച് നടന്ന പരിശീലനക്യാമ്പിൽ 6 പേർ പങ്കെടുത്തു. 8-9-96ന് പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരുടെ യോഗം ചേർന്നു. സെപ്തംബർ 11-ാം തിയ്യതി പുത്തൂർ ഗവ. യു.പി. സ്കൂളിൽ വെച്ചു നടന്ന പഞ്ചായത്തുതല പരിശീലനക്യാമ്പിൽ 11 വാർഡുകളിൽ നിന്ന് 54 പേരെ പങ്കെടുപ്പിച്ചു. ഇതിൽ 43 പുരുഷന്മാരും 11 സ്ത്രീകളും ഉൾപ്പെടുന്നു. ക്യാമ്പംഗങ്ങളെ ഉൾപ്പെടുത്തി കോർ ഗ്രൂപ്പ് രൂപീകരിച്ചു. ചെയർമാൻ, കൺവീനർ, ജോ. കൺവീനർ എന്നീ ഭാരവാഹികളെ തെരഞ്ഞെടുത്തു. സെപ്തംബർ 15-ന് പ്രഥമ വിശേഷാൽ ഗ്രാമസഭ ഒന്നാം വാർഡിൽ ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി. സെയ്ത് ഉത്ഘാടനം ചെയ്തു. ഒക്ടോബർ 2-ാം തിയ്യതിയോടുകൂടി 11 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ പൂർത്തീകരിച്ചു. ഗ്രാമസഭകളിൽ 1299 സ്ത്രീകളും 1814 പുരുഷന്മാരുമുൾപ്പെടെ 3113 പേർ പങ്കെടുത്തു.

പഞ്ചായത്തിൽ സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിനോ വിവേ ഭൂപടം നിർമ്മിക്കുന്നതിനോ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിനുവേണ്ട പ്രാരംഭപ്രവർത്തനങ്ങളൊന്നും കഴിഞ്ഞകാലങ്ങളിൽ നടത്തിയിരുന്നില്ല. പഞ്ചായത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റംവരെയും പടിഞ്ഞാറതിർത്തിയിൽനിന്നും കിഴക്കനതിർത്തിവരെയും തലങ്ങും വിലങ്ങും ഗ്രാമപഠനപര്യടനം നടത്തി, പഞ്ചായത്തിലെ ഭൂപ്രകൃതി, ജലലഭ്യത, ഭൂമിയുടെ കിടപ്പ്, കൃഷി, മണ്ണിന്റെ തരം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചു. നേരത്തെ രൂപം നൽകിയ കോർ ഗ്രൂപ്പംഗങ്ങൾ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി പഞ്ചായത്തിനകത്തും പുറത്തുമുള്ള വിവിധ വകുപ്പ് സ്ഥാപനങ്ങളിൽനിന്നും ഓഫീസുകളിൽനിന്നും സ്ഥിതിവിവരം സംബന്ധിച്ച ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു.

ഒക്ടോബർ 21, 22, 23 തിയ്യതികളിൽ ആർ.ഇ.സി. എച്ച്.എസിൽ വെച്ചു നടന്ന രണ്ടാം ഘട്ട പരിശീലനത്തിൽ പഞ്ചായത്തിൽനിന്നും 10 പേർ പങ്കെടുത്തു. 27-6-96ന് പുത്തൂർ ഗവ. യു.പി. സ്കൂളിൽ വെച്ച് പഞ്ചായത്തിലെ വിവിധ വകുപ്പുദ്യോഗസ്ഥന്മാരും വിദഗ്ദരും പൊതുപ്രവർത്തകരും നേരത്തേ പരിശീലനം നൽകിയവരും ഉൾപ്പടെ 85 പേർ പങ്കെടുത്തു. ഇതിൽ ഒമ്പത് സ്ത്രീകളും 76 പുരുഷന്മാരും ഉൾപ്പെടുന്നു. ഇവരെ ഗ്രൂപ്പുകളായി തിരിച്ച് 13 വിഷയങ്ങളെ അടിസ്ഥാനമാക്കി വികസന റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തി. നവംബർ 1 കേരളപ്പിറവിയുടെ 40-ാം വാർഷികദിനം പുനരർപ്പണദിനമായി ആചരിക്കുകയും രണ്ട് വാർഡുകളിലൊഴികെ മറ്റെല്ലാ വാർഡുകളിലും വമ്പിച്ച ജനപിന്തുണയോടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുകയും ചെയ്തു. നവംബർ 4-ാം തിയ്യതിയോടെ റിപ്പോർട്ടിന്റെ കരട് രൂപരേഖ തയ്യാറാക്കി പഞ്ചായത്ത് ബോർഡിന് സമർപ്പിക്കപ്പെട്ടു. 6-11-96ന് ചേർന്ന ബോർഡ് യോഗം റിപ്പോർട്ടിന് ഔദ്യോഗികാംഗീകാരം നല്കി.

1966ൽ ഓമശ്ശേരിയിൽ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന ഗ്രാമോദ്ധാരണസംഘം പ്രവർത്തകർ നൽകിയ നിവേദനമാണ് ഓമശ്ശേരി പഞ്ചായത്ത് എന്ന ആശയത്തിന് തുടക്കം കുറിക്കുന്നത്. ഈ നിവേദനം സർക്കാർ തലത്തിൽ പരിഗണിക്കപ്പെട്ടില്ല. ഇ.കെ. ഉണ്ണിമോയി, ന്യൂട്ടൻ ദാസ്, കെ.സി. ബീരാൻകുട്ടി ഹാജി എന്നിവരായിരുന്നു നിവേദന പ്രവർത്തനത്തിലെ പ്രധാനികൾ. ആറ് വർഷത്തെ ഇടവേളക്ക് ശേഷം 1968ൽ ഓമശ്ശേരി പഞ്ചായത്ത് മുസ്ലിം ലീഗ് കമ്മറ്റി ഒരു നിവേദനം നൽകിയെങ്കിലും ഇതും സർക്കാർ പരിഗണനയിൽ വന്നില്ല. തുടർച്ചയായി നൽകപ്പെട്ട നിവേദനങ്ങൾക്ക് പരിസമാപ്തി കുറിച്ചുകൊണ്ട് 1970 ഫെബ്രുവരി 7 ശനിയാഴ്ച ഓമശ്ശേരിയിൽ നടന്ന പൊതുയോഗത്തിൽ വെച്ച് അന്നത്തെ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയായ അവുക്കാദർ കുട്ടി നഹ പഞ്ചായത്ത് രൂപീകരണത്തിന്റെ അനൗദ്യോഗിക പ്രഖ്യാപനം നടത്തി. ഹർഷാരവത്തോടുകൂടി ജനങ്ങൾ ഏറ്റുവാങ്ങിയ ഈ പ്രഖ്യാപനം ഒരു പുതിയ കാലഘട്ടത്തിന്റെ തുടക്കമായി മാറുകയായിരുന്നു.

പി.പി. സെയ്ത് ആദ്യ പ്രസിഡണ്ടായികൊണ്ട് 1970 ജൂലൈ 30ന് ഓമശ്ശേരി പഞ്ചായത്ത് ഔദ്യോഗികമായി നിലവിൽവന്നു. പുതുപ്പാടി, താമരശ്ശേരി, കൊടുവള്ളി, ചാത്തമംഗലം, മുക്കം, കോടഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ഏതാനും ഭാഗങ്ങൾ കൂട്ടിച്ചേർത്താണ് ഇന്ന് നിലവിലുള്ള ഓമശ്ശേരി പഞ്ചായത്ത് രൂപീകരിച്ചത്. പ്രഥമ പഞ്ചായത്ത് ഭരണസമിതിയിൽ മൂന്ന് നോമിനേറ്റഡ് അംഗങ്ങൾ ഉൾപ്പെടെ പത്ത് പ്രതിനിധികൾ ആയിരുന്നു ഉള്ളത്. ഇതിൽ പി.പി. സെയ്ത്, ജോസഫ് മഞ്ചേരി, കരുണാകരൻ നായർ, ആലി മരയ്ക്കാർ ഹാജി, ഫാദർ തോമസ് പുളിക്കൽ, കെ.പി. തോമസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടവരും, ഇ.കെ. ഉണ്ണിമോയി, പി.വി. അബൂബക്കർ ഹാജി. ദേവകി അമ്മ എന്നിവർ നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങളുമാണ്.


1978-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഘടകകക്ഷി ധാരണയുടെ അടിസ്ഥാനത്തിൽ വി.സി. അഗസ്ത്യൻ ആദ്യവർഷ പ്രസിഡണ്ടായും, രണ്ടാം വർഷത്തെ പ്രസിഡണ്ടായി കെ. ബാലകൃഷ്ണൻ മാസ്റ്ററും തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ അപ്രതീക്ഷിതമായി മൂന്നാം വർഷം പി.പി. സെയ്ത് ഓമശ്ശേരി പഞ്ചായത്ത് പ്രസിഡണ്ടായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണസമിതിയിൽ ഇവർക്കുപുറമെ ഇ.കെ. ഉണ്ണിമോയി, കെ.പി. അബ്ദുൾ റഹിമാൻ, എൻ.വി. അബൂബക്കർ ഹാജി, വി.പി. ചാത്തൻ, വിജയമ്മ ടീച്ചർ, പി.പി. മൊയ്തീൻകുട്ടി മാസ്റ്റർ എന്നിവരും അംഗങ്ങൾ ആയിരുന്നു. 1985-88 കാലഘട്ടം ഭരണമായിരുന്നു. 1988-ൽ നടന്ന തെരഞ്ഞെടുപ്പിൽ പി.പി. സെയ്ത് വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭരണസമിതി അംഗങ്ങൾ ഇവരാണ്. 1. പി.പി. മൊയ്തീൻകുട്ടി മാസ്റ്റർ, 2. ആർ. കെ. ഇബ്രാഹിം ഹാജി, 3. ടി.സി. മുഹമ്മത് ഹാജി, 4. കെ. കോയമ്മത് ഹാജി, 5. പത്മാവതിയമ്മ, 6. അഹമ്മത് കുട്ടി ഹാജി, 7. റുഖിയ്യ, 8. സുന്ദരൻ, 9. വി.സി. അഗസ്ത്യൻ.

പുതുതായി രൂപംകൊണ്ട ത്രിതല പഞ്ചായത്ത് സംവിധാനപ്രകാരം 1995 സെപ്തംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ ഉള്ള ഭരണസമിതി അധികാരത്തിൽ വന്നു.

പ്രസിഡണ്ട് സ്ഥാനം വനിതക്കായി സംവരണം ചെയ്യപ്പെട്ട ഈ പഞ്ചായത്തിന്റെ പ്രഥമ വനിതാ പ്രസിഡണ്ടായി ആറാം വാർഡ് മെമ്പർ പി.പി. ആമിന ടീച്ചർ തെരഞ്ഞെടുക്കപ്പെട്ടു. കെ.പി. കുഞ്ഞമ്മത് വൈസ് പ്രസിഡണ്ടും, കെ. ശാന്തകുമാർ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാനുമാണ്. മറ്റു ഭരണസമിതി അംഗങ്ങൾ ഇവരാണ്. 1. പി.പി. മൊയ്തീൻ കുട്ടി മാസ്റ്റർ 2,. സി.കെ. കദീജ 3. എ.ടി.സി. അബൂബക്കർ 4. എം.കെ. ഉസൈൻ 5. കെ. അഹമ്മത് കുട്ടി ഹാജി 6. ഇ. കൃഷ്ണൻ 7. വി.എം. വസന്ത 8. ത്രേസ്യാ പൗലോസ്.

പഞ്ചായത്ത് പൊതുവിവരണം


പഞ്ചായത്തിന്റെ പേര്	:	ഓമശ്ശേരി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പുത്തൂർ, രാരോത്ത്, കൂടത്തായ്, നീലേശ്വരം, ചാത്തമംഗലം
ബ്ലോക്ക് പഞ്ചായത്ത്	:	കൊടുവള്ളി
ഉൾപ്പെടുന്ന ഡിവിഷനുകൾ	:	പുത്തൂർ, ഓമശ്ശേരി
താലൂക്ക്	:	കോഴിക്കോട്
ജില്ല	:	കോഴിക്കോട്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	കോടഞ്ചേരി
അസംബ്ലി മണ്ഡലം	:	തിരുവമ്പാടി
പാർലമെൻറ് മണ്ഡലം	:	കോഴിക്കോട്
വിസ്തീർണ്ണം	:	2546 ചതുരശ്ര കി.മീ.
ജനസംഖ്യ	:	26,522
പുരുഷന്മാർ	:	13,096
സ്ത്രീകൾ	:	13,426
ജനസാന്ദ്രത	:	1041
സാക്ഷരർ	:	18862
പഞ്ചായത്തിലെ വാർഡുകൾ	:	പതിനൊന്ന്
അതിരുകൾ	:	വടക്ക് - താമരശ്ശേരി, കോടഞ്ചേരി പഞ്ചായത്തുകൾ തെക്ക് - ചാത്തമംഗലം, മുക്കം പഞ്ചായത്തുകൾ കിഴക്ക് - കോടഞ്ചേരി, മുക്കം പഞ്ചായത്തുകൾ പടിഞ്ഞാറ് - താമരശ്ശേരി, കൊടുവള്ളി പഞ്ചായത്തുകൾ



ഓമശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് മാപ്പിൽ നമ്പർ പ്രകാരമുള്ള സ്ഥാപനങ്ങൾ

1. ജി.എം.എൽ.പി. സ്കൂൾ ചാത്ത-വെണ്ണക്കോട്
2. ജി.എം.എൽ.പി. സ്കൂൾ കെടയത്തൂർ
3. ജി.എം.യു.പി. സ്കൂൾ പുത്തൂർ
4. വി.പി.എ.എൽ.പി. സ്കൂൾ ഓമശ്ശേരി
5. ജി.എം.എൽ.പി. സ്കൂൾ വെളിമണ്ണ
6. ആസാദ് എ.എൽ.പി. സ്കൂൾ കൂടത്തായി
7. സെൻറ് മേരീസ് ഹൈസ്കൂൾ കൂടത്തായി
8. ജി.എൽ.പി. സ്കൂൾ കൂടത്തായി
9. ഹോളി ഫാമിലി ഹൈസ്കൂൾ വേനപ്പാറ
10. സെൻറ് തോമസ് എൽ.പി. സ്കൂൾ നിലേശ്വരം
11. വില്ലേജ് ഓഫീസ് പുത്തൂർ
12. ഗ്രാമപഞ്ചായത്ത് ഓഫീസ്, ഓമശ്ശേരി
13. കൃഷിഭവൻ ഓമശ്ശേരി
14. വെറ്ററിനറി ഡിസ്പെൻസറി ഓമശ്ശേരി
15. പി.എച്ച്.സി. ഓമശ്ശേരി
16. ഗവ. ആയുർവേദ ആശുപത്രി ഓമശ്ശേരി
17. പബ്ലിക്ക് ലൈബ്രറി, കൂടത്തായ്
18. സാംസ്ക്കാരികനിലയം, ഓമശ്ശേരി
19. ശിശുക്ഷേമകേന്ദ്രം

ഓമശ്ശേരി ഗ്രാമപഞ്ചായത്ത്



സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കോഴിക്കോട് താലൂക്കിലെ ഒൻപത് ദേശങ്ങൾ ഓമശ്ശേരി ഗ്രാമപഞ്ചായത്ത് ഉൾക്കൊള്ളുന്നുണ്ട്. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് അത്രയൊന്നും ഓർമ്മിക്കാവുന്ന അനുഭവങ്ങൾ പഴമക്കാർക്കില്ലതന്നെ. ശക്തമായ ഒരു നേതൃത്വമോ, പ്രസ്ഥാനങ്ങളോ ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളെ ഒരുമിപ്പിച്ച് നാടിന്റെ സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ ഭാഗമാക്കാൻ ഈ പ്രദേശത്ത് അക്കാലത്ത് ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ പഴയ ജന്മികുടിയാൻ ബന്ധങ്ങളിലെ ദുരിതദുഃഖങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് പുറംലോക പ്രശ്നങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി തങ്ങളുടെ ലോകത്ത് ഒതുങ്ങികൂടാൻ ഈ ഗ്രാമവാസികൾ വിധിക്കപ്പെട്ടു. ദേശീയ സ്വാതന്ത്ര്യസമരത്തിൽ നേരിട്ടല്ലെങ്കിലും ഒറ്റപ്പെട്ട പങ്കാളിത്തം ഇവിടെയും ഉണ്ടായിട്ടുണ്ട്. മലബാർ ലഹളയുമായി ബന്ധപ്പെട്ട് ബ്രിട്ടീഷ് പട്ടാള തേർവാഴ്ച ഇവിടെയും അരങ്ങേറിയപ്പോൾ വാരികുന്തവുമായി നേതൃത്വമില്ലാതെ സമരത്തിനിറങ്ങിയ ഒരുകൂട്ടം ജനത ബ്രിട്ടീഷ് തോക്കുകൾക്ക് മുമ്പിൽ ഇവിടെയും മരിച്ച് വീഴുകയുണ്ടായി. അറസ്റ്റു ചെയ്യപ്പെട്ടവർ അന്തമാൻ ജയിലിലും വെല്ലൂർ തടവറയിലും ക്രൂരമായി മർദ്ദിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്.

ജാതീയതയും, ജന്മിത്വവും കൊടികുത്തിവാണിരുന്ന ഈ പഞ്ചായത്തിൽ ഇതിനെതിരെ ശക്തമായ സമരങ്ങൾ ഒന്നും നടന്നിരുന്നില്ല. ഇത് മറ്റെതൊരു പ്രദേശത്ത്നിന്നും വിഭിന്നമായ ഒന്നായി കാണേണ്ടതാണ്. ഒരുപക്ഷേ നേരത്തെ സൂചിപ്പിച്ച ദേശീയപ്രസ്ഥാനത്തിന്റെയോ, കർഷകപ്രസ്ഥാനങ്ങളുടേയോ സ്വാധീനമില്ലായ്മയായിരിക്കും ഇതിനു കാരണം. അടിസ്ഥാനവർഗ്ഗത്തിന്റെ മോചനത്തിനു ഭൂപരിഷ്ക്കരണം വരെ കാത്തിരിക്കേണ്ടിവന്നു. പഴയ ജന്മികളുടെ ഭൂമി അടിസ്ഥാനവർഗ്ഗങ്ങൾക്ക് ലഭിച്ചതുകാരണം ഭൂമി പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും ഒരു പരിധിവരെ ലഭിച്ചിട്ടുണ്ട്. എന്നാൽ ഏക്കറകളോളം കൈവശമുള്ള റബ്ബർ എസ്റ്റേറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ഇന്നും നിലവിലുണ്ട്.

പഴയകാല കോൺഗ്രസ്സ് പ്രവർത്തകരായി അറിയപ്പെടുന്നവർ ജോൺ കീഴേത്ത്, കുമാരകുറുപ്പ്, കല്ലിടുക്കിൽ കുട്ടിചേട്ടൻ, നാരായണൻ നായർ തുടങ്ങിയവരാണ്. ഇബ്ബിച്ച്യാലി, ആലിമരക്കാർ ഹാജി എന്നിവർ പഴയകാല മുസ്ലിം ലീഗ് പ്രവർത്തകരാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഈ നാട്ടിൽ വേരുറപ്പിക്കുന്നതിന് ചാത്തുണ്ണിമാസ്റ്റർ, കെ.സി. രായിൻ മുഹമ്മദ്, വി.ടി. രാഘവൻ നായർ, ഒ.കെ. ഭാസ്ക്കരൻ, ഉണ്ണീരികുട്ടിമുക്കം എന്നിവർ നിർണ്ണായകപങ്ക് വഹിച്ചിട്ടുണ്ട്. തികച്ചും അസംഘടിതമായ ജനതയെ സംഘടിതമുന്നേറ്റങ്ങളിൽ പങ്കാളികളാക്കുന്നതിന് മേൽപ്പറഞ്ഞ സംഘടനകളും നേതാക്കളും വഹിച്ച പങ്ക് ഈ പ്രദേശത്തിന്റെ പുരോഗതിക്ക് കാരണമായിട്ടുണ്ട്.

1922 മുതൽക്കാണ് ഓമശ്ശേരിയിലെ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. ഇന്നത്തെ പുത്തൂർ ഗവൺമെന്റ് യു.പി. സ്കൂൾ ആണ് ആദ്യ വിദ്യാലയം. ഇതിന് മുമ്പ് തന്നെ ആശാൻ പള്ളിക്കൂടങ്ങളും, കുടിപള്ളിക്കൂടങ്ങളും വിദ്യാവിതരണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. 1930ന് മുമ്പ് തന്നെ പഞ്ചായത്തിൽ അഞ്ച് എൽ.പി. സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. 1966-ൽ ആണ് ആദ്യ ഹൈസ്കൂൾ ആയ സെൻറ് മേരീസ് തുടങ്ങിയത്. ഇന്ന് ഏഴ് എൽ.പി. സ്കൂളുകൾ, ഒരു യു.പി. സ്കൂൾ, രണ്ട് ഹൈസ്കൂൾ എന്നിങ്ങനെ പത്ത് സ്കൂളുകൾ നിലവിലുണ്ട്.

1972-ൽ ഓമശ്ശേരിയിൽ സ്ഥാപിക്കപ്പെട്ട സഹകരണ ആശുപത്രിയാണ് പഞ്ചായത്തിലെ ആദ്യ ആധുനിക ചികിത്സാകേന്ദ്രം. ഇതിന് മുമ്പ് ഒറ്റപെട്ട ക്ലിനിക്കുകൾ ഇവിടെ തുടങ്ങിയിരുന്നു. 1950കൾക്കു മുമ്പ് പാരമ്പര്യ വൈദ്യന്മാരേയും മന്ത്രവാദത്തെയും ആശ്രയിച്ച് ചികിത്സാ

മുറ തീരുമാനിക്കപ്പെട്ടിരുന്നു. കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടായിരുന്ന സഹകരണ ഹോസ്പിറ്റൽ സാമ്പത്തികമായ കാരണത്താൽ ഏതാനും വർഷങ്ങൾക്കകം അടച്ച് പൂട്ടപ്പെടുകയുണ്ടായി. ഇന്ന് സർക്കാർ മേഖലയിൽ നാല് സബ് സെൻറർ, ഒരു പ്രൈമറി ഹെൽത്ത് സെൻറർ, ഒരു ആയുർവേദ ഡിസ്പെൻസറി എന്നിവയും സഹകാര്യമേഖലയിൽ വിപുലമായ സൗകര്യങ്ങളുള്ള ഒരു അലോപ്പതി ഹോസ്പിറ്റൽ, മൂന്ന് അലോപ്പതി ക്ലിനിക്ക്, നാല് ഹോമിയോ ക്ലിനിക്ക്, ഒരു ദന്താശുപത്രി എന്നിവയും, നാല് അലോപ്പതി മെഡിക്കൽ ഷോപ്പുകളും, ഏഴ് ആയുർവേദ മെഡിക്കൽ ഷോപ്പുകളും നിലവിലുണ്ട്.

ഇന്ന് പഞ്ചായത്തിൽ 6378 വീടുകൾ ആണ് ഉള്ളത്. മൊത്തം കുടുംബങ്ങളിൽ 30%ത്തോളം കുടിലുകളിൽ ആണ് താമസിക്കുന്നത്. ഇവയിൽ അടിസ്ഥാന സൗകര്യങ്ങളായ കക്കൂസില്ലാത്ത 35% വീടുകൾ ഉണ്ട്. എന്നാൽ ഈ സാഹചര്യങ്ങൾക്കിടയിലും ഗൾഫ് പണത്തിൻെറ അതിപ്രസരത്താൽ കോൺക്രീറ്റു വീടുകൾ നിരവധി ഉയർന്നുവരുന്നുണ്ട്. വീടുനിർമ്മാണത്തിന് വയലുകൾ നികത്തുന്നത് പരിസ്ഥിതിപ്രശ്നങ്ങൾക്ക് ഇടവരുത്തുന്നുണ്ട്.

1960 കാലഘട്ടം വരെ ഗതാഗതമേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിലും 60ന് ശേഷം ദ്രുതഗതിയിലുള്ള മാറ്റമാണ് ഈ രംഗത്ത് ഉണ്ടായത്. കാളവണ്ടികളെ ആശ്രയിച്ച് ജീവിച്ചിരുന്ന അവസ്ഥയിൽനിന്നും 1962-ൽ എക്സ് സർവ്വീസ് മെൻ ആദ്യ ബസ് ഓടിത്തുടങ്ങിയതുമുതൽ ഗതാഗത മേഖലയിൽ പടിപടിയായ പുരോഗതി ആണ് ഉണ്ടായത്. ഓമശ്ശേരിയുമായി ബന്ധപ്പെട്ടുകൊണ്ട് നാടിൻെറ നാനാഭാഗത്തേക്കും ബസ് ഗതാഗതം ഇന്ന് നിലവിലുണ്ട്.

ഇങ്ങനെയെല്ലാം പൊതുവായ മേഖലകളിൽ വളർച്ചയുണ്ടായിട്ടുണ്ടെങ്കിലും, തൊഴിലില്ലായ്മയും, സാമ്പത്തിക പ്രതിസന്ധിയും, സാംസ്ക്കാരികച്യുതിയും വർദ്ധിച്ചുവരുന്ന സാമൂഹ്യാവസ്ഥയാണ് ഇന്ന് നിലവിലുള്ള പ്രധാനവെല്ലുവിളി. തൊഴിൽമേഖലയിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നതും, സ്ത്രീ കുടുംബനാഥയായുള്ള വീടുകൾ വർദ്ധിച്ചുവരുന്നതും വരുംകാലങ്ങളിൽ രൂക്ഷമായ പ്രതിസന്ധി സൃഷ്ടിക്കാതിരിക്കാൻ കൂട്ടായ ശ്രമം ഉണ്ടാവേണ്ടതുണ്ട്. ഇന്ത്യൻ ജനതയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു എന്ന നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയുടെ കണ്ടെത്തൽ സാർത്ഥകമാകണമെങ്കിൽ ഇന്നത്തെ പോരായ്മകൾ പരിഹരിച്ച് നല്ല ഒരു നാളയെ കെട്ടിപ്പടുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രചോദനം മുൻകാല തീഷ്ണമായ അനുഭവങ്ങളിൽനിന്ന് നമുക്ക് ഉൾക്കൊള്ളാൻ കഴിയും എന്ന പ്രതീക്ഷയിൽ നമുക്ക് പ്രവർത്തിക്കാം.

ഭൂപ്രകൃതിയും വിഭവങ്ങളും

വടക്ക് പശ്ചിമഘട്ട പർവ്വതനിരകളിൽ ഉൾപ്പെടുന്ന വയനാടൻ ചുരവും വടക്കുകിഴക്ക് വെള്ളരിമലയും കോടഞ്ചേരി തിരുവമ്പാടി പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു. വയനാടൻ ചുരത്തിൽ നിന്ന് പുറപ്പെട്ട് പുതുപ്പാടി കോടഞ്ചേരി പഞ്ചായത്തുകളിലൂടെ കടന്നുവരുന്ന ഇരുതുള്ളിപ്പുഴ വടക്കു പടിഞ്ഞാറതിർത്തിയിലൂടെ ഒഴുകി താമരശ്ശേരി, കൊടുവള്ളിപ്പഞ്ചായത്തുകളെ നമ്മുടെ പഞ്ചായത്തിൽ നിന്ന് വേർതിരിച്ചുനിർത്തുന്നു. തെക്ക് കിഴക്കതിർത്തിയിൽ ചാത്തമംഗലം മുക്കം പഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു.

ഭൂപ്രകൃതിയനുസരിച്ച് നമ്മുടെ പഞ്ചായത്തുകളുൾപ്പെടുന്ന പ്രദേശത്തെ, കുത്തനെ ചെരിവുകളുള്ള കുന്നുകൾ, ചെറുചെരിവുകളോടുകൂടിയ സമതലം, താഴ്വാരങ്ങൾ എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്.

മേഖല	വിസ്തീർണ്ണം ഹെ.	ശതമാനം
കുത്തനെ ചെരിവുകളുള്ള പ്രദേശം	1801.6	70.78
ചെറുചെരിവുകളുള്ള സമതലം	520.4	20.43
താഴ്വാരങ്ങൾ	224.0	8.81
ആകെ വിസ്തീർണ്ണം	2546.00	

മൺതരങ്ങൾ

കുത്തനെ ചെരിവുകളുള്ള കുന്നു പ്രദേശങ്ങളിൽ ചെമ്മണ്ണും, കറുത്തമണ്ണും ഇടകലർന്നു കാണാം. ചെറുചെരിവുകളോടുകൂടിയ സമതലപ്രദേശങ്ങളിൽ ചെങ്കൽ മണ്ണും ചരൽ മണ്ണുമാണ്. ഇത് പൊതുവിൽ ജലആഗിരണശേഷി കുറവുള്ള മൺതരങ്ങളിൽപ്പെട്ടതാണ്. നെൽവയലുകൾ ഉൾപ്പെടെയുള്ള താഴ്വാരപ്രദേശങ്ങളിൽ പ്രധാനമായും കളിമണ്ണും ചെറിയ തോതിൽ മണൽമണ്ണും കാണാവുന്നതാണ്.

ജലലഭ്യത

പഞ്ചായത്തിലെ കുന്നിൻപ്രദേശങ്ങളിൽ രണ്ടു മൂന്നു പതിറ്റാണ്ടിനിപ്പുറം അതിരൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. സമതലപ്രദേശങ്ങളിലും താഴ്വാരങ്ങളിലും ജലലഭ്യത താരതമ്യേന കൂടുതലാണ്. ശക്തമായ വേനലിൽ ഈ പ്രദേശങ്ങളിൽ ഈ പ്രദേശങ്ങളും വരൾച്ചയെ അഭിമുഖീകരിക്കാറുണ്ട്. പഞ്ചായത്തിൽ 3737 കിണറുകളുണ്ട്. മഴയുടെ ലഭ്യത സംസ്ഥാനശരാശരിയായ 3063 കി.മീറ്ററിനേക്കാൾ കുറവാണ്. 2710 ച.മി ആണ് പഞ്ചായത്തിലെ മഴലഭ്യതയുടെ ശരാശരി.

ഭൂവിനിയോഗം

പഞ്ചായത്തിൽ കൂടുതൽ സ്ഥലങ്ങളിലും കൃഷി ചെയ്യുന്നത് തെങ്ങാണ്. തെങ്ങും കവുങ്ങും സമ്മിശ്രമായി കൃഷിചെയ്യുന്ന രീതി നേരത്തെ വ്യാപകമായുണ്ടായിരുന്നു. ഇപ്പോൾ ഈ പ്രവണത കുറഞ്ഞുവരുന്നു. 60 ശതമാനത്തോളം വരുന്ന നെൽപാടങ്ങളിൽ കവുങ്ങു കൃഷി വ്യാപിച്ചുകഴിഞ്ഞു. ക്രമേണ വ്യാപ്തി വർദ്ധിച്ചുവരുന്ന മറ്റൊരു കൃഷി റബ്ബർ കൃഷിയാണ്. ചെരിവുകളുള്ള കുന്നിൻപ്രദേശങ്ങളിൽ റബ്ബർ കൃഷി വ്യാപിച്ചുവരുന്നു. കർഷകർക്ക് അൽപമെങ്കിലും പ്രതീക്ഷയർപിക്കാൻ കഴിയുന്നത് ഈ രംഗത്താണ്. നെൽകൃഷി വർഷംതോറും ഗണ്യമായി കുറഞ്ഞുവരികയാണ്. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കുന്നുകളും നെൽവയലുകളും പുരയിടങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്.

കാലാവസ്ഥ

വർഷത്തിൽ ശരാശരി 2710 മി.മീറ്റർ മഴയാണ് നമുക്ക് ലഭിക്കുന്നത്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. (സംസ്ഥാന ശരാശരി 3063 മീ.) ഏറ്റവും കൂടുതൽ

മഴ ലഭിക്കുന്നത് തെക്കു പടിഞ്ഞാറൻ മൺസൂൺ കാലത്താണ്. (ജൂൺ, ജൂലായ് മാസങ്ങളിൽ) ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് ഏപ്രിൽ, മെയ് മാസങ്ങളിലും ഏറ്റവും കൂടുതൽ തണുപ്പനുഭവപ്പെടുന്നത് ഡിസംബറിലുമാണ്.

ജനപ്രകൃതി

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 25420 ആണ്. ഇതിൽ 12511 പുരുഷന്മാരും 12909 സ്ത്രീകളുമാണ്. ജനസംഖ്യയിലെ 51% സ്ത്രീകളാണ്. 2573 കുട്ടികൾ അഞ്ചുവയസ്സിനു താഴെ പ്രായമുള്ളവരായിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട 2565 പേരിൽ 1259 പുരുഷന്മാരും 1306 സ്ത്രീകളുമാണ്. 1995 ഐ.സി.ഡി.എസ്. സർവ്വേ അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 26522 ആണ്. പഞ്ചായത്തിലെ ജനസാന്ദ്രത ച. കിലോമീറ്ററിന് 1042 എന്ന തോതിലാണ്. ജനസാന്ദ്രതാനിരക്ക് ഉയർന്നിരിക്കാൻ കാരണം നമ്മുടെ മെച്ചപ്പെട്ട ജീവിത ഗുണനിലവാരമല്ലാതെ മറ്റൊന്നുമല്ല.

ജനസംഖ്യയും മറ്റു വിവരങ്ങളും വാർഡടിസ്ഥാനത്തിൽ.

Ward	Population	Male	FM.	Scheduled Caste		Literates		No. Occupied House	No. Households
				M	F	M	F		
1	2141	1031	1110	72	91	782	762	406	406
2	2540	1263	1277	117	105	941	811	458	458
3	1735	850	885	49	53	686	632	313	313
4	2600	1278	1332	11	12	968	958	469	470
5	2816	1377	1439	165	183	1070	998	537	538
6	2655	1335	1320	122	119	1022	921	439	439
7	3297	1623	1674	115	105	1246	1062	643	643
8	2246	1113	1113	109	100	837	778	417	424
9	2753	1359	1394	319	337	1153	1116	572	572
10	2637	1282	1335	180	201	1073	1066	509	509

കൃഷിയും ജലസേചനവും

തീർത്തും ഒരു കാർഷികമേഖലയാണ് ഓമശ്ശേരി പഞ്ചായത്ത്. കാർഷിക സമ്പത്ഘടനയും ഗ്രാമീണ സംസ്കാരവും നമ്മുടെ മുഖമുദ്രയാണ്. മരുമക്കത്തായ സമ്പ്രദായത്തിന്റെ തകർച്ചയും 1940കളിലെ തിരുവിതാംകൂർ ഭാഗത്തുനിന്നുള്ള കുടിയേറ്റക്കാരുടെ വരവും ഭൂപരിഷ്കരണനിയമവുമെല്ലാം കർഷകരിൽ വർദ്ധിച്ച തോതിലുള്ള ഉണർവ്വുണ്ടാക്കുകയും കാർഷികരംഗത്ത് വമ്പിച്ച മാറ്റങ്ങൾക്കിടവരുത്തുകയും ചെയ്തു. അതുവരെയും മുൻപന്തിയിൽ നിന്നിരുന്ന ധാന്യവിള കിഴങ്ങുവർഗ്ഗകൃഷി പിറകോട്ടടിക്കുകയും നാണ്യവിള സുഗന്ധവിള കൃഷികൾ വ്യാപകമാവുകയും ചെയ്തത് ഈ മാറ്റത്തിന്റെ ഭാഗമാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിവരെയും നെല്ലായിരുന്നു മുഖ്യമായും കൃഷിചെയ്തിരുന്നത്. തോടുകളിൽ ചിറകെട്ടിയും കുളങ്ങളെ ആശ്രയിച്ചു കൃഷിക്കുവേണ്ടി ജലസേചനം നടത്തിയിരുന്നു. മലമ്പ്രദേശങ്ങൾ ചുട്ടുകരിച്ച് നെൽവിത്ത് വിതച്ച് കൊത്തി നെൽകൃഷി ചെയ്യുന്ന സമ്പ്രദായം വ്യാപകമായി നിലനിന്നിരുന്നു. പഞ്ചായത്തിന്റെ വടക്കുകിഴക്കുഭാഗത്തെ ഇത്തരം മലകളിൽ തെരുവപ്പുല്ലും രാമച്ചവും കൃഷിചെയ്യാറുണ്ടായിരുന്നു. തെരുവപ്പുല്ല് മുറിച്ചെടുക്കുന്നതിലും രാമച്ചം പറിച്ചെടുക്കുന്നതിലുമെല്ലാം കർഷകത്തൊഴിലാളികൾക്ക് ധാരാളം തൊഴിലവസരങ്ങളുണ്ടായിരുന്നു. ഇത്തരം പുൽകൃഷികളെല്ലാം ഇപ്പോൾ പൂർണ്ണമായും അപ്രത്യക്ഷമായിക്കഴിഞ്ഞു. തെരുവപ്പുൽ കൃഷി ഫലപ്രദമായ ഒരു മണ്ണുസംരക്ഷണമാർഗ്ഗം കൂടെയായിരുന്നു.

പഞ്ചായത്തിലങ്ങിങ്ങായിക്കാണുന്ന പത്തോളം വരുന്ന വലിയ കുന്നുകളും അവയെ ചുറ്റിപ്പറ്റിയുള്ള അൻപതോളം വരുന്ന ചെറുകുന്നുകളും അവയ്ക്കിടയിലെ സമതലങ്ങളും, താഴ്വാരങ്ങളുമുൾപ്പെടുന്നതാണ് നമ്മുടെ ഭൂപ്രദേശം. തെങ്ങ്, കവുങ്ങ്, റബ്ബർ, നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധവിളകൾ, വാഴ എന്നിവയാണ് മുഖ്യ കൃഷി. ഭൂരിപക്ഷമാളുകളുടേയും മുഖ്യ ജീവിതോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റ് തൊഴിൽമേഖലകളുമാണ് ജനങ്ങളുടെ മുഖ്യ ജീവിതോപാധി.

ഭൂബന്ധങ്ങൾ: സമഗ്ര ഭൂപരിഷ്കരണനിയമം നടപ്പിലായതോടെ ഭൂഉടമബന്ധങ്ങളിൽ വന്ന വികേന്ദ്രീകരണവും ജനസംഖ്യാവർദ്ധനവും നമ്മുടെ ഭൂവുടമസ്ഥതാബന്ധങ്ങളിൽ വലിയ മാറ്റമുണ്ടാക്കി. പുരയിടങ്ങളുടെ എണ്ണം അനുദിനം വർദ്ധിക്കുന്നത് കൃഷിഭൂമിയുടെ വിസ്തൃതി കുറയാനും കാരണമാകുന്നു.

നമ്പർ	ഭൂപരിധി	ഉടമസ്ഥരുടെ എണ്ണം
1	1 ഹെക്ടറിൽ താഴെ	3977
2	1 മുതൽ 2 ഹെക്ടർ വരെ (ചെറുകിട കർഷകർ)	626
3	2 ഹെക്ടറിനു മുകളിൽ (വൻകിട കർഷകർ)	169
	ആകെ	4772

വിളക്രമം: കുത്തനെ ചെരിവുകളുള്ള കുന്നിൻപ്രദേശങ്ങളിൽ തെങ്ങും, കവുങ്ങും, റബ്ബറും കൃഷിചെയ്യുന്നു. റബ്ബർകൃഷിയുടെ വ്യാപ്തി കൂടിവരികയും തെങ്ങ്, കവുങ്ങ് കൃഷികളുടെ വ്യാപ്തി കുറഞ്ഞുവരുന്നതും കാണാം. ഇത് കിഴങ്ങുവർഗ സുഗന്ധവിള കൃഷികളുടെയും വ്യാപ്തി കുറയ്ക്കുന്നുണ്ട്. ഇത്തരം പ്രദേശങ്ങൾ അതിരൂക്ഷമായ മണ്ണൊലിപ്പിനെ നേരിടുന്നു. പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗങ്ങളിൽപ്പെടുന്ന 9, 10 വാർഡുകളിലെ വലുതും ചെറുതുമായ മലകളിലാണ് റബ്ബർ കൃഷി കാര്യമായി നടക്കുന്നത്. ഈ പ്രദേശങ്ങളിൽ കശുമാവ് കൃഷിയും ചെറിയ തോതിൽ കാണാം. ചെമ്മണ്ണും കറുത്ത

മണ്ണും ഇടകലർന്ന് കാണുന്ന ഈ പ്രദേശങ്ങൾ പൊതുവേ വളക്കൂറുള്ള മൺതരങ്ങൾ ഉൾപ്പെടുന്നതാണ്.

ചെറു ചെരിവുകളോടുകൂടിയ സമതലപ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗങ്ങൾ, വാഴ തുടങ്ങിയ വിളകളാണ് കൃഷി ചെയ്യുന്നത്. ഇത്തരം പറമ്പുകൃഷിയിൽ അല്പമെങ്കിലും ശാസ്ത്രീയമായി വിളക്രമവും, വളപ്രയോഗവുമൊക്കെ നടക്കുന്നത് കുടിയേറ്റ മേഖലകളിൽ മാത്രമാണ്. മണ്ണ് പരിശോധന നടത്തിക്കൊണ്ടുള്ള ശാസ്ത്രീയമായ കൃഷിരീതി പഞ്ചായത്തിലൊരു പ്രദേശത്തും തന്നെയില്ല. ഈ ഭൂപ്രദേശത്തെ ചെങ്കൽമണ്ണും ചരൽ മണ്ണും ഇടകലർന്നുകാണുന്ന മൺതരം പൊതുവേ ഫലപുഷ്ടി കുറഞ്ഞതും ജല ആഗിരണശേഷി കുറഞ്ഞതുമാണ്. ജലസംരക്ഷണ നടപടികളൊന്നും സ്വീകരിക്കാത്തതിനാൽ ഈ പ്രദേശങ്ങളിൽ തുലാവർഷം കഴിയുന്നതോടുകൂടിത്തന്നെ അതിശക്തമായ വരൾച്ച അനുഭവപ്പെടുന്നു. ഇത് ഉല്പാദനക്ഷമതയെ കാര്യമായ തോതിൽ ബാധിക്കുന്നു. ഇടവിള കൃഷികളും പച്ചക്കറി കൃഷികളുമെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

താഴ്വാരപ്രദേശങ്ങളെല്ലാം തന്നെ ആദ്യകാല നെൽവയലുകളായിരുന്നു. ഒരുപ്പൂലും, ഇരുപ്പൂലും, മുപ്പൂലും കൃഷി നടത്തുന്നവയായിരുന്നു നമ്മുടെ നെൽവയലുകളിൽ മിക്കതും. എന്നാൽ അവയിൽ 60%ത്തിലധികം ഇപ്പോൾ തെങ്ങ്, കവുങ്ങ് തോട്ടമായിമാറിക്കഴിഞ്ഞു. അവശേഷിക്കുന്ന നെൽവയലുകളും ഈ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. വയലുകളിൽ കാനകൾ കീറിയും മണ്ണിട്ടു നികത്തിയും തോട്ടങ്ങളും പുരയിടങ്ങളുമാക്കി മാറ്റുന്നു. നീർവാർച്ചക്കും നീർക്കെട്ടിനും കാരണമാകുന്നുണ്ട്. അതുകൊണ്ടുതന്നെ അവശേഷിക്കുന്ന വയലുകളെക്കൂടെ അത്തരത്തിൽ മാറ്റിത്തീർക്കാൻ കർഷകർ നിർബ്ബന്ധിതരാവുന്നു. കർഷകത്തൊഴിലാളികളെ ഏറ്റവും കൂടുതൽ ആവശ്യമുള്ള മേഖലയാണിത്. ആവശ്യമായത്ര കർഷകത്തൊഴിലാളികളെ കിട്ടാതെ വരുന്നത് സമയത്തിന് വിളയിറക്കാനും, വിളവെടുക്കാനും തടസ്സമാകുന്നു. നെൽപ്പാടങ്ങളിൽ വരുത്തിത്തീർക്കുന്ന മാറ്റങ്ങൾ വമ്പിച്ച തോതിലുള്ള നീർവാർച്ചക്ക് കാരണമാവുകയും, രൂക്ഷമായ വരൾച്ചയും, കുടിവെള്ളക്ഷാമവും ഉണ്ടാക്കുകയും ചെയ്യുന്നു. ഈ പ്രദേശങ്ങളിലെ വേനൽക്കാല പച്ചക്കറി, കിഴങ്ങുവർഗ കൃഷികൾ നാമാവശേഷമായിവരികയാണ്. പാടങ്ങൾ വിറ്റൊഴിച്ച് മറ്റു തൊഴിലുകളോ ബിസിനസ്സോ തേടിപ്പോകുന്ന പ്രവണതയും കർഷകരിൽ വളർന്നുവരുന്നുണ്ട്.

വിള വിസ്തീർണം, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ കൃഷിഭവൻ രേഖപ്രകാരം പട്ടികപ്പെടുത്തുന്നു.

വിള	വിസ്തീർണം (ഹെക്ടറിൽ)	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത (ഹെക്ടറിൽ)	
			അത്യുല്പാദന ഇനം	നാടൻ ഇനം
നെല്ല്				
ഒന്നാം വിള	85	177.5 M.T	2.5 M.T	1.5 M.T
രണ്ടാം വിള	105	214 M.T	2.8 M.T	1.8 M.T
മൂന്നാം വിള	05	14 M.T	2.8 M.T	
പയർ	2.5	6.25 M.T	2.5 M.T	
കയ്പ	0.75	5.7 M.T	7.5 M.T	
വെണ്ട	0.75	1.87 M.T	2.5 M.T	
തെങ്ങ്	1065	760.41 M.T Kopra	0.714 M.T Kopra	
കവുങ്ങ്	250	375 M.T	1.5 M.T	
റബ്ബർ	400	800 M.T	2 M.T	
കുരുമുളക്	50	35 M.T	0.7 M.T	
കശുമാവ്	12	24 M.T	2 M.T	
മാവ്	4.48	11.2 M.T	2.5 M.T	
പ്ലാവ്	5.2	85.5 M.T	16.5 M.T	
മരച്ചീനി	20	140 M.T	7 M.T	
ഇഞ്ചി	15	135 M.T	9 M.T	
മഞ്ഞൾ	3	18 M.T	6 M.T	
കൈതച്ചക്ക	0.5	10 M.T	20 M.T	
പപ്പായ	0.4	3 M.T	7.5 M.T	
വാഴ	45	611 M.T	23.6 M.T	

വളം, കീടനാശിനി ഉപയോഗം:

അത്യുല്പാദനശേഷിയുള്ള വിളകൾ കൃഷിചെയ്യാൻ തുടങ്ങിയതോടെയാണ് രാസവളം, കീടനാശിനി എന്നിവ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയത്. 1970കളോടുകൂടിയാണ് അത്യുല്പാദനശേഷിയുള്ള വിളകൾ പഞ്ചായത്തിലാരംഭിച്ചത്. ആധുനികവിളകളും, വളങ്ങളും പ്രചാരത്തിൽ വന്നെങ്കിലും തികച്ചും അശാസ്ത്രീയമായ കൃഷിരീതി വ്യാപകമായി ഇന്നും നിലനിൽക്കുന്നു. അശാസ്ത്രീയമായ രാസവള, കീടനാശിനി പ്രയോഗം മണ്ണിന്റെ ഘടനയേയും സ്വഭാവത്തേയും ബാധിക്കുന്നുണ്ട്. ജൈവവള ഉപയോഗവും, കീടങ്ങളെ നശിപ്പിക്കുന്നതിനുള്ള പരമ്പരാഗതമാർഗങ്ങളും പൂർണമായുംതന്നെ അപ്രത്യക്ഷമായിക്കഴിഞ്ഞു. നെൽപ്പാടങ്ങളിൽ മുറംവീശൽ, മുള്ളുവലിക്കൽ, ചൂടുള്ള ചാരം വിതറൽ തുടങ്ങിയ നിരവധി കീടനശീകരണമാർഗങ്ങൾ നമുക്കുണ്ടായിരുന്നു.

രാസവള, കീടനാശിനി വിപണനം 1993 മുതൽ '96 വരെ കൃഷിഭവൻ രേഖകൾ പ്രകാരം താഴെ കാണുംവിധം പട്ടികപ്പെടുത്തുന്നു.

സ്ഥാപനങ്ങൾ	1993-94			1994			95 1995-96		
	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
	കിലോഗ്രാം	ദ്രവം	ഖരം	കിലോഗ്രാം	ദ്രവം	ഖരം	കിലോഗ്രാം	ദ്രവം	ഖരം
1	2	3	4	5	6	7	8	9	10
സഹകരണം	182 M.T						192 M.T		
സ്വകാര്യം	385 M.T	22.4 ലിറ്റർ	48 M.T	374 M.T	21 ലിറ്റർ	0.5 M.T	244 M.T	19 ലിറ്റർ	0.45 M.T

കാർഷിക ഉപകരണങ്ങൾ

പ്രാകൃത രീതിയിലുള്ള ഉപകരണങ്ങൾ തന്നെയാണ് കർഷകർ ഇന്നും ഉപയോഗിക്കുന്നത്. നിലം ഉഴുന്നതിന് കഴിഞ്ഞ നാലഞ്ച് വർഷം മുമ്പുവരേയും കാളകൾ മാത്രമായിരുന്നു ആശ്രയം. ഇപ്പോൾ ചുരുക്കം ആളുകളെങ്കിലും ട്രാക്ടറും ചവർട്രില്ലറുകളും വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നുണ്ട്. ജലസേചനം, മരുന്നുതളി മറ്റാവശ്യങ്ങൾ തുടങ്ങിയവയ്ക്ക് ആധുനിക ഉപകരണങ്ങൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. കൃഷിഭവൻ കണക്കുകളനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 57 നാടൻ കലപ്പകളും മരുന്നുതളി ഉപകരണങ്ങളായി 42 റോയ്സ് പെയറുകളും 28 നാപ്സ്റ്റാക് സ്പെയറുകളും ഒരു തെങ്ങുകയറ്റയന്ത്രവും ജലസേചനത്തിനായി 51 പോർട്ടബിൾ പമ്പുസെറ്റുകളും ഉപയോഗിക്കുന്നുണ്ട്.

സംഘടനകൾ

പഞ്ചായത്തിൽ ഒരു കേരവികസനസമിതിയും ആറ് പാടശേഖരസമിതികളും വേനപ്പാറ ആസ്ഥാനമായി ഒരു കുരുമുളകുവികസനസമിതിയും രണ്ട് റബർ ഉദ്പാദകസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ' വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കീഴിൽ കർഷകപ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

കൃഷിഭവൻ

1987ലാണ് പഞ്ചായത്ത് കൃഷിഭവൻ നിലവിൽവന്നത്. സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളുമില്ല. കൂടത്തായിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള പലപ്പോഴും കൃഷിഭവനുമായി ബന്ധപ്പെടാനും അതിന്റെ സഹായങ്ങൾ ലഭ്യമാക്കാനും കഴിയുന്നില്ല. ഒരു അഗ്രിക്കൾച്ചറൽ ഓഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരും ജോലിചെയ്യുന്നു. ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം സ്വന്തമായിട്ടുണ്ട്. കൃഷിഭവൻ മുഖേന ഇപ്പോൾ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ചില പദ്ധതികൾ താഴെച്ചേർക്കുന്നു.

1. സമഗ്ര തെങ്ങുകൃഷി വികസനപദ്ധതി - കിണർ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് തെങ്ങുകൃഷി മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകുന്നു. സാമൂഹ്യ ജലസേചനപദ്ധതിയും, മരുന്നു തളിക്കുന്നതിന് സ്പ്രെയറുകൾ നൽകുന്നതും ഈ പരിപാടിയുടെ ഭാഗമാണ്.
2. ഊർജ്ജിത കുരുമുളകു വികസനപദ്ധതി - വേരുപിടിപ്പിച്ച കുരുമുളകുവള്ളികൾ, രോഗനിയന്ത്രണവസ്തുക്കൾ, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവ ഈ പദ്ധതിപ്രകാരം വിതരണം ചെയ്യുന്നു. കൂടാതെ കുരു

മുളക്, ഇഞ്ചി, മഞ്ഞൾ, പച്ചമുളക് തുടങ്ങിയ പ്രദർശനത്തോട്ടങ്ങൾക്ക് സഹായങ്ങൾ നൽകുന്നു.

3. വിവിധ പദ്ധതികൾ പ്രകാരം നല്ലയിനം തെങ്ങിൻതൈകൾ, കമുകിൻ തൈകൾ, കശുമാവ് ഗ്രാഫ്റ്റുകൾ, ഫലവൃക്ഷതൈകൾ, സുഗന്ധവിളതൈകൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.
4. കൃഷിഭവൻ മുഖേന ഐ.എച്ച്.ഡി.പി. ഹരിജൻ കോളനി നിവാസികൾക്ക് കാർഷികോപകരണങ്ങൾ, വളം, തൈകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾ ഇത്തരം സഹായങ്ങൾ ലഭിക്കാതെപോയിട്ടുണ്ട്.

നഴ്സറികൾ

കൃഷിഭവൻ ഗ്രാന്റോടുകൂടി ഓമശ്ശേരി ടൗണിൽ പ്രവർത്തിക്കുന്ന ഒരു നഴ്സറിയും, യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാനപദ്ധതി പ്രകാരം ചെരിപ്പിൽ അനുവദിച്ചിട്ടുള്ള ഒരു നഴ്സറിയും ആണുള്ളത്. വിത്തുകൾക്കും തൈകൾക്കുമായി കർഷകർക്ക് കൃഷിഭവനേയൊ മറ്റു കേന്ദ്രങ്ങളേയോ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. കൃഷിഭവൻ വിതരണം ചെയ്യുന്ന വിത്തുകളുടെയും തൈകളുടെയും ഗുണനിലവാരത്തിന്റെ കാര്യത്തിൽ കർഷകർക്കിടയിൽ വ്യാപകമായ ആക്ഷേപങ്ങൾ ഉയർന്നുവരാറുണ്ട്.

കർഷകത്തൊഴിലാളികളുടെ ലഭ്യത, അവരുടെ സേവന വേതന വ്യവസ്ഥകൾ എന്നിവയൊന്നും തൃപ്തികരമല്ലെന്നാണ് ഗ്രാമസഭാചർച്ചകളിൽ കർഷകരുന്നയിച്ച പ്രധാനമായൊരു പ്രശ്നം. കാളകളെ ഉപയോഗിച്ച് നിലം ഉഴുന്നതിന് 175 രൂപയും തെങ്ങുകയറ്റത്തിന് 2.50 രൂപയും കവുങ്ങുകയറ്റത്തിന് 1.25 രൂപയും റബ്ബർ ടാപ്പിംഗ് 100 മരത്തിന് 25 രൂപയും മറ്റ് പൊതുതൊഴിൽ മേഖലകളിൽ പുരുഷന്മാർക്ക് 100 രൂപയും സ്ത്രീകൾക്ക് 70 രൂപയും കൂലിനിരക്കുണ്ടെന്ന് റിപ്പോർട്ടുചെയ്യപ്പെടുന്നു.

ജലസേചനം

മുഖ്യമായും മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയാണ് നമ്മുടേത്. ജൂൺ ജൂലായ് ആഗസ്ത് മാസങ്ങളിൽ മൺസൂൺ മഴയും സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷമഴയും ലഭിക്കുന്നു. നമുക്ക് ലഭിക്കുന്ന മഴയുടെ തോത് സംസ്ഥാനശരാശരിയേക്കാൾ കുറവാണെങ്കിലും പെയ്യുന്ന മഴവെള്ളം മണ്ണിൽ സംഭരിക്കാൻ കഴിഞ്ഞാൽ ജലസേചനസൗകര്യങ്ങളേർപ്പെടുത്തുന്നതിനുവേണ്ടി വമ്പിച്ചതോതിലുള്ള മുതൽമുടക്ക് ഒഴിവാക്കാൻ കഴിയും. കുന്നും മലകളും ചരിവുപ്രദേശങ്ങളും നിറഞ്ഞ നമ്മുടെ ഭൂപ്രകൃതിക്ക് അനുയോജ്യമായ ജലസംരക്ഷണമാർഗ്ഗങ്ങളാണ് നാം ആവിഷ്കരിക്കേണ്ടത്.

കഴിഞ്ഞ അഞ്ചുവർഷം നമ്മുടെ പഞ്ചായത്തിൽ പെയ്ത മഴ, കുന്നമംഗലം CWRDM ൽ നിന്നും ശേഖരിച്ച വിവരങ്ങൾ പ്രകാരം താഴെ പട്ടികപ്പെടുത്തുന്നു. (മില്ലീമീറ്റർ അടിസ്ഥാനത്തിൽ)

	Jan.	Feb.	March	April	May	June	July	Aug.	Sept.	Oct.	Nov.	Dec.
1991	0	0	34	61.6	34.2	1002.0	1001.1	14.7	593.9	336.7	91.8	0
92	0	0	0	19.0	161.4	918.9		895.5	2446	592.6	349.0	193.5 0
93	0	0	0	16.4	210.3	737.6	836.4	52.5	352.4	307.8	104.8	65.2
94	0	0	0	138.7	1090	1035.3	1343.0	200.6	484.5	432.8	71.2	8.6
95	1.6	0	10.8	598	198.7	717.4	716.0	267.8	463.4	168.5	112.6	0
96	0	1.0	47.6	32.8	64.2	7198	723.6	381.4	339.6	288.4		

പുഴ

വടക്കു പടിഞ്ഞാറതിർത്തിയിൽക്കൂടെ കൂടത്തായ് ഉണിത്തിരാംകുന്നു മുതൽ മാതോലത്തും കടവുവരെ 15 കിലോമീറ്റർ ദൂരം ചെറുതുള്ളിപ്പുഴ നമുക്ക് ഉപയോഗപ്പെടുന്നു. ഏപ്രിൽ മെയ് മാസങ്ങളാവുമ്പോഴേക്കും കുളിക്കാൻപോലും ഉപയോഗിക്കാൻ കഴിയാത്തരീതിയിൽ വറ്റിവരണ്ടുപോകുന്നത് കഴിഞ്ഞ നാലഞ്ചുവർഷക്കാലത്തെ അനുഭവമാണ്.

തോടുകൾ

പെറില്ലിയിലെ തകാറപ്പറ്റ മലയിൽനിന്നുത്ഭവിച്ച് ചാവോറ അല്ലാട്ടുതുരുത്തി വഴി ഉണിത്തിരാംകുന്നു ഭാഗത്ത് ചെറുതുള്ളിപ്പുഴയിലേക്കും, കണ്ണംകോട്ടു മലയിൽനിന്നാരംഭിച്ച് ഓമശ്ശേരി അമ്പലക്കണ്ടിവയൽ വഴിയും, കണ്ണകോട് മലയിൽനിന്നാരംഭിച്ച് മങ്ങാട് നെല്ല്യാപറമ്പ് വഴി വെളിമണ്ണഭാഗത്തെ ചെറുതുള്ളിപ്പുഴയിലേക്കും കണ്ണകോട്ടുമലയിൽനിന്നാരംഭിച്ച് വേനപ്പാറഭാഗത്തുകൂടി കിഴക്കോട്ടൊഴുകി തോട്ടത്തിൻകടവിൽ ഇരുവഞ്ഞിപ്പുഴയിലേക്കും ഒഴുകുന്ന പ്രധാനമായ നാലു തോടുകളാണ് പഞ്ചായത്തിലുള്ളത്. എല്ലാ കുന്നുകളുടെയും ചെരിവു പ്രദേശങ്ങളുടെയും താഴ്വാരങ്ങളിൽ കൂടെ നിരവധി ചെറുതോടുകൾ ഒഴുകി വലിയ തോടുകളിൽ ചേരുന്നത് കാണാം.

കുളങ്ങൾ

വളരെപ്പഴക്കമുള്ളതും, പുതിയതും കൃഷിവകുപ്പിന്റെ സാമ്പത്തികസഹായത്തോടുകൂടി നിർമ്മിക്കപ്പെട്ടവയുമായി നാൽപതിലധികം കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഴയ കുളങ്ങളൊന്നുംതന്നെ വേണ്ടരീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടില്ല. മിക്കവയും വേനൽക്കാലത്ത് വറ്റിപ്പോകുന്നവയും ജലസേചനത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയാത്തവയുമാണ്. പതിനൊന്നാം വാർഡിൽപ്പെട്ട വേനപ്പാറ പെരില്ലി പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ കുളങ്ങളുള്ളത്.

നടപ്പുപദ്ധതികൾ

ചെറുകിടജലസേചനവകുപ്പ് 2 ലക്ഷം രൂപ ചിലവഴിച്ച് ഹൈസ്കൂൾ പടി, അല്ലാട്ടുതുരുത്തി ചാമോറതോട് 1920 മീറ്റർ നീളത്തിലും മൂന്ന് മീറ്റർ വീതിയിലും അരികുകെട്ടി സംരക്ഷിക്കാനുള്ള പദ്ധതി നടപ്പാക്കിവരുന്നു. രണ്ട് ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. 1997 മാർച്ച് മാസത്തോടെ ഈ പദ്ധതി പൂർത്തീകരിക്കപ്പെടും.

പ്രശ്നങ്ങൾ

1. മൊത്തം ഭൂവിസ്തൃതിയുടെ ഏകദേശം 95 ശതമാനവും മണ്ണൊലിപ്പ് അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്.
2. മണ്ണിന്റെ ഫലപുഷ്ടി കുറവാണ്. അശാസ്ത്രീയമായ രാസവളപ്രയോഗം, ജൈവവളം ഉപയോഗിക്കായ്ക, മണ്ണൊലിപ്പ് ഇവയെല്ലാം പ്രധാനമായ കാരണങ്ങളാണ്.
3. പാടങ്ങൾ നികത്തി നാണ്യവിളത്തോട്ടങ്ങളും പുരയിടങ്ങളുമാക്കി മാറ്റുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇരുപ്പുല്ലും മുപ്പുല്ലും കൃഷിചെയ്യാവുന്ന പാടങ്ങൾപോലും മണ്ണിട്ട് നികത്തപ്പെടുകയോ കാനകൾ കീറി കവുങ്ങ്, തെങ്ങ് കൃഷി നടത്തുകയും ചെയ്യുന്നു. ഇത് നിർവാർച്ചയ്ക്കും വരൾച്ചക്കും കാരണമാവുന്നു.
4. ഉദ്പാദനക്ഷമത വളരെ കുറവാണ്. മണ്ണിന്റെ ഫലപുഷ്ടിക്കുറവും ജലസേചനസൗകര്യങ്ങളുടെ അഭാവവും പ്രധാന കാരണങ്ങളാണ്. ജൈവവളത്തിന്റെ ലഭ്യത കുറഞ്ഞത് മണ്ണിന്റെ ഘടനയെ സാരമായി ബാധിച്ചിട്ടുണ്ട്.
5. ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുകയും വിലനിലവാരത്തിലെ അസ്ഥിരതയും രൂക്ഷമായ പ്രശ്നങ്ങളാണ്. കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ഫലപ്രദമായ കമ്പോളസൗകര്യങ്ങളില്ല. ഇടത്തട്ടുകാരെ ആശ്രയിക്കേണ്ടിവരുന്നതുകൊണ്ട് ഉൽപന്നവില പൂർണ്ണമായും കർഷകർക്ക് ലഭിക്കുന്നില്ല.
6. അത്യുൽപാദനശേഷിയുള്ള നടീൽവസ്തുക്കൾ യഥാസമയത്ത് ലഭ്യമാവുന്നതിനുള്ള സൗകര്യങ്ങളില്ല.
7. ഉൽപന്നങ്ങൾ സംഭരിക്കാനും സംസ്കരിക്കാനുമുള്ള സൗകര്യങ്ങളില്ല.
8. കർഷകത്തൊഴിലാളികളെ ആവശ്യത്തിന് ലഭ്യമല്ല. കൂലിനിരക്കിനനുസരിച്ചുള്ള സേവനം കർഷകത്തൊഴിലാളികളിൽനിന്നും കിട്ടുന്നില്ല.
9. നിലവിലുള്ള വായ്പാസംവിധാനങ്ങൾ അപര്യാപ്തമാണ്.
10. കൃഷിഭവന്റെ സേവനം പഞ്ചായത്തിലാകെ വ്യാപിപ്പിക്കാൻ കഴിയുന്നില്ല. കൃഷിഭവന് സ്വന്തമായി കെട്ടിടമില്ല.
11. ആധുനിക കാർഷിക ഉപകരണങ്ങൾ ലഭ്യമല്ല. നിലം ഉഴുന്നതിനും മരുന്നുതളിക്കുന്നതിനും, ജലസേചനാവശ്യങ്ങൾക്കും, തെങ്ങ്, കവുങ്ങ് കയറ്റം ഇവക്കെല്ലാം പ്രയാസങ്ങളനുഭവപ്പെടുന്നു.
12. കീടനാശിനി ഉപയോഗം സാർവ്വത്രികമായിട്ടുണ്ടെങ്കിലും കീടബാധ പൂർവ്വാധികം ശക്തിപ്രാപിക്കുന്നതാണ് അനുഭവം. ധാന്യകൃഷി, ഫലവർഗ്ഗകൃഷി, കിഴങ്ങുവർഗ്ഗകൃഷി, തെങ്ങുകൃഷി എന്നിവയ്ക്കെല്ലാം

എലിയുടെ ഭീഷണി ശക്തമാണ്.

13. പുഴയിലെ മണൽ വാരൽ നീർവാർച്ചയ്ക്കും പുഴയരികുകൾ ഇടിഞ്ഞുപോകുന്നതിനും കാരണമാകുന്നു.

നിർദ്ദേശങ്ങൾ

1. കുത്തനെ ചെരിവുകളുള്ള മലകളെല്ലാം നീർമറിപ്രദേശങ്ങളാണ്. നീർതട വികസനപദ്ധതികൾ ഈ പ്രദേശങ്ങൾക്കാകെ ബാധകമാക്കണം.
2. ചെറുകുന്നുകളിലും ചെരിവുകളോടുകൂടിയ സമതല പ്രദേശങ്ങളിലും ജലസംരക്ഷണത്തിനും മണ്ണുസംരക്ഷണത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കണം.
3. ഫലപ്രദമായ മണ്ണുപരിശോധനാസംവിധാനം ഏർപ്പെടുത്തുക. അത്യാവശ്യത്തിനുമാത്രം ശാസ്ത്രീയമായ രാസവള ഉപയോഗരീതി വളർത്തിയെടുക്കണം. ജൈവവളം കൂടുതലായി ഉപയോഗിക്കണം. കമ്പോസ്റ്റ് നിർമ്മാണത്തിന് കർഷകർക്ക് സാങ്കേതികവും മറ്റുമായ സഹായങ്ങളും നിർദ്ദേശങ്ങളും കൊടുക്കണം. ഓമശ്ശേരി, കൂടത്തായ് അതുപോലെ മറ്റു ടൗണുകളിൽ നിന്നും പുറംതള്ളുന്ന പാഴ്വസ്തുക്കൾ ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് സാദ്ധ്യതകൾ ഉണ്ട്. പൊതു നിരത്തുകളുടെ അരികിലും വേലികളിലുമെല്ലാം ശീമക്കൊന്ന കൃഷി വ്യാപകമായി നടത്താൻ കഴിയണം.
4. ഇരുതുള്ളിപ്പുഴയ്ക്ക് 500 മീറ്റർ ഇടവിട്ട് ചെക്ക് ഡാം പണിയണം. നശിച്ചുകൊണ്ടിരിക്കുന്ന കുളങ്ങളും തോടുകളും സംരക്ഷിക്കണം.
5. വയലുകളിലും, പറമ്പുകളിലും, പഞ്ചായത്തു പുറംപോക്കു ഭൂമിയിലും വ്യാപകമായി പച്ചക്കറി കൃഷി നടത്താൻകഴിയണം. പൂകൃഷി, സുഗന്ധവിളകൃഷി, ഫലവർഗ്ഗകൃഷി, ഔഷധസസ്യകൃഷി, കൂൺകൃഷി തുടങ്ങിയ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കാൻ കഴിയുന്ന കൃഷിരീതികൾ വ്യാപിപ്പിക്കണം.
6. അവശേഷിക്കുന്ന നെൽവയലുകളെ സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കണം. നെൽകൃഷിക്കാർക്ക് പ്രത്യേകമായ പ്രോത്സാഹനനടപടികളാവിഷ്കരിക്കണം.
7. കർഷകരിൽ സുരക്ഷിതത്വബോധവും ആത്മവിശ്വാസവും വളർത്തുന്നതിന് വിള ഇൻഷുറൻസ് സമ്പ്രദായം നടപ്പാക്കണം. ഇതിന്റെ ആനുകൂല്യങ്ങൾ കീടരോഗബാധകൾ മൂലമുണ്ടാവുന്ന നഷ്ടങ്ങൾക്കും ബാധകമാക്കണം. കർഷകർക്ക് ധനസഹായത്തിനുള്ള വരുമാനപരിധി കുറക്കൽ, കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കൽ തുടങ്ങിയവ കർഷകരെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന ഘടകങ്ങളാണ്.
8. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കണം.
9. ഏലിയമ്പ്ര മലയിലുള്ള തരിശുഭൂമിയിൽ കശുമാവ്, കൈതച്ചക്ക എന്നിവ കൃഷിചെയ്യാൻ കഴിയണം.
10. തേങ്ങ, അടക്ക, റബ്ബർ, പച്ചക്കറി തുടങ്ങിയ പ്രധാന ഉൽപന്നങ്ങൾക്ക് പഞ്ചായത്തുതലത്തിൽ പൊതുവിപണികൾ ഉണ്ടാവണം. ഇത് സഹകരണാടിസ്ഥാനത്തിൽ പ്രായോഗികമാക്കാവുന്നതാണ്. വാർഡുതോറും നാളികേര സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളുണ്ട്.
11. ഫലവൃക്ഷതൈകളുടെ നഴ്സറികൾ സ്ഥാപിച്ച് കർഷകർക്കു വേണ്ട തൈകൾ വിതരണം ചെയ്യാൻ കഴിയണം.
12. വൈദ്യുതിയുടെ അപര്യാപ്തതയിലും ജലസേചനസൗകര്യങ്ങൾക്കായി സോളാർ പമ്പുസെറ്റുകൾ ഉപയോഗിക്കാൻ കഴിയണം.
13. എലിനശീകരണത്തിനുള്ള സമഗ്രവും തീവ്രവുമായ പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കണം.

തയ്യാറാക്കിയവർ:

കെ. പി. സദാശിവൻ
അപ്പച്ചൻ മൈക്കിൾ
കെ. സി. അബ്ദുറഹ്മാൻ

മൃഗസംരക്ഷണം

കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് മൃഗസംരക്ഷണമേഖല. കാർഷികഗ്രാമമായ ഓമശ്ശേരി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കാലിവളർത്തൽ ഉണ്ടായിരുന്നു. പശു, ആട്, എരുമ, ഉഴവുമാടുകൾ എന്നിവയായിരുന്നു പ്രധാനപ്പെട്ട വളർത്തുമൃഗങ്ങൾ. ഇവയധികവും നാടനിനങ്ങളായിരുന്നു. പശുക്കളുടെ പാലുൽപാദനം ശരാശരി മൂന്ന് ലിറ്റർ ആയിരുന്നു. പാൽ അധികവും വീട്ടാവശ്യത്തിനായിരുന്നു ഉപയോഗിച്ചിരുന്നത്. ചുരുക്കം ചിലർ കടകളിലും കൊടുത്തിരുന്നു. ആടുകളെ ഇറച്ചിക്കായി ഉപയോഗിച്ചിരുന്നു. 1980തുകളോട് കൂടി കൃത്രിമ ബീജസങ്കലനം സമീപപ്രദേശങ്ങളായ കോടഞ്ചേരി, മുക്കം, താമരശ്ശേരി എന്നിവിടങ്ങളിൽ ആരംഭിച്ചതോടുകൂടിയാണ് നേരിയതോതിലുള്ള പാലുൽപ്പാദനം ഈ മേഖലയിലും വർദ്ധിക്കുവാനിടയായത്.

1988ലാണ് ഓമശ്ശേരി ക്ഷീരോത്പാദക സഹകരണസംഘം നിലവിൽവന്നത്. 303 അംഗങ്ങളുള്ള ഈ സംഘം ദിവസേന 450 ലിറ്റർ പാൽ ശേഖരിക്കുന്നു. 225 ലിറ്റർ പഞ്ചായത്തിൽ തന്നെ വിൽക്കുമ്പോൾ 225 ലിറ്റർ മിൽമക്ക് നല്കുന്നു. ഗ്രാമസഭയിൽനിന്നും ലഭിച്ച കണക്കനുസരിച്ച് ദിവസം 1500 ലിറ്റർ പാൽ ഈ പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. 550 ലിറ്റർ ഉത്പാദകർ നേരിട്ട് പ്രാദേശികതലത്തിൽ വിതരണം ചെയ്യുന്നു. 500 ലിറ്റർ സ്വന്തം ആവശ്യത്തിനായി ഉപയോഗിക്കുന്നു. പഞ്ചായത്തിലെ ആവോഹരി പാലുത്പാദനവും ഉപഭോഗവും വളരെ കുറവാണ്.

ഇപ്പോൾ 50% പശുക്കളും സങ്കരവർഗ്ഗത്തിൽപ്പെട്ടവയാണ്. ഇവയുടെ ശരാശരിയുത്പാദനം 8 ലിറ്റർ ആണ്. പാൽ അധികവും വിറ്റഴിക്കുന്നത് ഓമശ്ശേരി ക്ഷീരോത്പാദകസഹകരണസംഘത്തിലാണ്. കാലിത്തീറ്റ എല്ലാ കർഷകരും വിലകൊടുത്ത് വാങ്ങുകയാണ് പതിവ്. പത്തോളം കർഷകരാണ് പുൽകൃഷി നടത്തുന്നവരായിട്ടുള്ളത്. എട്ടു കുടുംബങ്ങളിൽ ഗോബർഗ്യാസുണ്ട്. അകിടുവീക്കം, കുളമ്പുരോഗം, വാതം, പനി തുടങ്ങിയവയാണ് പ്രധാന രോഗങ്ങൾ.

പാലുകൊണ്ടുള്ള ഉപോത്പന്നങ്ങൾ നിർമ്മിക്കുന്നതിൽ പതിനൊന്ന് വനിതകൾ ഓമശ്ശേരി ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്നു. ഈയടുത്തകാലത്തായി മിൽമയുടെ ഒരു ബൂത്തും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 1995ലാണ് മൃഗാശുപത്രി പ്രവർത്തനമാരംഭിച്ചത്. സ്വന്തമായി കെട്ടിടസൗകര്യമില്ല. രോഗനിർണ്ണയത്തിനുള്ള ആധുനിക ഉപകരണങ്ങളും ക്ലിനിക്കൽ സൗകര്യങ്ങളും നിലവിലില്ല. കൃത്രിമ ബീജദാനകേന്ദ്രങ്ങൾ ഈ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ പ്രവർത്തിക്കുന്നില്ല.

ആടുകളിൽ നാടനിനവും ചുരുങ്ങിയ തോതിൽ 'മലഡാറി'യിനവും വളർത്തപ്പെടുന്നു. എട്ടോളം അറവുശാലകൾ ഇവിടെയുണ്ടെങ്കിലും ഒന്നും ശാസ്ത്രീയമായ രീതിയിലല്ലപ്രവർത്തിക്കുന്നത്. അന്യ സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്ന ഉരുക്കളാണ് ഇവിടെ അറക്കപ്പെടുന്നത്. യാതൊരുവിധ പരിശോധനയും നടക്കുന്നില്ല.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലവർദ്ധനവും ഗുണമേന്മക്കുറവും.
2. പാലിന് ന്യായമായ വില ലഭിക്കുന്നില്ല.
3. ക്ഷീരോത്പാദകസംഘത്തിൽ എല്ലായവസരത്തിലും പാൽ സംഭരിക്കുന്നില്ല.
4. വൈക്കോലിന്റെ ലഭ്യതക്കുറവും വർദ്ധിച്ച വിലയും.
5. മൃഗാശുപത്രിയിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയം ലഭിക്കുന്നില്ല.

6. പ്രത്യേക കന്നുകുട്ടി പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വിതരണം യഥാസമയം കർഷകർ അറിയുന്നില്ല. അതുകൊണ്ട് തീറ്റ ലഭിക്കാതെ വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട കന്നുകുട്ടികളെ അതിനുത്തരവാദിത്വപ്പെട്ട ഡോക്ടർ സമയാസമയങ്ങളിൽ രോഗനിർണ്ണയം നടത്തുകയും ഗർഭധാരണം ഉറപ്പുവരുത്തുകയും ചെയ്യുന്നില്ല.

നിർദ്ദേശങ്ങൾ

1. സബ്സിഡി നിരക്കിൽ കാലിത്തീറ്റ കറവപ്പശുക്കൾക്കും ലഭ്യമാക്കുക.
2. അത്യുത്പാദനശേഷിയുള്ള കന്നുകുട്ടികളുടെ ഉത്പാദനത്തിനായി പെരില്ലി, കൂടത്തായി, വെളിമണ്ണ, വെണ്ണക്കോട് എന്നിവിടങ്ങളിൽ കൃത്രിമ ബീജദാനകേന്ദ്രങ്ങൾ ആരംഭിക്കുക.
3. നിർദ്ദിഷ്ട ഓമശ്ശേരി മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ആവശ്യമായ ആധുനിക ഉപകരണങ്ങളും ക്ലിനിക്കൽ സൗകര്യവും ലഭ്യമാക്കുകയും ചെയ്യുക. ഇവിടെ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുക.
4. സ്വകാര്യമേഖലയിൽ പാൽ സംഭരിച്ച് വിപണനം നടത്തുക.
5. ഈ പഞ്ചായത്തിൽ കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള മിനി ഫാക്ടറി സ്ഥാപിക്കുക.
6. വിത്തുകാളകളെ നിയമം മൂലം നിരോധിക്കുക.
7. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി കുറ്റവിമുക്തമാക്കുക.
8. അത്യുത്പാദനശേഷിയുള്ള പശുക്കളെയും കന്നുകുട്ടികളെയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
9. അത്യുത്പാദനശേഷിയുള്ള ആടുകളെ വ്യാപകമായി വളർത്തുക. (ജമുനപ്യാരി, മലബാറി...)
10. ഊർജ്ജിത പന്നിവളർത്തൽ വികസനപദ്ധതി പ്രോത്സാഹിപ്പിക്കുക.
11. കർഷകർക്ക് വിവിധതരം മൃഗസംരക്ഷണ പരിപാടികളിൽ പരിശീലനം നല്കുക.
12. കർഷകർക്ക് സബ്സിഡി നിരക്കിൽ തൊഴുത്തും കറവപ്പശുക്കളും ലഭ്യമാക്കുക.
13. രോഗം മൂലം കാലികളെ രക്ഷിക്കേണ്ടതിലേക്ക് വളരെയധികം നഷ്ടം സഹിക്കേണ്ടിവരുന്ന കർഷകർക്ക് ചികിത്സാനുകൂല്യവും ഇൻഷുറൻസ് സബ്സിഡിയും നടപ്പിലാക്കുക.
14. ഇറച്ചിവില്പനക്ക് ശാസ്ത്രീയത കൈവരിക്കുക. മാംസപരിശോധന ഉറപ്പുവരുത്തുക, ലൈസൻസ് കർശനമാക്കുക.
15. പേവിഷബാധ നിയന്ത്രിക്കുവാൻ തെരുവുനായക്കളെ നശിപ്പിക്കുന്നതോടൊപ്പം വളർത്തുനായക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
16. പുൽകൃഷി വ്യാപിപ്പിക്കുകയും, മീനെണ്ണ ധാതുലവണമിശ്രിതം എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.
17. സഹകരണാടിസ്ഥാനത്തിൽ ഡയറി ഫാം ആരംഭിക്കുക.

കോഴി, മുയൽ, താറാവ്, മത്സ്യം വളർത്തൽ

ഈ പഞ്ചായത്തിലെ ഒട്ടുമിക്ക വീടുകളിലും കോഴികളെ ചുരുങ്ങിയ തോതിലെങ്കിലും വളർത്തുന്നുണ്ട്. ഇവയധികവും നാടനിനത്തിൽപ്പെട്ടതാണ്. അഞ്ച് മിനി ബ്രോയിലർ ഫാം നിലവിലുണ്ട്. മുട്ടയുത്പാദിപ്പിക്കുന്ന ഒരു ഫാംപോലും ഇവിടെയില്ല. ദിവസേന ഒരു കിൻറൽ കോഴിയിറച്ചിലും 1500 കോഴിമുട്ടയും ഇവിടെ വിറ്റഴിക്കപ്പെടുന്നതായി പഠനപര്യടനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. ഇവയുടെ സിംഹഭാഗവും അന്യസംസ്ഥാനത്തുനിന്നും വരുന്നവയാണ്.

ഹാച്ചറികൾ ഒന്നും ഇവിടെ നിലവിലില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന 'ഗിരിരാജ' എന്നറിയപ്പെടുന്ന ധാരാളം കോഴിക്കുഞ്ഞുങ്ങളെ ഈയടുത്തകാലങ്ങളിലായി നാട്ടൻപുറങ്ങളിൽ വിറ്റഴിക്കുന്നതായി കാണപ്പെടുന്നു. കോഴിവസന്തയാണ് വ്യാപകമായി കാണാവുന്ന രോഗം. കർഷകരാരുംതന്നെ പ്രതിരോധ കുത്തിവെപ്പ് നടത്താറില്ല.

ആദ്യകാലങ്ങളിൽ താറാവിനെ വ്യവസായാടിസ്ഥാനത്തിൽ വളർത്തുന്നുണ്ടായിരുന്നു. വയലുകൾ നാണ്യവിളത്തോട്ടങ്ങളായതും അമിതമായ കീടനാശിനിപ്രയോഗവും താറാവ് വസന്തയും കർഷകരെ പ്രതിസന്ധിയിലാക്കി. ഇപ്പോൾ നാമമാത്രമായി താറാവുകളെ കാണാം.

ചുരുക്കം ചില വീടുകളിൽ ലൗബേർഡ്സിനെ വളർത്തുന്നതായി പഠന പര്യടനത്തിൽ കാണാൻ കഴിഞ്ഞു. ആദ്യകാലങ്ങളിൽ മുയൽ വളർത്തൽ ചുരുങ്ങിയ തോതിലുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ മുയൽകൃഷിയും ഇല്ല എന്നുതന്നെ പറയാം.

അനുബന്ധം - 4

ഓമശ്ശേരി ഗ്രാമപഞ്ചായത്ത് 4.1 വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
1	3	13	1	3	51	9	48	16	2	3	-	81	16	
2	0	8	2	14	27	8	29	3	0	0	2	79	19	2
3	3	14	0	9	29	4	24	6	0	1	-	74	24	
4	2	18	1	7	46	11	26	10	1	2	3	92	11	
5	0	14	2	16	38	12	29	19	4	1	2	63	34	
6	4	14	2	4	19	4	16	6	0	1	1	54	19	
7	0	16	2	9	32	7	38	4	1	0	-	68	28	2
8	0	19	1	8	42	11	31	18	0	1	-	93	31	
9	3	12	2	7	39	6	28	11	0	2	2	68	44	
10	2	6	0	2	17	9	21	8	0	0	-	59	27	
11	1	2	0	2	23	6	20	7	0	0	-	49	36	
Panchayath Total		18	136	13		450		428		19	10	780		4

പഞ്ചായത്തിൽ നിലവിലുള്ള വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളത്
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	112	738	374			16
2	211	519	342			13
3	118	1039	513			11
4	176	1311	481			9
5	45	636	331			8
6	232	836	344	Nil	Nil	21
7	174	514	329			12
8	99	648	347			9
9	249	1089	533			77
10	146	1799	569			16
11	201	1514	989			25
	1763	10673	4655			157
17091						

കേരളീയരുടെ ഊൺമേശയിലെ പ്രധാന വിഭവമായി മത്സ്യം മാറിയ ഇന്നത്തെ അവസ്ഥയിൽ ഗുണമേന്മയുള്ള മത്സ്യങ്ങൾ പഞ്ചായത്തിൽ ലഭിക്കാത്ത അവസ്ഥയുണ്ട്. മലയോരമേഖലയായ ഈ പഞ്ചായത്തിൽ മത്സ്യം വളർത്തലിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. അമിതമായ കീടനാശിനി പ്രയോഗം മൂലം ഉൾനാടൻ മത്സ്യസമ്പത്ത് നശിച്ചുകൊണ്ടിരിക്കുന്നു. മത്സ്യബന്ധനമേഖലയല്ലെങ്കിലും മത്സ്യവിപണനവുമായി ബന്ധപ്പെട്ട അമ്പതോളം കുടുംബങ്ങൾ ഇവിടെയുമുണ്ട്. അതുകൊണ്ട് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒന്നുംതന്നെ നിലനില്ക്കുന്നില്ല. പുറം മാർക്കറ്റിൽ നിന്നും ഇവിടെയെത്തുന്ന മത്സ്യവിപണനത്തിന് ഓമശ്ശേരി, കൂടത്തായി, പെരില്ലി എന്നിവിടങ്ങളിൽ യാതൊരു സൗകര്യങ്ങളും ഇല്ല. ഇത് പരിസരമലിനീകരണത്തിനു കാരണമാവുന്നു.

നിർദ്ദേശങ്ങൾ

1. കോഴിത്തീറ്റയുടെ വില കൂടുതലാവുകയാൽ സബ്സിഡി നിരക്കിൽ കോഴിത്തീറ്റ ലഭ്യമാക്കണം.
2. കോഴിവസന്തക്കെതിരെ ഫലപ്രദമായി പ്രതിരോധകുത്തിവെയ്പ് നടത്തുക.
3. അത്യുത്പാദനശേഷിയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ചാത്തമംഗലം ഹൊസറിയിൽ നിന്നും പഞ്ചായത്തിൽ വിതരണം നടത്തണം.
4. പഞ്ചായത്തിന്റെ 9, 10, 11, 4, 5 എന്നീ വാർഡുകളിൽ ബ്രോയിലർ ഫാം ആരംഭിക്കണം.
5. അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും അതുല്യ എന്ന ഇനത്തിൽപ്പെട്ട മുട്ടക്കോഴികളുടെ 5 എണ്ണമടങ്ങുന്ന ഒരു യൂണിറ്റ് വിതരണം ചെയ്യുക.
6. ലൗ ബേർഡ്സ് വളർത്തൽ പ്രോത്സാഹിപ്പിക്കുക.
7. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
8. ഓമശ്ശേരി, കൂടത്തായി, പെരില്ലി എന്നിവിടങ്ങളിൽ മത്സ്യവിപണനത്തിനുള്ള സ്റ്റാളുകൾ ഏർപ്പെടുത്തുക.
9. അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
10. സഹകരണാടിസ്ഥാനത്തിൽ താറാവ് - മുയൽ കൃഷി വ്യാപിപ്പിക്കുക.

തയ്യാറാക്കിയത്:

എൻ. ജെ. ജയിംസ്

ഡോ. അബ്ദുൾവാഹിദ്

വ്യവസായം

വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ചെറുകിട വ്യവസായമേഖലയിലോ വൻകിട വ്യവസായമേഖലയിലോ എടുത്ത് പറയത്തക്ക ഒരു സ്ഥാപനവും ഇവിടെ ഇല്ല. കേവലം തൊള്ളായിരം ആളുകൾ മാത്രമാണ് വ്യവസായിക മേഖലയിൽ തൊഴിൽ ഉപജീവനമാക്കി ജീവിക്കുന്നത്. ഇതിൽതന്നെ ഭൂരിഭാഗവും പാരമ്പര്യ തൊഴിൽ മേഖലയിലും കുടിൽമേഖലയിലുമാണ്. അസംഘടിതമായ ഈ മേഖലകളിൽ ഏകദേശം അഞ്ഞൂറോളം പേരാണ് തൊഴിൽ ചെയ്യുന്നത്. ഇതിൽ പാരമ്പര്യ തൊഴിൽ മേഖലയിൽ മുന്നൂറും ബാക്കി കുടിൽ മേഖലകളിലുമാണ്. ചുരുക്കത്തിൽ ആധുനികമായ രീതിയിൽ സംഘടിക്കപ്പെട്ടതും വളർച്ചപ്രാപിച്ചതുമായ കാര്യമായ വ്യവസായശാലകളും, സ്ഥാപനങ്ങളും പഞ്ചായത്തിൽ ഇല്ല.

പരമ്പരാഗത കുടിൽ വ്യവസായത്തിൽ പ്രധാനമായത് ചൂടി നിർമ്മാണം, കൊട്ട, മൺപാത്രങ്ങൾ, പായനെയ്ത്ത്, പപ്പടനിർമ്മാണം എന്നിവയാണ്. ഇവയിൽ പലതും അസംസ്കൃതപദാർത്ഥങ്ങളുടെ ദൗർലഭ്യവും ആധുനിക ഉൽപാദനരീതികൾ ഉപയോഗിക്കാത്തതുമൂലം ഈ വ്യവസായങ്ങൾ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കയാണ്.

അൽപമെങ്കിലും പ്രതീക്ഷയ്ക്ക് വകനൽകുന്നത് സഹകരണമേഖലയിലെ ചെറുകിട വ്യവസായയൂണിറ്റുകളാണ്. ഇവയിൽ ഭൂരിഭാഗവും സ്ത്രീകളുടെ നേതൃത്വത്തിലും പങ്കാളിത്വത്തിലും നടത്തപ്പെടുന്നതാണ്. പാലുല്പന്നങ്ങൾ, ചൂടി, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാർ, ജാം നിർമ്മാണം എന്നിവയാണ് പ്രധാനപ്പെട്ടത്. ഗുണനിലവാരത്തിന്റെ കാര്യത്തിൽ ഏറെ മുന്നിൽ നിൽക്കുന്ന ഉൽപന്നങ്ങളാണ് ഇവ.

വിപണി കണ്ടെത്താൻ കഴിയാത്തതും തൊഴിൽ പരിശീലനത്തിന്റെ അഭാവവും വ്യവസായികമായി വൻതോതിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങളോടുള്ള ആളുകളുടെ അഭിരുചിയിൽ മാറ്റംവരുത്താൻ കഴിയാത്തതും അനാവശ്യമായ സാമ്പത്തികസഹായം ലഭിക്കാത്തതു ഈ മേഖലയിലെ ചെറുകിട യൂണിറ്റുകൾ മന്ദഗതിയിലാക്കുന്നതിന് കാരണമായി.

തടിവ്യവസായം എന്ന പൂർണ്ണ അർത്ഥത്തിലല്ലെങ്കിലും രണ്ട് തടിമില്ലുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതോടനുബന്ധിച്ച് ധാരാളം ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളും കടകളും നിലവിലുണ്ട്.

ചെറുകിട വ്യവസായ യൂണിറ്റുകളെ സംബന്ധിച്ചു വിവരങ്ങൾ

വ്യവസായത്തിന്റെ തരം	തൊഴിലാളികളുടെ എണ്ണം			മൊത്തം യൂണിറ്റുകൾ	മൊത്തം തൊഴിലാളികൾ
	20ൽ കുറവ്	20-25 വരെ	50ന് മേൽ		
തടി	2	-	-	2	15
ക്രഷർ	-	2	1	3	200
സഹകരണ വ്യവസായ യൂണിറ്റുകൾ	7	-	-	7	49
ഇലക്ട്രോണിക്സ് റിപ്പയർ	16	-	-	16	50
അച്ചടി	2	-	-	1	2
ആയുർവേദ മരുന്ന്	1	-	-	1	5
ആകെ	31	2	1	30	321

പ്രശ്നങ്ങൾ

25.14 ചതുരശ്ര കി.മീ വിസ്തീർണ്ണവും 25420 വരുന്ന ജനസംഖ്യയും 6378 വീടുകളും ഉള്ള നമ്മുടെ പഞ്ചായത്തിൽ നിത്യോപയോഗസാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉൽപന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂണിറ്റ് വളർന്നുവരാത്ത് പരിശോധിക്കേണ്ടതാണ്. വ്യവസായത്തിന് അനുയോജ്യമായ വൈദ്യുതി, ഗതാഗതം തുടങ്ങി മറ്റ് സൗകര്യങ്ങൾ എല്ലാം ഉണ്ടായിട്ടും വേണ്ട തോതിൽ വ്യവസായങ്ങൾ വളർന്നു വരാത്തതിന്റെ കാരണം താഴെ പറയുന്നവയാണ്.

1. തടിയുടെ ദൗർലഭ്യം തടിയുടെ വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.
2. തൊഴിലാളികൾക്ക് തൊഴിലിനനുസരിച്ച് കൂലി ലഭിക്കുന്നില്ല.
3. ലൈസൻസിംഗ് നിബന്ധനകൾ പാലിക്കാത്തതിനാൽ വായു ശബ്ദ മലിനീകരണങ്ങൾ ഉണ്ടാകുന്നു.
4. ആധുനിക വ്യവസായ ഉൽപ്പന്നങ്ങളുടെ തള്ളിക്കയറ്റം ആധുനിക ഉൽപാദനരീതികൾ അറിയാത്തതും പരമ്പരാഗതവ്യവസായത്തെ തകർച്ചയിലാക്കി.
5. സഹകരണമേഖലയിലുള്ള ചെറുകിട വ്യവസായ ഉൽപന്നങ്ങൾക്ക് വേണ്ടത്ര രീതിയിൽ പ്രചരണം ലഭിക്കുന്നില്ല. ഇതുകാരണം വിപണിയിൽ പരാജയപ്പെടുന്നു.
6. സാങ്കേതികപരിജ്ഞാനം നേടിയവർക്ക് തൊഴിൽ മേഖല കണ്ടെത്താൻ കഴിയുന്നില്ല.
7. നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷികഉൽപന്നങ്ങളായ നാളികേരം, റബ്ബർ, അടയ്ക്ക എന്നിവ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഉയർന്നു വരുന്നില്ല.
8. നിലവിലുള്ള ലൈസൻസിംഗ് സമ്പ്രദായം പല ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.
9. ഊർജ്ജലഭ്യത കുറവുമൂലം പല വ്യവസായ യൂണിറ്റുകളും തുടങ്ങാൻ ബുദ്ധിമുട്ട് ഉണ്ട്.
10. മൂലധനം സ്വരൂപിക്കാൻ കഴിയായ്ക.
11. സംരംഭകരുടെ അഭിരുചിക്കനുസരിച്ച് വ്യവസായങ്ങൾ കണ്ടെത്താൻ കഴിയാത്തതും, സംരംഭകർക്ക് വേണ്ട പ്രചോദനം ലഭിക്കാത്തതും വ്യവസായപുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു.

നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്ന് കുടിൽവ്യവസായവും ചെറുകിട വ്യവസായവും തുടങ്ങുന്നതിന് ഒട്ടനവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. പല വ്യവസായങ്ങളും അവലോകനം ചെയ്തപ്പോൾ ഗ്രാമപഞ്ചായത്തിന്റെ പരിധിക്കപ്പുറം വന്നതായി കാണാൻ കഴിഞ്ഞു. ഒരേതരം വ്യവസായങ്ങൾ വിവിധ വാർഡുകളിൽ നിന്നും നിർദ്ദേശങ്ങളായി വന്നതിനാൽ ഉൽപന്നങ്ങളുടെ വിപണനസാധ്യതകളെപ്പറ്റി പഠിക്കേണ്ടതാണ്. വന്ന നിർദ്ദേശങ്ങളിൽ തുടങ്ങാനുള്ള സംരംഭങ്ങളുടെ ഏകദേശം മൊത്തം മൂലധനത്തിന്റെ 25% വരെ മുതൽമുടക്കാൻ സംരംഭകർ തയ്യാറാണ് എന്നത് പ്രതീക്ഷയ്ക്ക് വകനൽകുന്നു. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിലും സ്വന്തമായും പല ചെറുകിട വ്യവസായങ്ങളും തുടങ്ങാൻ താൽപര്യം കാണിച്ച് പലരും മുന്നോട്ട് വന്നിട്ടുണ്ട്. നിർദ്ദേശിക്കപ്പെട്ട യൂണിറ്റുകളിൽ പലതും പരിഗണിക്കപ്പെടേണ്ടതും പ്രോത്സാഹനം നൽകേണ്ടതുമാണ്.

സാങ്കേതിക വിദഗ്ദന്മാരും പരിജ്ഞാനികളുമായ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമുള്ള ആളുകളേയും ഉൾക്കൊള്ളിച്ചുകൊണ്ട് നിർദ്ദേശിക്കപ്പെട്ട വ്യവസായങ്ങൾ തുടങ്ങേണ്ടതാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

കുടിൽ വ്യവസായങ്ങൾ

1. മെഴുകുതിരി നിർമ്മാണം
2. ചന്ദനതിരി
3. കോഴിഫാം
4. അച്ചാർ, ജാം നിർമ്മാണം
5. തേനീച്ച വളർത്തൽ
6. റക്സിൻ ബാഗ് നിർമ്മാണം
7. പപ്പടനിർമ്മാണം
8. ബീഡി നിർമ്മാണം

ചെറുകിട വ്യവസായങ്ങൾ

1. തീപ്പെട്ടി കമ്പനി
2. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
3. ഈർച്ചമിൽ ആൻറ് ഫർണിച്ചർ
4. തടി കടയൽ
5. നാളികേര സംസ്കരണം
6. ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ
7. സോപ്പ് നിർമ്മാണം
8. അടയ്ക്ക സംസ്കരണം
9. ബേക്കറി
10. റബ്ബർ ചെരിപ്പ് നിർമ്മാണം
11. അവിലിടി മിൽ
12. ലാബ്

13. സിമൻറ് കട്ട നിർമ്മാണം
14. കയർ ഫാക്ടറി
15. ഇഷ്ടിക കട്ട
16. സോളാർ പാനൽ
17. സ്ക്രീൻ പ്രിൻറിംഗ്
18. അലൂമിനിയപാത്ര നിർമ്മാണം
19. എല്ലുപൊടി വള നിർമ്മാണം
20. പ്ലാസ്റ്റിക് കവർ നിർമ്മാണം
21. അച്ചടി പ്രസ്സ്
22. ഇൻഡസ്ട്രിയൽ വർക്സ്
23. ഫൈബർ വർക്സ്
24. വീട്ടുപകരണങ്ങൾ
25. വ്യവസായ എസ്റ്റേറ്റ്
26. പാനൽ ബോർഡ്
27. സ്റ്റോൺ ക്രഷർ
28. കരകൗശലവസ്തു നിർമ്മാണം
29. പാചക എണ്ണ
30. ചിരട്ട പൗഡർ
31. ശീതളപാനീയങ്ങൾ
32. ഇലക്ട്രോണിക്സ്
33. സ്റ്റേഷനറി കട
34. വാടക സ്റ്റോർ

സാധ്യതകൾ

1. അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കനുസരിച്ചുള്ള വ്യവസായങ്ങൾ കണ്ടെത്തി ആരംഭിക്കുക.
2. സാങ്കേതിക വിദഗ്ദന്മാരുടെ പങ്കാളിത്വം ഉറപ്പാക്കാൻ കഴിയും.
3. മിക്ക ഉൽപ്പന്നങ്ങളുടേയും വിപണി കണ്ടെത്താൻ കഴിയും.
4. മൊത്തം മുടക്കുമുതലിൻെറ 25%വരെ സംരംഭകർ മുടക്കും.
5. പഞ്ചായത്തിലെ ഗൾഫ് മലയാളികളുടെ മൂലധനം സമാഹരിക്കാൻ പ്രേരിപ്പിക്കുക.
6. പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യവസായപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യവസായ ക്ലബ്ബ് രൂപീകരിക്കുക.
7. വ്യവസായ ഉൽപന്നങ്ങളുടെ വിപണന സൗകര്യം ഉറപ്പാക്കാൻ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും, വ്യവസായ വിപണമേളകൾ സംഘടിപ്പിക്കുകയും ചെയ്യാം.
8. റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിന് ആധുനിക വസ്ത്രനിർമ്മാണത്തെപ്പറ്റിയുള്ള അവബോധം ഉണ്ടാക്കുക.
9. വ്യവസായതല്പരരായ ചെറുപ്പക്കാരെ കണ്ടെത്തി യൂണിറ്റുകൾ ആരംഭിക്കുവാനുള്ള വിദഗ്ദ്ധോപദേശം നല്കുക.

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

വിഭാഗം	തൊഴിലാളികളുടെ എണ്ണം	ശതമാനം (%)
ക്രഷർ യൂണിറ്റ്	200	22.22
സഹകരണമേഖല	49	5.46
പരമ്പരാഗത തൊഴിൽ	100	11.11
റിപ്പയർ ഷോപ്പുകൾ	50	5.55
തടി വ്യവസായം	15	1.66
മറ്റു വ്യവസായങ്ങൾ	486	54.00
ആകെ	900	100.00%

പഞ്ചായത്ത് തലത്തിൽ നടത്താവുന്ന നിർദ്ദേശങ്ങൾ

ഓമശ്ശേരി പഞ്ചായത്തിൽ ഇന്ന് വ്യവസായവൽക്കരണം നടത്താൻ പറ്റിയ പശ്ചാത്തലമുള്ള പഞ്ചായത്ത് ആണ്. ഈ പശ്ചാത്തലം ഉപയോഗപ്പെടുത്തി കഴിയുന്ന ത്ര വ്യവസായയൂണിറ്റുകൾ നടത്താൻ കഴിയുമോ എന്നാണ് നാം ആലോചിക്കേണ്ടത്. പഞ്ചായത്തിലെ നിലവിലുള്ള ചെറുകിട യൂണിറ്റുകളുടെ വിപണസാധ്യതകൾ പരിശോധിച്ചുകഴിഞ്ഞാൽ നമ്മുടെ പ്രദേശത്ത് ധ്രുതഗതിയിൽ പച്ചപിടിച്ചുവരുന്ന ചെറുകിട വ്യവസായമേഖലയാണ് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണയൂണിറ്റുകൾ. ഇവ ഒട്ടനവധി സ്ത്രീകൾക്ക് തൊഴിൽ നല്കുന്നുണ്ട്. ഇവ ഒറ്റപ്പെട്ട യൂണിറ്റുകളായി പ്രവർത്തിക്കുന്നതിനുപകരം ഇവയെ നിയന്ത്രിക്കാനും മേൽനോട്ടം വഹിക്കുവാനും പഞ്ചായത്ത് തല മാതൃവ്യവസായ സംഘടന ഉണ്ടായാൽ ഇതിൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. വ്യത്യസ്ത ഭാഗങ്ങളിൽ ഉണ്ടാക്കുന്ന റെഡിമെയ്ഡ് ഉൽപന്നങ്ങൾ സംഭരിക്കുകയും അവ ഒരു നിശ്ചിത വില നിശ്ചയിച്ച് വിണനം നടത്തുകയും വേണം. ഇവയ്ക്കാവശ്യമായ അസംസ്കൃതവസ്തുവായ തുണി കുറഞ്ഞവിലയ്ക്ക് മറ്റ് പ്രദേശങ്ങളിൽ നിന്ന് കൊണ്ടുവരുവാൻ കഴിയണം. ഒട്ടേറെ വനിതകൾക്ക് തൊഴിൽ സാധ്യതയുള്ള ഒരു വ്യവസായമേഖലയാണ് സഹകരണമേഖലയിൽ തുടങ്ങിയ പാൽ ഉൽപന്ന നിർമ്മാണം. ഇവയുടെ ഗുണനിലവാരം വളരെ മെച്ചമാണെങ്കിലും ഇവ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കുന്നില്ല. ഇതിനൊരു പ്രധാന കാരണം

ഈ യൂണിറ്റുകൾ പരസ്പരബന്ധമില്ലാതെ പ്രവർത്തിക്കുന്നതിനാലാണ്. ഇവയെ പരസ്പരം ബന്ധിപ്പിക്കുവാനും ഉൽപന്നങ്ങൾ പഞ്ചായത്തലത്തിൽ വാങ്ങി ശേഖരിക്കുവാനും വിൽപാനും ഒരു മാതൃ വ്യവസായ സംഘടന രൂപീകരിക്കുകയും പ്രവർത്തിക്കുകയും വേണം. ഈ ഉൽപന്നങ്ങൾ വേണ്ടത്ര പ്രചാരണം ലഭിക്കാത്തതും പരാജയകാരണങ്ങളാണ്.

ഭക്ഷ്യസംസ്കരണരംഗത്ത് ഈ പഞ്ചായത്തിൽ ഫൈൻ ഫുഡ് പ്രൊസ്സസിംഗ് യൂണിറ്റ് ആണ് ഉള്ളത്. ഏതാനും സ്ത്രീകൾക്ക് തൊഴിൽ കൊടുക്കാൻ സാധിക്കുന്ന യൂണിറ്റാണിത്. അനേകം യൂണിറ്റുകൾ തുടങ്ങാനുള്ള സാധ്യത ഈ പഞ്ചായത്തിനുണ്ട്. അതുകൊണ്ട് ഇത്തരം യൂണിറ്റുകൾ അനേകം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങേണ്ടതുമാണ്. വ്യത്യസ്ത ഉടമസ്തതയിൽ ഉണ്ടാക്കപ്പെടുന്ന ഉൽപന്നങ്ങൾക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ട്രേഡ് മാർക്ക് നൽകി വിപണനം നടത്താൻ കഴിയും.

ഗ്രാമസഭാ നിർദ്ദേശങ്ങളിൽ കുടിൽ വ്യവസായത്തിലായാലും ചെറുകിട വ്യവസായത്തിലായാലും തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായത്തിന്റെ അസംസ്കൃതവസ്തു പലതും നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല. അവ മറ്റിടങ്ങളിൽനിന്ന് കൊണ്ടുവരേണ്ടതായി വരും. അതുപോലെ പല യൂണിറ്റുകളും തുടങ്ങാൻ സാങ്കേതിക പരിജ്ഞാനം ഉള്ള ആളുകളെയും കണ്ടെത്തേണ്ടതായി വരും. ഇതിലേക്കായി വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ സഹായം ഉറപ്പാക്കേണ്ടതുണ്ട്. ഈവക കാര്യങ്ങൾക്ക് വേണ്ടുന്ന ഉപദേശം നൽകുവാനും സാമ്പത്തികസഹായം സംഘടിപ്പിച്ചുകൊടുക്കുവാനും സാങ്കേതികബുദ്ധിമുട്ടുകൾ മാറ്റാനും ഉതകുന്ന രീതിയിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വ്യാവസായിക പ്രമോട്ടിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷിക ഉൽപന്നങ്ങളായ നാളികേരം, അടയ്ക്ക, റബ്ബർ അടിസ്ഥാനമാക്കി വ്യവസായസംരംഭങ്ങൾക്ക് സാധ്യത വളരെ കൂടുതലാണ്. അടയ്ക്ക ഉൽപാദനം നമ്മുടെ പഞ്ചായത്തിൽ വളരെ അധികമാണ്. ഈ ഉൽപന്നങ്ങളെ അടിസ്ഥാനമാക്കി സംസ്കരണയൂണിറ്റുകൾ ആരംഭിക്കുവാനുള്ള സാധ്യത ആലോചിക്കണം. തേങ്ങയെ അടിസ്ഥാനമാക്കി ഉണ്ടാക്കാൻ കഴിയുന്ന ഉൽപന്നങ്ങളുടെ സംസ്കരണയൂണിറ്റ് തുടങ്ങാനുള്ള സാധ്യതകൾ ആലോചിക്കണം.

മേൽപറഞ്ഞ നിർദ്ദേശങ്ങളും സാധ്യതകളും മുൻഗണനാക്രമത്തിൽ പഠിച്ച് പരിഗണിച്ചാൽ നമ്മുടെ പഞ്ചായത്തിൽ ഇന്ന് അനുഭവപ്പെടുന്ന സാമ്പത്തിക മുരടിപ്പ് വലിയ ഒരു അളവ്വരെ മറികടക്കാൻ കഴിയും. കഴിഞ്ഞകാലങ്ങളിൽ നേടിയ വ്യവസായപുരോഗതിയുടെ എത്രയോ മടങ്ങ് പുരോഗതി കൈവരിക്കാൻ മേൽപറഞ്ഞ സാധ്യതകളും നിർദ്ദേശങ്ങളും പരിഗണിച്ചാൽ ചുരുങ്ങിയ കാലയളവിനുള്ളിൽ നമുക്ക് കഴിയും. നമ്മുടെ പഞ്ചായത്തിലെ നല്ലൊരു ശതമാനം ചെറുപ്പക്കാർക്ക് തൊഴിൽ നൽകുവാനുള്ളതുമൂലം തൊഴിലില്ലായ്മ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുവാനും ജനങ്ങളുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുവാനും ഇതോടൊപ്പം കേരളത്തിന്റെ സാമ്പത്തിക മുരടിപ്പ് ഒരു പരിധിവരെ മറികടക്കാനും ഇതുമൂലം സാധിക്കും. നാം ഉണ്ടാക്കുന്ന വ്യവസായ ഉൽപന്നങ്ങൾ ഇവിടെതന്നെ വിപണനം നടത്തുകയും ഉൽപന്നങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ ഇവിടെതന്നെ ലഭ്യമാകുന്ന സ്ഥിതിക്ക് എന്ത് കാര്യത്തിനും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിൽനിന്ന് കേരളത്തെ നമുക്ക് രക്ഷിക്കുവാൻ കഴിയും. ഇതുമൂലം നിലവിലുള്ള സാമൂഹിക സാംസ്കാരിക സാമ്പത്തികരംഗത്തെ മുരടിപ്പ് ഇല്ലായ്മ ചെയ്യാനും പുതിയ ഒരു വികസന സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കാനും നമുക്ക് കഴിയും.

തയ്യാറാക്കിയത്:

കെ. ശാന്തകുമാർ
പി. വിദ്യാധരൻ
പി. ഐ. ജോസ്
സി. കെ. കദീജ

വിദ്യാഭ്യാസം

സാംസ്കാരികവികസനത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നാണല്ലോ വിദ്യാഭ്യാസം. ഓമശ്ശേരി പഞ്ചായത്തിന്റെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ചരിത്രം തേടിയുള്ള പ്രയാണം 1922കളിലവസാനിക്കുന്നു. എന്നാൽ അതിനു മുമ്പുതന്നെ കേരളത്തിന്റെ മറ്റിതര പ്രദേശങ്ങളിലെന്നപോലെ പാരമ്പര്യാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം ഇവിടെയും നിലനിന്നിരുന്നു. ജനതതിയെ അറിവിന്റെ ലോകത്തിലേക്ക് നയിച്ച കുടിപള്ളിക്കൂടങ്ങളും ആശാൻ പള്ളിക്കൂടങ്ങളും സമൂഹത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിരുന്നുവെന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്.

കുടിപള്ളിക്കൂടങ്ങളിലൂടെയും മറ്റും ആർജ്ജിച്ചെടുത്ത വിജ്ഞാനം പരിപോഷിപ്പിക്കപ്പെടുന്നതിന് ഔപചാരിക മേൽവിലാസം ലഭിക്കുന്നത് 1922-ൽ പുത്തൂർ പ്രദേശത്ത് ഒരു എൽ.പി. സ്കൂൾ ആരംഭിച്ചതോടെയാണ്. 1924-ൽ വെളിമണ്ണയിലും തുടർന്നുള്ള കാലങ്ങളിൽ കെടയത്തൂർ, കൂടത്തായ്, ഓമശ്ശേരി എന്നിവിടങ്ങളിലും എൽ.പി. സ്കൂളുകൾ സ്ഥാപിക്കപ്പെട്ടതോടെ പ്രാഥമിക വിദ്യാഭ്യാസം പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലേക്കും വ്യാപിച്ചു. ആരംഭകാലം മുതൽ ഇന്നോളം മേൽപറഞ്ഞ സ്കൂളുകൾക്ക് കെട്ടിടവും സ്ഥലവും നൽകി സഹകരിച്ച് പ്രദേശത്തിന്റെ വിദ്യാഭ്യാസനേട്ടങ്ങൾക്ക് പ്രാഥമിക പ്രചോദനം നൽകിയ വിശാലമനസ്കരായ വ്യക്തിത്വങ്ങളെ ഏറെ നന്ദിയോടെയാണീ തലമുറ സ്മരിക്കുന്നത്.

മലബാറിന്റെ വിവിധ പ്രദേശങ്ങളിലെത്തിച്ചേർന്ന കുടിയേറ്റ ജനത 1940കളിൽ ഈ കുഗ്രാമത്തിലേക്കും കടന്നുവന്നു. തിരുവിതാംകൂറിന്റെ വിദ്യാഭ്യാസ സാംസ്കാരിക നേട്ടങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനും ഈ പ്രദേശത്തെ വെളിച്ചത്തിലേക്ക് നയിക്കുന്നതിനും കുസ്തീയ കുടിയേറ്റക്കാർ മലയോര ഖേലകളിൽ ചെയ്ത സേവനം സ്തുത്യർഹമാണ്. ഇതിന്റെ ഭാഗമായി 1946ൽ ബഹു: ജോസഫ് മുന്താരിയച്ചന്റെ നേതൃത്വത്തിൽ കൂടത്തായിയിൽ ഒരു എൽ. പി. സ്കൂൾ സ്ഥാപിച്ചു. ഇങ്ങിനെ സ്വാതന്ത്ര്യപൂർവ്വ കാലത്തുതന്നെ ഔപചാരിക വിദ്യാഭ്യാസ മേഖലകളിലുണ്ടാക്കിയ നേട്ടം സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുണ്ടായില്ല എന്നതാണ് വസ്തുത.

കൂടത്തായ് സെൻറ് മേരീസ് എൽ. പി. സ്കൂൾ 1949ൽ യു. പി. സ്കൂൾ ആയും 1966ൽ ഹൈസ്കൂൾ ആയും ഉയർത്തപ്പെട്ടു. തുടർന്ന് നീലേശ്വരം എൽ. പി. സ്കൂളും 1983ൽ വേനപ്പാറ ഹോളിഫാമിലി ഹൈസ്ക്കൂളും ഈ നാടിനെ വിജ്ഞാന സമ്പുഷ്ടമാക്കാൻ സഹായിച്ചു.

ഇന്നലെയുടെ നേട്ടങ്ങളായി ഇന്ന് അവശേഷിക്കുന്നത് ഏഴ് എൽ. പി. സ്കൂളുകളും ഒരു യു. പി. സ്കൂളും രണ്ട് ഹൈസ്ക്കൂളുകളുമാണ്.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നീ വിശദവിവരങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

നിലവിൽ സർക്കാർ മേഖലയിൽ 4 എൽ. പി. സ്കൂളും ഒരു യു. പി. സ്കൂളും, സ്വകാര്യമേഖലയിൽ രണ്ട് ഹൈസ്ക്കൂളും മൂന്ന് എൽ. പി. സ്കൂളും പ്രവർത്തിച്ചു വരുന്നു.

മൊത്തം 2314 ആൺകുട്ടികളും 2261 പെൺകുട്ടികളും പഞ്ചായത്തിലെ സ്കൂളുകളിൽ പഠിയ്ക്കുന്നുണ്ട്. ഇതിനുപുറമെ 2500 ലധികം വിദ്യാർത്ഥികൾ തൊട്ടടുത്ത പഞ്ചായത്തുകളിലെ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ 49.8% പെൺകുട്ടികളാണ്.

പഞ്ചായത്തിലെ എൽ. പി. സ്കൂളിൽ മൊത്തം 2554 വിദ്യാർത്ഥികൾ പഠിയ്ക്കുമ്പോൾ യു. പി., എച്ച് എസ്. വിഭാഗങ്ങളിലായി യഥാക്രമം 961, 1057 വിദ്യാർത്ഥികളാണുള്ളത്. നാലാം ക്ലാസ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളിൽ മൂന്നിൽ രണ്ട് ഭാഗത്തിനും തുടർ പഠനത്തിനുള്ള സൗകര്യം ഇപ്പോൾ പഞ്ചായത്തിലില്ല. നിലവിലുള്ള

പട്ടിക - 1

വിദ്യാർത്ഥികൾ, അധ്യാപകർ

വിദ്യാലയത്തിന്റെ പേര്		മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
1.	L.P		93	70	163			
സെൻറ്മേരീസ് H. S.	U.P	എയ്ഡഡ്	235	249	484			48
കൂടത്തായി	H.S		252	283	535			
2. ഹോളി ഫാമിലി H.S വേനപ്പാറ		എയ്ഡഡ്	236	286	522			18
3. ഗവ. U.P.S പുത്തൂർ	L.P	സക്കാർ	205	201	406	16	8	24
	U.P		258	219	477			
4. G.M.L.P.S കെടയന്തൂർ		സർക്കാർ	165	181	346	4	6	10
5. G.L.P.S കൂടത്തായി		സർക്കാർ	65	54	119	3	1	4
6. G.L.P.S ചാത്ത-വെണ്ണക്കോട്		സർക്കാർ	174	156	330	6	4	10
7. G.L.P.S വെളിമണ്ണ		സർക്കാർ	147	167	314	7	2	9
8. V.P.A.L.P ഓമശ്ശേരി		എയിഡഡ്	141	115	256	1	8	9
9. സെൻറ്തോമസ് നീലേശ്വരം		എയിഡഡ്	209	161	370	2	9	11
10. A.M.L.P കൂടത്തായി ബസാർ		എയിഡഡ്	134	116	250	4	6	10
ആകെ			**2314**	**2258**	**4572**			

പട്ടിക - 2

വിദ്യാർത്ഥികളുടെ എണ്ണം എൽ. പി., യു. പി., എച്ച്. എസ് ഇനംതിരിച്ച്

വിഭാഗം	ആൺ	പെൺ	ആകെ	പെൺ(%)	മൊത്തം പെൺ(%)
എൽ. പി.	1333	1221	2554	47.8	
യു. പി.	493	468	961	48.3	49.8
എച്ച്. എസ്.	488	569	1057	53.8	

യു.പി. സ്ക്കൂളുകളിൽ കൂടുതൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളാനുള്ള സൗകര്യങ്ങളില്ല. ഇപ്പോഴുള്ള രണ്ട് ഹൈസ്ക്കൂളുകൾ പഞ്ചായത്തിന്റെ രണ്ടറ്റത്തായി സ്ഥിതിചെയ്യുന്നതിനാൽ കൂടുതൽ വിദ്യാർത്ഥികൾക്ക് എത്തിപ്പെടാൻ കഴിയുന്നില്ല. ഹൈസ്ക്കൂളുകളാവട്ടെ വിദ്യാർത്ഥി പ്രവേശനത്തിൽ 'കർശനനിലപാടുകൾ' സ്വീകരിച്ചുവരുന്നതായി ഗ്രാമസഭകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ സാഹചര്യം പരിഗണിച്ച് പഞ്ചായത്തിൽ ഒരു ഗവ:

ഹൈസ്ക്കൂളും ഓമശ്ശേരി കേന്ദ്രീകരിച്ച് ഒരു യു. പി. സ്ക്കൂളും വെളിമണ്ണ ചാത്ത - വെണ്ണക്കോട് എൽ. പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് യു. പി.യായി ഉയർത്തുകയും ചെയ്യേണ്ടതുണ്ട്. യു. പി. എച്ച്. എസ്. എന്നിവയിലേക്കുള്ള ദൂരക്കൂടുതലും യാത്രാസൗകര്യങ്ങളുടെ കുറവും താഴ്ന്ന ക്ലാസുകളിൽ വെച്ച് തന്നെ പഠനം നിറുത്തുന്നതിന്, പ്രത്യേകിച്ച് മുസ്ലിം പെൺകുട്ടികൾ, കാരണമായിത്തീരുന്നുണ്ട്. ഇതിനുപുറമെ പി. ടി. എ. ഡൊണേഷൻ, ദാരിദ്ര്യം എന്നിവയും ഇടയ്ക്കുവെച്ച് പഠനം നിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

പഞ്ചായത്തിൽ മൊത്തം 404 പട്ടികജാതി വിദ്യാർത്ഥികൾ പഠിയ്ക്കുന്നുണ്ട്. പട്ടിക ജാതി വിഭാഗങ്ങളിൽ ഏതാണ്ട് പൂർണമായും ദരിദ്രരാണ്. ഇത് കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. മിക്ക വിദ്യാർത്ഥികളും പത്താംക്ലാസ് പൂർത്തിയാകുന്നതിനു മുമ്പുതന്നെ കൂലിവേലയ്ക്ക് പോയിത്തുടങ്ങുന്നതായി കണ്ടുവരുന്നുണ്ട്.

പട്ടിക - 3

പട്ടികജാതി വിദ്യാർത്ഥികൾ, തോറ്റു പഠിക്കുന്നവർ

വിഭാഗം	മൊത്തം വിദ്യാർത്ഥികൾ	ആൺ	പെൺ	ആകെ	ശതമാനം	തോറ്റ് പഠിക്കുന്നവർ		
						ആൺ	പെൺ	ആകെ%
എൽ. പി.		107	90	197	4.3	5	6	11
യു. പി.	4572	42	48	90	2	6	8	14
എച്ച്. എസ്.		61	56	117	2.6	4	5	9
ആകെ		210	194	404		15	19	34

4-ാംക്ലാസ് കഴിഞ്ഞ മുഴുവൻ വിദ്യാർത്ഥികളും 5-ാംതരത്തിലേയ്ക്ക് എത്താത്തതും 7-ാം ക്ലാസ് ജയിച്ച വിദ്യാർത്ഥികൾ പൂർണമായും എട്ടാംക്ലാസിൽ ചേരാത്തതായും ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇടയ്ക്കുവെച്ച് പഠനം നിറുത്തുന്ന വിദ്യാർത്ഥികൾ വളരെ ചെറിയൊരു ശതമാനം മാത്രമേ വരുകയുള്ളൂ. ഈ രണ്ട് വിഭാഗം വിദ്യാർത്ഥികളെയും സ്ക്കൂളുകളിലെത്തിക്കുന്നതിനുള്ള തീവ്രശ്രമം അത്യാവശ്യമാണ്. (പട്ടിക-4)

പഞ്ചായത്തിന്റെ പുറമെയുള്ള യു. പി., ഹൈസ്ക്കൂൾ വിദ്യാലയങ്ങളിലാണ് ഭൂരിഭാഗം വിദ്യാർത്ഥികളും പഠിക്കുന്നത്. എന്നതിനാൽ കൊഴിഞ്ഞുപോക്ക് കൃത്യമായി കണ്ടെത്താൻ കഴിയില്ല. വാർഡ് തലത്തിൽ ഈ കുട്ടികളെ കണ്ടെത്തേണ്ടതുണ്ട്.

മൊത്തം വിദ്യാർത്ഥികളിൽ 1992 പേർ സർക്കാർ സ്ക്കൂളിലാണ് പഠിക്കുന്നത്. ഈ മേഖലയിൽ ഇപ്പോൾ 57 അധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ട്. അധ്യാപക നിയമനത്തിൽ വരുന്ന കാലതാമസം സർക്കാർ സ്ക്കൂൾ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

പട്ടിക - 4

കൊഴിഞ്ഞുപോക്ക്

വിഭാഗം	എസ്.സി വിദ്യാർത്ഥികൾ-A			മറ്റുള്ളവർ - B			A+B
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
എൽ. പി.	1	-	1	8	6	14	15
യു. പി.	1	-	1	3	-	3	4
എച്ച്. എസ്	2	1	3	14	11	25	28
ആകെ	4	1	5	25	17	42	47

പട്ടിക - 5

അധ്യാപക വിദ്യാർത്ഥി അനുപാതം പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

	അധ്യാപകർ			താൽക്കാലിക	വിദ്യാർത്ഥികൾ			അധ്യാപഗക വിദ്യാർത്ഥി
	പു	സ്ത്രീ	ആകെ	അധ്യാപകർ	ആൺ	പെൺ	ആകെ	അനുപാതം
ഗവ: സ്ക്കൂൾ			57	11	1014	978	1992	1:35
എയിഡഡ്			96		1300	1280	2580	1:27
ആകെ					2314	2258	4572	

അധ്യാപകരിൽ ഭൂരിഭാഗം പേരും ഇൻസർവ്വീസ് കോഴ്സുകൾ ലഭിക്കാത്തവരാണ്. പഞ്ചായത്തിൽ നിലവിലുള്ള പ്രൈമറി സ്ക്കൂളുകളിൽ ഡിഗ്രി, പി. ജി. , ബി. എഡ് യോഗ്യതയുള്ളവർ ഏറെ ഉണ്ട്. പട്ടിക - 6 നോക്കുക. ഇവരെ ഉപയോഗപ്പെടുത്തി പത്താംതരത്തിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷൽ കോച്ചിംഗ് ക്ലാസുകൾ അതാത് വിദ്യാലയങ്ങളിൽ വെച്ച് നൽകാവുന്നതാണ്. ഇൻസർവ്വീസ് കോഴ്സുകളുടെ അനിവാര്യതയും ഇതോടൊപ്പം വിലയിരുത്തപ്പെടേണ്ടതുണ്ട്.

പട്ടിക - 6

അധ്യാപകരും വിദ്യാഭ്യാസയോഗ്യതയും

	SSLC	PDC	DC	PG	TTC	BEd	ഭാഷാ	Compute	മറ്റുള്ളവർ
പ്രൈമറി	35	38	21	4	86	12			
എച്ച്. എസ്	-	-	30	5	-	33			

ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത പഞ്ചായത്തിലെ ഭൂരിഭാഗം സ്ക്കൂളുകൾക്കും ബാധകമാണ്. സർക്കാർ സ്ക്കൂളുകൾ വാടകക്കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. പ്രാഥമിക സൗകര്യങ്ങൾ പോലും വേണ്ടത്ര ഇവയ്ക്കില്ല

പട്ടിക - 7

ഭൗതിക സൗകര്യങ്ങൾ

സ്ക്കൂളിന്റെ പേര്	ഡിവിഷൻ	ക്ലാസ് മുറി	കുടിവെള്ളം	മൂത്രപ്പുര ഒരേസമയ	കക്കൂസ് ഉപയോഗ	വൈദ്യുതി	പാചക മുറി	സ്റ്റാഫ് റൂം	കെട്ടിടം വാടക/സ്വന്ത	ആവശ്യമുള്ള ഫർണിച്ചർ ഡസ്ക്	ബഞ്ച്	മേശ	കസേര
സെൻറ്മേരീസ് H.S.	30	35	✔	30	7	✔	✔	✔	സ്വന്തം	-	-	-	-
H.F.H.S. വേനപ്പാറ	10	14	✔	8	3	✔	-	✔	സ്വന്തം	20	20	2	2
G.U.P.S. പുത്തൂർ	19	-	✔	6	1	✔	×	×	വാടക	40	40	2	2
G.M.L.P.S കെടയത്തൂർ	8	-	✔	ഇല്ല	ഇല്ല	✔	✔	×	വാടക	25	25	5	5
G.M.L.P. വെണ്ണക്കോട്	8	4	×	ഇല്ല	ഇല്ല	×	×	×	വാടക	16	10	6	5
G.M.L.P. വെളിമണ്ണ	8	7	✔	6	1	✔	×	×	സ്വന്തം	26	10	-	2
V.P.A.L.P.S ഓമശ്ശേരി	8	-	✔	5	1	×	×	×	സ്വന്തം	25	25	5	10
സെൻറ്തോമസ് LP, N	10	14	✔	4	2	×	✔	✔	സ്വന്തം	75	30	10	10
ആസാദ് എൽ.പി കൂട...	8	1	✔	2	ഇല്ല	×	×	×	സ്വന്തം	-	54	4	5
G.L.P.S കൂടത്തായ്	4	-	✔	2	1	×	×	×	വാടക	10	15	2	3

ക്ലാസുകൾ മുറികളായി തിരിക്കാത്ത 4ഉം കുടിവെള്ളം ലഭ്യമല്ലാത്ത 2ഉം കക്കൂസ് ഇല്ലാത്ത 3ഉം വൈദ്യുതിയില്ലാത്ത 5ഉം പാചകമുറിയില്ലാത്ത 6ഉം സ്റ്റാഫ്റൂം ഇല്ലാത്ത 7ഉം വിദ്യാലയങ്ങൾ ഈ ഗ്രാമപഞ്ചായത്തിലെ സ്ക്കൂളുകളുടെ ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തമത ബോധ്യപ്പെടുത്തുന്നുണ്ട്. മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത വിദ്യാലയങ്ങളിൽ അടിയന്തിരമായി ഈ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. കുട്ടികൾക്ക് ഇരുന്ന് പഠിക്കുന്നതിനാവശ്യമായ ബഞ്ചുകൾ ഒമ്പത് സ്ക്കൂളുകൾക്ക് വേണ്ടത്രയില്ല. പി.ടി.എ കമ്മിറ്റികൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സ്ക്കൂളുകളെ പൊതുവായ വിലയിരുത്തലിനു വിധേയമാക്കുമ്പോൾ കണ്ടെത്തുന്ന വസ്തുതകൾ പോരായ്മകളുടേതാണ്.

പട്ടിക - 8
പൊതു വിലയിരുത്തൽ

	ആകെ എണ്ണം	കളിസ്ഥലം ഉള്ളത്	ചുറ്റുമതിൽ ഉള്ളത്	വാർഷിക അറ്റകുറ്റ പ്പണികൾ	ഹർണിച്ചർ റിപ്പയർ
LP	7	-	-	-	-
UP	1	-	-	-	-
HS	2	1	1 ഭാഗിക	2	2

എൽ. പി., യു.പി. സ്ക്കൂളുകൾക്കൊന്നിനും തന്നെ കളിസ്ഥലമോ ചുറ്റുമതിലോ ഇല്ല. ഇവയിൽ വാർഷിക അറ്റകുറ്റപ്പണികളോ, ഫർണിച്ചർ റിപ്പയറോ നടക്കാറില്ല. ഇതിൽ ഓമശ്ശേരി വിദ്യാപോഷിണി എൽ. പി. സ്ക്കൂൾ നാട്ടുകാരുടെ സഹായം ഒന്നുകൊണ്ടു മാത്രമാണ് നിലം പൊത്താതെ നില്ക്കുന്നത്. 'മാനേജ്മെൻറും' 'സർക്കാറും' അല്ലാത്ത അവസ്ഥയിൽ നിന്നും ഈ വിദ്യാലയത്തെ മോചിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ പിഞ്ചുകുട്ടികളുടെ കായിക വാസനകൾ കളിസ്ഥലത്തിൻെറ അഭാവത്തിൽ നീണ്ടുകിടക്കുന്ന ഹാളുകളിലെ തിങ്ങിനിറഞ്ഞിരിക്കുന്ന ബഞ്ചുകൾക്കിടയിൽ ഒതുങ്ങിപ്പോവുകയാണ്. തൊട്ടടുത്ത പഞ്ചായത്തുകളിലെ സ്ക്കൂളുകളിൽ നിന്നും സ്പോർട്സ് രംഗത്ത് മികവുറ്റ താരങ്ങൾ ഉദിച്ചുയരുമ്പോൾ നമ്മൾ 'വട്ടപ്പൂജ്യൻ'മാരായി ഇന്നും നിലകൊള്ളുന്നതിൻെറ കാരണം തേടി അധികം അലയേണ്ടതില്ല.

ഒരു വിദ്യാലയത്തിലെ പഠനനിലവാരത്തിൻെറ അളവുകോലായി പരിഗണിക്കാവുന്ന സാഹചര്യങ്ങളിൽ ഒന്നാണ് അവിടത്തെ അക്കാദമിക് സൗകര്യങ്ങൾ. ആവശ്യത്തിന് പഠനോപകരണങ്ങൾ (മാപ്പ്, ചാർട്ട്, ഗ്ലോബ്....) ഉള്ള സ്കൂളുകളുടെ എണ്ണം ഒന്നിൽ ഒതുങ്ങുന്നുവെന്ന വസ്തുത എന്തിൻെറ സൂചനയാണ്? പല വിദ്യാലയങ്ങളിലും ഉള്ള പഠനോപകരണങ്ങൾ വേണ്ടത്രയുപയോഗപ്പെടുത്തുന്നില്ല എന്നതും പരിഗണിക്കപ്പെടേണ്ടതുണ്ട്. ചെലവ് കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച്, അധ്യാപക 'വർക്ക്ഷാപ്പുകൾ' സംഘടിപ്പിക്കുന്നതിലൂടെ അത്യാവശ്യ പഠനോപകരണ നിർമാണത്തിന് സാധിക്കുന്നതാണ്. കലാധ്യാപകരുടെയും മറ്റും കൂട്ടായ്മയിലൂടെ ചാർട്ടുകളും മേപ്പുകളും നിർമ്മിക്കുന്നതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്. ഇപ്പോൾ ലഭ്യമായ അക്കാദമിക് സൗകര്യങ്ങളുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക - 9 അക്കാദമിക് സൗകര്യങ്ങൾ

വിദ്യാലയത്തിൻെറ പേര്	ലൈബ്രറി	ലാബ്	പഠനോപകരണം വേണ്ടത	റേഡിയോ	ടേപ് റിക്കാർഡർ	ടി.വി	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ബ്ലാക്ക് ബോർഡ് നിലവിലുള്ളത്	ബ്ലാക്ക് ബോർഡ് ഇനിവേണ്ടത്	മാതൃസംഗമം സജീവം	പി.ടി.എ
സെൻറ്മേരീസ് H.S.	✔	✔	✔	✔	✔	×	×		31	-	✔	✔
H.F.H.S. വേനപ്പാറ	✔	✔	×	✔	✔	×						
G.U.P.S. പുത്തൂർ	✔	✔	×	×		×	×	✔	17	2	✔	✔
G.M.L.P.S കെടയത്തൂർ	✔	✔	×	✔	✔	×	×	×	8	-	✔	✔
G.M.L.P. വെണ്ണക്കോട്	×	×	×	✔	✔	×	×	×	5	3	✔	✔
G.M.L.P. വെളിമണ്ണ	✔	✔	×	×		×	×	×	8	-	✔	✔
V.P.A.L.P.S ഓമശ്ശേരി	×	×	×	×		×	×	×	7	1	✔	✔
സെൻറ്തോമസ് LP, N	✔	×	×	✔	✔	×	×	×	11	-	×	✔
ആസാദ് എൽ.പി കൂട...	✔	✔	×	✔	✔	×	×	×	6	2	✔	✔
G.L.P.S കൂടത്തായ്	✔	×	×	✔	✔	×	×	✔	4	-	✔	✔

ക്ലാസ്റൂം പഠനത്തിൽ മുഖ്യ ഉപാധിയാക്കാവുന്ന ബ്ലാക്ക്ബോർഡുകൾ ഇനിയും ആവശ്യമുള്ള 3 വിദ്യാലയങ്ങളുണ്ട്. ക്ലാസ് റൂം പി.ടി.എ.കൾ എല്ലാ സ്കൂളുകളിലും ആരംഭിക്കേണ്ടതുണ്ട്. ക്ലാസ് അടിസ്ഥാനമാക്കി മാതൃസംഗമം സ്കൂളുകളിൽ നടന്നിട്ടില്ല. എല്ലാ വിദ്യാലയങ്ങളിലും ടേപ്റിക്കാർഡർ ഉണ്ടെങ്കിലും അഞ്ച് സ്കൂളുകളിൽ വൈദ്യുതിയില്ല. ലൈബ്രറി, ലാബ് സൗകര്യങ്ങൾ നിഷേധിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ന്യായമായ അവകാശമാണ് കവർന്നെടുക്കപ്പെടുന്നത്.

നമ്മുടെ പഞ്ചായത്തിലെ പഠനനിലവാരം അടിയന്തിരമായ വിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്. മൂന്ന് മുതൽ 10 വരെ ക്ലാസുകളിലായി 3309 വിദ്യാർത്ഥികൾ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. ഇവരിൽ 65 ശതമാനം വിദ്യാർത്ഥികൾക്കും മൊത്തം മാർക്കിന്റെ 40% പോലും വാങ്ങാൻ കഴിഞ്ഞിട്ടില്ലയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ ശ്രമം കൊണ്ട് മാത്രമെ ഈ അവസ്ഥയിൽനിന്ന് മോചനം നേടാൻ കഴിയുകയുള്ളു. പഞ്ചായത്ത് വാർഡ് വിദ്യാഭ്യാസസമിതികളും, വിദ്യാലയസമിതികളും അവരവരുടേതായ പങ്ക് ഇക്കാര്യത്തിൽ വഹിക്കേണ്ടതുണ്ട്. ബോധപൂർവ്വമായ ഇടപെടൽ ഉണ്ടാകാത്തപക്ഷം 'വരും തലമുറയോടുള്ള ബാധ്യത നിറവേറ്റാൻ കഴിയാത്തവർ' എന്നതിന്റെ ഉത്തരവാദിത്വം നാം ഏറ്റെടുത്തേ മതിയാവൂ.

പട്ടിക - 10
പഠനനിലവാരം
(1996 ലെ പാദവാർഷിക പരീക്ഷ മാർക്കിന്റെ അടിസ്ഥാനത്തിൽ)

ക്ലാസ്	ആകെ വിദ്യാർഥികൾ	30% താഴെ മാർക്ക് ലഭിച്ചവർ	30-40% മാർക്ക്നേടിയവർ	40-50% മാർക്ക്നേടിയവർ	50-60% മാർക്ക്നേടിയവർ	60%ൽ കൂടുതൽ മാർക്ക്നേടിയവർ
3	629	221	114	100	87	107
4	662	181	117	114	82	168
5	322	89	90	47	53	43
6	307	194	51	20	23	19
7	332	235	40	26	18	13
8	400	266	57	36	24	17
9	363	193	77	40	31	22
10	294	168	58	30	23	15
ആകെ	3309	1547	604	413	341	404
ശതമാനം	100%	46.75%	18.25%	12.5%	10.3%	12.2%

പട്ടിക - 11
കഴിഞ്ഞ 4 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം

വിദ്യാലയത്തിന്റെ പേര്	92-93	93-94	94-95	95-96
സെൻറ് മേരീസ് എച്ച്.എസ്.	40.3%	31.9%	28.2%	21.7%
എച്ച്.എഫ്.എച്ച്.എസ്. വേനപ്പാറ	72.3%	61.43%	68.55%	72%
ശരാശരി	56.3%	46.66%	48.37%	46.8%

വിദ്യാഭ്യാസനിലവാരതകർച്ചയ്ക്ക് നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ആധുനിക മീഡിയകളുടെ രംഗപ്രവേശം നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ എന്നിവ കുട്ടികളെ സ്വാധീനിക്കുന്നു. അധ്യാപക - വിദ്യാർഥി - രക്ഷിതാക്കളുടെയിടയിൽ കാണുന്ന നിസ്സംഗത, അധ്യാപനം തൊഴിലായി കാണൽ, വിദ്യാലയങ്ങളിലെ സൗകര്യങ്ങളുടെ അപര്യാപ്തത, ഭാരിച്ച സിലബസ് എന്നിങ്ങനെ ഗ്രാമസഭ ചർച്ചയിൽനിന്നും കാരണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഗൈഡുകളെ ആശ്രയിച്ചുള്ള പഠനവും പഠിപ്പിക്കലും ഇന്ന് സ്കൂളിന്റെ അധ്യയനരീതിയുടെ ഒരു അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ചോദ്യങ്ങൾ ചോദിച്ചും, കണ്ടും, കേട്ടും നേടിയ അനുഭവങ്ങൾ തന്റെ അറിവിന്റെ ഭാഗമാക്കിയിരുന്ന വിദ്യാർഥിയും ഓരോ കുട്ടിയെയും വ്യക്തിപരമായും കുടുംബപരമായും മനസ്സിലാക്കിയിരുന്ന അധ്യാപകനും ഇന്ന് വിദ്യാലയ അന്തരീക്ഷത്തിൽ നിന്നും അന്യം വന്നുകൊണ്ടിരിക്കുകയാണല്ലോ. ട്യൂഷന് പോകാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്ന വിദ്യാലയധികൃതരും സ്കൂൾ സൊസൈറ്റികളിലൂടെയും മറ്റും ഗൈഡുകൾ വിറ്റഴിക്കുന്ന ബോധനബോധവും നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളെ എത്രമാത്രം സ്വാധീനിച്ചിട്ടില്ല? പാഠ്യാനുബന്ധ-പാഠ്യേതര പ്രവർത്തനങ്ങളിൽ കാണുന്ന താല്പര്യമില്ലായ്മ സ്കൂൾ പഠനനിലവാരത്തകർച്ചയ്ക്ക് ഒരു പരിധിവരെ കാരണമായിട്ടുണ്ട്.

ഉന്നത സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിലില്ല. മന്നാശ്ശേരി എം.എ.എം.ഒ. കോളേജിനേയും, കോടഞ്ചേരി ഗവ. കോളേജിനേയും ആണ് സ്കൂൾ തല പഠനത്തിനുശേഷം കുട്ടികൾ ആശ്രയിക്കുന്നത്. ബസ് സൗകര്യമില്ലായ്മ കോടഞ്ചേരി കോളേജിലേക്ക് എത്തിപ്പെടുന്നതിന് കുട്ടികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തിൽ രണ്ട് പാരലൽ കോളേജു മാത്രമാണുള്ളത്. ഇവിടെത്തന്നെ പ്രീഡിഗ്രി വരെ ക്ലാസുകളാണ് ഇന്നുള്ളത്. അതുകൊണ്ട് തിരുവമ്പാടി, മുക്കം എന്നിവിടങ്ങളിലെ സമാന്തര സ്ഥാപനങ്ങളിലാണ് ഇന്ന് അധികം വിദ്യാർഥികളും പഠിക്കുന്നത്. സ്കൂൾ വിദ്യാർഥികൾക്ക് ട്യൂഷൻ നല്കുന്ന മൂന്ന് സ്ഥാപനങ്ങൾ ഇവിടെയുണ്ട്.

ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണ് ഇന്ന് പഞ്ചായത്തിലുള്ളത്. കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററുകളോ, ടെക്നിക്കൽ വിദ്യാഭ്യാസസ്ഥാപനങ്ങളോ ഇവിടെയില്ല. സ്വകാര്യമേഖലയിൽ ഒരു നിഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്.

ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോട് പൊതുവെ പ്രതിപത്തി കാണിക്കാത്തവരാണ് ഇവിടത്തെ ജനങ്ങൾ. എന്നിരുന്നാലും പഞ്ചായത്തിൽ ഒരു ഇംഗ്ലീഷ് മീഡിയം, ഒരു മലയാളം മീഡിയം സ്വകാര്യ അൺ റെക്കഗ്നൈസ്ഡ് എൽ.പി. സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ പഠിക്കുന്നവർക്ക് പുറമെ ഏതാനും വിദ്യാർഥികൾ അടുത്ത പ്രദേശങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോയിത്തുടങ്ങിയിട്ടുണ്ട്. ഉയർന്ന മത്സരപ്പരീക്ഷകളിൽ ജയിക്കാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം വേണമെന്ന മിഥ്യാധാരണ ചിലരെയെങ്കിലും സ്വാധീനിച്ചിട്ടുണ്ട് എന്നാണ് ഇത് കാണിക്കുന്ത്. ഇന്ന് പഞ്ചായത്തിൽ കാണുന്ന ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ളവരും ഉദ്യോഗസ്ഥരും പൂർണമായും തന്നെ പോതുവിദ്യാഭ്യാസമേഖലയുടെ സന്തതികളാണ്.

3നും 5നും ഇടയ്ക്ക് പ്രായമുള്ള 903 കുട്ടികൾ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള അംഗനവാടികളുടെ സേവനം പ്രയോജനപ്പെടുത്തുന്നുവെന്നത് പ്രതീക്ഷാനിർഭരമാണ്. ഇപ്പോൾ 17 അംഗനവാടികളാണ് നിലവിലുള്ളത്. ഇനിയും ചുരുങ്ങിയത് 8 അംഗനവാടികൾ കൂടി അനുവദിക്കപ്പെടേണ്ടതുണ്ട്. അംഗനവാടിയിലേക്കുള്ള ദൂരക്കൂടുതൽ തൊട്ടടുത്ത സ്വകാര്യ നഴ്സറി സ്കൂളുകളിലേക്ക് കുട്ടികളെ പറഞ്ഞയക്കാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നുണ്ട്. ഓമശ്ശേരി 4-ാം വാർഡിൽ ഇപ്പോൾ 3 സ്വകാര്യ നഴ്സറി സ്കൂൾ പ്രവർത്തിക്കുന്നത് ഈ സാഹചര്യത്തിലാണ്.

ഉന്നത വിദ്യാഭ്യാസം നേടിയവരുടെ വ്യക്തമായ കണക്കുകൾ ലഭ്യമായിട്ടില്ലെങ്കിലും എളുപ്പമാർഗ്ഗത്തിൽ ജോലികിട്ടുന്നതിനുള്ള കോഴ്സുകൾ തേടിയുള്ള നെട്ടോട്ടം ഈയടുത്തകാലത്തായി ചെറുപ്പക്കാരുടെയിടയിൽ വർദ്ധിച്ചുവരുന്നതായി കാണപ്പെടുന്നുണ്ട്. ഡിഗ്രി കഴിഞ്ഞാൽ ബി.എഡ് എന്ന ചിന്താഗതി പുറം സംസ്ഥാനങ്ങളിലേക്കുള്ള 'വിദ്യാസമ്പാദന കുടിയേറ്റ'ത്തിന് ഇടയാക്കുന്നുണ്ട്.

പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിയിൽ അനൗപചാരിക പ്രസ്ഥാനങ്ങളും അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്. 1962-ൽ ഓമശ്ശേരിയിൽ ഗ്രാമോദ്ധാരണസംഘം വായനശാലയും 1968ൽ കൂടത്തായിൽ പബ്ലിക് ലൈബ്രറി വായനശാലയും ആരംഭിക്കപ്പെട്ടു. തുടർന്ന് കലാ-കായികരംഗത്ത് പ്രവർത്തനം വെച്ച് നിരവധി ക്ലബുകളും രൂപം കൊള്ളുകയുണ്ടായി. ഇന്ന് പഞ്ചായത്തിൽ 30 വായനശാലകളും 10 ലൈബ്രറികളും പ്രവർത്തിക്കുന്നുണ്ട്.

സാക്ഷരതാപ്രസ്ഥാനം ഓമശ്ശേരി പഞ്ചായത്തിൽ ആബാലവൃദ്ധജനങ്ങളുടെയും ആവേശമായിരുന്നു. എന്നാൽ ഇതിന്റെ പൂർവകാലസ്മരണയിൽ നിന്ന് ലഭിക്കുന്ന ആത്മസംതൃപ്തി മാത്രമേ ഇന്ന് നിലവിലുള്ളൂ. നവസാക്ഷരരിൽ ഭൂരിഭാഗം പേരും ഇന്ന് നിരക്ഷരതയു

ടെ ഇരുണ്ട ലോകത്തിലേക്ക് മടങ്ങിക്കഴിഞ്ഞു. തങ്ങളെ അറിവിന്റെ ലോകത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് ഒരു പുത്തൻ പദ്ധതിയുമായ്, ഒരു തിരിവെട്ടവുമായ് വരുന്നവരെയും കാത്ത് നവസാക്ഷരർ ഇന്ന് കണ്ണുംനട്ട് കാത്തിരിക്കുകയാണ്.

വിദ്യാഭ്യാസരംഗത്ത് ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ സന്ദർഭോചിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് തല വിദ്യാഭ്യാസസമിതി, വാർഡ്തല സമിതികൾ - 11, സമ്പർക്കസമിതികൾ - 40, വിദ്യാലയസമിതികൾ - 10 എന്ന നിലയിൽ രൂപീകരിക്കപ്പെട്ടുകഴിഞ്ഞു. വരാൻ പോകുന്ന മാസത്തെ പാഠങ്ങളെകുറിച്ച് ചർച്ചചെയ്യുന്നതിനും തയ്യാറെടുപ്പുകൾ നടത്തുന്നതിനും വേണ്ടി 4 അധ്യാപകസംഗമങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. അധ്യാപകർക്കുള്ള പരിശീലനത്തിന്റെ ഭാഗമായി പരിസ്ഥിതിപഠനം ഒന്ന്, രണ്ട് ക്ലാസുകളിലെ കണക്ക്, എൽ.പി. വിഭാഗം മലയാളം, യു.പി. വിഭാഗം ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളിൽ പരിശീലനം നല്കപ്പെട്ടുകഴിഞ്ഞു. സബ് ജില്ലാ തലത്തിൽ ഇംഗ്ലീഷിന് 5 ദിവസത്തെ ട്രെയിനിംഗും അധ്യാപകർക്ക് ലഭിച്ചിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ നിന്നും ലഭിച്ച പാഠങ്ങൾ നമ്മുടെ വിദ്യാലയ ക്ലാസ് മുറികളെ സജീവമാക്കുമെന്ന് പ്രതീക്ഷിക്കാം.

നിലവിലുള്ള വിദ്യാലയങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളോടൊപ്പം പഞ്ചായത്തിലെ മുഴുവൻ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളെയും വിജയിപ്പിക്കുക എന്ന ലക്ഷ്യ സാധുകരണത്തിനാവശ്യമായ നടപടികളും പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സേവനസന്നദ്ധരായ അധ്യാപക - അധ്യാപകേതര സന്നദ്ധപ്രവർത്തകരുടെ സംഗമം നടന്നുകഴിഞ്ഞു.

വാർഡ്തലത്തിൽ 10-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് ഒഴിവുദിവസങ്ങളിൽ ക്ലാസുകൾ നല്കിവരുന്നുണ്ടെങ്കിലും വിദ്യാർഥികളുടെയും സമ്പർക്കസമിതികളുടെയും സജീവ പങ്കാളിത്തം ഇല്ലാത്തതിനാൽ പല വാർഡുകളിലും വേണ്ടത്ര ഫലപ്രദമാകുന്നില്ല. ഈ നിർജ്ജീവാവസ്ഥ മാറ്റിയെടുക്കാത്തപക്ഷം പഞ്ചായത്ത്തലത്തിൽ വിദ്യാഭ്യാസനിലവാരം വീണ്ടും താഴോട്ട്പോകുമെന്ന് ശങ്കിക്കേണ്ടതുണ്ട്. വിദ്യാഭ്യാസസമിതികളുടെ രൂപീകരണം ഇതുവരെ നടക്കാത്ത 4, 3 വാർഡുകളിൽ ഇതിനുള്ള ശ്രമം വീണ്ടും നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തം അക്കാദമിക് സമിതിയുടെ നേതൃത്വത്തിൽ 24-10-96, 28-10-96 എന്നീ തീയ്യതികളിൽ നടത്തിയ സ്കൂൾ സൗഹൃദസന്ദർശനം വിദ്യാർഥികളിലും അധ്യാപകരിലും പുതിയൊരുണർവ് സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഇവയ്ക്കെല്ലാം ഉപരിയായി വേണ്ടത് താല്പര്യപൂർവ്വം കാര്യങ്ങളെ നോക്കിക്കാണുകയും ആരോഗ്യപരമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്ന ജനങ്ങളാണെന്ന് പ്രത്യേകം ഓർമിക്കേണ്ടതാണ്.

വിദ്യാലയത്തിന്റെ പൊതുവായ ലക്ഷ്യങ്ങളോട് സഹകരിക്കുന്ന കാര്യത്തിൽ സർക്കാർ - എയ്ഡഡ് വ്യത്യാസം കൂടാതെയുള്ള ഒരു കൂട്ടായ്മ അധ്യാപകരിലും രക്ഷിതാക്കളിലും, വിദ്യാർഥികളിലും ഉരുത്തിരിയേണ്ടതുണ്ട്. സ്വകാര്യ സ്കൂളുകളുടെ പുരോഗതിയിൽ മാനേജർമാർക്ക് മാത്രമാണ് ഉത്തരവാദിത്വം എന്ന ചിന്താഗതിയും മറിച്ച് 'സർക്കാറിന്റെ സ്കൂളുകളെന്ന' ഒഴുക്കൻ ചിന്തയും നാം മാറ്റിയെടുക്കേണ്ടതുണ്ട്. അതോടൊപ്പം മിടുക്കന്മാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ഉണ്ടാവേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും ഇത്തരമൊരു പരിപാടി പി.ടി.എ. ആഭിമുഖ്യത്തിലും ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെയും രൂപപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച ദ്വിതീയ വിവരങ്ങളെയും ഗ്രാമസഭ ചർച്ചകളെയും അടിസ്ഥാനമാക്കി രൂപപ്പെടുത്തിയെടുത്ത പൊതുവായ പ്രശ്നങ്ങളും ഏതാനും നിർദേശങ്ങളുമാണ് ഇതുവരെ ക്രോഡീകരിക്കപ്പെട്ടത്. ഗ്രാമസഭാ ചർച്ചകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ ഒന്നുകൂടി ബലപ്പെടുത്തുന്നവയായിരുന്നു ദ്വിതീയ വിവരശേഖരണത്തിലൂടെ ലഭിച്ച അറിവുകൾ. ഈ പൊതുവായ വിലയിരുത്തലുകൾക്ക് പുറമെ 11 ഗ്രാമസഭകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി പ്രധാന പ്രശ്നങ്ങളെയും പരിഹാരനിർദ്ദേശങ്ങളെയും താഴെ കാണും പ്രകാരം രേഖപ്പെടുത്താം.

1. ഒന്നാം വാർഡിലെ അമ്പലകണ്ടിയിലും 5-ാം വാർഡിൽ മങ്ങാട്ടും 2-ാം വാർഡിൽ വെസ്റ്റ് വെണ്ണക്കോട്ടും ഓരോ എൽ.പി. സ്കൂൾ അനുവദിക്കുക. മങ്ങാട് ഇതിനുള്ള സ്ഥലം കൊടുക്കാൻ തയ്യാറാണ്.
2. ചാത്ത വെണ്ണക്കോട്, കെടയത്തൂർ എൽ.പി. സ്കൂളുകളുടെയും പുത്തൂർ യു.പി. സ്കൂളുകളുടെയും സ്ഥലം ഗവ. ഏറ്റെടുക്കുക.
3. നിലവിലുള്ള എൽ.പി. സ്കൂളുകളിൽ ചാത്ത വെണ്ണക്കോട്, കെടയത്തൂർ, വെളിമണ്ണ, ആസാദ് എൽ.പി. സ്കൂൾ കൂടത്തായി എന്നിവ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂൾ ആയി ഉയർത്തുക.
4. 4-ാം വാർഡിൽ സർക്കാർ മേഖലയിൽ യു.പി., ഹൈസ്കൂൾ അനുവദിക്കുക.

5. പുത്തൂർ ഭാഗത്ത് 5-ാം വാർഡിൽ വിദ്യാഭ്യാസ സാം സ്കാരിക ട്രസ്റ്റിന്റെ കീഴിൽ ഗവ. അംഗീകൃത മലയാ ളം മീഡിയം ഹൈസ്കൂൾ അനുവദിക്കുക. സ്വന്തം സ്ഥലം, താൽകാലിക കെട്ടിടസൗകര്യം എന്നിവ ഉണ്ട്.
6. 11-ാം വാർഡിലെ എച്ച്.എഫ്.എച്ച്.എസ്. പ്ലസ് ടു ആക്കി ഉയർത്തുക.
7. നടമ്മൽ പൊയിൽ, താഴെ വെണ്ണക്കോട്, അമ്പലക്കണ്ടി ഓമശ്ശേരി ടൗൺ, മേത്തൽ മങ്ങാട്, കൂ ടത്തായി അങ്ങാടി, കെട്ടുങ്ങൽ, പോക്കൂർ ഭാഗം, പ യ്യോളി കായലുംപാറ നാലുസെൻറ് കോളനി എന്നീ സ്ഥലങ്ങളിൽ പുതുതായി അംഗനവാടികൾ അനു വദിക്കുക.
8. അംഗനവാടികൾക്ക് ആവശ്യമായ കെട്ടിടവും മതിയാ യത്ര കളിക്കോപ്പുകളും അനുവദിക്കുക.
9. വെളിമണ്ണ ജി.എൽ.പി. യോട് അനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂൾ അനുവദിക്കുക.
10. സർക്കാർ സ്കൂളുകളിലും ഓമശ്ശേരി വിദ്യാപോഷി ണി എൽ.പി. സ്കൂളിലും ഒഴിവുള്ള തസ്തികകൾ ഉടൻ നികത്തുക.
11. ചാത്ത വെണ്ണക്കോട്, വെളിമണ്ണ, പുത്തൂർ, കെടയ ത്തൂർ സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക.
12. പഞ്ചായത്തിലുള്ള ഹൈസ്കൂളുകളിൽ പഞ്ചായത്ത് മാനദണ്ഡമാക്കിക്കൊണ്ട് പ്രവേശനം ഉറപ്പുവരുത്തുക.
13. ഭൂപ്രകൃതി പരിഗണിച്ച് 11-ാം വാർഡ് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന വേനപ്പാറ എൽ.എഫ്.., യു.പി. സ്കൂൾ ഓമശ്ശേരി പഞ്ചായത്തിലേക്ക് ലയിപ്പിക്കുക.
14. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ഏർ പ്പെടുത്തുക.
15. സ്കോളർഷിപ്പുകൾ കാലോചിതമായി പരിഷ്കരിച്ച് വിദ്യാലയാരംഭമാസത്തിൽ തന്നെ ലഭ്യമാക്കുക.
16. അംഗനവാടിക്ക് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.
17. അർഹതപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും ഉച്ചക്കഞ്ഞി വിതരണത്തിന് സത്വരനടപടി സ്വീകരി ക്കുക.
18. ക്ലാസ് റൂം പി.ടി.എ.കളും മാതൃസംഗമങ്ങളും രൂപീ കരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.
19. എല്ലാ വാർഡുകളിലും അൽകൂട്ടങ്ങൾ രൂപീകരിക്കു ക. എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പ്രത്യേ ക കോച്ചിംഗ് സമ്പ്രദായം നടപ്പാക്കുക.
20. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കു ക.
21. ഓമശ്ശേരിയിൽ ചെയിൻ സർവ്വേ സ്കൂൾ അനുവദി ക്കുക.
22. സ്കൂളുകളിൽ അറ്റകുറ്റപണികൾ, ഫർണിച്ചർ റിപ്പയർ യഥാസമയം നടത്തുക.
23. പഞ്ചായത്തിലെ മുഴുവൻ ഗ്രന്ഥാലയങ്ങളും ജനവി ദ്യാകേന്ദ്രങ്ങളായി മാറ്റുക.
24. മുഴുവൻ സ്കൂളുകളിലും വാർഷികങ്ങളും സാഹിത്യ സമാജങ്ങളും നടത്തുക.
25. 6-ാം വാർഡിലെ ശിശുമന്ദിരം അംഗനവാടിയാക്കി മാറ്റുക.

കഴിഞ്ഞകാല വിദ്യാഭ്യാസ പ്രവർത്തനകോട്ടങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ഗ്രാമസഭകളിൽ നിന്ന് ജനകീയചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ് വന്ന പ്രശ്നങ്ങ ളേയും പരിഹാരനിർദ്ദേശങ്ങളേയും വിലയിരുത്തപ്പെ ടേണ്ടതും വിദ്യാഭ്യാസപുരോഗതിമാത്രം ലക്ഷ്യമാക്കി ക്കൊണ്ട് ഇവയ്ക്ക് മുൻഗണന നിശ്ചയിക്കേണ്ടതും ഇവ പഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്ക് ഉതകുന്നവി ധത്തിൽ പ്രയോഗവൽക്കരിക്കാൻ ഓരോരുത്തരും ബാ ധ്യസ്ഥരാണ് എന്ന് നാം തിരിച്ചറിയേണ്ടതുമാണ്. വരും കാല പുരോഗതിയിൽ ഒരു കുതിച്ചുചാട്ടം തന്നെ നടത്താൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

തയ്യാറാക്കിയവർ

പി.എ. റഹ്മാൻ
പി. വിദ്യാധരൻ
കെ.എസ്. മനോജ് കുമാരൻ
എ. ജയപ്രകാശ്
ഒ.കെ. അബ്ദുൽ കരീം

കുടിവെള്ളം

ആമുഖം

ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ 6579 വീടുകളും 26522 ജനസംഖ്യയുമുണ്ട്. ഇതിൽ 35% ആളുകളും സ്വന്തമായി കിണറൊ മറ്റ് കുടിവെള്ളത്തിനുള്ള സൗകര്യങ്ങളൊ ഇല്ലാത്തവരാണ്. മുഴുവൻ വാർഡുകളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. പ്രത്യേകിച്ച് ചുടലക്കുന്ന് ലക്ഷംവീടുകോളനി, എളേക്കുന്ന്, പുത്തൂർ, ഓമശ്ശേരി ടൗൺ, ഓമശ്ശേരി ലക്ഷംവീട്, ഓങ്ങലോറ, മാമ്പിടിച്ചാൽ ഇടിവെട്ടിമല, കണ്ണൻകോട്, മാവുള്ളകുണ്ട്, പനമ്പംകൊടി, എലിയമ്പ്രമല, ആമ്പായക്കുണ്ട്, ചിറ്റാരിക്കൽ, ആമ്പലക്കുന്ന്, മാങ്കുന്ന്, കൂടത്തായി ഹരിജൻകോളനി, കോരഞ്ചോല, ചക്കിട്ടകുന്ന്, കൂളിക്കുന്ന്, മുണ്ടക്കുന്ന്, ചാമോറ ലക്ഷംവീട്, പാറമ്മൽ കോളനി, എരണ്ടോറ കുന്ന് കോളനി, കായലുംപാറ കോളനി, വയ്യുള്ളി തുടങ്ങിയ സ്ഥലങ്ങളിൽ കിലോമീറ്റർ കണക്കിന് നടന്ന് പുലർച്ചെ 4 മണി മുതൽ ക്യൂ നിന്ന് കുടിവെള്ളം ശേഖരിക്കേണ്ട അവസ്ഥയാണുള്ളത്. അതുകൊണ്ട് ഈ പഞ്ചായത്തിൽ 9-ാം പദ്ധതിയിൽ കുടിവെള്ളമെത്തിക്കുന്നതിന് പ്രഥമ പരിഗണന നൽകി പദ്ധതി പൂർത്തിയാവുമ്പോഴേക്കും ചുരുങ്ങിയത് 200 മീറ്റർ ദൂരം സഞ്ചരിച്ചാൽ കിണറിൽ നിന്നോ ടാപ്പിൽ നിന്നോ കുടിവെള്ളം ലഭിക്കുമെന്ന ലക്ഷ്യം നേടുമെന്ന് ഉറപ്പുവരുത്തണം.

പഞ്ചായത്തിൽ ഇതുവരെയായി വിവിധ സ്ഥലങ്ങളിലായി 28 പഞ്ചായത്ത് കിണറുകൾ 4 കുഴൽക്കിണറുകൾ ചെറുതും വലുതുമായ 10 ടാങ്കും, 1 കുളം എന്നിവ ഉണ്ട്. വാട്ടർ അതോറിറ്റിയുടെ ഓമശ്ശേരി ടൗൺ കേന്ദ്രീകരിച്ച വാട്ടർ സപ്ലൈ സ്കീമും കൂടത്തായി ടൗൺ, ഹരിജൻ കോളനിക്കുവേണ്ടിയുള്ള ഒരു സ്കീമും നിലവിലുണ്ട്. ഇതനുസരിച്ച് പൊതു ടാപ്പുകൾ നിലവിലുണ്ടെങ്കിലും ഒരൊറ്റ ടാപ്പു പോലും പ്രവർത്തനക്ഷമമല്ല. പഞ്ചായത്തീരാജ് നിയമമനുസരിച്ച് അധികാരം വികേന്ദ്രീകരിക്കപ്പെട്ടുവെങ്കിലും കുടിവെള്ളവിതരണവുമായ ബന്ധപ്പെട്ട കാര്യങ്ങൾ ഇന്നും കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തന്നെയാണ്. അതുകൊണ്ടുതന്നെ ഉപയോഗക്ഷമമല്ലാത്ത ടാപ്പുകൾക്കുപോലും ഗ്രാമപഞ്ചായത്ത് കാലാകാലങ്ങളിൽ പണം കൊടുക്കേണ്ടിവരുന്ന വൈചിത്ര്യം നിലനിൽക്കുന്നു.

മേൽപറഞ്ഞ പദ്ധതികളെല്ലാം പ്ലാൻ ചെയ്തതിലെ അശാസ്ത്രീയതമൂലം പലതും ലക്ഷ്യം നേടാൻ പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും പഞ്ചായത്ത്തലത്തിൽ മൊത്തം ബാധകമാക്കാവുന്നതും 9-ാം പദ്ധതിയാരംഭിക്കുന്നതിനു മുമ്പ് 1997 മാർച്ച് 31ന് മുമ്പ് പൂർത്തിയാക്കേണ്ടവയും 5 വർഷം കൊണ്ടു പൂർത്തിയാക്കേണ്ടവയും തരംതിരിച്ച് നടപ്പാക്കി ലക്ഷ്യത്തിലെത്തേണ്ടതാണ്.

വാർഡ്	മേഖല	പരിഹാരനിർദ്ദേശങ്ങൾ
1 (1)	ചുടലക്കുണ്ട് കോളനി	നിലവിൽ കിണറും ടാങ്കും ഉണ്ട്. വെള്ളം അടിക്കാൻ സാധിക്കുന്നില്ല. കിണറിന് ആഴം കൂട്ടി കുടിവെള്ളം ലഭിക്കാൻ സൗകര്യമുണ്ടാക്കണം.
(2)	തടിത്തിമ്മൽ പ്രദേശം	ചുടലക്കുന്നിന് താഴെയുള്ളവയിൽ കുളം കുഴിച്ചു കുന്നിൻ മുകളിൽ ടാങ്ക് കെട്ടി വെള്ളം അടിക്കണം. കായികാധ്വാനം നാട്ടുകാർ ചെയ്തുകൊടുക്കും. ഈ പദ്ധതി നടപ്പായാൽ പ്രശ്നം പരിഹരിക്കാൻ കഴിയും.
(3)	എടമനക്കുന്ന്, പിലാത്തോട്ടം	എടവനപൊയിൽ കിണറും ടാങ്കും നിർമ്മിച്ചാൽ പ്രശ്നം പരിഹരിക്കാം.
2 (1)	എളേമ്പ്രക്കുന്ന്	പുഴയിൽ കിണർ കുഴിച്ച് എളേമ്പ്രക്കുന്നിൽ ടാങ്ക് കെട്ടി വെള്ളമടിച്ചാൽ പ്രശ്നം പരിഹരിക്കാം.
(2)	രായരുകണ്ടി	നിലവിലുള്ള പഞ്ചായത്ത് കിണർ നന്നാക്കിയാൽ പ്രശ്നം പരിഹരിക്കാം.
(3)	തടായിൽ കായക്കുന്ന് ഭാഗം	കിണർ കുഴിക്കണം. കായികാധ്വാനം ഗുണഭോക്താക്കൾ ചെയ്തുകൊടുക്കും.
3 (1)	പുത്തൂർ, നടുത്തൊടിക, കച്ചേരിക്കുന്ന്	പുത്തൂർ വില്ലേജ് ഓഫീസിനടുത്തുള്ള ടാങ്ക് റിപ്പയർ ചെയ്ത് സംഭരണശേഷി വർധിപ്പിക്കണം. താഴെകുന്നത്ത് നാരായണൻ നായരുടെ നിലവിലുള്ള കുളം വിട്ടുതരും. കുളം ആവശ്യമായ റിപ്പയർ ചെയ്ത് വെള്ളം ടാങ്കിലേക്കടിച്ചാൽ പുത്തൂർ, നടുത്തൊടിക, കച്ചേരിക്കുന്ന്, നാഗാളികാവ്, ജാറംകണ്ടി എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കാം.
(2)	ആമ്പ്രക്കുന്ന്, പഴേടത്ത് പ്രദേശം	പഴേടത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി ശുദ്ധജലം വിതരണം ചെയ്യണം. കിണറിനും ടാങ്കിനും സ്ഥലം കൊടുക്കും.
(3)	നങ്ങാച്ചിക്കുന്ന്, എടക്കോട് പ്രദേശം	എടക്കോട്ട് നിലവിലുള്ള കിണർ വിട്ടുകൊടുക്കാൻ തെയ്യാറാണ്. നങ്ങാമ്പിന്നിൽ ടാങ്കിനും സ്ഥലവും കൊടുക്കും. മനുഷ്യാധ്വാനവും കൊടുക്കും. ഈ പദ്ധതിമൂലം മേൽപ്രദേശത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാം.
4 (1)	മേലേ ചീനത്തുംകുഴി, ഓങ്ങലോറ, ലക്ഷംവീട് കുളത്തിൽ മീത്തൽ മാമ്പിടിച്ചാൽ	ചീനത്തുംകുഴിയിലുള്ള പ്രകൃതിജലം സംഭരിക്കാൻ ഓങ്ങലോറയിൽ സംഭരണി കെട്ടണം. കുളത്തിനും ടാങ്കിനും സ്ഥലവും മനുഷ്യാധ്വാനവും കിട്ടും. കുളം മനുഷ്യാധ്വാനം മൂലം നിർമ്മിച്ചുകൊടുക്കും. പടവെട്ടി മലയിലെ പ്രകൃതിജലം തടഞ്ഞ് ടാങ്ക് കെട്ടി വിതരണം ചെയ്യാൻ പദ്ധതിയിട്ടാൽ 4-ാം വാർഡിലെ മുഴുവൻ കുടിവെള്ള പ്രശ്നവും പരിഹരിക്കാൻ കഴിയും.
(2)	ഉരുളൻകുന്ന്	പുത്തൻവീട് പൊയിലിൽ അബൂഹാജിയുടെ സ്ഥലത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളമെത്തിക്കണം. കിണർ നാട്ടുകാർ കുഴിച്ചുകൊടുക്കും. വൈദ്യുതി കിട്ടാനുള്ള സൗകര്യം ഉണ്ട്.

വാർഡ്	മേഖല	പരിഹാരനിർദ്ദേശങ്ങൾ
(3)	ഓമശ്ശേരിടൗൺ ആമ്പ്രക്കുന്ന്	നിലവിൽ പി.എച്ച്.ഡി. വക ടാങ്കും കിണറും ഉണ്ട്. കിണർ ആഴം കൂട്ടിയും മോട്ടോർ capacity കൂട്ടിയാൽ ടാങ്കിലേക്കടിക്കാം. ഓമശ്ശേരി പട്ടണത്തിൽ ഗ്രൗണ്ടിലുള്ള കുഴൽകിണർ റിപ്പയർ ചെയ്തു ഉപയോഗയോഗ്യമാക്കുക.
(4)	മേലേ ഓമശ്ശേരി, കൊല്ലരുകണ്ടി, ഓമശ്ശേരി ടൗൺ	ചേലാനിക്കുന്നിന്റെ താഴെ വയലിൽ കുളവും കുന്നിൻമുകളിൽ ടാങ്കും കെട്ടണം. സ്ഥലം വിട്ടുകൊടുക്കും. മുക്കം പഞ്ചായത്തിൽ വരെ വെള്ളമെത്തിക്കാൻ കഴിയും. മനുഷ്യാധ്വാനം കിട്ടും.
(5)	ലക്ഷംവീട് നായാട്ടുപാറ ഭാഗം	ലക്ഷംവീട്ടിൽ നിലവിലുള്ള കിണറും നായാട്ടുപാറയിലുള്ള കുഴൽകിണറും റിപ്പയർ ചെയ്യണം. കുഴൽക്കിണറിന്റെ Hand Liver മാറ്റി മോട്ടോർ ഉപയോഗിച്ചു വെള്ളമെടുക്കാൻ സൗകര്യപ്പെടുത്തണം.
5 (1)	കണ്ണൻകോട്, ചോലക്കൽ ഭാഗം	1/2 കി.മീറ്റർ യാത്രചെയ്ത് കുടിവെള്ളം ശേഖരിക്കുന്ന മേഖലയാണ്. കണ്ണൻകോട് നിന്ന് 300 മീറ്റർ കിഴക്ക് കെ. ബാലകൃഷ്ണൻ നായരുടെ സ്വകാര്യകുളം ഏത് കാലാവസ്ഥയിലും നിറഞ്ഞൊഴുകുന്നു. 80 മീ.അകലെ വൈദ്യുതി കിട്ടും. 40 മീറ്റർ അകലെ 10 മീറ്റർ ഉയരത്തിൽ ടാങ്കിനുള്ള സ്ഥലം വേലായുധൻ നായർ വിട്ടുകൊടുക്കും. 4-ാം വാർഡിൽ നായാട്ടുപാറ നിവാസികൾക്ക് വെള്ളമെത്തിക്കാൻ കഴിയും.
(2)	കായക്കോട്ട് കുന്ന്	1/2 കി.മീ. നടന്ന് വെള്ളം ശേഖരിക്കുന്നു. മങ്ങാട്ട് അങ്ങാടിക്കടുത്ത് വയലിൽ കുളത്തിനുള്ള സ്ഥലവും 300 മീറ്റർ അകലെ കുന്നിൻ മുകളിൽ ടാങ്കിനുള്ള സ്ഥലവും കൊടുക്കും. 30 വീട്ടുകാർക്ക് ഗുണംകിട്ടും.
(3)	കുറവൻ കുന്നുമ്മൽ	കരിമ്പല്ലിയിൽ പഞ്ചായത്ത് കിണർ വറ്റുകയില്ല. 50 മീറ്ററകലെ വൈദ്യുതി കിട്ടും. കുന്നുമ്മൽ ടാങ്ക് വേണം. ടാങ്കിനുള്ള സ്ഥലം അബു എന്നയാൾ വിട്ടുതരും. 35 കുടുംബത്തിന് വെള്ളം ലഭ്യമാവും.
(4)	കൂക്കിളികുന്ന് മാരിക്കോട്ടുചാൽ	ഈ ഭാഗത്ത് കിണർ കുഴിച്ചാൽ വെള്ളം കിട്ടുകയില്ല. 350 മീ. അകലെ പഞ്ചായത്ത് കിണർ ഉണ്ട്. ടാങ്കിനുള്ള സ്ഥലം സൗജന്യമായി കിട്ടും. ടാങ്ക് കെട്ടി വെള്ളമെത്തിക്കണം. 40ൽ പരം വീട്ടുകാർക്ക് ഗുണം കിട്ടും.
(5)	ചേന്ദൻകുതുങ്ങര	പഞ്ചായത്ത് കിണർ ഉണ്ട്. ടാങ്ക് കെട്ടി വെള്ളം സംഭരിച്ചാൽ സബ് സെൻറർ വരെ ശുദ്ധജലമെത്തിക്കാൻ കഴിയും.
(6)	അരീക്കൽ	നിലവിൽ കുഴൽകിണർ ഉണ്ട്. പൈപ്പ് ഇരുമ്പടുത്തിരിക്കുന്നതിനാൽ രുചിവ്യത്യാസം അനുഭവപ്പെടുന്നു. ഇത് മാറ്റി PVC പൈപ്പ് ആക്കണം. ഇപ്പോൾ ടാക്സിക്കാർ വാഹനം കഴുകാൻ ഉപയോഗിക്കുന്നു. ഇതവസാനിപ്പിക്കണം.

വാർഡ്	മേഖല	പരിഹാരനിർദ്ദേശങ്ങൾ
6 (1)	ഇവിവെട്ടിമ്മൽ മല 300 കുടുംബങ്ങൾ താമസിക്കുന്ന സ്ഥലം	ചെത്തിമ്മൽ ഇപ്പോൾ ഉള്ള പഞ്ചായത്ത് കിണർ നനന്നാക്കുകയോ തൊട്ടടുത്തുള്ള പുഴയിൽ പുതിയ കിണർ കുഴിക്കുകയോ ചെയ്ത് കുന്നിൻമുകളിൽ സംഭരണി നിർമ്മിച്ച് വെള്ളം എത്തിക്കണം. ടാങ്കിന് 300 മീറ്ററകലെ സ്ഥലം കിട്ടും. വൈദ്യുതി സൗകര്യമുണ്ട്. 100 മനുഷ്യാധ്വാനം സൗജന്യമായി കിട്ടും.
(2)	പുല്ലങ്കോട്	നിലവിൽ ബ്ലോക്കിന്റെ 2.90 ലക്ഷം കയുടെ ഒരു സ്കീം തെയ്യാറായിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കണം. കണിയാർകണത്തിൽ കിണറുണ്ട്. പുല്ലങ്കോടുമ്മൽ ടാങ്കും നിർമ്മിക്കണം. ആശാരിക്കണ്ടി, പയിഞ്ഞേരി, പൊയിലിൽ, ഞാളത്തക്കര എന്നിവിടങ്ങളിൽ വെള്ളം കിട്ടും.
(3)	എടക്കണ്ടി പുറായിൽ	കിണർ കുഴിച്ചു അഴികെട്ടണം. അടി ഇടിഞ്ഞുപോകുന്നു. സ്ഥലം സൗജന്യമായി കൊടുക്കും. 50 മനുഷ്യാധ്വാനം സൗജന്യമായി നൽകും. 12 വീടുകൾക്ക് ഉപകാരപ്രദമാണ്.
(4)	മാമ്പറ്റക്കുന്ന്	ഇപ്പോൾ കുന്നിൻമുകളിൽ സംഭരണി ഉണ്ട്. കിണർ ഇല്ല.കിണർ കുഴിക്കണം. വായനശാലക്കടുത്ത് സ്ഥലം സൗജന്യമായി കിട്ടും. സംഭരണിയിലേക്ക് 200 മീറ്റർ ദൂരമുണ്ട്. 75 വീടുകൾക്ക് വെള്ളമെത്തിക്കാൻ കഴിയും. 20% മനുഷ്യാധ്വാനം സൗജന്യമായി കൊടുക്കും.
(5)	കണിയാർ കണ്ടം മേഖല	3 കിണറുകൾ ഉണ്ട്. അടി ഇടിഞ്ഞുപോകുന്നു. ഇതിന്റെ ഫലമായി വെള്ളം കിട്ടുന്നില്ല. 20ൽ പരം കുടുംബങ്ങളുണ്ട്. അടിഭാഗം കെട്ടാൻ സഹായിച്ചുകൊടുക്കണം.
7.	പുറായിൽ ഭാഗം	പുറായിഭാഗത്ത് മാത്രമേ വാർഡിൽ കുടിവെള്ളക്ഷാമമുള്ളൂ. കിണർ കുഴിച്ചുകൊടുക്കണം. കുഴിക്കുന്നതിനുള്ള സ്ഥലവും 25% മനുഷ്യാധ്വാനവും സൗജന്യമായി നാട്ടുകാർ ചെയ്യും. ഇതോടുകൂടി പ്രശ്നപരിഹാരമാവും.
8.	മൊത്തം 631 വീടും സെറ്റിൽമെൻറ് കോളനികളിൽ 100 ഓളം വീടുകളും ഉണ്ട്	
(1)	പനമ്പൻകൊടി	75 കുടുംബങ്ങളുണ്ട്. പനമ്പൻകൊടി താഴെവയലിൽ കിണറുകളിൽ സംഭരണിയും വേണം. ആവശ്യമായ സ്ഥലവും മനുഷ്യാധ്വാനവും സൗജന്യമായി കിട്ടും. 4, 5 വാർഡുകൾക്കടക്കം വെള്ളമെത്തിക്കാൻ കഴിയും.
(2)	കുട്ടങ്ങോത്ത്	വെള്ളച്ചാൽ ഭാഗത്ത് പുഴയിൽ കുളം കുഴിച്ച് കുട്ടങ്ങോത്ത് മലമുകളിൽ സംഭരണിയുണ്ടാക്കണം. ഈ സ്കീം നടപ്പായാൽ വാർഡിലെ 70% ആളുകൾക്ക് ശുദ്ധജലമെത്തിക്കാൻ കഴിയും.
(3)	വെള്ളച്ചാൽ, എലിയമ്പാറ, അമ്പായക്കുണ്ട്	2 സ്ഥലം വറ്റാത്ത നീരുറവകളും 3 സ്ഥലത്ത് വറ്റിപ്പോകുന്ന നീരുറവകളുമുണ്ട്. ഇത് ശാസ്ത്രീയമായി പരിശോധിച്ചു തടഞ്ഞു നിർത്തി ഉപയോഗയോഗ്യമാക്കിയാൽ 100 കുടുംബങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്നതാണ്. നിലവിൽ ടാങ്ക് ഉണ്ടെങ്കിലും പര്യാപ്തമല്ല.

വാർഡ്	മേഖല	പരിഹാരനിർദ്ദേശങ്ങൾ
(4)	ചിറ്റാരിക്കൽ	പിറ്റിക്കൽ നിലവിലുള്ള കിണർ ആഴം കൂട്ടി എലിയമ്പറമ്മൽ സംഭരണി നിർമ്മിച്ച് വെള്ളമെത്തിക്കണം. ഈ പദ്ധതി പ്രാവർത്തികമാക്കിയാൽ പനമ്പംകൊടി വരെ വെള്ളമെത്തിക്കാൻ കഴിയും. ആവശ്യമാണെങ്കിൽ തൊട്ടടുത്തുതന്നെ പുതിയ കിണർ കുഴിക്കാൻ സ്ഥലവും മനുഷ്യാധ്വാനവും കിട്ടും.
(5)	ചക്കിക്കാവ്	ചക്കിക്കാവിൽ ഇന്ന് നിലവിലുള്ള കിണറിൽ നിന്ന് 40 വീട്ടുകാർ വെള്ളമെടുക്കുന്നു. ഇത് അപര്യാപ്തമായതിനാൽ കിണർ ആഴം കൂട്ടിയാൽ മതി. ഇതിനുള്ള സൗകര്യങ്ങളുണ്ടാക്കണം.
9	വാർഡു മുഴുവൻ വെള്ളത്തിന്റെ ക്ഷാമം അനുഭവപ്പെടുന്നു	കോടഞ്ചേരി പഞ്ചായത്തിൽ ലോകബേങ്ക് സഹായത്തോടെയുള്ളതും നമ്മുടെ പഞ്ചായത്തിന്റെ അതിർത്തിവരെ എത്തിയതുമായ കുടിവെള്ളപദ്ധതി നീട്ടിയാൽ പഞ്ചായത്ത് മുഴുവൻ വെള്ളമെത്തിക്കാൻ കഴിയും. ഇതിന് വാർഡിൽ ആവശ്യമായ ട്രഞ്ച് മുഴുവൻ കുഴിച്ചുകൊടുക്കുമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. പഞ്ചായത്തതിർത്തിയിൽ കൂടി ഒഴുകുന്ന പുഴയിൽ നിന്ന് അശാസ്ത്രീയമായി മണൽ വാരുന്നതിനാൽ കിണറുകളിൽ വെള്ളമില്ലാതാവുന്നു. അശാസ്ത്രീയമായ മണൽവാരൽ നിർത്തണം. അതോടൊപ്പം ചുരുങ്ങിയത് 500 മീ. ഇടവിട്ട് ചെക്ക് ഡാം പണിയുകയും ചെയ്താൽ കുടിവെള്ളക്ഷാമം നല്ലൊരളവ്വരെ പരിഹരിക്കാം. താല്ക്കാലികമായി മണൽചാക്കുകൾ നിരത്തി വെള്ളം തടഞ്ഞു നിർത്തുകയും ചെയ്യണം.
(1)	അമ്പലക്കുന്ന്	ഹർസിന്റെ കിഴക്കുഭാഗത്ത് കുളംകുഴിച്ചു അമ്പലക്കുന്നിൻ മുകളിൽ ടാങ്ക് കെട്ടി ജലം സംഭരിച്ചാൽ അമ്പലക്കുന്ന് മണിമുണ്ട ഭാഗങ്ങളിൽ വെള്ളമെത്തിക്കാം. ഇതിന്നാവശ്യമായ കുളം സൗജന്യമായി കുഴിച്ചുകൊടുക്കും. വൈദ്യുതി സൗകര്യമുണ്ട്.
(2)	കാക്കോത്തി	പ്രകൃതിജലവും അത് ശേഖരിക്കുന്നതിനുള്ള ടാങ്കും ഉണ്ടെങ്കിലും അത് അശാസ്ത്രീയവും അപര്യാപ്തവുമാണ്. കാക്കോത്തി വയലിൽ കുളം കുഴിച്ചുകൊടുക്കും. കുളിക്കുന്നുമ്മൽ സ്കീമിന് സ്ഥലം കൊടുക്കും.
(3)	കൂടത്തായി ടൗൺ ഹരിജൻ കോളനി 4 സെൻറ് കോളനി	ഇന്ന് പ്രവർത്തനരഹിതമായി കിടക്കുന്ന പി.എച്ച്.ഡി.യുടെ ടാങ്കും കിണറും പണി പൂർത്തിയാക്കി പൈപ്പ് ലൈൻ റിപ്പയർ ചെയ്താൽ കൂടത്തായി ടൗൺ, ഹരിജൻ കോളനി, 4 സെൻറ് കോളനി എന്നിവിടങ്ങളിലെ വെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.
(4)	ചക്കിട്ട് കുന്ന്	കൂടത്തായി എൽ.പി. സ്കൂളിനടുത്തുള്ള കിണറിൽനിന്ന് വെള്ളം ചക്കിട്ടകുന്നിലുള്ള ടാങ്കിലേക്കടിക്കുന്നു. ഇത് അപര്യാപ്തമാണ്. കൂടത്തായി പുഴയിൽ കുളം കുഴിച്ചം ടാങ്കിലേക്ക് വെള്ളമടിച്ചാൽ പ്രശ്നം പരിഹരിക്കുവാൻ കഴിയും. കുളം നാട്ടുകാർ കുഴിച്ചുകൊടുക്കും. മോട്ടോർ മാറ്റണം.
(5)	കുളിക്കുന്ന്മല	മലയിൽ കിണർ കുഴിച്ചാൽ വെള്ളം ലഭിക്കില്ല. കാക്കോത്തി വയൽ പ്രദേശത്ത് കിണർകുഴിച്ച് കുളിക്കുന്ന് മലയിൽ ടാങ്ക് കെട്ട് വെള്ളം ലഭ്യമാക്കണം.

വാർഡ്	മേഖല	പരിഹാരനിർദ്ദേശങ്ങൾ
10(1)	കണ്ണൻക്കേട്, കോരബോധ കോളനികൾ	ഈ പഞ്ചായത്തിൽ കുടിവെള്ളത്തിന് ഏറ്റവും ബുദ്ധിമുട്ടുന്ന പ്രദേശമാണ്. 1/2 കി.മീ നടന്നാണ് വസ്തുക്കൾ ശേഖരിക്കുന്നത്. കാട്ടുമുണ്ടയിലെ താണ പ്രദേശത്ത് കുളംകുഴിച്ച് കണ്ണൻകോട് മലയിൽ ടാങ്ക് സ്ഥാപിച്ചു വെള്ളം സംഭരിച്ചാൽ മാത്രമെ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ. കുഴൽകിണർ കുഴിക്കുന്നതിനും സാധ്യതയുണ്ട്.
(2)	മങ്ങാട്ടുപുറായിൽ ഭാഗം	പഞ്ചായത്ത് കിണറൽ നിന്ന് ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിക്കണം. ടാങ്കിന് സ്ഥലം കൊടുക്കും. 20 വീട്ടുകാർക്ക് ശുദ്ധജലം കിട്ടുന്നതിന് ഇതല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല.
(3)	ചുണ്ടക്കുന്ന് ഭാഗം	ചുണ്ടക്കുന്നിൽ വട്ടോളിൽ ഭാഗത്ത് പഞ്ചായത്ത് കുളത്തിൽ വെള്ളം സുലഭമാണ്. ഉയർന്ന സ്ഥലത്ത് ടാങ്കിന് സ്ഥലം കിട്ടും. വൈദ്യുതി സൗകര്യമുണ്ട്. ഈ പദ്ധതി പൂർത്തിയാക്കിയാൽ ചുണക്കുന്ന് ലക്ഷംവീട് എന്നിവിടങ്ങളിൽ ശുദ്ധജലമെത്തിക്കാൻ കഴിയും.
(4)	പാറപ്പുറത്ത് ഭാഗം	100 വീടുകൾക്ക് വെള്ളമില്ല. പാറപ്പുറം 4 സെൻറ് കോളനിയിൽ നിലവിലുള്ള കിണർ ആഴം കൂട്ടി കെട്ടിയെടുക്കണം. റിങ്ങ് ഇറക്കണം 25000 ക. ചെലവ് വരും.
(5)	എറങ്ങോറകുന്ന്	എറങ്ങോറകുന്ന് 4 സെൻറ് കോളനിയിൽ കിണറിനും ടാങ്കിനും സ്ഥലം ഉണ്ട്. പണികഴിപ്പിക്കണം
(6)	മണിമുണ്ട ഭാഗം	കിണർ വേണം. മുകൾഭാഗത്ത് ജലസംഭരണി ഉണ്ടാക്കിയാൽ പ്രശ്നം പരിഹരിക്കാം. സ്ഥലവും മനുഷ്യാധ്വാനവും സൗജന്യമായി കൊടുക്കും.
11(1)	പയ്യുളി	60 വീടുകൾക്കുപകരിക്കുന്ന കിണറും ടാങ്കും പണികഴിപ്പിച്ചിട്ടുണ്ട്. വൈദ്യുതി കിട്ടണം. അതോടെ ഈ പദ്ധതി പ്രവർത്തനക്ഷമമാവും.
(2)	കായലുംപാറ 4 സെൻറ് കോളനി	80 പ്ലോട്ട് ഉണ്ട്. 35 വീട്ടുകാർ താമസിക്കുന്നു. കണ്ണൻകോടുമ്മൽ ഇന്നുള്ള പ്രകൃതിദത്തജലം സംഭരണിയുണ്ടാക്കി ശേഖരിച്ചാൽ വെള്ളമെത്തിക്കാം. സംഭരിക്കുള്ള സ്ഥലവും 50 മനുഷ്യാധ്വാനവും സൗജന്യമായി കൊടുക്കും.
(3)	അത്യക്കാട്ടിൽ പുവ്വൻ മല	പ്രകൃതിദത്തമായ വെള്ളം കിട്ടും. സംഭരണിയുണ്ടാക്കി ശേഖരിച്ചാൽ മതിയാകും. ജലസംഭരണിക്കുള്ള സംഥലവും 100 മനുഷ്യാധ്വാനവും സൗജന്യമായി കൊടുക്കും.
(4)	കാത്തോറ മല	കുഴൽകിണറിന്റെ സർവ്വെ നടത്തിയിരുന്നു. പറ്റുന്ന സ്ഥലമാണെന്ന് കണ്ടു. കുഴൽകിണർ കുഴിച്ചാൽ 25 വീട്ടുകാർക്ക് ഉപകാരപ്രദമാകും.
(5)	ചെമ്മരുതായ്	25 വീടുകൾക്ക് വെള്ളമില്ല. കുളത്തിനും ജലസംഭരണിക്കും സ്ഥലം കൊടുക്കും.
(6)	ചെങ്ങോട്ടുമല	25 കുടുംബങ്ങളിലധികം താമസിക്കുന്ന മേഖല. നിലവിലുള്ള കിണർ നന്നാക്കുകയും ജലസംഭരണിയുണ്ടാക്കുകയും വേണം. സംഭരണിക്കുള്ള സ്ഥലവും ആവശ്യമായ മനുഷ്യാധ്വാനവും കൊടുക്കും.

വാർഡ്	മേഖല	പരിഹാരനിർദ്ദേശങ്ങൾ
(7)	കോരോന്തിരി	കിണറും ടാങ്കും പുതിയതായി നിർമ്മിക്കണം. 20 വീട്ടുകാർക്ക് ആവശ്യമാണ്. 40% മനുഷ്യാധ്വാനം സൗജന്യമായി കൊടുക്കും.
(8)	മണിപാൽ	10 വീടുകൾ ഉണ്ട്. കിണറും ടാങ്കും വേണം. ആവശ്യമായ മനുഷ്യാധ്വാനവും മറ്റ് സഹായങ്ങളും ചെയ്തുകൊടുക്കും.

പഞ്ചായത്ത്തല പദ്ധതി

(1) ലോകബേങ്കിന്റെ സഹായത്തോടുകൂടി കോടഞ്ചേരി പഞ്ചായത്തിൽ മുഴുവൻ കുടിവെള്ളമെത്തിക്കുന്ന പദ്ധതി ഓമശ്ശേരി പഞ്ചായത്തിന്റെ അതിർത്തിവരെ എത്തിയിരിക്കുന്നു. ഇത് വിപുലീകരിച്ചാൽ താരതമ്യേന വളരെ കുറഞ്ഞ ചെലവിൽ പഞ്ചായത്ത് മുഴുവൻ വെള്ളമെത്തിക്കാൻ കഴിയും. പഞ്ചായത്തിലെ 9-ാം വാർഡിൽ ഈ കാര്യത്തിൽ ക്രിയാത്മകമായ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ഈ സ്കീം നടപ്പാക്കുന്നതിനാവശ്യമായ ട്രഞ്ച് കുഴിച്ചുകൊടുക്കുമെന്ന് ആ വാർഡിൽ നിന്ന് നിർദ്ദേശമുണ്ടായിട്ടുണ്ട്. ഈ സ്കീം പഞ്ചായത്താകെ ആവിഷ്ക്കരിക്കാൻ സന്നദ്ധ സംഘടനകളെയും നാട്ടുകാരെയും തെയ്യാറാക്കുകയും മറ്റ് സാങ്കേതികസഹായങ്ങളുണ്ടാവുകയും ചെയ്താൽ കുടിവെള്ളപ്രശ്നം വളരെ എളുപ്പത്തിൽ പരിഹരിക്കുവാൻ കഴിയും.

(2) ഓമശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും ഭാഗങ്ങളിലായി സുമാർ 15 കി.മീ. ദൂരത്തിൽ കൂടത്തായി ഇരുതുള്ളി പുഴ ഒഴുകുന്നു. ഈ പുഴയിൽനിന്ന് അശാസ്ത്രീയമായി മണൽ വാരുന്നതിനാൽ ആഴം കൂടുകയും സമീപപ്രദേശത്തുള്ള കിണറിൽ വെള്ളം കുറയുകയും ചെയ്യുന്നു. ഇതുമൂലം വേനൽക്കാലത്ത് കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഇതിന് പരിഹാരമായി അശാസ്ത്രീയമായ മണൽ വാരൽ നിരോധിക്കണം. പുഴയുടെ ആഴം കുറയാതിരിക്കാൻ ചുരുങ്ങിയത് 500 മീറ്റർ ഇടവിട്ട് തടയണകളുണ്ടാക്കുകയും ചെയ്യേണ്ടതാണ്. ഈ പദ്ധതി താമരശ്ശേരി, കൊടുവള്ളി പഞ്ചായത്തുകൾക്ക് കൂടി ഗുണകരമായതിനാൽ ാ പഞ്ചായത്തുകളെ കൂടി സഹകരിപ്പിക്കുകയും കൂടുതൽ ഗുണം ഓമശ്ശേരി പഞ്ചായത്തിനായതിനാൽ നാം മുൻകൈയെടുക്കുകയും വേണം.

തടയണ നിർമ്മിക്കുന്നതിന് താമസം വരുമെന്നതിനാൽ 200 മീറ്റർ ഇടവിട്ട് മണൽ ചാക്കുകൾ അട്ടിയിട്ട് വെള്ളവും മണലും തടഞ്ഞ് നിർത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ പ്രവർത്തനത്തിന് നാട്ടുകാരെ സംഘടിപ്പിച്ചാൽ വളരെ എളുപ്പത്തിൽ ചെയ്യാവുന്നതാണ്.

അശാസ്ത്രീയമായി മണൽ വാരുന്നതിന് പുറമെ വൻകിട കൃഷിക്കാർ സ്വകാര്യ ബണ്ടുകൾ കെട്ടി വെള്ളം തടഞ്ഞ്നിർത്തി കൃഷിക്ക് വെള്ളമെടുക്കുന്ന സ്ഥിതിയുണ്ട്. വൻകിട കൃഷിക്കാർക്ക്കൂടി തടയണകശഅ സഹായകരമായതിനാൽ അവരെക്കൂടി ഉപയോഗപ്പെടുത്തി തടയണകൾക്കാവശ്യമായ ഫണ്ടു സംഘടിപ്പിക്കാവുന്നതാണ്.

ഈ പദ്ധതിയനുസരിച്ചു കൊടുവള്ളി, താമരശ്ശേരി പഞ്ചായത്തുകൾക്ക്കൂടി സഹായകരമായതിനാൽ അവിടത്തെ ഭരണസമിതിയെയും അതുവഴി അവിടത്തെ ജനങ്ങളെയും സംഘടിപ്പിച്ചാൽ ഈ കാര്യം വളരെവേഗം പ്രാവർത്തികമാക്കാൻ സാധിക്കുന്നതാണ്.

ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം നേരിടുന്നതിന് പ്രധാന കാരണം വയലുകൾ അശാസ്ത്രീയമായി നികത്തി നാണ്യവിളകൾ വെച്ചുപിടിപ്പിക്കുന്നതാണ്. കാർഷികരംഗത്തെ പ്രശ്നങ്ങളാണിതിന് കാരണമെങ്കിലും കൃഷിക്കാരുടെയിടയിലുള്ള ബോധവൽക്കരണത്തിലൂടെയും നിയമംമൂലം ഇത് തടയേണ്ടതാണ്.

പഞ്ചായത്തിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കശുമാവ് കൃഷി ആരംഭിക്കുന്നതും കുടിവെള്ളം ലഭിക്കുന്നതിന് സഹായകമാവും. ഉദാ: വെളിമണ്ണക്കടുത്ത ആസായക്കുന്ന് എലിയഗ്രറിയിൽ തരിശായി കിടക്കുന്ന ഏക്കർ കണക്കിനുള്ള മിച്ചഭൂമിയിൽ പഞ്ചായത്ത് മുൻകൈയെടുത്ത് കശുമാവ് കൃഷി ആരംഭിച്ചാൽ അതിന് തൊട്ട്കിടക്കുന്ന പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളത്തിനുള്ള ക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്.

തയ്യാറാക്കിയത്:
കെ. പത്മനാഭൻ മാസ്റ്റർ
കെ. പി. കുഞ്ഞമ്മദ്
സി. കെ. കദീജ

പൊതുജനാരോഗ്യം

ആതുരശുശ്രൂഷാരംഗത്ത് എടുത്തുപറയത്തക്കചരിത്രമൊന്നും ഓമശ്ശേരി പഞ്ചായത്തിനവകാശപ്പെടാനില്ല. ഒറ്റപ്പെട്ട അലോപതി, ആയുർവേദ ക്ലിനിക്കുകൾ പല കാലങ്ങളിലായി സ്ഥാപിക്കപ്പെട്ടിരുന്നുവെന്നതൊഴിച്ചാൽ മറ്റ് ചികിത്സാകേന്ദ്രങ്ങളൊന്നും ഈ പ്രദേശങ്ങളിലുണ്ടായിരുന്നില്ല. മറ്റെല്ലാ ഉൾനാടൻ പ്രദേശങ്ങളെയുംപോലെ ഓമശ്ശേരിയിലെ ജനങ്ങളും പാരമ്പര്യ വൈദ്യന്മാരെയും മന്ത്രവാദികളെയും സിദ്ധന്മാരെയുമാണാശ്രയിച്ചിരുന്നത്. എന്നാലിന്ന് പാരമ്പര്യ വൈദ്യമേഖലയും അപ്രത്യക്ഷമായിരിക്കുകയാണ്. കൊടുവള്ളി, മുക്കം, ചാത്തമംഗലം, പുതുപ്പാടി പഞ്ചായത്തുകളിലെ ചില ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഓമശ്ശേരി പഞ്ചായത്ത് 1970-ൽ നിലവിൽ വന്നതോടെയാണ് ചികിത്സാരംഗത്ത് ചില ചലനങ്ങൾ സൃഷ്ടിക്കപ്പെട്ടത്. 1972ൽ ഓമശ്ശേരിയിൽ സ്ഥാപിക്കപ്പെട്ട സഹകരണാശുപത്രിയാണ് ആദ്യത്തെ ആധുനിക ചികിത്സാകേന്ദ്രം. നിർഭാഗ്യവശാൽ സാങ്കേതികക്കുരുക്കുകളുടെയും മറ്റും ഫലമായി ഈ ആശുപത്രി അകാലചരമമടയുകയായിരുന്നു. തുടർന്ന് പല ഭിഷഗ്വരന്മാരും സ്വകാര്യ ക്ലിനിക്കുകൾ നടത്തി ഓമശ്ശേരിയിലെ ജനങ്ങളുടെ നാഡിമിടിപ്പ് അറിഞ്ഞിട്ടുണ്ട്. ഇവരിൽ 'മമ്മാലി ഡോക്ടർ' എന്ന പേരിൽ ബഹുമാനപുരസ്സരം വിളിച്ചിരുന്ന ഡോക്ടറുടെ സേവനം ജനങ്ങൾ ഇന്നും നന്ദിയോടെയാണ് സ്മരിക്കുന്നത്. 1988ൽ സ്ഥാപിക്കപ്പെട്ട ശാന്തി ഹോസ്പിറ്റലിന്റെ ആരോഗ്യ സേവന പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും മറ്റ് ആരോഗ്യകേന്ദ്രങ്ങളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്.

ഒരു പ്രദേശത്തിന്റെ ആരോഗ്യാവസ്ഥയുടെ അടിസ്ഥാനമാനദണ്ഡങ്ങളാണല്ലോ പൊതു മരണനിരക്ക്, മാതൃമരണനിരക്ക്, ശിശുമരണനിരക്ക്, ജനനനിരക്ക് എന്നിവ. ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ നിലവാരം താഴെ കൊടുക്കുന്നു.

പട്ടിക - 1 1995 ജനുവരി മുതൽ 1995 ഡിസം. വരെ

	ഓമശ്ശേരി പഞ്ചായത്ത്		കേരള ശരാശരി 1000 ന്
	ആകെ	നിരക്ക് 1000ന്	
വീട്	5749	-	-
ജനസംഖ്യ	26,522	-	-
മരണം	131	5	5.9
ജനനം	444	16.7	17
ശിശുമരണം	9	18	16
മാതൃമരണം	-	-	1-ൽ താഴെ

കേരള ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ പഞ്ചായത്തിലെ പൊതു മരണനിരക്കും ജനനനിരക്കും കുറവാണെന്ന് കാണാം. കഴിഞ്ഞവർഷം മാതൃമരണം ഒന്നുംതന്നെ നടന്നിട്ടില്ല. എന്നാൽ ശിശുമരണനിരക്ക് കേരള ശരാശരിയേക്കാൾ കൂടുതലാണ്. നേരത്തേയുള്ള വിവാഹവും പോഷകാഹാരക്കുറവും രോഗപ്രതിരോധ അജ്ഞതയുമാണ് ശിശുമരണനിരക്ക് വർദ്ധിക്കാനുള്ള കാരണം. പഞ്ചായത്തിലെ ദമ്പതിമാരെക്കുറിച്ചുള്ള വിവരണം താഴെ കൊടുക്കുന്നു.

പട്ടിക - 2 ദമ്പതിമാർ
(സ്ത്രീയുടെ വയസ്സ് അടിസ്ഥാനം)

15-19	20-24	25-29	30-34	35-39	40-44
വയസ്സ്	വയസ്സ്	വയസ്സ്	വയസ്സ്	വയസ്സ്	വയസ്സും
393	784	925	1012	880	518

അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം

പട്ടിക - 3

പ്രായം	എണ്ണം
1 വയസ്സിന് താഴെ	503
1നും 2നും ഇടയ്ക്ക്	512
2നും 3നും ഇടയ്ക്ക്	464
3നും 5നും ഇടയ്ക്ക്	1094
ആകെ	2573

പ്രതിരോധ കുത്തിവെപ്പ്, അനുപൂരക പോഷണപരിപാടി എന്നിവ നടപ്പിലാക്കുമ്പോൾ പരിഗണിക്കപ്പെടേണ്ട 5 വയസ്സിനു താഴെ പ്രായമുള്ള 2573 കുട്ടികൾ പഞ്ചായത്തിലുണ്ട്.

രോഗാതുരത

പട്ടിക - 4

ക്ഷയം	കുഷ്ഠം	പ്രമേഹം	രക്തസമ്മർദ്ദം	കാൻസർ	ഹൃദ്രോഗം	
93	5	226	418	8	89	852

പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഒരു മലമ്പനി രോഗം അടുത്തകാലത്ത് റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി.

കുട്ടികളുടെ പോഷണനിലവാരം

5 വയസ്സിനു താഴെ പ്രായമുള്ള 902 കുട്ടികൾക്ക് അന്നപൂർണ പോഷകാഹാരപദ്ധതിയിലൂടെ പോഷക ഭക്ഷണം ലഭിച്ചുവരുന്നു. സ്കൂൾ ഉച്ചഭക്ഷണപദ്ധതി പ്രകാരം മൊത്തം കുട്ടികൾ ഗുണഭോക്താക്കളായുണ്ട്.

സ്ഥാപനങ്ങളും ജീവനക്കാരും

പഞ്ചായത്തിൽ ഇപ്പോൾ സർക്കാർ മേഖലയിൽ നാല് സബ് സെൻററുകൾ, ഒരു പ്രൈമറി ഹെൽത്ത് സെൻറർ, ഒരു ആയുർവേദന ഡിസ്പെൻസറി എന്നിവയും സ്വകാര്യമേഖലയിൽ ഒരു അലോപതി ഹോസ്പിറ്റൽ, 3 അലോപതി ക്ലിനിക്, 4 ഹോമിയോപതി ക്ലിനിക്, 4 ആയുർവേദ ക്ലിനിക്, ഒരു ദന്താശുപത്രി, 2 കളരി മർമ്മ ചികിത്സാലയം എന്നിവയും പ്രവർത്തിക്കുന്നുണ്ട്. 4 അലോപ്പതി മെഡിക്കൽ ഷോപ്പും 7 ആയുർവേദ മെഡിക്കഷോപ്പുകളും ഈ പഞ്ചായത്തിലുണ്ട്. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ളതാണ് സ്വകാര്യാശുപത്രി.

ആരോഗ്യകേന്ദ്രങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

പട്ടിക - 5

വാർഡ്	സർക്കാർ	സ്വകാര്യം	ജീവനക്കാർ (സർക്കാർ)
1	സബ്സെൻറർ	ഇല്ല	1
2	ഇല്ല	ഇല്ല	-
3	ഇല്ല	ഇല്ല	-
4	പ്രൈമറി ഹെൽത്ത് സെൻറർ	ശാന്തി ഹോസ്പിറ്റൽ, ശിഫാ ക്ലിനിക് (അലോപ്പതി) ഹോമിയോ ക്ലിനിക് - 3 ആയുർവേദം - 3 ദന്താശുപത്രി - 1 കളരി മർമ്മചികിത്സാലയം - 1	10
5	സബ്സെൻറർ	- അലോപതി ക്ലിനിക് - 1	1
6	ഇല്ല	ഇല്ല	-
7	ഇല്ല	ഇല്ല	-
8	ഇല്ല	ഇല്ല	-
9	ആയുർവേദ ഡിസ്പെൻസറി	ഇല്ല	4
10	സബ്സെൻറർ	ഇല്ല	1
11	സബ്സെൻറർ	ഇല്ല	1
ആകെ			18

പഞ്ചായത്തിലെ 2, 3, 6, 7, 8 വാർഡുകളിൽ ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. മറ്റ് വാർഡുകളിലുള്ള സർക്കാർ സ്ഥാപനങ്ങളാവട്ടെ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാതെ ബുദ്ധിമുട്ടുകയാണ്. സബ്സെൻററുകളിൽ വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളോ ആവശ്യത്തിന് ഫർണിച്ചറുകളോ ഇല്ല. 1970ന് മുമ്പ് സ്ഥാപിക്കപ്പെട്ടതാണ് ഇവയിൽ മൂന്നെണ്ണം. ഓമശ്ശേരിയിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെൻററിന് സ്ഥലവും മറ്റ് സൗകര്യവും കണ്ടെത്തേണ്ടതുണ്ട്. മിക്കവാറും എല്ലാ വാർഡുകളും സ്ഥലം സൗജന്യമായി നൽകാമെന്ന് ഗ്രാമസഭകളിൽ പറഞ്ഞിട്ടുണ്ടെങ്കിലും അനുയോജ്യമായ സ്ഥലം കണ്ടെത്താൻ ആശുപത്രി വികസനസമിതി ശ്രമിക്കേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ

വാർഡിലുള്ളവർക്കും എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്തുതന്നെയാവണം ആശുപത്രി നിലനിർത്തേണ്ടത്.

പരമ്പരാഗത ചികിത്സാസമ്പ്രദായം എടുത്തുപറയത്തക്കതൊന്നും ഇന്ന് പഞ്ചായത്തിലില്ല. മന്ത്രതന്ത്രങ്ങളെയും മറ്റും ആശ്രയിച്ച് രോഗം മാറ്റാൻ ശ്രമിക്കുന്നവർ ഇന്നും പഞ്ചായത്തിലുണ്ട്.

ആരോഗ്യസംരക്ഷണകാര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് കാര്യമായ സ്വാധീനം ചെലുത്താൻ കഴിയുന്നതാണ്. എന്നാൽ 7500 ആളുകൾക്ക് ഒരാൾ എന്ന തോതിലുള്ള ഫീൽഡ് സ്റ്റാഫാണ് പഞ്ചായത്തിൽ ഈ പ്രവർത്തനങ്ങൾക്കുള്ളത്. ഏകദേശം 2/3 ഭാഗവും മലമ്പ്രദേശമായ ഈ പഞ്ചായത്തിൽ ഇത്രയും കുറഞ്ഞ ഫീൽഡ് പ്രവർത്തകരിലൂടെ ബോധവൽക്കരണ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാക്കാൻ കഴിയില്ല. പരിമിതികൾമൂലമാവും സബ്സെന്ററുകളുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ലെന്ന് ഗ്രാമസഭകളിൽനിന്ന് പരാതികളുയർന്നുവന്നിട്ടുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ആരോഗ്യ ഫീൽഡ് പ്രവർത്തകർ തങ്ങളുടെ സേവനം പൂർണമായും ജനങ്ങളിലെത്തിക്കാൻ ശ്രമിക്കേണ്ടതാണ്. നിർമാർജ്ജനം ചെയ്തുവെന്ന് നമ്മൾ അവകാസശപ്പെട്ടിരുന്ന പഴയകാല രോഗങ്ങൾ പലതും തിരിച്ചുവരുന്ന ഈ കാലത്ത് ആരോഗ്യ സേവന പ്രവർത്തനത്തിന്റെ പ്രാധാന്യം ഏറെയാണ്.

ആരോഗ്യരംഗത്ത് സന്നദ്ധ സംഘടനകളുടെ പങ്ക് വേണ്ടത്രയില്ല എന്നത് ഒരു പ്രശ്നമാണ്. എല്ലാ വാർഡുകളിലും കമ്മറ്റികളുള്ള 'പൾസ് ഹെൽത്ത് ഓർഗനൈസേഷൻ' എന്ന ഒരു സംഘടന ഇന്ന് നിലവിലുണ്ട്. 1994-ൽ നടത്തിയ കാൻസർ സർവ്വേയും ഡിറ്റക്ഷൻ ക്യാമ്പും പ്രവർത്തനങ്ങളിൽ എടുത്തുപറയത്തക്കതാണ്. എയിഡ്സ് ബോധവൽക്കരണം, രക്തഗ്രൂപ്പ് നിർണയക്യാമ്പ്, രക്തദാനസമിതി എന്നിവയാണ് സംഘടന നടത്തിയ മറ്റു പ്രധാന പ്രവർത്തനങ്ങൾ. ആരോഗ്യ സേവനപ്രവർത്തനരംഗത്തേക്ക് യുവതലമുറ കടന്നുവരാൻ മടികാണിക്കുന്നതും മറ്റും പൾസിന്റെ വാർഡുതലപ്രവർത്തനം മന്ദഗതിയിലാക്കിയിട്ടുണ്ട്.

കുടിവെള്ളം - ജലലഭ്യത

ഒരു പഞ്ചായത്തിലെ പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ആ പ്രദേശത്ത് കുടിക്കാൻ ലഭിക്കുന്ന ശുദ്ധജലസ്രോതസ്സുകളുടെ സാദ്ധ്യതയുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി പൊതുവേ ആശ്രയിക്കുന്നത് കിണറുകളെയാണ്. മറ്റ് എടുത്തുപറയത്തക്ക യാതൊരുവിധ ശുദ്ധജലവിതരണമാർഗ്ഗങ്ങളും ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ശുദ്ധജലവിതരണത്തിനായി ലക്ഷങ്ങൾ മുടക്കി വിവിധ വാർഡുകളിൽ നടപ്പിലാക്കിയ പദ്ധതികൾ ജനങ്ങൾക്ക് യാതൊരുവിധ പ്രയോജനവും ചെയ്തിട്ടില്ലയെന്നത് വിലയിരുത്തപ്പെടേണ്ടതാണ്. നിർമ്മിക്കപ്പെട്ട പൊതു കിണറുകളും കുഴൽകിണറുകളും വേണ്ടത്ര ഉപകാരപ്പെടുന്നില്ല. ഹാൻഡ് പമ്പുകൾ ഭൂരിഭാഗവും പ്രവർത്തനരഹിതവുമാണ്. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 3737 വീടുകൾക്ക് കിണർ സൗകര്യമുണ്ടെന്നാണ് മനസ്സിലാവുന്നത്. 35 (2012) വീടുകൾക്ക് കിണറുകളില്ല. കിണർ കുഴിക്കാൻ സാദ്ധ്യതയുള്ളിടങ്ങളിൽ അതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചും കോളനികൾ, ലക്ഷംവീടുകൾ, കുന്നിൻപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ടാപ്പുകൾ സ്ഥാപിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്. '200 മീറ്ററിനുള്ളിലെങ്കിലും ശുദ്ധജലം ലഭിക്കാത്ത സാഹചര്യത്തിൽ ലഭ്യമാകുന്ന അശുദ്ധജലം കുടിക്കാൻ ജനങ്ങൾ തയ്യാറാകും' എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ ബന്ധപ്പെട്ടവർ തയ്യാറാവേണ്ടതാണ്.

പഞ്ചായത്തിലെ പൊതുജലവിതരണത്തെക്കുറിച്ചുള്ള വിവരണം പട്ടിക - 6ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 6

പൊതുകിണർ		പൊതുടാങ്ക്		ഹാൻഡ് പമ്പ്		പൊതു ടാപ്പ്		ആകെ	
പ്രവർത്തിക്കുന്നത്	അല്ലാത്തത്	പ്രവർത്തിക്കുന്നത്	പ്രവർത്തിക്കാത്തത്	പ്രവർത്തിക്കുന്നത്	പ്രവർത്തിക്കാത്തത്	പ്രവർത്തിക്കുന്നത്	പ്രവർത്തിക്കാത്തത്	പ്രവർത്തിക്കുന്നത്	പ്രവർത്തിക്കാത്തത്
15	10	2	1	-	6	7	3	24	20

അവലംബം ബ്ലോക് ഡാറ്റാ ബാങ്ക് 1996

വിസർജ്ജ്യ നിർമാർജ്ജന സൗകര്യങ്ങൾ

പൊതു ജനാരോഗ്യവുമായി ബന്ധപ്പെട്ട് കക്കൂസുകൾക്കുള്ള സ്ഥാനം പ്രഥമഗണനീയമാണ്. കിണറുകളെ മാത്രം ആശ്രയിച്ചുകൊണ്ടുള്ള ജലവിതരണം നടക്കുന്ന ഒരു പ്രദേശത്ത് പൊതുസ്ഥലങ്ങളിൽ നടത്തുന്ന മലവിസർജ്ജനം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നം ഗുരുതരമായിരിക്കുമെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. പഞ്ചായത്തിലെ 3680 വീടുകൾക്ക് ഏതെങ്കിലും രീതിയിലുള്ള കക്കൂസ് നിലവിലുണ്ട്. 2069 (36%) വീടുകൾക്ക് മലവിസർജ്ജന സൗകര്യങ്ങളില്ല. ഇത് ജലജന്യരോഗങ്ങൾ വർദ്ധിച്ചു വരുന്നതിനിടയാക്കുന്നതാണ്.

ഇത്രയധികം പേർക്കും കക്കൂസ് നിർമ്മിക്കാൻ കഴിയാത്തതിന്റെ കാരണങ്ങളെ താഴെ കാണും പ്രകാരം ക്രോഡികരിക്കാം.

1. സാമ്പത്തിക ബുദ്ധിമുട്ട്
2. സ്ഥലപരിമിതി
3. ആവശ്യകത വേണ്ടത്ര ബോധ്യമില്ലായ്മ.

ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽപെടുന്ന ജനങ്ങളുടെ വ്യക്തമായ കണക്കെടുപ്പ് നടത്തി അവർക്കനുയോജ്യമായ പദ്ധതികൾ സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധ സംഘടനാ സഹായത്തോടെ നടപ്പിലാക്കേണ്ടതാണ്. വിവിധ പദ്ധതികളിലൂടെ ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന കക്കൂസുകൾ കുറഞ്ഞ വീടുകൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. മൂവായിരത്തിലധികം രൂപ വിലവരുന്ന കക്കൂസുകൾക്കുപകരം കുറഞ്ഞ ചിലവിൽ സ്ലാബ് കക്കൂസുകൾ നിർമ്മിച്ച് മുഴുവൻ വീടുകളിലും എത്തിക്കാനുള്ള പദ്ധതി അടിയന്തിരമായി രൂപപ്പെടേണ്ടതാണ്. നിർമ്മാണം മറ്റ് ഏജൻസികൾക്ക് വിട്ടുകൊടുക്കാതിരുന്നാൽ 'സിമൻറ് സ്ലാബുകൾ' കുറഞ്ഞ ചിലവിൽ നിർമ്മിക്കാൻ പഞ്ചായത്തിന് കഴിയുന്നതാണ്.

സ്ഥല പരിമിതിമൂലം ബുദ്ധിമുട്ടുന്ന രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട വിവിധ കോളനികളിൽ, പൊതുവായ് സെപറ്റിക് ടാങ്ക് കക്കൂസുകൾക്കാണ് സാദ്ധ്യതയുള്ളത്. ഇവ നിർമ്മിക്കുന്നതിൽ മാത്രമല്ല സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണ്. കോളനി കമ്മറ്റികൾക്ക് ഇതിനുള്ള ചുമതലകൾ നൽകാവുന്നതാണ്.

കക്കൂസിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിലൂടെ സാമ്പത്തികമായി കഴിവുള്ള വീടുകളിൽ കക്കൂസ് സ്വയം നിർമ്മിക്കാൻ കഴിയുന്നതാണ്.

പൊതു മലവിസർജ്ജനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ബോധ്യപ്പെടുത്തുന്നതിനുപകാരപ്പെടുന്ന ആരോഗ്യചർച്ചാക്ലാസ്സുകൾ, ഹീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ, ഗൃഹസമ്പർക്കപരിപാടികൾ, അയൽക്കൂട്ട ബോധവൽക്കരണം എന്നിവ നടത്തേണ്ടതാണ്. ഏകദേശം പതിമൂന്നു കിലോമീറ്ററോളം വരുന്ന പുഴയോരാതിർത്തി ഇന്ന് പഞ്ചായത്തിനുണ്ട്. ഇവിടെയുള്ള ജനങ്ങൾ ഈ പുഴയോരം കക്കൂസുകളായി ഉപയോഗിക്കുന്നുണ്ട്. ഈ പുഴവെള്ളം കുടിക്കാനും മറ്റും ഉപയോഗിക്കേണ്ടിവരുന്ന സാഹചര്യം നിലവിലുണ്ട് എന്നത് ബോധവൽക്കരണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

പരിസര ശുചിത്വം

പൊതുസ്ഥലം വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത അധികം പേർക്കും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. പഞ്ചായത്തിലെ പ്രധാന അങ്ങാടികളായ ഓമശ്ശേരി കൂടത്തായ് എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ശാസ്ത്രീയമായ പദ്ധതികളും കച്ചവടക്കാരുടെ ആത്മാർത്ഥമായ സഹകരണവും ഇക്കാര്യത്തിലുണ്ടാവേണ്ടതുണ്ട്. മത്സ്യകച്ചവടക്കാർ, ഇറച്ചി-കോഴി കച്ചവടക്കാർ എന്നിവരും പരിസരമലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ഗ്രാമസഭകളിൽ പരാതിയുയർന്നിട്ടുണ്ട്. പ്രധാന അങ്ങാടികൾ തൂത്തുവാരി വൃത്തിയാക്കുന്നതിനു ജീവനക്കാരെ നിയമിക്കുകയും ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് വീപ്പകൾ സ്ഥാപിക്കുകയുചെയ്യേണ്ടതാണ്. ഇവ യഥാസമയം സംസ്കരിക്കുന്നതിന് സ്ഥലം കണ്ടെത്തുകയും പിന്നീടിവ ജൈവവളമായി ഉപയോഗപ്പെടുത്താവുന്നതുമാണ്.

ഈച്ച, കൊതുക് ശല്യം ഈയടുത്തകാലത്തായി വളരെയേറെ വർദ്ധിച്ചിട്ടുണ്ട് എന്നത് ഗൗരവപൂർവ്വം കാണേണ്ടതാണ്. ഓമശ്ശേരി അങ്ങാടി പരിസരത്ത് ഇതിന്റെ ബുദ്ധിമുട്ട് ഏറെയാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. സ്വകാര്യഹോസ്പിറ്റൽ, ഹോട്ടലുകൾ, ശീതളപാനീയക്കടകൾ എന്നിവ ഇതിന് കാരണമായിത്തീരുന്നതായി ഗ്രാമസഭക്ക് അഭിപ്രായമുണ്ട്. പരിസര ശുചിത്വവുമായി ബന്ധപ്പെടുന്ന ഈ പ്രശ്നത്തെ ഗൗരവപൂർവ്വം കണ്ട് പരിഹാര നടപടികൾ ഈ സ്ഥാപനങ്ങൾ തന്നെ നടത്തേണ്ടതാണ്. പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉടൻ ഉണ്ടാവേണ്ടതാണ്. ആവസ്യമായി വന്നാൽ നിയമനടപടികളും കൈക്കൊള്ളാവുന്നതാണ്.

പ്രധാനപ്പെട്ട പൊതു നിർദ്ദേശങ്ങൾ

ഹോട്ടലുകളും ശീതളപാനീയകടകളും:

പഞ്ചായത്തിലെ മുഴുവൻ ഹോട്ടലുകളും ശീതള പാനീയക്കടകളും ഇടക്കിടെ പരിശോധനക്ക് വിധേയമാക്കി ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ആരോഗ്യവകുപ്പ് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. അഴുക്കുചാലുകളിൽ കടകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ നിക്ഷേപിച്ച് അവ നികന്ന് പോകുന്നതായിക്കാണുന്നു. ഇതിനെതിരേ കടയുടമസ്ഥരെ ബോധവൽക്കരിക്കുകയും തുടർന്നും പരിസരമലിനീകരണം സൃഷ്ടിക്കുന്നവർക്കെതിരെ പിഴ ഈടാക്കേണ്ടതുമാണ്.

അറവുശാല:

പഞ്ചായത്തിലെ മുഴുവൻ അറവുശാലകൾക്കും ലൈസൻസിംഗ് നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്. അറവുമാടുകളുടെ ആരോഗ്യസ്ഥിതിയും അറക്കുന്ന മൃഗങ്ങളുടെ ഗുണനിലവാരവും ഉറപ്പുവരുത്തേണ്ടതും അവശിഷ്ടങ്ങൾ സുരക്ഷിതമായി സംസ്കരിക്കേണ്ടതുമാണ്. വിൽപനശാലയും അറവ്സ്ഥലവും നിബന്ധനകൾ പൂർണമായും പാലിച്ചവയായിരിക്കണം. ദൂരസ്ഥലങ്ങളിൽ നിന്നും അറുത്തുകൊണ്ടുവന്ന് ഇറച്ചി വിൽക്കുന്ന സമ്പ്രദായം പലപ്പോഴും ഗുണനിലവാരം കുറഞ്ഞ മൃഗങ്ങളുടെ മാംസം വിൽക്കുന്നതിനിടയാക്കുന്നുണ്ട്. ഹോട്ടലുകളിലേക്ക് വിതരണം ചെയ്യുന്ന മാംസത്തിന്റെ ഗുണനിലവാരവും മോശമായിപോകുന്നുണ്ട്.

പൊതു മത്സ്യ-മാംസ മാർക്കറ്റ്:

പ്രധാന അങ്ങാടികളിൽ പൊതു മത്സ്യ-മാംസ മാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്. ഇപ്പോൾ ഓമശ്ശേരി അങ്ങാടിയിൽ രണ്ട് സ്ഥലത്തായാണ് മത്സ്യവിൽപന നടക്കുന്നത്. ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം വിൽക്കുന്നതിനെതിരേ ജനങ്ങളെയും കച്ചവടക്കാരെയും ബോധവൽക്കരിക്കുകയും മത്സ്യാവശിഷ്ടങ്ങൾ സുരക്ഷിതമായി നശിപ്പിക്കുന്നതിന് കച്ചവടക്കാരെ പ്രേരിപ്പിക്കേണ്ടതുമുണ്ട്.

ആയുർവ്വേദ ഹോസ്പിറ്റൽ:

ഇപ്പോൾ കൂടത്തായിയിൽ പ്രർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറി20 ബഡ് സൗകര്യമുള്ള ഹോസ്പിറ്റലായി ഉയർത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഡിസ്പൻസറിക്കുള്ള 24 സെനറ് സ്ഥലം പൂർണമായും ഉപയോഗപ്പെടുത്താവുന്നതാണ്. നിലവിലുള്ള കെട്ടിടം ഹോസ്പിറ്റലിനായി ഉപയോഗപ്പെടുത്താവുന്നതിനാൽ ജീവനക്കാർക്കും ഫാർമസിക്കും ആവശ്യമായ ഒരു കെട്ടിടം നിർമ്മിച്ചാൽ മതിയാകും. എന്നാൽ ഇപ്പോഴുള്ള ഡിസ്പെൻസറി പ്രവർത്തനം സുഗമമായി മുന്നോട്ട് പോകുന്നതിന് കിണർ, ചുറ്റുമതിൽ, ഫർണിച്ചർ എന്നിവ അടിയന്തിരമായി ഉണ്ടാക്കേണ്ടതുണ്ട്. ഇപ്പോൾ വിറകിനത്തിൽ വരുന്ന ചെലവ് കുറക്കുന്നതിനും സൗകര്യപ്രദമായി മരുന്നുകൾ തയ്യാറാക്കുന്നതിനും ഗ്യാസ് കണക്ഷൻ ഡിസ്പൻസറിക്കനുവദിക്കേണ്ടതാണ്. വർഷത്തിൽ ശരാശരി ഇരുപതിനായിരത്തിലധികം രോഗികൾ (ആവർത്തനമുൾപ്പെടെ) ഈ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാൽ ആവശ്യത്തിന് മരുന്നുകൾ ലഭിക്കുന്നില്ലെന്ന പരാതി പൊതുവെ നിലനിൽക്കുന്നു.

പ്രൈമറി ഹെൽത്ത് സെൻറർ:

ഓമശ്ശേരിയിൽ ഈയടുത്തകാലത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പ്രാഥമികാരോഗ്യകേന്ദ്രം സ്വന്തമായി സ്ഥലം കണ്ടെത്തി മാറ്റേണ്ടതുണ്ട്. സ്റ്റാഫ് നഴ്സ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികകൾ നികത്തപ്പെട്ടിട്ടില്ല. ഫർണിച്ചർ വേണ്ടത്രയില്ല. രോഗികൾക്ക് ഇരിക്കാനുള്ള ബഞ്ച് ഒരെണ്ണം മാത്രമാണുള്ളത്. ആവശ്യത്തിന് മരുന്ന് ലഭിക്കുന്നനില്ലെന്നതും ഒരു പ്രധാന പ്രശ്നമാണ്. ദിനേന ഇരുന്നൂറിൽ പരം ആളുകൾ ഈ ആരോഗ്യകേന്ദ്രത്തിൽ പരിശോധനക്കെത്തുന്നുണ്ട്.

പഞ്ചായത്ത് തലത്തിൽ നടത്താവുന്ന പ്രവർത്തനങ്ങൾ

ആരോഗ്യ വിദ്യാഭ്യാസം

പരിസരശുചിത്വം, വ്യക്തിശുചിത്വം തുടങ്ങിയവയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഓരോ വീട്ടിലും ഔഷധസസ്യത്തോട്ടം വച്ചുപിടിപ്പിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടതാണ്. ഇത് വീട്ടമ്മമാർക്ക് ഒരു ആദായകരമായ തൊഴിലായി സ്വീകരിക്കാവുന്നതും ചെറിയ രോഗങ്ങൾക്കെതിരെ ഉപയോഗിക്കാവുന്നതുമാണ്. ആരോഗ്യവിദ്യാഭ്യാസ പ്രവർത്തനങ്ങളിലേർപ്പെടുന്ന സംഘടനകൾക്ക് ആവശ്യമായ സഹായം നൽകാൻ അധികൃതർ മുന്നോട്ട് വരേണ്ടതാണ്. ഇന്ന് മാനവരാശിക്കുതന്നെ ഭീഷണിയായി മാറിയിരിക്കുന്ന എയിഡ്സ് പോലുള്ള രോഗങ്ങൾക്കെതിരെ വാർഡുതോറും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

രക്തദാനം:

രക്തദാനത്തിന്റെ മഹത്വം പ്രചരിപ്പിക്കുന്നതിനും രക്തദാനത്തെക്കുറിച്ചുള്ള ഭയാശങ്കകൾ ദൂരീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡുകൾ കേന്ദ്രീകരിച്ച് രക്തഗ്രൂപ്പ് നിർണയക്യാമ്പുകളും ബോധവൽകരണ ക്യാമ്പുകളും നടത്താവുന്നതാണ്. ഒരു രക്തഗ്രൂപ്പ് ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതും ഏറെ പ്രയോജനപ്പെടും.

മയക്കുമരുന്ന്-വ്യാജ മദ്യം:

പഞ്ചായത്തിലെ മിക്കവാറും വാർഡുകളിൽ നിന്നും ഈ പ്രശ്നം ഗൗരവമായി ഉയർന്നുവന്നിട്ടുണ്ട്. ഓമശ്ശേരി 4-ാം വാർഡ്, താഴെ അങ്ങാടി കേന്ദ്രീകരിച്ച് ഇവയുടെ വിൽപന തകൃതിയായി നടക്കുന്നതായി ഗ്രാമസഭകളിൽ നിന്ന് പരാതിയുയർന്നിട്ടുണ്ട്. ഈ ഗൂഢസംഘത്തിനെതിരെ ശക്തമായ ജനകീയ ഇടപെടലിന് പഞ്ചായത്തധികൃതകരും ജനങ്ങളും ഉദ്യോഗസ്ഥന്മാരും തയ്യാറാവേണ്ടതാണ്. ഇത്തരമൊരു പ്രവർത്തനത്തിന് മുഴുവൻ ഗ്രാമസഭകളും പൂർണ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

സബ്സെന്ററുകൾ:

ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നാല് സബ് സെന്ററുകളും വെള്ളം, വൈദ്യുതി, ഫർണിച്ചറുകൾ എന്നിവയില്ലാതെ ബുദ്ധിമുട്ടുകയാണ്. ഈ അടിസ്ഥാനസൗകര്യങ്ങൾ ഉടൻ ലഭ്യമാക്കേണ്ടതും ചുരുങ്ങിയത് രണ്ട് സബ്സെന്ററുകൾ ഏഴ്-എട്ട്, രണ്ട് വാർഡുകളിൽ ആരംഭിക്കേണ്ടതുമാണ്. സബ് സെന്ററുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഇപ്പോഴും 'അധികമാളുകളും അജ്ഞരാണ് എന്ന് ഗ്രാമസഭകളിലഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. ബോധവൽകരണപ്രവർത്തനങ്ങൾ അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതാണ്.

സ്കൂൾ ഹെൽത്ത് പ്രോഗ്രാം:

സ്കൂൾ ഹെൽത്ത് പ്രോഗ്രാം ഒരു ചടങ്ങായി മാറാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുട്ടികൾക്കും അമ്മമാർക്കും ഇക്കാര്യത്തിൽ ആവശ്യമായ ക്ലാസ്സുകൾ നൽകേണ്ടതാണ്.

വയോജന ആരോഗ്യകേന്ദ്രം:

വൃദ്ധ ജനങ്ങൾക്ക് ഉപകാരപ്പെടുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു വയോജനാരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. ഇവർക്ക് പ്രത്യേകപരിചരണം തന്നെ ലഭിക്കേണ്ടതിനാൽ അതിന് പ്രാപ്തരായ ആളുകളെ ഇവിടെ ജീവനക്കാരായി നിർത്തേണ്ടതാണ്.

വ്യാജ ചികിത്സയും നിയമങ്ങളും:

ആരോഗ്യരംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്. കാലഹരണപ്പെട്ട 'മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്' ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് എന്നിവ ഭേദഗതി ചെയ്യേണ്ടതാണ്. അംഗീകൃത യോഗ്യതയില്ലാതെ, വികലമായ തങ്ങളുടെ അറിവുകൾ ഡോക്ടർമാർ എന്ന വ്യാജേന ചിലർ വിറ്റ് കാശാക്കുന്നുണ്ട്. ഇത്തരം വ്യാജ പ്രാക്ടീഷണർമാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതും സർക്കാരിന്റെ ആരോഗ്യനയം വ്യക്തമായി നിർവ്വചിക്കേണ്ടതുമാണ്.

ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം:

പോഷകാഹാരത്തെക്കുറിച്ചും പോഷകാഹാരക്കുറവും മൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും അമ്മമാരെ ബോധവാന്മാരാക്കുവാൻ ആരോഗ്യ പ്രവർത്തകർ കൂടുതൽ ശ്രദ്ധിക്കണം. രോഗപ്രതിരോധ ചികിത്സ ഇത്രമാത്രം പുരോഗതിയിലെത്തിയിട്ടും ഈ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ഇതിനെക്കുറിച്ച് ഇന്നും ബോധവാന്മാരല്ല. പോളിയോ ബാധിച്ച് ഒരു കുട്ടി മരിച്ചതായി റിപ്പോർട്ടുണ്ട്. ഇന്ന് പൾസ് പോളിയോ പരിപാടികളുടെ ഭാഗമായി ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതുകൊണ്ട് ഏതാണ്ട് 99% കുട്ടികളും പോളിയോ തുള്ളിമരുന്ന് ലഭിക്കുന്നുണ്ട്.

ഗ്രാമസഭ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

വാർഡ്	പ്രശ്നങ്ങൾ	പരിഹാരനിർദ്ദേശങ്ങൾ
1.	സബ്സെന്ററിന്റെ പ്രവർത്തനം സജീവമല്ല. കിണറുകളിൽ ക്ലോറിനേഷൻ യഥാസമയം നടത്താറില്ല	ഇക്കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധപതിയണം.

വാർഡ്	പ്രശ്നങ്ങൾ	പരിഹാരനിർദ്ദേശങ്ങൾ
2.	ചികിത്സാ സ്ഥാപനങ്ങൾ ഒന്നും ഇല്ല. തൊട്ടടുത്ത PHCയിലേക്ക് അഞ്ച് കി.മീ. ദൂരം സബ്സെൻറർ ഇല്ല.	സബ്സെൻറർ അടിയന്തിരമായി അനുവദിക്കണം.
3.	പ്രതിരോധകുത്തിവെപ്പ് വേണ്ടവിധത്തിൽ ലഭ്യമല്ല. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിക്കുന്നു. ഓമശ്ശേരി അങ്ങാടിയിൽ നിന്ന് ഒഴുക്കിവിടുന്ന മാലിന്യങ്ങൾ ഈ വാർഡിലൂടെ ഒഴുകുന്ന തോടിനെ മലിനമാക്കുന്നു (തോട് കുളിക്കുന്നതിന് ഉപയോഗിക്കുന്നതാണ്.)	PHCസ്ഥാപിക്കാനുള്ള സ്ഥലം പഴവൂർ ഭാഗത്ത് സൗജന്യമായി കൊടുക്കാൻ തയ്യാറാണ്. ലഹരിപദാർത്ഥങ്ങൾക്ക് എതിരെ ബോധവൽക്കരണം നടത്തണം. കൊതുക് നിവാരണം നടപ്പിലാക്കുക. മാലിന്യങ്ങൾ മൂന്നാം വാർഡിലെ തോട്ടിലേക്ക് ഒഴുക്കിവിടുന്നത് കർശനമായി തടയുക.
4.	ആശുപത്രി, ഹോട്ടലുകൾ, ശീതളപാനീയ കട, മത്സ്യമാർക്കറ്റ് അറവുശാല എന്നിവ മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മദ്യം മയക്ക് മരുന്ന് എന്നിവയുടെ രഹസ്യവിപണനം നടക്കുന്നു. ഹെൽത്ത് പ്രവർത്തകരുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല. കൊതുക് ശല്യം വർദ്ധിച്ചിട്ടുണ്ട്. കംഫർട് സ്റ്റേഷൻ അടിയന്തരമായി റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കണം.	PHCയ്ക്ക് സൗകര്യപ്രദമായ സ്ഥലം വാർഡിൽ ഉണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണം. കൊതുക് നിവാരണ പ്രവർത്തനം ത്വരിതഗതിയിൽ നടപ്പാക്കണം. മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്ന കടകളിൽ ഹെൽത്ത് ഫുഡ്ഇൻസ്പെക്ടർമാരുടെ പരിശോധന നിർബ്ബന്ധമാക്കുക. അഴുക്ക് ചാൽ ശാസ്ത്രീയമായി നിർമ്മിക്കണം. വ്യാജമദ്യം മയക്ക് മരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണവും വിൽപ്പനക്കെതിരെ നിയമനടപടിയും സ്വീകരിക്കണം.
5.	ഹെൽത്ത് സെൻററിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല. മത്സ്യമാംസാവശിഷ്ടങ്ങൾ മങ്ങാട് പ്രദേശത്ത്കൊണ്ട്വന്ന് നിക്ഷേപിക്കുന്നു. വ്യാജവാറ്റ് മയക്ക്മരുന്ന് വിൽപന സൈരജീവിതം തകർക്കുന്നു.	ഹെൽത്ത് സെൻററിൽ ഡോക്ടറുടെ സേവനം ദിവസേന ലഭ്യമാക്കണം. കുട്ടികളിൽ കാണപ്പെടുന്ന പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അരീക്കൽ ഭാഗത്ത് അംഗനവാടി സ്ഥാപിക്കണം. പരിസര മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്ന കച്ചവടക്കാർക്കെതിരെ നടപടികൾ സ്വീകരിക്കണം. വ്യാജവാറ്റ്, മയക്കുമരുന്ന് കേന്ദ്രങ്ങളിൽ ഉദ്യോഗസ്ഥ റെയ്ഡ് നടപ്പാക്കുക.
6.	പൊതു ശ്മശാനം ഇല്ല. ആരോഗ്യകേന്ദ്രങ്ങൾ ഒന്നും ഇല്ല. വ്യാജവാറ്റ് വ്യാപകമായി നടക്കുന്നു.	ആയുർവേദ ഹോസ്പിറ്റൽ, സബ് സെൻറർ എന്നിവ അനുവദിക്കണം. പൊതു ശ്മശാനം സ്ഥാപിക്കണം.
7.	ആരോഗ്യ സ്ഥാപനങ്ങൾ ഒന്നും ഇല്ല. മുടൂർ വളവിൽ മാംസാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നത് മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്നു. പുഴയിൽ മണൽ വാരൽ മൂലം കുടിവെള്ള ക്ഷാമവും അതോടനുബന്ധിച്ച് ആരോഗ്യപ്രശ്നവും ഉണ്ടാവുന്നു. വ്യാജവാറ്റും വിൽപനയും വ്യാപകം.	അലോപ്പതി ആശുപത്രിക്ക് സ്ഥലം സൗജന്യമായി നൽകാൻ തയ്യാറാണ്. സബ്സെൻറർ അനുവദിക്കണം. മണൽ ലേലം ശാസ്ത്രീയാടിസ്ഥാനത്തിൽ നിജപ്പെടുത്തണം. വ്യാജവാറ്റിനും വിൽപനക്കുമെതിരെ ഉദ്യോഗസ്ഥന്മാരുടെ ആത്മാർത്ഥ നടപടി ഉണ്ടാകണം.

വാർഡ്	പ്രശ്നങ്ങൾ	പരിഹാരനിർദ്ദേശങ്ങൾ
8.	കൂടത്തായി അങ്ങാടിയിൽ കക്കൂസ്, മൂത്രപ്പുര സൗകര്യമില്ല. ആയൂർവേദ ഹോസ്പിറ്റലിന് സൗകര്യം കുറവ്. കൊതുക് ശല്യം ഉണ്ട്. പേപ്പട്ടി ശല്യം	കൂടത്തായി അങ്ങാടിയിൽ കംഫർട്ട് സ്റ്റേഷൻ അനുവദിക്കുക. PHCക്ക് സ്ഥലം കൊടുക്കാൻ തയ്യാറാണ്. ആയുർവേദ ഡിസ്പെൻസറി ഹോസ്പിറ്റലായി ഉയർത്തണം. വളർത്ത്നായക്ക് ലൈസൻസ് ഏർപ്പെടുത്തുക. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കണം. പൊതു ശ്മശാനം വേണം.
9.	ഹോമിയോ ഡിസ്പെൻസറി അഭാവം. 75% വീടുകളിലും വ്യാജവാറ്റ് നടക്കുന്നു. പൊതു ശ്മശാനത്തിന് ഗതാഗതസൗകര്യമില്ല. സബ്സെൻററിൻെറ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.	ഹോമിയോ ഡിസ്പെൻസറി അനുവദിക്കണം. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുകയും വ്യാജവാറ്റ് തടയുകയും വേണം. നിലവിലുള്ള സബ്സെൻററിൽ ഡോക്ടറുടെ സേവനം ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ലഭ്യമാക്കണം.
10.	പെരിവില്ലി ഭാഗത്തെ അറവുശാലകളിലെ അവശിഷ്ടങ്ങൾ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പേപ്പട്ടി ശല്യം ഉണ്ട്.	പയ്യോളി, അതിൽക്കാടിൽ പ്രദേശത്ത് ആയുർവേദ ഡിസ്പെൻസറി ആവശ്യമാണ്. പെരിവല്ലിയിൽ സബ്സെൻറർ അനുവദിക്കണം. ഓമശ്ശേരി കേന്ദ്രമാക്കി കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള സർക്കാർ ഹോസ്പിറ്റൽ വേണം. അറവുശാലക്ക് നിയന്ത്രണം ഏർപ്പെടുത്തുക. പ്രതിരോധ കുത്തിവെപ്പ് രോഗനിർണ്ണയ സർവ്വേ ക്യാമ്പ് ഇവ ഏർപ്പെടുത്തണം. ഡോക്ടറുടെ സേവനം ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും ലഭ്യമാക്കണം.

തയ്യാറാക്കിയവർ : പി. എ. ഹുസൈൻ, ഡോ: ഷാജു മാത്യൂസ്
ഡോ: കുഞ്ഞൻ, എ. ജയപ്രകാശ്,
കെ. പത്മനാഭൻ മാസ്റ്റർ
കെ. എസ്. മനോജ്കുമാരൻ

ഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും ചരിത്രമെടുത്തു പരിശോധിച്ചാൽ വികസനത്തിന് പശ്ചാത്തലം ഒരുക്കിയത് റോഡുകളാണെന്ന് എടുത്തുപറയേണ്ടതില്ല. ഓമശ്ശേരിയുടെ ഉന്നതിയുടെ കാര്യത്തിലും ഈ വസ്തുത ഒരു യാഥാർത്ഥ്യമാണ്.

നാല് പതിറ്റാണ്ടുകൾ പുറകോട്ടു സഞ്ചരിച്ചാൽ ഗതാഗതത്തിന്റെ കാര്യത്തിൽ നമുക്ക് ഒന്നുംതന്നെ ഇല്ലായിരുന്നു എന്ന് കാണാൻ കഴിയും. മലകളാൽ വലയം ചെയ്യപ്പെട്ട ഈ പ്രദേശത്തെ നിവാസികൾ യാത്രക്ക് ഊടുവഴികളെയാണ് ആശ്രയിച്ചിരുന്നത്. വനനിബിഡമായ പ്രദേശങ്ങളിൽകൂടി കുണ്ടും കുഴിയും നിറഞ്ഞ വഴികൾ താണ്ടി മനുഷ്യൻ നിത്യോപയോഗസാധനങ്ങൾക്ക് ബഹുദൂരം നടന്നുപോകേണ്ട അവസ്ഥയായിരുന്നു അന്ന് ഉണ്ടായിരുന്നത്.

വർഷങ്ങൾ കടന്ന് പോയപ്പോൾ ഓമശ്ശേരിയിലും റോഡുകൾ ഉണ്ടാകാൻ തുടങ്ങി. ഇങ്ങനെയുണ്ടായ മൺറോഡുകളാവട്ടെ ഗതാഗതയോഗ്യമായിരുന്നില്ലതാനും! അന്ന് കാർഷികോത്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിനും നിത്യോപയോഗസാധനങ്ങൾ തിരികെ എത്തിക്കുന്നതിനും ആളുകളുടെ ഏക ആശ്രയം ഏതാനും കാളവണ്ടികളുടെ സേവനം മാത്രമായിരുന്നു. അഗസ്ത്യൻ മുഴി - ഓമശ്ശേരി - തിരുവമ്പാടി, അഗസ്ത്യൻ മുഴി - താമരശ്ശേരി എന്നീ മൺറോഡുകൾ മാത്രമായിരുന്നു ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നത്.

കാലചക്രം ഉരുണ്ടപ്പോൾ ഈ മൺറോഡുകൾ ടാർ റോഡുകളായി മാറി. ഇങ്ങനെയുണ്ടായ ടാർറോഡിനും ഒരു ചരിത്രമുണ്ടായിരുന്നു.

വാളന്നൂർ എസ്റ്റേറ്റ് ഉടമസ്ഥനും കല്ലട ഡാമിന്റെ നിർമ്മാതാവുമായ ചാക്കോപ്പിള്ള എന്ന വ്യവസായ പ്രമുഖന്റെ ഓമശ്ശേരി വഴിയുള്ള യാത്രയാണ് അഗസ്ത്യൻ മുഴി - ഓമശ്ശേരി - തിരുവമ്പാടി റോഡിന്റെ ടാറിംഗിന് വഴിതെളിയിച്ചത്. യാത്രാമദ്ധ്യേ വാഹനത്തിന് ഓമശ്ശേരിയിൽ വെച്ചു നടന്ന കേടുപാടിൽ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ അദ്ദേഹം പ്രത്യേകം താൽപര്യമെടുക്കുകയും അധികാരസ്ഥാനങ്ങളിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തപ്പോൾ പ്രസ്തുത റോഡിന്റെ വികസനം സാക്ഷാത്കരിക്കപ്പെടുകയായിരുന്നു. ഓമശ്ശേരിയിലെ അറിയപ്പെടുന്ന പൊതുപ്രവർത്തകനായ ജനാബ് ഇ.കെ. ഉണ്ണിമോയി സാഹിബിന്റെ നിദാന്ത പരിശ്രമം കൂടിയായപ്പോൾ സർക്കാർതലത്തിൽ നിന്ന് തന്നെ ചാക്കോപ്പിള്ളയെ കോൺട്രാക്ടർ ആക്കിക്കൊണ്ട് ഈ റോഡ് ടാർറോഡായി മാറുകയായിരുന്നു. എന്നാൽ മറ്റു മൺറോഡുകളൊന്നുംതന്നെ ഈ കാലത്ത് ടാർചെയ്യപ്പെടാൻ നീക്കം നടന്നിരുന്നില്ല.

1971ൽ ഓമശ്ശേരി പഞ്ചായത്ത് രൂപം കൊണ്ടഘട്ടത്തിൽ ഗതാഗതത്തിന്റെ കാര്യത്തിൽ വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ഓമശ്ശേരി - കൊടുവള്ളി, ഓമശ്ശേരി - കോടഞ്ചേരി എന്നീ റോഡുകളൊക്കെ തന്നെ മൺറോഡുകളായി അവശേഷിച്ചിരുന്നു. എന്നാൽ തുടർന്ന് വന്ന ചെറു കാലയളവിൽ തന്നെ ഓമശ്ശേരി - കോടഞ്ചേരി റോഡും ടാർ റോഡാക്കി മാറ്റാൻ സർക്കാർ തീരുമാനമെടുത്തു. വേനപ്പാറ വഴിയുള്ള ഈ റോഡ് നിർമ്മാണത്തിലും അതിന്റെ പുരോഗതിയിലും വേനപ്പാറ പള്ളി വികാരി ഫാ. അന്തോണിയോസ് അച്ചന്റെ സംഭാവനകൾ സ്മരണീയമാണ്.

1980ൽ ഓമശ്ശേരി നിവാസികളുടെ ചിരകാലാഭിലാഷമായിരുന്ന ബസ്സ്റ്റാന്റ് നിർമ്മിക്കപ്പെട്ടു. എന്നിട്ടും ഗതാഗതസൗകര്യത്തിന്റെ കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 1996 ആയപ്പോഴേക്കും ഈ രംഗത്ത് ഏറെ മുന്നോട്ടുപോയി എന്നത് ഒരു വസ്തുതയാണ്. ഇന്ന് നാടിന്റെ നാനാ

ഭാഗത്തേക്കും ഓമശ്ശേരി വഴി വാഹനസർവ്വീസ് നടത്താൻ തക്കവണ്ണം റോഡുകൾ മെച്ചപ്പെട്ടു. ഓമശ്ശേരി - പുത്തൂർ - ആർ.ഇ.സി. റോഡും, ഓമശ്ശേരി കൊടുവള്ളി റോഡും ഓമശ്ശേരി - താമരശ്ശേരി റോഡും ഓമശ്ശേരി - അഗസ്ത്യൻ മുഴി റോഡും ഗതാഗതസൗകര്യത്തിന്റെ കാര്യത്തിൽ മെച്ചപ്പെട്ട സംഭാവനകൾ നൽകുന്നുണ്ട്.

ഇന്ന് കേവലം ഒരു മണിക്കൂർ യാത്രചെയ്താൽ ഓമശ്ശേരിൽ നിന്ന് കോഴിക്കോട് നഗരത്തിൽ എത്തത്തക്കരീതിയിൽ ഗതാഗതസൗകര്യം മെച്ചപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ ഗൾഫ് രാജ്യങ്ങളിലേക്ക് പോകുന്ന ഈ നാട്ടിലെ ആളുകൾക്ക് കരിപ്പൂർ വിമാനത്താവളവുമായി ബന്ധപ്പെടാൻ ഒന്നരമണിക്കൂർ യാത്രകൊണ്ട് സാധിക്കുന്നു എന്നതും ഗതാഗതരംഗത്ത് നാം കൈവരിച്ച നേട്ടമാണെന്ന് കാണാൻ കഴിയും. ഇന്ന് വയനാട്, കണ്ണൂർ, തൃശ്ശൂർ, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിലേക്കും ഓമശ്ശേരി വഴി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാന ടൗണുകളിലെല്ലാം തന്നെ ഇന്ന് ടാക്സികളും ഓട്ടോറിക്ഷകളും സർവ്വീസ് നടത്തുന്നതിനാൽ യാത്രാപ്രശ്നം ഒരുപരിധിവരെ പരിഹരിക്കാൻ കഴിയുന്നുണ്ട്.

ഓമശ്ശേരി പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന ടാർ റോഡുകളും അവയുടെ ഉടമസ്ഥതയും ദൂരവും പട്ടികപ്പെടുത്തിയിരിക്കുന്നു.

നമ്പർ	പേര്	ഉടമസ്ഥത	ദൂരം. കി.മീ.
1	മുക്കം - താമരശ്ശേരി	PWD	5.5. കി.മീ
2	ഓമശ്ശേരി - കൊടുവള്ളി	PWD.	2.8 കി.മീ.
3	ഓമശ്ശേരി - കോടഞ്ചേരി	PWD	5.3 കി.മീ.
4	കൂടത്തായി - കോടഞ്ചേരി	PWD	2.1 കി.മീ.
5	പുത്തൂർ - ആർ.ഇ.സി.	PWD	4.5 കി.മീ.
6	പുത്തൂർ - കൂടത്തായി	PWD	3.6 കി.മീ.
7	ഓമശ്ശേരി - തിരുമ്പാടി	PWD	0.7 കി.മീ
8	നാഗാളികാവ് - കൊളത്തക്കര	ബ്ലോക്ക്	2.2 കി.മീ.
9	വേനപ്പാറ - കായലുംപാറ	പഞ്ചാ.	0.4 കി.മീ.
10	കൊല്ലപ്പടി - ചാമോറ	പഞ്ചാ.	0.1 കി.മീ.
11	ആലുംതറ - തടത്തിമ്മൽ	പഞ്ചാ.	1.0 കി.മീ.

(അനുബന്ധം - പഞ്ചായത്ത് റോഡ് രജിസ്റ്റർ)

ടാർ റോഡുകളെ സംബന്ധിച്ച പ്രശ്നങ്ങൾ

നിലവിൽ പഞ്ചായത്തിൽ കൂടി കടന്ന്പോകുന്നതും പഞ്ചായത്തിനകത്ത് ഉള്ളതുമായ റോഡുകളുടെ ശോചനീയാവസ്ഥയാണ് ഒരു പ്രധാന പ്രശ്നമായിട്ടുള്ളത്. റോഡുനിർമ്മാണത്തിൽ റോഡിന്റെ സുരക്ഷിതത്വവും ഗുണനിലവാരവും പലപ്പോഴും അവഗണിക്കപ്പെടുന്നു. കൂടാതെ റോഡുകളിലെ കൊടും വളവുകൾ അപകടം ക്ഷണിച്ചുവരുത്തുന്നവയും റോഡിന്റെ വീതിക്കുറവും പാർശ്വങ്ങളിലെ നടപ്പാതയുടെ കുറവും ഇതിന് ആക്കം കൂട്ടുന്നവയുമാണ്. അശാസ്ത്രീയരീതിയിൽ നിർമ്മിക്കപ്പെട്ട കാനകളും അപകടകാരികളായ വരമ്പുകളും അപകടങ്ങൾ വർദ്ധിപ്പിക്കുന്നവയാണ്. പഞ്ചായത്ത് ആസ്ഥാനമായ ഓമശ്ശേരിയിൽ ഉള്ള ടാക്സി - ഓട്ടോ പാർക്കിംങ് സൗകര്യം പരിമിതമായതിനാലും റോഡരികിൽ അശ്രദ്ധമായി ഇറക്കിയിടുന്ന മരങ്ങളും വലിയ കല്ലുകളും അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നവയാണ്.

സാധ്യതകൾ

റോഡിന്റെ സുരക്ഷിതത്വവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ജനകീയ സമിതികൾ തന്നെ രൂപീകരിച്ച് റോഡ് നിർമ്മാണപ്രവർത്തനത്തിൽ ഉള്ള അഴിമതി തടയേണ്ടതാണ്. അപകടകാരികളായ വളവുകളിൽ സിഗ്നൽ സമ്പ്രദായം സ്ഥാപിച്ച് വാഹനത്തിന്റെ വേഗത കുറക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതുമാണ്. റോഡിന്റെ വീതി വർദ്ധിപ്പിക്കുകയും റോഡരികിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന മരത്തടികൾ, പാറക്കല്ലുകൾ എന്നിവ എടുത്തുമാറ്റാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുകയും ഇപ്പോൾ നിലവിലുള്ള നടപ്പാതകളുടെ കേടുപാടുൾ തീർക്കുകയും ചെയ്യണം. പഞ്ചായത്തിലെ ബസ്സ് സ്റ്റാൻറിൽ നിർത്തിയിടുന്ന ബസ്സുകൾ ഓരംചേർന്ന് നിർത്തിയിടാൻ നടപടികൾ സ്വീകരിക്കണം. ഓമശ്ശേരി ടൗണിലെ ഓട്ടോ - ടാക്സി പാർക്കിംങ് പ്രശ്നം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്ഥലം കണ്ടെത്തേണ്ടതാണ്. അതുവരെ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇപ്പോൾ പാർക്കുചെയ്യുന്ന സ്ഥലത്ത് തന്നെ തുടരേണ്ടതുമാണ്.

മെറ്റൽ റോഡുകൾ

പഞ്ചായത്തിൽ നിലവിലുള്ള മെറ്റൽ റോഡുകളുടെ അവസ്ഥ ശോചനീയമാണെന്നത് ഗ്രാമസഭകളിൽനിന്ന് ഉയർന്ന്വന്ന പ്രശ്നമാണ്. പ്രധാനമായി പൊട്ടിപ്പൊളിഞ്ഞും താറുമാറായും കിടക്കുന്ന ഇത്തരം റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കണമെന്ന് നിർദ്ദേശം വന്നിട്ടുണ്ട്. ഇതിൽതന്നെ പല റോഡുകളും ടാർ ചെയ്യണമെന്നും മെറ്റൽ പതിച്ച റോഡിൽകൂടി വാ

ഹനഗതാഗതം നിയന്ത്രിക്കണമെന്നും ഗ്രാമസഭകളിൽകൂടി പൊതുജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

മൺറോഡുകൾ

നമ്മുടെ പഞ്ചായത്തിലെ മൺറോഡുകളുടെ സ്ഥിതിയും വളരെ ദയനീയമാണ്. പൊതുവെ കുന്നിൻപ്രദേശം ഉൾക്കൊണ്ട ഈ പഞ്ചായത്തിൽ ഉള്ള മൺറോഡുകൾ വർഷക്കാലത്ത് നശിച്ചുപോകുന്ന അവസ്ഥയിലാണ്. വെള്ളത്തിന്റെ ശക്തമായ കുത്തൊഴുക്കിൽ ഇത്തരം മൺറോഡുകൾ ഒലിച്ചുപോയി ഗതാഗതതടസ്സം ഉണ്ടാകുന്നത് സർവ്വസാധാരണമാണ്. ഇത്തരം ധാരാളം റോഡുകൾ ഈ പഞ്ചായത്തിൽ ഉള്ളതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്താൻ തന്നെ പഞ്ചായത്തിന് ഭാരിച്ച സംഖ്യ വർഷംതോറും ചിലവാക്കേണ്ടിവരുന്നുണ്ട്. ഇങ്ങനെയുള്ള റോഡുകൾ മെറ്റൽ പതിച്ച് ടാർ ചെയ്യണമെന്ന നിർദ്ദേശവും ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്.

പുതിയ റോഡുകൾ

പുതിയ റോഡുകൾ നിർമ്മിക്കണമെന്നതാണ് ഗ്രാമസഭകളിൽ നിന്ന് വന്നിട്ടുള്ള മറ്റൊരു നിർദ്ദേശം. പല സ്ഥലങ്ങളിലും നിലവിലുള്ള ഇടവഴികൾ വീതി വർദ്ധിപ്പിച്ച് റോഡാക്കിമാറ്റണമെന്ന ആവശ്യമാണ് വന്നിട്ടുള്ളത്.

റോഡ് ശൃംഖലാവ്യാപനം ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

നാടിന്റെ പുരോഗതിയുടെ നാഴികക്കല്ലായി റോഡുകൾ മാറി എങ്കിലും പരിസ്ഥിതിപ്രശ്നങ്ങൾ റോഡുനിർമ്മാണത്താൽ സംജാതമായിക്കൊണ്ടിരിക്കുകയാണെന്ന വസ്തുത നാം മറക്കുകയാണ്. ഇടവഴികൾ വീതി വർദ്ധിപ്പിച്ച് റോഡുകളാക്കി മാറ്റുമ്പോൾ വശങ്ങളിൽ ഉള്ള മരങ്ങൾ വെട്ടിനശിപ്പിക്കപ്പെടുന്നത് വനനശീകരണത്തിന് കാരണമാകുന്നു. കൂടാതെ കുത്തനെയുള്ള പ്രദേശങ്ങളിലെ അശാസ്ത്രീയമായ റോഡുനിർമ്മാണം വർഷക്കാലത്ത് മണ്ണൊലിപ്പ് ഉണ്ടാകുന്നതിനും ഉതകുന്ന സാഹചര്യമാണ് സൃഷ്ടിക്കുന്നത്. സമതലങ്ങളിലും താഴ്ന്ന പ്രദേശത്തും കൂടി നിർമ്മിക്കപ്പെടുന്ന റോഡുകളാകട്ടെ നീർക്കെട്ടുകൾ ഉണ്ടാക്കാൻ പ്രത്യേകം കാരണമാക്കുന്നു. ഇതിന്റെ ഫലമായി വർഷക്കാലത്ത് ഇത്തരം റോഡുകൾ ഗതാഗതയോഗ്യമല്ലാതായി മാറാൻ കാരണമായിത്തീരുന്നു.

ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളിൽ വീതി വർദ്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കാൻ ധാരാളം നിർദ്ദേശങ്ങൾ ഗ്രാമസഭകൾ മുഖാന്തിരം വന്നിട്ടുണ്ട്. ഇവ വാർഡ് അടിസ്ഥാനത്തിൽ നമ്പർ, റോഡിന്റെ പേര്, നിലവിലുള്ള വീതി എന്നിവ കാണിച്ച് A പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

A പട്ടിക

വാർഡ്	നമ്പർ	പേര്	നിലവിലുള്ള വീതി (മീ)
1	1	കൊടുവാപ്പിടി - വെണ്ണക്കോട് റോഡ്	3 മീ.
	2	കയ്യേലിമുക്ക് - നടമ്മൽപൊയിൽ	3.5മീ
	3	ആലുംതറ - തടത്തിമ്മൽ റോഡ്	3.5 മീ.
	4	വെണ്ണക്കോട് - ഓരോക്കുന്ന് റോഡ്	3 മീ.
	5	ഏച്ചിക്കുന്ന് - കരസനക്കൽ റോഡ്	3 മീ.
	6	അമ്പലമുക്ക് - ലക്ഷംവീട് റോഡ്	3 മീ.
	7	തടത്തിമ്മൽ - കണക്കഞ്ചേരി റോഡ്	
	8	ചന്താർമുക്ക് - അമ്പലക്കണ്ടി റോഡ്	
2	9	തളത്തുവയൽ - നടമ്മപ്പൊയിൽ റോഡ്	3മീ.
	10	അമ്പലക്കണ്ടി - അയനിക്കാട് - കച്ചേരിമുക്ക് - ജാറംകണ്ടി റോഡ്	3 മീ.
	11	മുണ്ടേൃൻപാറ - തടായിൽകുന്ന് റോഡ്	3 മീ.
	12	നടമ്മൻപൊയിൽ - മാതോലത്ത് കടവ് റോഡ്	3 മീ.
	13	കൈവേലി മുക്ക് - കുളത്തുവയൽ റോഡ്	3 മീ.
	14	രായരുകണ്ടി - എളേമ്പ്രകുന്ന് റോഡ്	3 മീ.
	15	അയനിക്കാട് വയൽ കരിമ്പനമുക്ക് കാഞ്ഞിരക്കണ്ടികുന്ന് റോഡ്	3 മീ.
3	16	നാഗാളികാവ് നടമ്മൽപൊയിൽ റോഡ്	31/2 മീ.
	17	അമ്പലക്കണ്ടി മുണ്ടുപാറ - പൊയിലിൽ റോഡ്	3 മീ.

വാർഡ്	നമ്പർ	പേര്	നിലവിലുള്ള വീതി (മീ)
	18	പുറായിൽ മുണ്ടുപാറ റോഡിന്റെ അവസാനഭാഗം	3 മീ
4	19	തെയ്യ്യാട് മുതൽ ചീനത്തുംകുഴി വരെയുള്ള റോഡ്	3 മീ.
	20	വാരിയംകണ്ടി ഗ്രൗണ്ട് റോഡ്	3 മീ.
	21	ചെട്ട്യാംവീട് അരീക്കൽ റോഡ്	3 മീ.
	22	ചോലക്കൽ - ഓങ്ങലോഗമല റോഡ്	3 മീ.
	23	തയ്യിൽ റോഡ്	3 മീ.
	24		
	25	കച്ചേരിമേലെ മുക്ക് - ചക്കിട്ട റോഡ്	3 മീ.
5	26	മങ്ങാട് - അരീക്കൽ റോഡ്	3 മീ.
	27	മുടൂർ - പാലക്കുന്ന് റോഡ്	3 മീ.
	28	മുടൂർ - വെളിമണ്ണ റോഡ്	3 മീ.
	29	ഓമശ്ശേരി - കയച്ചിക്കോട്ടുചാലിൽ റോഡ്	3 മീ.
	30	ഓട്ടക്കാഞ്ഞിരത്തിങ്കൽ - മുടൂർ റോഡ്	3 മീ.
6	31	താഴെപൊയിൽ - ഇടിവെട്ടിമല റോഡ്	3 മീ.
	32	കുളത്തക്കര - കാവുങ്ങൽ റോഡ്	3 മീ.
	33	കണിയാർകണ്ടം പുല്ലംകോട് റോഡ്	3 മീ.
	34	മഠത്തിൽ - ഇടിവെട്ടമല റോഡ്	21/2 മീ.
	35	കെടയത്തൂർ - കടുപൊയിൽ - കോളനി റോഡ്	3 മീ.
	36	കണിയാർകണ്ടം - നടമ്മൻപൊയിൽ റോഡ്	3 മീ.
	37	കണിയാർകണ്ടം - പാലക്കുന്ന് റോഡ്	3 മീ.
	38	മങ്ങാട്ടുകടവ് - പാലാടംകണ്ടി റോഡ്	3 മീ.
	39	കുന്നത്ത് - കാവുങ്കൽ റോഡ്	3 മീ.
	40	മങ്ങാട്ടുകടവ് - വെളിമണ്ണ റോഡ്	5 മീ.
8	41	മുടൂർ - പനമ്പൻകൊടി റോഡ്	-
	42	വെളിമണ്ണ കലിക്കിമ്പ്രമല റോഡ്	-
	43	പുഴിച്ചുരത്തിൽ - ചക്കിക്കാവ് റോഡ്	3 മീ.
9	44	അമ്പലക്കുന്ന് മുകളിലേക്ക് ഉള്ള റോഡ്	3 മീ.
	45	ചാമോറ ബ്ലോക്ക് റോഡ്	8 മീ.
	46	കൂടത്തായി - കുറ്റിക്കണ്ടി	4 മീ.
	47	കൂടത്തായി - കാക്കോത്തി റോഡ്	3 മീ.
	48	പുറായിൽ - പള്ളിക്കണ്ടി റോഡ്	3 മീ.
	49	ചക്കിട്ടകുന്ന് - പാറക്കടവ് റോഡ്	3 മീ.
	50	മണിമുണ്ട റോഡ്	3 മീ.
	51	കാരക്കാട്ട് പൊയിൽ അമ്പലമുക്ക് റോഡ്	2 മീ.
	52	പുവ്വോട്ട് വഴിയുള്ള ഹൈസ്കൂൾ റോഡ്	3 മീ.
10	53	മങ്ങാട്ടുപുറായിൽ - ഹരിജൻ കോളനി റോഡ്	3 മീ.
	54	ചുണ്ടകുന്ന് നാല്സെന്റ് കോളനി റോഡ്	3 മീ.
11	55	പെരിവില്ലി - ചെമ്മരതായി റോഡ്	3 മീ.
	56	വേനപ്പാറ - പയ്യോളി - അതൃക്കാട് റോഡ്	4 മീ.
	57	കായലുംപാറ - കണ്ണൻകോട് റോഡ്	-
	59	അമ്പലത്തിങ്കൽ - കായലുംപാറ റോഡ്	3 മീ.
	60	കാന്തോറ - എടക്കോട്ടുമല - കോൺവെന്റ് റോഡ്	3 മീ.
	61	പെരിവില്ലി - ഉമ്മാത്തപ്പറമ്പ് റോഡ്	3 മീ.
	62	പെരിവില്ലി - തട്ടാരമ്മൽ റോഡ്	3.5 മീ.

മേൽപറഞ്ഞ കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്ത് പരിധിക്കകത്ത് നിർമ്മാണം പൂർത്തിയാക്കിയതും എന്നാൽ പുനർനിർമ്മാണം നടത്തേണ്ടതുമായ റോഡുകൾ 62 എണ്ണമാണെന്ന് കാണാൻ കഴിയും. ഈ പട്ടികയിൽ കാണുന്ന റോഡുകളുടെ വീതി പഞ്ചായത്തിലെ റോഡ് രജിസ്ടർ നോക്കിയും മെമ്പർമാരാൽ ചർച്ചനടത്തിയും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വാർഡിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ എവിടെയെല്ലാമാണ് പുതിയ റോഡുകൾ നിർമ്മിക്കേണ്ടത് എന്ന് B പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വാർഡ്, എണ്ണം, ക്രമനമ്പ്, പേര്, മനുഷ്യപ്രയത്നം കാണിച്ചിരിക്കുന്നു.

B പട്ടിക

വാർഡ്	നമ്പർ	ക്രമനമ്പർ	പേര്	ജനപങ്കാളിത്തം
1	1	1	തടത്തിമ്മേൽ-കണക്കഞ്ചേരി റോഡ്	50
	2	2	തടത്തിമ്മൽ-അരീക്കര-ആലുംതറ റോഡ്	650
	3	3	കാടംകുന്നി-ഇരട്ടക്കുളങ്ങര റോഡ്	30
	4	4	ചുടലക്കണ്ടി-നടമ്മൻ പൊയിൽ റോഡ്	50
	5	5	അമ്പലക്കണ്ടി-എടവണ്ണപൊയിൽ റോഡ്	50
2	1	6	അയനിക്കാട്ട്-ജാഗംകണ്ടി-എലത്തൂർ കോളനി	75
	1	7	നാഗാളികാവ്-താഴെ ഓമശ്ശേരി കല്ലുപാലം	100
	2	8	ജാഗംകണ്ടി പുത്തൂർ റോഡ്	50
	3	9	വെള്ളച്ചാലിൽ നാഗാളികാവ്	75
	4	10	ഓമശ്ശേരി-പുറായിൽ-മുണ്ടുപാറ	50
	5	11	വരിക്കാൽ-എടക്കോട്ട് റോഡ്	40
	6	12	ഓമശ്ശേരി-ആമ്പ്രകുന്ന്-നാഗാളികാവ്	75
	7	13	കച്ചേരിക്കണ്ടി-എടക്കോട്ട് നടപ്പാത	30
4	1	14	ചീനത്തുംകുഴി-നായാട്ടുപാറ	150
	2	15	വാര്യംകണ്ടി-മേലാമ്പ്ര	75
	3	16	ലക്ഷംവീട് റോഡ്	40
5	1	17	നായാട്ടുപാറ കണ്ണൻകോട്	200
	2	18	നായാട്ടുപാറ - കണ്ണൻകോട് കോളനി	100
	3	19	വാഗമ്മൽ-അരിപ്പുറത്ത്	100
	4	20	മുടൂർ-ഓട്ടക്കാഞ്ഞിരത്തിങ്കൽ	50
	5	21	പുത്തൂർവയൽ-മങ്ങാട്-പുത്തൂർ	100
	6	22	4ഉം 5ഉം വാർഡിന് മദ്ധ്യേയുള്ള ഇടവഴി	50
	7	23	അരീക്കൽ മുതൽ കോളനി വരെ	50
6	1	24	കുളത്തക്കര-കാവുങ്കൽ റോഡ്	50
7	1	25	പുനത്തിൽവയൽ-ചെന്നിമ്മൽ ചാലിൽ	75
8	1	26	എലിയാപാറ-പനമ്പങ്കെടി	75
	2	27	മുടൂർ-പനമ്പങ്കെടി കോളനി	50
	3	28	ചക്കിക്കാവ്-മണത്തിൽ	70
	4	29	തട്ടാഞ്ചേരി റോഡ്	75
	5	30	മുടൂർ-പനമ്പങ്കൊടി	60
9	1	31	മണിമുണ്ട റോഡ്	100
	2	32	അമ്പലക്കുന്ന് ഭാഗത്തേക്ക്	50
10	1	33	മുടൂർ-മാവുള്ളകണ്ടം	100
	2	34	പടിഞ്ഞാറയിൽ കണ്ണങ്കോട് IHDP കോളനി	75
	3	35	മങ്ങാട്ട് പുറായിൽ-ഹരിജൻ കോളനി	75
	4	36	പന്നിയംകുഴി-മുടൂർ എസ്റ്റേറ്റ്	60
	5	37	എരഞ്ഞോറകുന്ന്-വേനപ്പാറ	50
	6	38	ചുണ്ടക്കുന്ന് 4 സെൻറ് പാറപ്പുറം റോഡ്	75
	7	39	ചാമോറ ലക്ഷംവീട് കോളനി റോഡ്	50
	8	40	കണ്ണങ്കോട് മല-ശ്മശാനം റോഡ്	50
11	1	41	കായലുംപാറ-കണ്ണൻകോടം	75
	2	42	പടിക്കൽവയൽ-ചെട്ട്യൻമന്മൂല-ചിറക്കൽ	100

(അവലംബം ഗ്രാ.സ. റിപ്പോർട്ടുകൾ)

B പട്ടിക പരിശോധിച്ചാൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തന്നെ പുതിയ റോഡുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു എന്നും അതിനുവേണ്ടി ജനങ്ങൾ നൽകുന്ന സേവനത്തിന്റെ സ്വഭാവവും മനസ്സിലാക്കാനും കഴിയും.

പഞ്ചായത്തിൽ നിലവിലുള്ള മൺറോഡുകളും മെറ്റൽ റോഡുകളും ടാർ ചെയ്യണമെന്ന നിർദ്ദേശവും ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. അവ C പട്ടികയിൽ വാർഡ് അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തിയിരിക്കുന്നു

C പട്ടിക

വാർഡ്	നമ്പർ	ക്രമനമ്പ്രം	പേര്	റോഡിന്റെ സ്വഭാവം	നീളം കി.മീ.	വീതി മീ.
1	1	1	വെണ്ണക്കോട്-ലക്ഷംവീട് കോളനി റോഡ്	മൺറോഡ്	1 കി.മീ.	4 മീ.
	2	2	ഏച്ചിക്കുന്ന്-കരിമ്പനക്കൽ റോഡ്	,,	-	-
2	1	3	നടമ്മൻപൊയിൽ-കളത്തുവയൽ-അമ്പലക്കണ്ടിറോഡ്	,,	2.5 കി.മീ.	3 മീ.
	2	4	അയനിക്കാട്-കയ്യേലിമുക്ക്	,,	-	4 മീ.
	3	5	നടമ്മൻപൊയിൽ, മാതോലത്ത് കടവ്-ആലുംതറ	,,	3 കി.മീ.	6 മീ.
3	1	6	പുറായിൽ - മുണ്ടുപാറ റോഡ്	മൺറോഡ്	1.5 കി.മീ.	5 മീ.
4	1	7	കുലിക്കപ്ര - തെച്ച്യാട്	,,	11.5 കി. മീ.	8 മീ.
5	1	8	മുടൂർ - പാലകുന്ന്	,,	-	-
	2	9	നായാട്ടുപാറ - കണ്ണൻകോട്	,,	400 മീ.	3. മീ.
	3	10	മങ്ങാട് - പുത്തൂർ	,,	1.5 കി.മീ.	3 മീ.
	4	11	ഓമശ്ശേരി-അരീക്കൽ കണ്ണൻകോട്	,,	2 കി. മീ.	6 മീ.
	5	12	അരീക്കൽ-കോളനി റോഡ്	മെറ്റൽ	700 മീ.	5 മീ.
	6	13	മങ്ങാട് - അരീക്കൽ	മൺറോഡ്	1 കി.മീ.	3 മീ.
	7	14	മുടൂർ - വെളിമണ്ണ	,,	1 കി.മീ.	3 മീ.
	8	15	ഓമശ്ശേരി - കഴച്ചിക്കോട്ടുചാലിൽ	,,	1 കി.മീ.	3 മീ.
6	1	16	ഓമശ്ശേരി - മാനിപുരം	ടാർറോഡ്	1 കി.മീ.	3മീ.
	2	17	മക്കാട്ട്കടവ്-വെളിമണ്ണ റോഡ്	മൺറോഡ്	2 കി.മീ.	5 മീ.
	3	18	കുന്നത്ത്-കാവുങ്കൽ റോഡ്	,,	കി.മീ.	3 മീ.
	4	19	മക്കാട്ട്കടവ്-പാലാടൻ കണ്ടി	,,	1 കി.മീ.	3 മീ.
	5	20	മഠത്തിൽ-ഇടിവെട്ടിമ്മൽ റോഡ്	,,	0.5 കി.മീ.	3 മീ.
7	1	21	മേപ്പള്ളി-പാലക്കുന്ന് റോഡ്	1.5 കി.മീ.	3മീ.	
	2	22	വെളിമണ്ണ-പോർങ്ങോട്ടൂർ റോഡ്	,,	1.5 കിമീ.	3മീ.
	3	23	വെളിമണ്ണ-ചാത്തംകണ്ടി റോഡ്	1കിമീ.	4 മീ.	
	4	24	പുത്തൂർ-വെളിമണ്ണ-കൂടത്തായി	ടാർറോഡ്	5 കി.മീ.	6 മീ.
8	1	25	പുൽപറമ്പ് - മണ്ണാത്തിക്കടവ്	മൺറോഡ്	.5 കി.മീ.	3 മീ.
	2	26	വെളിമണ്ണ-പുഴ്ചരത്തിൽ റോഡ്	,,	1 കി.മീ.	3 മീ.
9	1	27	അമ്പലക്കുന്ന് -ചാമോറ	,,	1 കി.മീ.	3 മീ.
	2	28	കൂടത്തായി - ചാമോറ റോഡ്	,,	1 കി. മീ.	3 മീ.
	3	29	കൂടത്തായി -കരിങ്ങാപൊയിൽ		600 മീ.	3 മീ.
	4	30	പുവ്വോട്ട് ഭാഗം റോഡ്	,,	0.5 കി. മീ.	3 മീ.
10	1	31	വേനപ്പാറ-കാട്ടുമുണ്ട-ചുണ്ടകുന്ന്-മൈക്കാവ്	ടാർ, മൺ	5 കി.മീ.	6 മീ.
	2	32	മുടൂർ - കാട്ടുമുണ്ട റോഡ്ൺറോഡ്	2 കി.മീ.	3 മീ.	
	3	33	കാട്ടുമുണ്ട - കൊല്ലപ്പടി റോഡ്	,,	2 കി. മീ.	3 മീ.
	4	34	ചുണ്ടകുന്ന്-മണിപ്പാൽ റോഡ്	മെറ്റൽ റോഡ്	1.5 കി.മീ.	6 മീ.
11	1	35	വേനപ്പാറ എച്ച് എസ്. റോഡ്	മൺറോഡ്	100 മീ.	3മീ.
	2	36	വേനപ്പാറ പി.എച്ച്.സി.- താഴെപെരിവില്ലി	,,	1 കി. മീ.	4 മീ.
	3	37	പെരിവില്ലി-കാട്ടുമുണ്ട റോഡ്	ടാർ, മൺ	1 കി. മീ.	6 മീ.
	4	38	കാപ്പാട്ട്ജംഗ്.-പെരിവില്ലി ഹരി. കോളനി	മൺ	0.5കി. മീ.	2.5 മീ.
	5	39	അമ്പലത്തിങ്ങൽ-കല്ലുരുട്ടി	,,	2 കി. മീ.	4 മീ.
	6	40	വേനപ്പാറ-പച്ചക്കാട് റോഡ്	,,	0.5 കി. മീ.	3 മീ.

(അവലംബം : ഗ്ര. സ. റിപ്പോർട്ടുകൾ)

പട്ടികയിൽ വന്ന റോഡുകൾ കാണുന്ന മൺറോഡുകളും മെറ്റൽ റോഡുകളും ടാർ ചെയ്യുന്നതിന് ജനകീയ സഹകരണവും ഗ്രാമസഭകൾ തന്നെ വാഗ്ദാനം ചെയ്തിട്ടുണ്ട്.

എല്ലാ വാർഡുകളിൽ നിന്നും നടപ്പാടതകളും ഇടവഴികളും റോഡുകളാക്കിമാറ്റണമെന്ന് നിർദ്ദേശം വന്നിട്ടുണ്ട്. ഇടവഴികൾ കല്ലുകൾ പതിച്ച് ഗതാഗതയോഗ്യമാക്കണമെന്നും മഴക്കാലത്ത് ഇവ നശിച്ചുപോവാത്തരത്തിൽ സംരക്ഷിക്കണമെന്നും അഭിപ്രായപ്പെടുന്നു. കൂടാതെ നിർമ്മാണം കഴിഞ്ഞ പലറോഡുകളിലും കലുങ്കുകൾ നിലവിലില്ലാത്തത് ഗതാഗതസൗകര്യത്തെ കാര്യമായി ബാധിക്കുന്ന പ്രശ്നമായതിനാൽ അവ ഉടനടി നിർമ്മിക്കേണ്ടതാണെന്നും ഗ്രാമസഭകൾ നിർദ്ദേശിക്കുന്നു. മൺറോഡുകളിലെ മണ്ണൊലിപ്പുകൾ തടയുന്നതിന് കാനകൾ നിർമ്മിക്കേണ്ടതാണെന്നും അഭിപ്രായം ഉണ്ട്.

പൊതുവെ കുന്നിൻ പ്രദേശം ഉൾക്കൊണ്ട ഈ പഞ്ചായത്തിൽ മലമുകളിലേക്ക് റോഡുകൾ നിർമ്മിക്കുക എന്നത് പ്രയാസകരമായ കാര്യമാണ്. പുതിയ റോഡുകൾ വെണമെന്ന ആവശ്യം പരിഗണിക്കുമ്പോൾ പലപ്രദേശങ്ങളിലും റോഡിന് ആവശ്യമുള്ള സ്ഥലവും മനുഷ്യാധ്വാനവും സാമ്പത്തിക സഹായംപോലും തദ്ദേശവാസികൾ നൽകാൻ തയ്യാറായത് അഭിനന്ദനാർഹമാണ്.

പല വാർഡുകളിലും ബസ്സ്റ്റോപ്പുകൾ അനുവദിച്ചുകിട്ടുന്നതിനുവേണ്ടിയും ഗ്രാമസഭകൾ മുഖേനെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

വാഹനഗാതാഗതം തീരെ ഇല്ലാത്ത സ്ഥലങ്ങളിൽ വസ്സർവ്വീസ് ആരംഭിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും നിർദ്ദേശം വന്നിട്ടുണ്ട്.

ഫയർസ്റ്റേജ് നിലവിലുള്ള സ്ഥലങ്ങളിൽ നിന്ന് അടുത്ത സ്ഥലങ്ങളിലേക്ക് മാറ്റണമെന്നതാണ് മറ്റൊരു നിർദ്ദേശം.

ബസ് വെയിറ്റിഗ് ഷെഡുകൾ നിർമ്മിക്കുന്നതിനെപ്പറ്റിയും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

ഫണ്ടിന്റെ പരിമിതിയും പ്രയോജനത്തിന്റെ തീവ്രതയും മനസ്സിലാക്കി അതാത് ഗ്രാമസഭകൾ തന്നെ അവ ചിട്ടപ്പെടുത്തേണ്ടതാണ്.

ബൈപ്പാസ് റോഡുകളും ഫുട്പാത്തുകളും റോഡുകളിലെ ഇരുവശങ്ങളിലേയും കാനകളും നിർമ്മിക്കുന്നതിനെപ്പറ്റിയും പരാമർശങ്ങൾ ഉണ്ട്.

ഇവയൊക്കെ യഥാസമയം നടത്തുന്നതിന് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. റോഡുകൾ നാടിന്റെ പുരോഗതിക്ക് വഹിക്കുന്ന പങ്ക് സുപ്രധാനമാണെന്ന ഒറ്റക്കാരണത്താൽ ജനകീയ പങ്കാളിത്തത്തോടെ ഇവ സമീപഭാവിയിൽ നടപ്പാക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

തയ്യാറാക്കിയത്:

കെ.വി. കൃഷ്ണനുണ്ണി
സി.കെ. ഖദീജ
അബ്ദുൾ ലത്തീഫ്. എ.കെ.

ഊർജ്ജം

ഏകദേശം 30 വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിലെ ഏതാനും വീടുകളിൽ ബൾബുകൾ പ്രകാശിച്ചതോടെയാണ് ആധുനിക പുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി ഇവിടെ കടന്നുവന്നത്. നീണ്ട 35 വർഷങ്ങൾ കടന്നുപോയെങ്കിലും പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. ഇലക്ട്രിസിറ്റിയുടെ ഒരു മേജർ സെക്ഷൻവരെ സാധ്യത ഉണ്ടായിട്ടും വൈദുതി ബോർഡിന്റെ ഒരു ഓഫീസുപോലും ഇവിടെ പ്രവർത്തിക്കുന്നില്ല.

കോഴിക്കോട് ജില്ലയിലെ 220 കെ. വി. നല്ലളം സബ്ബ് സ്റ്റേഷനിൽ നിന്നും 66കെ.വി. പെരുമ്പള്ളി സബ്ബ് സ്റ്റേഷനിൽ നിന്നുമാണ് ഓമശ്ശേരി പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. തിരുവമ്പാടി, മുക്കം, കുന്നമംഗലം, കൊടുവള്ളി, താമരശ്ശേരി എന്നീ അഞ്ച് സെക്ഷൻ ഓഫീസുകളിൽ നിന്നുമാണ് ഇവിടെ വൈദ്യുതി വിതരണം നടത്തുന്നത്. ഇന്നത്തെ അവസ്ഥയിൽ ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾ വൈദ്യുതി ചാർജ് അടക്കുന്നതിന് വേണ്ടി പഞ്ചായത്തിന്റെ പരിധിക്ക് അപ്പുറത്ത് സ്ഥിതിചെയ്യുന്ന ഓഫീസുകളിൽ എത്തിച്ചേരാൻ 6മുതൽ 15 കിലോമീറ്റർ വരെ യാത്രചെയ്യേണ്ടി വരുന്നു. മുവ്വായിരത്തി അഞ്ഞൂറോളം വൈദ്യുത ഉപഭോക്താക്കൾ ഉള്ളതിൽ 84.75% ഗാർഹിക ഉപഭോക്താക്കളും 11.44% വ്യാപാര ഉപഭോക്താക്കളും 0.98% വ്യവസായ ഉപഭോക്താക്കളും 2.83% കാർഷിക ഉപഭോക്താക്കളും ആണ്. (അവലംബം കെ. എസ്. ഇ. ബി. കണക്കുകൾ)

ഇപ്പോൾ നിലവിലുള്ള 12 ട്രാൻസ്ഫോർമറുകളിൽ പലതും അധികഭാരം വഹിക്കുന്നവയല്ല. കൂടാതെ നിലവിലുള്ള മീറ്ററുകളിൽ മിക്കവയും പ്രവർത്തനരഹിതവുമാണ്. പുതിയ കണക്കനുസരിച്ച് അപേക്ഷകൾ നൽകിയിട്ടും ഇനിയും പഞ്ചായത്തിൽ 396 കണക്ഷനുകൾ നൽകുവാൻ ബാക്കിയുണ്ട്.

പഞ്ചായത്തിൽ 9 ട്യൂബുകളും 9 സോഡിയം വേപ്പർ ലാമ്പുകളും അടക്കം 196 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തയിട്ടില്ല
2. വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ എല്ലാംതന്നെ പഞ്ചായത്തിന്റെ പരിധിക്ക് പുറത്തായതിനാൽ ഉപഭോക്താക്കൾക്കും ജനപ്രതിനിധികൾക്കും സാ

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളും
അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു.

നമ്പർ	പേര്	കപ്പാസിറ്റി	നമ്പർ	പേര്	കപ്പാസിറ്റി
1	ഓമശ്ശേരി - 1	250 KVA	7	കാട്ടുമുണ്ട	100 KVA
2.	ഓമശ്ശേരി - 2	100 KVA	8	തടത്തുമ്മൽ	100 KVA
3.	മുടൂർ	63 KVA	9	കൂടത്തായി	160 KVA
4.	വെളിമണ്ണ	100 KVA	10	കൂടത്തായി പമ്പ്ഹൗസ്	100 KVA
5.	നടമ്മപ്പൊയിൽ	100 KVA	11	ചുണ്ടകുന്ന്	63 KVA
6.	വേനപ്പാറ	160 KVA	12	പൂളപ്പൊയിൽ	100 KVA

(അവലംബം : KSEB റിപ്പോർട്ട്)

മൂഹ്യപ്രവർത്തകർക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിഷമം അനുഭവപ്പെടുന്നു.

3. പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ ഒന്ന് മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.

4. പ്രേക്ഷണവിതരണ രംഗത്തെ ബോർഡിന്റെ അശ്രദ്ധ പലപ്പോഴും വൈദ്യുതിവിതരണംത്തെ തടസ്സപ്പെടുത്തുന്നു. പ്രത്യേകിച്ച് മരച്ചില്ലകൾ മുറിക്കാതിരിക്കൽ, അത്യാവശ്യമായ പ്രവർത്തനം നടത്താതിരിക്കൽ മുതലായവ.

5. ഒരു വാർഡിൽ ശരാശരി 17.50 എന്ന നിലയിലേ സ്ട്രീറ്റ് ലൈറ്റുകൾ ഉള്ളൂ.

6. വൈദ്യുത ബോർഡിന്റെ രജിസ്ട്രറുകളിൽ കാണുന്ന കണക്കിനേക്കാൾ വൈദ്യുതി ഉപയോഗം കൂടുതലാണ് നടക്കുന്നത്.

7. സ്റ്റെപ്പ്-അപ്പ് ഉപയോഗം വോൾട്ടേജ് കുറവിനെ വല്ലാതെ ബാധിക്കുന്നുണ്ട്.

8. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച പരാതി ഉള്ളവരാണ്. അതിനാൽ തന്നെ സിംഗിൾ ഫേസ് ലൈറ്റുകൾ ത്രീ ഫേസ്സ് ലൈനുകളാക്കി മാറ്റാനും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും ഉള്ള ആവശ്യം എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

9. ബോർഡ് ജീവനക്കാരുടെ അനാസ്ഥയും പ്രശ്നങ്ങൾ പരിഹരിക്കാറുള്ള വിമുഖതയും അഴിമതിയും വിഷമങ്ങൾ വർദ്ധിപ്പിക്കുന്നവയാണ്.

സാദ്ധ്യതകൾ

ഇന്നത്തെ അവസ്ഥയിൽ വൈദ്യുതിബോർഡിലെ ഓഫീസുകളിലെ കണക്കുകളിൽ കാണുന്നതിനേക്കാൾ വൈദ്യുതി കൂടുതലായാണ് ഉപയോഗിക്കുന്നത്. സമ്പന്ന കുടുംബങ്ങളിൽ അധികവും സ്റ്റെപ്-അപ്പുകൾ ഉപയോഗിക്കുന്നതിനാൽ ശേഷിക്കുന്ന ഉപഭോക്താക്കൾക്ക് വോൾട്ടേജ് ക്ഷാമം സ്ഥിരം പ്രശ്നമാണ്. കൂടാതെ പ്രേക്ഷണ വിതരണരംഗത്തെ തകരാറുകൾ വൈദ്യുതി നഷ്ടത്തിനും കാരണാകുന്നു. മരക്കൊമ്പുകൾ മുതലായവ തട്ടി വിതരണം നിന്നുപോകുന്നത് നിത്യസംഭവമാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ പ്രാദേശികതലത്തിൽ തന്നെ സംവിധാനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

ഗ്രാമസഭകളിൽ സ്ട്രീറ്റുലൈറ്റുകൾക്ക് വേണ്ട നീണ്ട പട്ടിക തന്നെ കാണാൻ കഴിയുന്നു. ആവശ്യത്തിന്റെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു.

ഗ്രാമസഭകളിൽ നിന്ന് തന്നെ ബോർഡു ജീവനക്കാരുടെ അനാസ്ഥയെപ്പറ്റിയും അഴിമതിയെപ്പറ്റിയും ഉള്ള പരാതി ഉരുത്തിരിഞ്ഞ് വന്നിട്ടുമുണ്ട്. എന്നാൽ വൈദ്യുതി ബോർഡിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി കൈക്കൊള്ളുക, ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനക്ക് വിധേയമാക്കുക, തദ്ദേശ സ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ അതത് തലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുക തുടങ്ങിയ പരാതികൾക്ക് പരിഹാരം കാണുക അസാധ്യമാണ്.

പഞ്ചായത്തിന്റെ മുഴുവൻ ഭാഗവും ഒന്നിച്ച് ചേർത്ത് ഒരേ ഓഫീസിനു കീഴിൽ പ്രവർത്തനം നടത്തണമെന്ന ഉപഭോക്താക്കളുടെ നിരന്തരമായ ആവശ്യത്തിന് ഇന്നുവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ അടിയന്തിരമായി വൈദ്യുതിക്ക് വേണ്ടി ചെയ്യേണ്ട ലൈൻ പ്രവർത്തനവും അവയോട് ബന്ധപ്പെട്ട ചിലവുകളും ജനവിഹിതവും സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന അഭിപ്രായങ്ങൾ വാർഡ് തിരിച്ച് പട്ടികപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിൽ 95% വീടുകളിലും പാചകത്തിന് വിറക് തന്നെയാണ് ഉപയോഗിക്കുന്നത്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം നടത്തുന്നവൻ വളരെ കുറവാണ്. പുകയില്ലാത്ത അടുപ്പുകളുടെ എണ്ണവും പേരിന് മാത്രമേ ഉള്ളൂ. സോളാർ വിളക്കുകൾ ഇവിടെ പ്രവർത്തിക്കുന്നില്ല എന്ന് തന്നെ പറയാം. പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും സോളാർ വിളക്കുകളെപ്പറ്റിയും അറിവുള്ളവർ ഇവിടെ ഉണ്ടായിരുന്നിട്ടും അതിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ തക്ക ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

വാർഡ്, പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ, ദൂരം, ലൈനിന്റെ സ്വഭാവം, ചിലവ്, ജനവിഹിതം

വാർഡ്	പുതിയലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ	ദൂരം	ലൈനിന്റെ സ്വഭാവം	പ്രതീക്ഷിക്കുന്ന ചിലവ്	ജനവിഹിതം	
					രൂപം	സംഖ്യ
1.	ചന്താർവീട് കോളനി	11/2കി.മി.	1ഫേസ്	25000	50മനുഷ്യ പ്രയത്നം	5000
	പിലാത്തോട്ടം അരിയക്കര	1കി.	1കൃ	16000	20മ.പ്ര	2500
	തുവ്വക്കുഴി കോളനി	1/2കി.മി.	1കൃ	18000	15മ.പ്ര	1000
	കൊട്ടുവാപ്പടി-ഇടത്തിത്താഴെ	1/2കി.മി.	1കൃ	15000	15മ.പ്ര	2500
	ചുടലക്കൽ ലക്ഷംവീട്	1കി.മീ.	1കൃ	30000	15മ.പ്ര	1000
2.						
3.	മണ്ണിൽതൊടിക	1/2കി.മി	1കൃ	20000	15മ.പ്ര	2000
	ചോക്കൂർ	1/2കി.മി	1കൃ	20000	15മ.പ്ര	2500
	മാളികപുറായിൽ-കാപ്പുകുന്നുമ്മൽ	1/2കി.മി	1കൃ	22000	10മ.പ്ര	2000
	പന്നങ്ങആട്-കപ്പലാട്ട്ഭാഗം	3/4കി.മി	1കൃ	25000	10മ.പ്ര	2500
4.	ഓങ്ങലോറ-ചിനത്തുംകുഴി-കുളത്തുമീത്തൽ	3/4കി.മി	1കൃ	25000	20മ.പ്ര	5000
	മാമ്പിടിച്ചാൽ ലക്ഷംവീട്	1/2കി.മി	1കൃ	20000	5മ.പ്ര	
5.	നായാട്ടുപാറ-കണ്ണൻകോട്	400മീ.	1കൃ	25000	25മ.പ്ര	10000
	മങ്ങാട്-കായക്കോട്ട്കുന്ന്	200മീ	1കൃ	20000	15മ.പ്ര	6000
	കണ്ണൻകോട് ഹരിജൻകോളനി നായാട്ടുപാറ	250മീ	1കൃ	20000	10മ.പ്ര	
	മങ്ങാട്ട്-കൈതക്കൽ	300മീ	1കൃ	20000	10മ.പ്ര	3000
6.	കുഴിക്കണ്ടം-പുറായിൽ-പെരുമയിൽ	500മീ	1കൃ	30000	20മ.പ്ര	5000
	പാലക്കൽ	400മീ	1കൃ	50000	30മ.പ്ര	10000
	കണിയാർകണ്ടം-നടമ്മൽപൊയിൽ	300മീ	1കൃ	28000	20മ.പ്ര	3000
	ഇടിവെട്ടിമ്മൽ	300മീ.	11കെ.വി	50000	25മ.പ്ര	4000
	പുല്ലംകോട് ഹരിജൻകോളനി	350മീ	11കെ.വി	50000	25മ.പ്ര	5000
	നെല്ലുളിച്ചാൽ-ചുടലക്കണ്ടി-പള്ളിക്കണ്ടി	300മീ	1കൃ	30000	20മ.പ്ര	5000
	കരുമ്പാരുകുഴി	400മീ	1കൃ	40000	25മ.പ്ര	5000
7.	കൊയിലാട്ട്-പാലക്കുന്ന്	1/2കി.മി	1കൃ	30000	20മ.പ്ര	5000
8.	എലിയംപാറമല	1കി.മി	1കൃ	50000	10മ.പ്ര	5000
	തട്ടാഞ്ചേരി	3/4കി.മി	1കൃ	40000	15മ.പ്ര	6000

വാർഡ്	പുതിയലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ	ദൂരം	ലൈനിന്റെ സ്വഭാവം	പ്രതീക്ഷിക്കുന്ന ചിലവ്	ജനവിഹിതം	
					രൂപം	സംഖ്യ
	കൂട്ടങ്ങോത്ത് ഹരിജൻകോളനി	11/2കി.മി	1ക്യു	50000	15മ.പ്ര	6000
	പനമ്പംകൊടി ഹരിജൻകോളനി	11/2കി.മി	11കെ.വി.	60000	20മ.പ്ര	-
	പുഴിഞ്ചെരത്തിൽ ഹരിജൻകോളനി	1കി.മി	11കെ.വി	50000	20മ.പ്ര	-
	വെള്ളച്ചാലിൽ	3/4കി.മി	1ക്യു	35000	15മ.പ്ര	5000
	മേപ്പള്ളികുടുക്കിൽ	1/2കി.മി	1ക്യു	25000	20മ.പ്ര	5000
9.	അമ്പലകുന്ന്-കായക്കുന്ന്ഭാഗം	1കി.മി	1ക്യു	40000	25മ.പ്ര	5000
	പുവോട്ടിൽ നാല്സെൻറ്കോളനി	1/2കി.മി	11കെ.വി	50000	20മ.പ്ര	-
10.	ചാമോഗ-ചുണ്ടക്കുന്ന് ലക്ഷംവീട്					
	കോളനി, നാല്സെൻറ്കോളനി	1/2കി.മി	11കെ.വി	50000	25മ.പ്ര	-
	ചുണ്ടക്കുന്ന് പി.എച്ച്.സി	100മീ	1ക്യു	5000	-	-
	മങ്ങാട് പുറായിൽ കോളനി	500മീ	11കെ.വി	40000	20മ.പ്ര	-
	കണ്ണൻകോട്മല IHDP കോളനി	1കി.മി	11കെ.വി		50000	25മ.പ്ര-
	മൂടൂർ പി.എച്ച്.സി	100മീ	1ക്യു	5000	-	-
	പാറപ്പുറം നാല്സെൻറ്കോളനി	150മീ	11കെ.വി	25000	10മ.പ്ര	-
11.	ചൂരപ്പറ-എടക്കോട്ട്മല					
	കണ്ണൻകോട് മല	11/2കി.മി	11കെ.വി	55000	20മ.പ്ര	-
	വേനപ്പാറ പി.എച്ച്.സി	-	1ക്യു	1000	-	-

വൈദ്യുതി വിതരണരംഗത്തെ കാലതാമസം ഒഴിവാക്കുന്നതിനും വൈദ്യുതിയുടെ അമിത ഉപയോഗം തടയുന്നതിനും വൈദ്യുതിബോർഡിന്റെ സഹകരണത്തോടെ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അതോടൊപ്പംതന്നെ വൈദ്യുതിബോർഡ് ജീവനക്കാരും ഉപഭോക്താക്കളും തമ്മിൽ നല്ല രീതിയിൽ ഉള്ള ഒരു സമീപനത്തിന് മുൻകൈ എടുക്കണമെന്നും നിർദ്ദേശം വന്നിട്ടുണ്ട്.

പൊതുവെ സൂര്യപ്രകാശം ധാരാളമായി കിട്ടുന്ന ഈ പഞ്ചായത്തിൽ സൂര്യപ്രകാശത്താൽ പ്രവർത്തിക്കുന്ന സോളാർ ലാമ്പുകൾക്ക് കൂടുതൽ പ്രചരണം നൽകി വൈദ്യുതിക്ഷാമത്തിന് പരിഹാരം കാണാൻ പഞ്ചായത്ത് തലത്തിത്തന്നെ സംവിധാനമുണ്ടായാൽ ഓമശ്ശേരി പഞ്ചായത്തിലെ വൈദ്യുതിക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ കഴിയുന്നതാണ്.

തയ്യാറാക്കിയവർ

കെ.വി. കൃഷ്ണനുണ്ണി
എ.കെ. അബ്ദുൾ ലത്തീഫ്
സി.കെ. ഖദീജ

സംസ്കാരം

ഏറെയൊന്നും പ്രകീർത്തിക്കാവുന്ന ഒരു സംസ്കാരിക പാരമ്പര്യത്തിനുടമകളല്ല ഈ ഗ്രാമവാസികളെന്ന തിരിച്ചറിവ് ഉന്നതമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിലെ മറ്റു പ്രാദേശിക പൈതൃകങ്ങളിൽ നിന്നും ഈ പഞ്ചായത്തിനെ വേറിട്ടുനിർത്തുന്നുവെന്നതാണ് യാഥാർത്ഥ്യം. എന്നിരുന്നാലും ഈ തിരിച്ചറിവിൽ നിന്നും ലഭ്യമാകുന്ന വിനയത്തിന്റെ ഭാഷയിൽ കുറിച്ചുവെക്കാവുന്നതും അഭിമാനപുരസ്സരം ചൂണ്ടിക്കാണിക്കാവുന്നതുമായ ഈ ഗ്രാമത്തിന്റെതെന്ന് അവകാശപ്പെടാവുന്ന 'ഒരു ഗ്രാമീണതനിമ' ഇന്നും ഇവിടെ അവശേഷിക്കുന്നുവെന്നത് ഏറെ സന്തോഷകരമാണ്. ഒമ്പതാം ശതകത്തിൽ പണികഴിപ്പിച്ചതെന്ന് പറയപ്പെടുന്ന ചോക്കൂർ ക്ഷേത്രവും ഭാഷാപണ്ഡിതന്മാരുടെ വിശകലന വൈഭവത്തിനു മുമ്പിൽ വഴങ്ങിക്കൊടുക്കാത്ത ചോക്കൂർ ശാസനകളും മാത്രമാണ് ഈ പ്രദേശത്തിന്റെ പൈതൃകത്തിന് തെളിവായി എടുത്ത് കാണിക്കാവുന്ന സാക്ഷ്യപത്രം. ഈ ക്ഷേത്രത്തോടനുബന്ധിച്ച് ഗണികസാമ്പ്രദായം നിലനന്നിരുന്നുവത്രെ.

കോട്ടയം തമ്പുരാക്കന്മാരുടെ അധീനതയിലായിരുന്ന ഈ പ്രദേശത്തെ ജനങ്ങൾ പുറം ലോക പ്രശ്നങ്ങളഇൽ നിന്നൊഴിഞ്ഞ്മാറി തങ്ങളുടെതായ 'സാമ്രാജ്യ'ത്തിൽ ഒതുങ്ങിക്കൂടുകയായിരുന്നുവെന്ന കണ്ടെത്തൽ മുൻതലമുറയോട് നീരസംതോന്നിക്കുന്നതിന് അവരുടെ പിൻഗാമികളായ ഇന്നിന്റെ മുറക്കാർക്ക് കരുത്ത് പകരുന്നില്ലയെന്നത് ഈ പ്രദേശത്തിന്റെ തനിമയിലേക്ക് തന്നെയാണ് വെളിച്ചംവീശുന്നത്. ശക്തമായ ഒരു നേതൃത്വത്തമോ പ്രസ്ഥാനബന്ധങ്ങളോ ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിവരെ ഓമശ്ശേരി പ്രദേശത്തിന് ഇല്ലാതെ പോയതിന്റെ പൊരുൾ തികച്ചും അജ്ഞാതമായിത്തന്നെ തുടരുന്ന ചരിത്ര പശ്ചാത്തലത്തിൽ നിഷ്കളങ്കരായ നമ്മുടെ പിതാമഹന്മാരിൽ നിന്നും ഏറെയൊന്നും ഈ കാലഘട്ടം പ്രതീക്ഷിക്കുന്നില്ലല്ലോ?

എന്നിരുന്നാലും ടിപ്പുവിന്റെ പടയോട്ടത്തിനുള്ള മാർഗ്ഗമായി ഈ ഗ്രാമത്തിന്റെ പാതകൾ ആദ്യകാലത്ത് ഉപയോഗിക്കപ്പെട്ടുവെന്നതും പട്ടാളക്കാരുടെ യാത്ര സുഗമമാക്കുന്നതിന് പണിതതെന്ന് പറയപ്പെടുന്ന പാലത്തിന്റെ അവശിഷ്ടങ്ങൾ കൂടത്തായി പുഴയിൽ ഇന്നും കാണപ്പെടുന്നുവെന്നതും ഈ പ്രദേശത്തിന് ചരിത്രപ്രസക്തിയിൽ അല്പമെങ്കിലും സ്ഥാനം നൽകാതിരിക്കില്ല എന്നത് തീർച്ചയാണ്.

ജന്മി-നാടുവാഴിത്ത സമ്പ്രദായം ഈ പ്രദേശങ്ങളിൽ രൂഢമൂലമായി സ്വാധീനം ചെലുത്തിയിരുന്നു. ഹിന്ദു-മുസ്ലിം കുടുംബങ്ങളിലെ പ്രമാണിമാരായ ആറോളം ജന്മിമാരുടെ കീഴിലായിരുന്നു ഈ പ്രദേശം. ജന്മിമാരിൽ നിന്നും നിശ്ചിതപാട്ടത്തിന് ഈ ഭൂമി ഏറ്റുവാങ്ങിയ കുടിയാന്മാർക്ക് പാട്ടംപോലും കാര്യമായി നല്കാൻ കഴിയാതെവരികയും ഇതിനെത്തുടർന്ന് അവർ അനുഭവിച്ച ദുരിതങ്ങളും ഏറെയാണ്. കുടിയാന്മാരിൽനിന്നും ഏക്കറിന് 50 പറവരെ പാട്ടം ഈടാക്കിയിരുന്നതായി പഴമക്കാർ പറയുന്നു. പാട്ടഭൂമിയിലെ വിഭവങ്ങളിൽ (കുഴിക്കൂറ്) നിന്നും എടുത്ത്വെയ്പ് കഴിച്ചു ബാക്കി വസ്തുവകകൾ അനുഭവിക്കാനുള്ള അധികാരം കുടിയാന്മാർക്ക് ലഭിച്ചിരുന്നുവെങ്കിലും ജന്മിമാരുടെ ഉല്പന്നങ്ങളുടെ "തെരഞ്ഞുവെട്ടൽ" ഒരു ഭീഷണിയായി കുടിയാന്മാർ കണ്ടിരുന്നു.

സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ മലബാർ ലഹള ഓമശ്ശേരി പ്രദേശത്ത് വർഗ്ഗീയലഹളയായി മാറിയെന്നത് ചരിത്രത്തിലെ ദുരന്തപ്രശ്നങ്ങളിലൊന്നായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഈ സംഭവത്തിൽനിന്നും ലഭ്യമാകുന്ന ഗുണപാഠം പരസ്പരസൗഹാർദ്ദമായ അന്തരീക്ഷത്തിൽ കഴിഞ്ഞുകൂടുന്നതിന് ഈ നാട്ടിലെ ജനങ്ങൾക്ക് പ്രചോദനമേകിയിട്ടുണ്ട്. 1940കൾക്കു മുമ്പ് ഹിന്ദു-മുസ്ലിം മതവിഭാഗങ്ങളിൽപെട്ടവരായിരുന്നു ഇവിടുത്തെ പ്രധാന നിവാസികൾ. പ്രധാന മതങ്ങളുടെ ജാതികളും ഉപജാതികളും ഇവിടെ ഉണ്ടായിരുന്നുവെങ്കിലും പട്ടികവർ

ഗ്ഗവിഭാഗത്തിൽപെട്ട ആളുകൾ അന്നും ഇന്നും ഈ പഞ്ചായത്തിലില്ല. 1940കളോടെ ആരംഭിച്ച ക്രിസ്തീയ കുടിയേറ്റം ഈ നാടിന്റെ സാംസ്കാരിക-വിദ്യാഭ്യാസരംഗത്ത് ഒരു പുത്തനുണർവ് സൃഷ്ടിക്കുകയുണ്ടായി.

മലയോരപ്രദേശങ്ങളിൽ (കൂടത്തായി, വേനപ്പാറ) തിരുവിതാംകൂറിന്റെ സംസ്കാരം പൊന്നുവിളയിച്ചപ്പോൾ ഇന്നാട്ടിലെ ഹൈന്ദവ-മുസ്ലിം-ക്രൈസ്തവ സഹോദരർ ഒരു പുത്തൻ വികസനസമവാക്യത്തിന് രൂപംനൽകുകയായിരുന്നു. ഇന്ന് ജാതിമതഭേദമന്യേ ദുഃഖസന്തോഷങ്ങളിൽ പങ്കുചേർന്ന് ജീവിക്കുന്ന ഓമശ്ശേരി ഗ്രാമത്തിലെ ജനത വരുംകാലങ്ങളിൽ ഈ നാടിന് അഭിമാനിക്കാൻ വകനൽകുന്ന ഒരു ഉന്നത സംസ്കാരം പടുത്തുയർത്തുകതന്നെ ചെയ്യുമെന്ന് നമുക്കുറപ്പിക്കാം.

പ്രാചീന ആചാരാനുഷ്ടാന കലാരൂപങ്ങൾ പലതും ഇന്ന് അന്യംവന്നുപോയിട്ടുണ്ടെങ്കിലും ഇവയെക്കുറിച്ചോർത്ത് അഭിമാനംകൊള്ളുന്ന പഴമക്കാർ ഇന്നും നാട്ടിലുണ്ട്. തെയ്യം, തിറ, ദഫ്മുട്ട്, കോൽകളി, തുടികൊട്ട്, വില്ലടിച്ചാംപാട്ട്, നാഗപാട്ട്, അയ്യപ്പൻ വിളക്ക്, പാലും വെള്ളരി, വെരിക്കള, വെള്ളാട്ട്, പൊടിയരി, ആണൂട്ട് എന്നിങ്ങനെയുള്ള ആചാരാനുഷ്ടാനങ്ങളും കലാരൂപങ്ങളും ഇവിടെ നിലനിന്നിരുന്നു. എന്നാൽ ഇവയിൽ പലതും ഇന്ന് ഓർമ്മമാത്രമാണ്. ആധുനികതയുടെ കടന്നുകയറ്റം ഈ കലാരൂപങ്ങളെ അന്യവൽക്കരിച്ചുകൊണ്ടിരിക്കയാണ്.

ആദ്യകാലത്ത് തന്നെ ഹൈന്ദവ മുസ്ലിം ആരാധനാലയങ്ങൾ ജനങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമായി ഇവിടെ ഉയർന്നുവരികയുണ്ടായി. ചോക്കൂർ ശിവക്ഷേത്രം, കുലികപ്ര ശിവക്ഷേത്രം, മങ്ങാട് ശ്രീസുബ്രഹ്മണ്യക്ഷേത്രം, കൂടത്തായി ശ്രീതൃക്കരിങ്ങമണ്ണ ക്ഷേത്രം, വെള്ളാട്ട് നരസിംഹക്ഷേത്രം എന്നീ ഹൈന്ദവ ആരാധനാലയങ്ങളും കണിയാർകണ്ടം, വെണ്ണക്കോട്, ചോലക്കൽ, കൂടത്തായി, വെളിമണ്ണ എന്നിവിടങ്ങളിലെ ജുമഅത്ത് പള്ളികളും വേനപ്പാറ, കൂടത്തായി ഉണിത്രാംകുന്ന് ക്രൈസ്തീയ ആരാധനാലയങ്ങളും ഇവയിൽ പ്രമുഖങ്ങളാണ്. പരിശുദ്ധ തോമാശ്ലീഹായുടെ നാമധേയത്തിലുള്ള വേനപ്പാറ കുരിശുമലകയറ്റം ജാതിമതവ്യത്യാസമില്ലാതെ നടക്കുന്ന ഒരു തീർത്ഥാടനമാണ്.

വിവിധ മതവിഭാഗങ്ങളും ആചാരാനുഷ്ടാനാഘോഷങ്ങളും ആരാധനാലയങ്ങളും സംഗമിക്കുന്ന ഈ നാടിന്റെ മതസൗഹാർദ്ദവും മതേതരത്വവും ആരാലും പുകഴ്ത്തപ്പെടുകതന്നെ ചെയ്യും.

മിക്കവാറും എല്ലാ രാഷ്ട്രീയപ്രസ്ഥാനങ്ങളും അവയുടെ യുവജന വിദ്യാർത്ഥി കർഷക പോഷക സംഘടനകളും ഇന്ന് പഞ്ചായത്തിലുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (ഐ), ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, കേരളാ കോൺഗ്രസ്സ് (എം), കേരളാ കോൺഗ്രസ്സ് (ജേക്കബ്), ഭാരതീയ ജനതാ പാർട്ടി, പി.ഡി.പി., ഇന്ത്യൻ നാഷണൽ ലീഗ്, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (എസ്സ്), കേരളാ കോൺഗ്രസ്സ് (ജെ), ജനതാദൾ, സി.പി.ഐ. (എം) തുടങ്ങിയ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഈ നാടിന്റെ ഭാവിനിർണ്ണയിക്കുന്നതിൽ സാരമായ പങ്കു വഹിച്ചുകൊണ്ടിരിക്കുകയാണ്.

ഇവിടെ നിലനില്ക്കുന്ന സാംസ്കാരികസ്ഥാപനങ്ങളിൽ പ്രമുഖസ്ഥാനം വിദ്യാലയങ്ങൾക്കുതന്നെയാണ്. സാംസ്കാരിക വികസനത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നാണല്ലോ വിദ്യാഭ്യാസം. ഏഴ് എൽ.പി. സ്കൂളുകളും ഒരു യു.പി. സ്കൂളും 2 ഹൈസ്കൂളുകളും അടക്കം 10 വിദ്യാലയങ്ങളാണ് ഇന്ന് ഈ പഞ്ചായത്തിലുള്ളത്. സർക്കാർ സ്കൂളുകൾ അഞ്ചെണ്ണവും 1930നു മുമ്പ് ആരംഭിച്ചതാണ്. പഞ്ചായത്തിലെ ആദ്യ വിദ്യാലയം 1922-ൽ ആരംഭിച്ച ഇന്നത്തെ പുത്തൂർ ഗവ. യു.പി. സ്കൂളാണ്. ഈ സ്ഥാപനങ്ങൾക്കു മുമ്പുതന്നെ കുടിപ്പള്ളിക്കൂടങ്ങളും ആശാൻ പള്ളിക്കൂടങ്ങളും ഈ നാടിന്റെ സാംസ്കാരിക വളർച്ചയ്ക്ക് അവരവരുടേതായ പങ്കു വഹിച്ചിട്ടുണ്ട്.

സാംസ്കാരിക നവോത്ഥാനത്തിന് ഗ്രന്ഥശാലകളും വായനശാലകളും വഹിച്ച പങ്ക് നിസ്തുലമാണ്. വെറും സാധാരണക്കാരായിരുന്ന ഈ പ്രദേശത്തെ ജനങ്ങളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരുന്നതിന് ചെറുതും വലുതുമായ ഈ സംഘങ്ങൾ മഹത്തായ സേവനം തന്നെ ചെയ്തിട്ടുണ്ട്. 1957ൽ മങ്ങാട് ആരംഭിച്ച കൈരളി വായനശാലയാണ് ഇവിടത്തെ അനൗപചാരിക സാംസ്കാരിക ഉന്നമന പ്രവർത്തനത്തിന് തുടക്കം കുറിച്ച പ്രസ്ഥാനം. ഓമശ്ശേരിയിലെ ഗ്രാമോദ്ധാരണസംഘം വായനശാല (1962) പീറ്റിൽസ് ലൈബ്രറി (ഇവ രണ്ടും ഇന്ന് നിലവിലില്ല) 1968 കൂടത്തായിയിൽ പബ്ലിക് ലൈബ്രറി 1969ൽ നാഗാളികാവിൽ ശാസ്ത്രി മെമ്മോറിയൽ വായനശാല എന്നിവയും ആദ്യകാല സേവനങ്ങളിൽ മുന്നിട്ടുനിന്നിരുന്നു. ഓമശ്ശേരിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സമീക്ഷ ഗ്രന്ഥാലയം ഉപഭോക്തൃ ആരോഗ്യ-കലാ-കായികരംഗങ്ങളിൽ ഇന്ന് സജീവമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ്. പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും വിശദവിവരം പട്ടിക - 1ൽ കൊടുത്തിരിക്കുന്നു.

ക്രമ നമ്പർ	വാർഡ്	പേരും വിലാസവും	സ്ഥാപിച്ച വർഷം	അംഗങ്ങൾ എണ്ണം	വായനശാല/ ലൈബ്രറി	പുസ്തകങ്ങൾ എണ്ണം	പ്രതിമാസ വിതരണം	ആനുകാലികങ്ങൾ	കെട്ടിടം സ്വന്തം/ വാടക	അഫിലിയേഷൻ	സർക്കാർ ഗ്രാൻറ്	പ്രധാന പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും
5.	V	കൈരളി വായനശാല, മങ്ങാട്	1957	125	വായനശാല, ഗ്രന്ഥാലയം	2016	250	ദിനപത്രം-4 വീക്ക്ലി-4 മാസിക-2	സ്വന്തം	ഗ്രന്ഥശാലാ സംഘം	ഉണ്ട്	സെമിനാറുകൾ, കലാ-കായികം, ചിത്രരചനാമത്സരം, പേപ്പർവർധിപ്പിക്കണം ജനവിദ്യാകേന്ദ്രമാക്കണം ആനുകാലികങ്ങൾ ലഭ്യമാക്കണം
	VI	ഗ്രാമദീപം വായനശാല	1988		വായനശാല	-	-	ദിനപത്രം-2	ഇല്ല	-	-	
	VI	ആസാദ് ലൈബ്രറി ആൻറ് റീഡിംഗ് റൂം										
	IX	പബ്ലിക് ലൈബ്രറി	1968						സ്വന്തം	-	-	
	X	കൈരളി ഗ്രന്ഥാലയം	1986						സ്വന്തം			
	XI	ജോൺ കീഴേത്ത് മെമ്മോറിയൽ വായനശാല പെരില്ലി	1995	50	-	-	-	ദിനപത്രം-2	,,	-	-	

പട്ടിക 1

ഗ്രന്ഥാലയങ്ങൾ, വായനശാലകൾ

ക്രമ നമ്പർ	വാർഡ്	പേരും വിലാസവും	സ്ഥാപിച്ച വർഷം	അംഗങ്ങൾ എണ്ണം	വായനശാല/ലൈബ്രറി	പുസ്തകങ്ങൾ എണ്ണം	പ്രതിമാസ വിതരണം	ആനുകാലികങ്ങൾ	കെട്ടിടം സ്വന്തം/വാടക	അഫിലിയേഷൻ	സർക്കാർ ഗ്രാൻറ്	പ്രധാന പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും
1.	I	സി. എച്ച്. കൾച്ചറൽ സെൻറർ, പെണ്ണക്കോട്			വായനശാല				വാടക		-	ട്യൂഷൻ, റിലീഫ്, സാഹിത്യമത്സരം, പുസ്തകവിതരണം
2.												
3.	III	ശാസ്ത്രീ മെമ്മോറിയൽ വായനശാല , നാഗാളികാവ്	1969	65	വായനശാല	-	-		സ്വന്തം	-	-	
		രചന വായനശാല ജാറംകണ്ടി	1994	65	,,	-	-		,,	-	-	
4.	IV	സമീക്ഷഗ്രന്ഥാലയം, ഓമശ്ശേരി	1988	104	വായനശാല † ഗ്രന്ഥാലയം	1648	250	ദിനപത്രം-3 വീക്ക്ലി-4 മാസിക-3	വാടക	ഗ്രന്ഥശാലാ സംഘം	ഉണ്ട്	കലാ-കായികം, ആരോഗ്യപരിവർത്തനം, കരിയർ ഗൈഡൻസ്, ബാലവേദി നിർധന വിദ്യാർത്ഥികൾക്ക് സഹായം, പഞ്ചായത്ത് വക പത്രം വർധിപ്പിക്കണം. ഗസറ്റ് സൗജന്യമായി ലഭ്യമാക്കണം. ജനവിദ്യാകേന്ദ്രമാക്കണം. വീടുകൾതോറും പുസ്തക വിതരണത്തിന് പഞ്ചായത്ത് സഹായം നല്കണം.
		ധിഷണ ഓമശ്ശേരി സാംസ്കാരിക നിലയം, ഓമശ്ശേരി	1991	50	,,	1100	150	ദിനപത്രം-6 വാരിക-1	സ്വന്തം	-	-	ആനുകാലികങ്ങൾ വർധിപ്പിക്കണം. പുസ്തകങ്ങൾ, സൗകര്യം ഇവ വർധിപ്പിക്കണം. ടെലിവിഷൻ പ്രവർത്തിക്കുന്നില്ല. ആൻറിന മാറ്റണം.

പൊതുവിൽ വായനാശീലം എല്ലാ വിഭാഗം ആളുകളുടെയിടയിലും കുറഞ്ഞുവരുന്നതായിട്ടാണ് കണ്ടുവരുന്നത്. ആധുനിക മീഡിയകളുടെ സ്വാധീനവും ലൈബ്രറി പുസ്തകങ്ങളുടെ നിലവാരത്തകർച്ചയും ഈ പ്രവണതയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഗ്രന്ഥാലയങ്ങൾ മൂല്യത്തേക്കാൾ ഉപരിയായി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നതിനാൽ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുന്നില്ല. പുസ്തക വായനക്കാരിലധികവും വിദ്യാർത്ഥികളാണ്. എന്നാൽ വിദ്യാർത്ഥി പുസ്തകകോർണർ ഒരു ഗ്രന്ഥാലയത്തിനു മാത്രമാണ് ഇന്നുള്ളത്. ഗ്രന്ഥാലയങ്ങളിലെ മൊത്തം സ്ത്രീ വായനക്കാരുടെ എണ്ണം 23 ആണ്! ഇത് ഗൗരവമായ വിലയിരുത്തലിനു വിധേയമാക്കേണ്ടതും വീടുകൾതോറും പുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനം മുഴുവൻ ഗ്രന്ഥാലയങ്ങളും ഉണ്ടാക്കേണ്ടതും സ്ത്രീകളുടെ വായനാശീലം വർധിപ്പിക്കാൻ അത്യന്താപേക്ഷിതമാണ്.

ആദ്യകാലങ്ങളിൽ വായനശാലാ പ്രവർത്തനത്തിന്റെ അനിവാര്യഘടകമായിരുന്ന കയ്യെഴുത്ത് മാസികകളും മറ്റു സാംസ്കാരിക പ്രസിദ്ധീകരണങ്ങളും ഇന്ന് പുറത്തിറങ്ങുന്നതേയില്ല. സമീക്ഷ ഗ്രന്ഥാലയം 1991-ൽ നാടൻപാട്ടുകളുടെ സമാഹാരവും 1992-ൽ 'സമസ്യ' മാഗസിനും പ്രിൻറ് ചെയ്തിറക്കുകയുണ്ടായി. കുരുന്നുഭാവനകളുടെ ബഹിർപ്രകടനത്തിനുതകുന്ന മാസികകളുടെ പ്രസിദ്ധീകരണം മുഴുവൻ വായനശാലകളും ഒരു പ്രധാന പ്രവർത്തനമായിത്തന്നെ കാണേണ്ടതുണ്ട്.

കലാ-കായികം

സാംസ്കാരിക വളർച്ചയ്ക്ക് കരുത്തു പകരുന്നതിൽ കലാ-കായിക സംഘടനകളും കലാസമിതികളും സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. ഓരോരോ കാലഘട്ടങ്ങളിൽ ഉദയം ചെയ്യുകയും ഒന്നോ രണ്ടോ വർഷത്തെ സജീവ പ്രവർത്തനത്തോടെ അകാലചരമമടയുകയും ചെയ്ത നിരവധി ക്ലബ്ബുകൾ, അവയുടെ പ്രവർത്തനം ഒന്നായിക്കാണുമ്പോൾ, വലിയ സേവനംതന്നെ ഈ നാടിന്നു ചെയ്തതായി കാണാൻ കഴിയും. വാർഷികാഘോഷങ്ങളും കലാപരിപാടികളും നടത്തിയുണ്ടാകുന്ന ഭീമമായ സാമ്പത്തികബാധ്യതയാണ് ഇവയുടെ തകർച്ചയ്ക്ക് കാരണമായത് എന്നത് നിലവിലുള്ള സംഘടനകളെ ഇരുത്തിചിന്തിപ്പിക്കേണ്ടതാണ്. പ്രൊഫഷണൽ നാടകങ്ങൾ അവതരിപ്പിച്ചിരുന്ന കലാസമിതികൾ ഈ പഞ്ചായത്തിലുണ്ടായിരുന്നുവെങ്കിലും ഇന്ന് രണചേതന കൂടത്തായിയുടെ സാന്നിദ്ധ്യം മാത്രമെയുള്ളൂ. കലാ-കായിക സംഘടനകളുടെ വിശദവിവരം പട്ടിക - 2ൽ കൊടുത്തിരിക്കുന്നു.

ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലയെങ്കിൽ പഞ്ചായത്തിന്റെ വരുംകാല കലാ-കായിക ചരിത്രം ഇരുളടഞ്ഞതായി മാറുമെന്ന് ഭയക്കേണ്ടതുണ്ട്.

ഗ്രാമസഭാ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇന്ന് സാംസ്കാരിക മണ്ഡലത്തെ ബാധിച്ചിട്ടുള്ള പോരായ്മകളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളെയും താഴെ കാണും

പട്ടിക 2

നിലവിലുള്ള കലാകായിക വേദികൾ

നമ്പർ	പേരും വിലാസവും	റജി.നമ്പ്ർ	സ്ഥാപിച്ച വർഷം	അംഗങ്ങൾ	കെട്ടിടം	അഫിലിയേഷൻ
1	സി. എച്ച്.കൾച്ചറൽ സെൻറർ, വെണ്ണക്കോട്					
2.	ചൈതന്യ ക്ലബ്					
3	സമീക്ഷ ആർട്സ് & സ്പോർട്സ് സെൻറർ, ഓമശ്ശേരി	528/96	1988	104	വാടക	NYK ഗ്രന്ഥശാലാസംഘം
4	ഓസ്കോ, ഓമശ്ശേരി					
5	ചക്കിക്കാവ് കലാസമിതി	169/93				
6.	വൺസ്റ്റൈൽ ആർട്സ്, മുടൂർ		1994			
6.	കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്, കാട്ടുമുണ്ട					
7.	കൈരളി വായനശാല, മങ്ങാട്					
9.	യുവശക്തി ആർട്സ്] സ്പോർട്സ്					
10	സംഗമം കലാകായിക വേദി, ഓമശ്ശേരി		1994	24	-	-

പ്രകാരം ക്രോഡീകരിക്കാം.

1. രണ്ടാം വാർഡ്, മൂന്നാം വാർഡിൽ പുത്തൂർ, എട്ട്, പതിനൊന്ന് വാർഡുകളിൽ സാംസ്കാരികനിലയങ്ങൾ ആരംഭിക്കുക.

2. രണ്ടാം വാർഡിൽ നടമ്മൽ പൊയിൽ, ഏഴാം വാർഡിൽ പുറംപോക്ക് സ്ഥലം, ഒൻപതാം വാർഡിൽ പുഴയോരം എന്നിവിടങ്ങളിൽ മിനി സ്റ്റേഡിയം നിർമിക്കുക.

3. ഓമശ്ശേരി, പതിനൊന്നാം വാർഡ് എന്നീ ഭാഗങ്ങളിൽ കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

4. ഓമശ്ശേരിയിലുള്ള പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന് ഓപ്പൺ എയർ സ്റ്റേജും ചുറ്റും സ്ഥിരം ഗാലറിയും നിർമിക്കുക.

5. നിലവിലുള്ള ഗ്രന്ഥാലയങ്ങൾക്കും വായനശാലകൾക്കും സൗജന്യമായി വൈദ്യുതി നല്കുക.

6. ഗ്രന്ഥശാലാസംഘം അംഗീകാരമുള്ള പഞ്ചായത്തിലെ രണ്ട് വായനശാലകൾക്കും, മറ്റു വായനശാലകൾക്കും പഞ്ചായത്ത് നല്കുന്ന പ്രസിദ്ധീകരണങ്ങളുടെ എണ്ണം അടിയന്തിരമായി വർധിപ്പിക്കുക.

7. പ്രവർത്തനം നടക്കാത്ത 'നാമമാത്ര ക്ലബ്ബുകൾക്ക്' നല്കുന്ന പ്രസിദ്ധീകരണങ്ങൾ പിൻവലിക്കുക.

8. 5-ാം വാർഡിലെ ഗ്രാമദീപം വായനശാലയ്ക്ക് കെട്ടിടം നിർമിക്കുക.

9. കലാ-സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും നിശ്ചിത തുക നീക്കിവെക്കുക.

10. ഓമശ്ശേരി അങ്ങാടിയിൽ സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുക.

11. മുഴുവൻ വാർഡുകളിലെയും ഗ്രന്ഥാലയങ്ങൾക്കും, പ്രധാന പ്രദേശങ്ങൾക്കും ടി.വി. അനുവദിക്കുക.

12. സമീക്ഷ ഗ്രന്ഥാലയം ഓമശ്ശേരി, ശാസ്ത്രി മെമ്മോറിയൽ വായനശാല എന്നിവക്ക് റേഡിയോ അനുവദിക്കുക.

13. ഗ്രന്ഥാലയങ്ങൾക്കും, വായനശാലകൾക്കും ഫർണിച്ചർ ലഭ്യമാക്കുക. (നിശ്ചിത ശതമാനം തുക ഗ്രന്ഥാലയ-വായനശാല വിഹിതമായി സമാഹരിക്കണം എന്ന നിബന്ധന വെക്കാവുന്നതാണ്. ബാക്കി തുക ഗ്രാമപഞ്ചായത്തും).

14. കൈരളി വായനശാലയ്ക്ക് വൈദ്യുതി ലഭ്യമാക്കണം (കെട്ടിടം സ്വന്തം)

15. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രയോജനം നവസാക്ഷരർക്ക് ലഭ്യമാക്കുക.

16. സാക്ഷരതാപ്രവർത്തനം പൂർണമായും നിലച്ച ഇന്നത്തെ അവസ്ഥയിൽ നിന്നും പുനരുജ്ജീവിപ്പിക്കുന്നതിന് പഞ്ചായത്ത് - വാർഡ് തല സമിതികൾ രൂപീകരിക്കുക. ഇൻസ്ട്രക്ടർമാരെ കണ്ടെത്തി പരിശീലനം നല്കുകയും ആവശ്യമായ പ്രോത്സാഹനം കൊടുക്കുകയും ചെയ്യുക.

17. പഞ്ചായത്തിലെ മുഴുവൻ കലാ-സാംസ്കാരിക സംഘടനകളുടെയും ഏകോപനസമിതി രൂപീകരിക്കുക. ഇതിന്റെ ആസ്ഥാനമായി ഓമശ്ശേരിയിലെ സമീക്ഷ ഗ്രന്ഥാലയം ഉപയോഗപ്പെടുത്താവുന്നതാണ്.

18. ദേശീയോദ്ഗ്രഥനം, മതസൗഹാർദം എന്നിവയ്ക്ക് ഊന്നൽ നല്കുന്ന പ്രവർത്തനങ്ങൾ, കലാപരിപാടികൾ നടപ്പിലാക്കുക.

19. സ്ത്രീകളുടെയിടയിൽ വായനാശീലം വർധിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക. മൂല്യവത്തായ പ്രസിദ്ധീകരണങ്ങൾ അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.

20. നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് തല ആഘോഷങ്ങളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

21. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന സംഘടനകൾക്കും വ്യക്തികൾക്കും അവാർഡുകൾ ഏർപ്പെടുത്തുക.

22. സാംസ്കാരിക മൂല്യച്യുതിക്ക് കാരണമാകുന്ന തരത്തിൽ ഇന്ന് പഞ്ചായത്തിലുടനീളം വ്യാപിച്ചിട്ടുള്ള വ്യാജമദ്യം, മയക്കുമരുന്ന് വില്പനക്കെതിരെ വാർഡ് തല സമിതികൾ രൂപീകരിക്കുകയും ജനകീയമുന്നേറ്റത്തിന് ഗ്രാമപഞ്ചായത്ത് നേതൃത്വം നല്കുകയും ചെയ്യുക.

23. 5-ാം വാർഡിൽ താഴെ ഓമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കള്ള് ഷാപ്പ് മാറ്റുക.

24. കലാ-സാംസ്കാരിക സംഘടനകളിൽ പൊതുവെ സ്ത്രീ പ്രാതിനിധ്യകുറവ് നികത്തുന്നതിന് നടപടി സ്വീകരിക്കുക.

25. ജനവിദ്യാകേന്ദ്രത്തിന് സ്ഥിരം കെട്ടിടം നിർമിക്കുക.

26. നേതൃത്വപരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക.

27. സന്നദ്ധസംഘടനകളുടെ ധനശേഖരണാർത്ഥം നടത്തുന്ന പരിപാടികളെ പൂർണമായും വിനോദനികുതിയിൽ നിന്നൊഴിവാക്കുക.

28. സ്ത്രീകളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് വീടുകൾ തോറും പുസ്തകം എത്തിക്കുന്നതിന് ഗ്രന്ഥാലയങ്ങൾക്ക് ഗ്രാൻറനുവദിക്കുക.

നാമറിയാതെതന്നെ പുത്തൻ കൊളോണിയൽ ഉപഭോക്തൃസംസ്കാരം നമ്മുടെ സമസ്ത മേഖലകളെയും കീഴടക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഓരോരുത്തരും സ്വയം ബോധവാന്മാരാകുന്നതോടൊപ്പം മറ്റുള്ളവരെ ബോധ്യപ്പെടുത്താനുംകൂടി തയ്യാറാവേണ്ട സ്ഥിതിവിശേഷം ഇന്നുണ്ട്. ഈ തിരിച്ചറിവ് നമ്മുടെ നാടിൻേറതായ നന്മയുടെ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്നതിനും കാലഹരണപ്പെട്ടതിനെ ഒഴിവാക്കി ഉചിതമായതിലേക്ക് മടങ്ങുന്നതിനും നമ്മെ പ്രാപ്തമാക്കേണ്ടതുണ്ട്.

തയ്യാറാക്കിയവർ

പി. എ. ഹലൈസൻ .
കെ. എസ്. മനോജ്കുമാരൻ
എ. ജയപ്രകാശ്
പി. വിദ്യാധരൻ

പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനശസംഖ്യയുടെ 10% പട്ടികജാതിയിൽപെട്ടവരാണ്. 350 കുടുംബങ്ങളിലായി 2565 അംഗങ്ങളാണ് സെൻസസ്സ് പ്രകാരമുള്ളത്.

കർഷകത്തൊഴിലാളികളായിട്ടാണ് ഭൂരിപക്ഷവും ജീവിച്ചുപോന്നത്. മുൻകാലങ്ങളിൽ ഏതെങ്കിലും ജന്മിയുടെ കീഴിൽ ജോലിചെയ്യാൻ നിർബ്ബന്ധിതരായിരുന്നു.

ഭൂപരിഷ്കരണത്തിന്റെ ഫലമായി ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചെങ്കിലും സാമ്പത്തിക, സാമൂഹ്യ മേഖലകളിൽ വളരെയൊന്നും മുന്നേറാനായിട്ടില്ല.

വിദ്യാഭ്യാസം

60 വയസ്സു കഴിഞ്ഞവർ മാത്രമേ നിരക്ഷരരായിട്ടുള്ളു. ഇവക്ക്വെച്ച് പഠനം നിർത്തിപ്പോവുന്ന കുട്ടികളുണ്ട്. എസ്.എസ്.എൽ.സി.ക്കു ശേഷമുള്ള വിദ്യാഭ്യാസം ആശാവഹമല്ല. സാമ്പത്തികപരാധീനതയും വീടുകളിൽ നിന്നുള്ള പ്രോത്സാഹനക്കുറവും ഇതിന്നു ഒരു കാരണമാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചവർക്കുപോലും തൊഴിൽ ലഭിക്കാതെ വരുന്നതിനാൽ ഉപരിപഠനത്തിന് വേണ്ടത്ര താല്പര്യം പ്രകടിപ്പിക്കുന്നില്ല. ആസൂത്രിതമായ ബോധവല്ക്കരണത്തിലൂടെ ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്. ഈ പഞ്ചായത്തിലെ 10 സ്കൂളുകളിലായി 404 വിദ്യാർത്ഥികളാണ് പഠനം നടത്തുന്നത്.

ലംപ്സംഗ്രാന്റും, സ്റ്റൈപ്പൻഡും, സ്കോളർഷിപ്പും ലഭിക്കുന്നുണ്ടെങ്കിലും, സാമ്പത്തികസഹായങ്ങളോടൊപ്പം ബോധവല്ക്കരണവും പ്രോത്സാഹനങ്ങളും ഈ മേഖലയിൽ അത്യന്താപേക്ഷിതമാണ്. വ്യാപകമായ ട്യൂഷൻ സമ്പ്രദായവും ഏർപ്പെടുത്തണം. 17 കോളണികളിൽ എസ്.എസ്.എൽ.സി.ക്കാരായി 86ഉം പി.ഡി.സി. പാസ്സായവർ 69ഉം ബിരുദം നേടിയവർ 16ഉം ബിരുദാനന്തരബിരുദക്കാർ 3ഉം ആണ്.

തൊഴിൽ

കാർഷികരംഗത്തെ മുരടിപ്പ് മറ്റിതര മേഖലകളിലേക്ക് കുടിയേറാൻ പ്രേരകമായിട്ടുണ്ട്. കൃഷിഭൂമിയുടെ അഭാവം ഇന്നും സജീവമായി നിലനില്ക്കുന്നു. മുൻകാലങ്ങളിൽ ജോലിക്ക് കൂലിയായി മിക്കപ്പോഴും ഭക്ഷണസാധനങ്ങളാണ് ലഭിച്ചിരുന്നത്. ഇന്ന് ഒരു പുരുഷതൊഴിലാളിക്ക് 80ഉം സ്ത്രീതൊഴിലാളിക്ക് 60ഉം ആണ് കൂലിയായി ലഭിക്കുന്നത്. പായനെയ്ത്ത്, കുട്ടനിർമ്മാണം തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

എസ്.എസ്.എൽ.സിയും ബിരുദവും ബിരുദാനന്തരബിരുദവും നേടിയ 174 പേർ 17 കോളണികളിലായി മാത്രമുണ്ടായിട്ടും സർക്കാർ ജോലിയുള്ളവർ 10 പേർ ആണ്. അഭ്യസ്തവിദ്യർക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നമാണ് ഇതിലൂടെ വെളിവാക്കപ്പെടുന്നത്.

പട്ടിക - 1

L.P.		U.P.		HS		L.P		U.P.		HS.		LP		UP		HS	
						തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ					
M	F	M	F	M	F	M	F	M	F	M	F	M	F	M	F	M	F
107	90	42	48	61	56	5	6	6	8	4	5	1	0	1	0	2	1

പട്ടിക - 2 കൊടുവള്ളി ബ്ലോക്ക് മുഖേനയുള്ള സഹായം

	1992-93	1993-94	1994-95	1995-96	1996-97
ദാരിദ്ര്യരേഖക്കു താഴെയുള്ളവർ	191			193	
ഐ.ആർ.ഡി.പി. സഹായം ലഭിച്ചവർ	46	85		23	15
ട്രൈസം പരിശീലനം	5	5		4	3
DWCRA				4	
CRSP കക്കൂസ്		8	3	4	
വീട് JRY IAY					11
കിണർ (MWS)				5	

പട്ടിക - 3 നിലവിൽ അംഗീകരിച്ച കോളണികൾ

ക്രമ നമ്പർ	വാർഡ് നമ്പർ	കോളണിയുടെ പേർ	കുടുംബങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	
1	8	പനമ്പംകൊടി	16		
2	8	പുഴിച്ചുരത്തിൽ	20		
3	8	എലിയമ്പ്ര	20		
4	5	വാരിക്കോട്ടചാലിൽ	16		
5	5	നായാട്ടുപാറ (കണ്ണങ്കോട്ടുമ്മൽ)	15		
6	5	അരീയ്ക്കൽ	16		
7	9	അമ്പലക്കുന്ന്	27		
8	10	കോരഞ്ചോല (മാവുള്ളകണ്ടം)	30		IHDP
9	10	മങ്ങാട്ടുപുറായിൽ	18		
10	10	കണ്ണങ്കോട്ട് (കാട്ടുമുണ്ട)	15		
11	10	ചുണ്ടക്കുന്ന്	39		
12	6	പുല്ലങ്കോട് മല	22		
13	6	ഇടിവെട്ടിമല	20		
14	11	പെരിവില്ലി	27		
15	1	തുവ്വക്കുന്ന്	19		
16	2	എളോമ്പ്രക്കുന്ന്	21		
17	10	കണ്ണങ്കോട് മല (മങ്ങാട്)	32		IHDP

കോളണിയിൽപെടാത്ത 150 കുടുംബങ്ങളിൽ ഭൂരിഭാഗത്തിനും വാസയോഗ്യരായ വീടില്ല.
പട്ടികജാതിക്കാർ താമസിക്കുന്ന കാപ്പാട്, തുവ്വക്കുഴി തുടങ്ങിയ പുതിയ കോളണികൾക്ക് അംഗീകാരം നല്കേണ്ടതാണ്.

പാർപ്പിടം

പകുതിയിലേറെപ്പേരും രൂക്ഷമായ പാർപ്പിടപ്രശ്നം നേരിടുന്നവരാണ്. സർക്കാർ ഏജൻസികളിൽനിന്നുള്ള വായ്പ സംവിധാനം പരിമിതമാണ്. പലർക്കും സ്വന്തമായി ഭൂമിയില്ല. അനുവദിക്കുന്ന ധനസഹായം അപര്യാപ്തമാകയാൽ മിക്ക പേർക്കും വീട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുന്നില്ല. വീട് ഉണ്ടാക്കിത്തീരുന്നതിനു മുമ്പ്തന്നെ ജപ്തി നടപടി നേരിടുന്ന സ്ഥിതിയും ഉണ്ട്. I.A.Y, J.R.Y., M.W.S. പദ്ധതിപ്രകാരമുള്ള വീട് നിർമ്മാണവും ഫലപ്രദമല്ല. സഹായം ലഭിച്ചവർ ആ ആവശ്യത്തിനുതന്നെ ഉപയോഗിച്ചോ എന്ന് ഉറപ്പുവരുത്തുന്നില്ല. അനുവദിക്കപ്പെട്ട പല വീടുകളും ജീർണ്ണാവസ്ഥയിലാണ്. അടിയന്തിരമായി അറ്റകുറ്റപ്പണികൾ ആവശ്യമാണ്.

പട്ടിക - 4 കോളണികളിലെ പാർപ്പിടങ്ങൾ

ക്രമ നമ്പർ	വാർഡ് നമ്പർ	പേർ	നിലവിലുള്ളത്			കക്കൂസി ല്ലാത്തവർ	വെള്ളം	വൈദ്യുതി	വീട് ആവ ശ്യമുള്ളവർ
			ഓല	ഓട്	ടെറസ്				
1		പനമ്പംകൊടി	3	13		5		3	
2		പുഴിച്ചൂരം	5	15		4			5
3		എലിയമ്പ്ര	14	6		17			14
4		നായാട്ടുപാറ (കണ്ണങ്കോട്ടുമ്മൽ)	15	-		15			15
5		അരീയ്ക്കൽ	4	12		5			4
6		അമ്പലക്കുന്ന്	4	23		4			4
7		കോരഞ്ചോല	20	10					20
8		മങ്ങാട്ടുപുറായിൽ	10	8		5			10
9		കണ്ണങ്കോട് - കാട്ടുമണ്ട	12	3		8			12
10		ചുണ്ടക്കുന്ന്	33	6		33			33
11		എളോമ്പ്രക്കുന്ന്	2	19		1			2
12		തുവ്വക്കുന്ന്	5	14					5
13		പുല്ലങ്കോട്ടുമല	2	9		1			2
14		ഇടിവെട്ടിമല	17	3		3			17
15		പെരില്ലി	17	15		17			17
16		വാരിക്കോട്ടം ചാലിൽ	1	15		1			1
17		കണ്ണങ്കോട്ട് മല (മങ്ങാട്)	2	30		2			2

(കോളണിയിൽപെടാത്ത 150 കുടുംബങ്ങളിൽ ഭൂരിഭാഗത്തിനും വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളില്ല. പഞ്ചായത്തിൽനിന്ന് ഈ വർഷം 11 വീടുകൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

കുടിവെള്ളം

പനമ്പംകൊടി, മങ്ങാട്ടുപുറായിൽ, പുല്ലങ്കോട്ട് മല, പുഴിച്ചൂരത്തിൽ, അമ്പലക്കുന്ന്, നായാട്ടുപാറ, വാരിക്കോട്ടുചാൽ, മങ്ങാട്ടുപുറായിൽ, കോരംചോല, കണ്ണങ്കോട്, കാട്ടുമുണ്ട, കണ്ണങ്കോട് മല, പെരില്ല, നാലുസെൻറു കോളനി കാവിലുംപാറ, എളോമ്പ്രക്കുന്ന്, തുവ്വക്കുന്ന് തുടങ്ങിയ കോളണികളിലെ നിവാസികൾ വളരെ വിദൂരമായ സ്ഥലങ്ങളിൽനിന്നാണ് ഇപ്പോൾ വെള്ളം കൊണ്ടു വരുന്നത്. വേനൽക്കാലമായാൽ ഇതും നിലച്ചുപോകും.

സാദ്ധ്യതകൾ, പരിഹാരങ്ങൾ

ഇടിവെട്ടിമല കോളണിയിൽ ടാങ്ക് നിർമ്മിച്ച് ചെന്നിമ്മൽ എന്ന സ്ഥലത്തെ പഞ്ചായത്ത് കിണറിൽ നിന്ന് ശുദ്ധജലമെത്തിക്കാം.

പനമ്പൻകൊടി, വാരിക്കോട്ടചാൽ കോളണികൾക്ക് ഉപകരിക്കുന്ന കുടിനീർപദ്ധതി മൊടൂർ എന്ന സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് നടപ്പിലാക്കാം.

നായാട്ടുപാറ അംബേദ്കർ കോളണിയിൽ 350 മീറ്റർ താഴെ കുന്നിൻചരുവിലുള്ള വെള്ളമുള്ള കുളത്തിൽനിന്ന് ജലം പമ്പുചെയ്തു വെള്ളമെത്തിക്കാം.

കോരംചോല - മാവുള്ളകണ്ടം, കണ്ണങ്കോട് - മങ്ങാട് കോളണികൾക്കുള്ള രാജീവ് കുടിനീർപദ്ധതി എത്രയുംവേഗം പൂർത്തീകരിച്ചു ജലക്ഷേമം പരിഹരിക്കാം.

മങ്ങാട്ടംപുറായി കോളണിക്കുകൂടി ഉപകരിക്കുന്നതരത്തിൽ രാജീവ് കുടിനീർ പദ്ധതി വിപുലീകരിക്കണം.

അമ്പലക്കുന്ന് കോളണിയിൽ 2 ലക്ഷം രൂപ ചിലവഴിച്ച് ഉണ്ടാക്കിയ വാട്ടർ ടാങ്കിന് വൈദ്യുതി ലഭ്യമാക്കി കുടിവെള്ളക്ഷാമം പരിഹരിക്കണം.

ചെറുപുഴയിലെ പാറോൽക്കടവിൽ കിണർ നിർമ്മിച്ച് എളോമ്പ്രക്കുന്നിൽ ടാങ്ക് കെട്ടി എളോമ്പ്രക്കുന്നിലെ ജലക്ഷാമം പരിഹരിക്കേണ്ടതാണ്.

പുഴിച്ചൂരത്തിൽ - എലിയമ്പ്ര കോളണികളിലേക്ക് ചിക്കരിക്കൽ പഞ്ചായത്ത് കിണറിൽനിന്നു വെള്ളം പമ്പുചെയ്ത് എത്തിക്കാം.

ചുണ്ടക്കുന്ന് കോളണിയിൽ, മരുതോരക്കുന്ന് മലയിൽ ടാങ്ക് നിർമ്മിച്ച് കുന്നിൻതാഴെയുളഅള പഞ്ചായത്ത് കുളത്തിൽനിന്ന് വെള്ളമെത്തിക്കണം.

അരീക്കൽ കോളണിയിലെ കുഴൽക്കിണർ ഉപയോഗശൂന്യമാണ്. ഇത് ഉപകാരപ്രദമാക്കണം. നിലവിലുള്ള കുളം നന്നാക്കണം. അയ്യാട്ട് തുരുത്തി, ആമ്പക്കുന്ന്, കച്ചേരിക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിലും കുടിവെള്ളക്ഷാമമുണ്ട്.

കായലുമ്പാറ നാലുസെൻറ് കോളനിയിൽ ശുദ്ധജലം എത്തിക്കുവാൻ കണ്ണങ്കോട്ടുമലയിലെ പ്രകൃതിജലസ്രോതസ് ഉപയോഗിക്കുകയോ നാലു സെൻറിൽ കിണർ കുഴിച്ച് ടാങ്കു നിർമ്മിച്ച് വെള്ളം എത്തിക്കുകയോ ചെയ്യാവുന്നതാണ്.

കോളണി നിവാസികളിൽ 75%വും എത്തിപ്പെടാൻ പ്രയാസമുള്ള കുന്നിൻമുകളിലാണ് താമസിക്കുന്നത്. അതുകൊണ്ടുതന്നെ ഗതാഗതപ്രശ്നവും രൂക്ഷമാണ്. റോഡുകളില്ലാത്തതിനാൽ വൈദ്യുതി ലൈൻ വലിക്കാൻ പോലും ഉത്തരവാദപ്പെട്ടവർ തയ്യാറാവുന്നില്ല.

അമ്പലക്കുന്ന് റോഡിൽനിന്ന് കോളണി നിവാസികളുടെ സൗകര്യാർത്ഥം പുഴയിലേക്ക് സ്റ്റെപ്പ് നിർമ്മിക്കേണ്ടതാണ്.

കച്ചേരിക്കുന്ന് ഇടവഴി സഞ്ചാരയോഗ്യമാക്കണം.

അരീക്കൽ കോളണിയിലേക്ക് നടപ്പാത പണിയണം.

നടമ്മൽ പൊയിൽ - മാതോലത്തുകടവ് റോഡിൽനിന്ന് എളോമ്പക്കുന്ന് കോളണിയിലേക്കുള്ള ഇടവഴി വീതികൂട്ടി നടപ്പാത നിർമ്മിക്കേണ്ടതാണ്.

വൈദ്യുതി

80% കോളണികളിലും വൈദ്യുതി എത്തിയിട്ടില്ല. ശേഷിക്കുന്ന വീടുകളിലേക്ക് വൈദ്യുതി എത്തിക്കണം.

പെരില്ലി കോളണിയിൽ വയറിംഗ് കഴിഞ്ഞിട്ടും വൈദ്യുതി എത്തിയിട്ടില്ല.

കുടിർ ജ്യോതി പദ്ധതിപ്രകാരം സർവ്വീസ് കണക്ഷനുള്ള എല്ലാവർക്കും വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കണം.

കോളണികളിലേക്ക് തെരുവുവിളക്കുകൾ അനുവദിക്കണം.

പൊതു പ്രശ്നങ്ങൾ

ചെറുകിടവ്യവസായങ്ങൾ

ഹൊളോബ്രിക്സ് നിർമ്മാണം, പ്രസ്സ്, തീപ്പെട്ടി, സോപ്പ് നിർമ്മാണം തുടങ്ങിയവക്ക് സാദ്ധ്യതയുണ്ട്. അതേപോലെ പുഷ്പ സസ്യഫല നേഴ്സറി തുടങ്ങാൻ തയ്യാറുള്ളവരുണ്ട്.

ശ്മശാനം

സൗകര്യപ്രദമായ പൊതു ശ്മശാനം ഉണ്ടാവണം. നിലവിലുള്ള പൊതു ശ്മശാനത്തിനു ചുറ്റുമതിൽ വേണം.

ആരോഗ്യം

ആരോഗ്യവകുപ്പുദ്യോഗസ്ഥന്മാർ കോളനി വീട് സന്ദർശിക്കണം.

മണ്ണൊലിപ്പ്

കുന്നിൻപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന കോളണികളുടെ നിലനില്പ് തന്നെ അപകടപ്പെടുത്തുന്ന മണ്ണൊലിപ്പ് തടയാൻ തക്ക നടപടി സ്വീകരിക്കണം.

സഹകരണസംഘം

പഞ്ചായത്ത് കേന്ദ്രീകരിച്ച് പട്ടികജാതി സഹകരണസംഘവും കോളണി കേന്ദ്രീകരിച്ച് വനിതാ സഹകരണസംഘവും, പാൽവിതരണസംഘവും അനുവദിക്കണം.

പട്ടയം

എലത്തൂർ, കായലുംപാറ, എലിയമ്പ്ര കോളണി നിവാസികൾക്ക് പട്ടയം അനുവദിക്കണം.

IHDP

17 കോളണികളിൽ 2 എണ്ണം മാത്രമാണ് IHDP കോളണിയായി അംഗീകരിച്ചത്. പിന്നോക്കം നില്ക്കുന്ന മറ്റ് കോളണികളിലേക്കും ഈ പദ്ധതി നടപ്പിലാക്കണം.

വയോജനവിദ്യാഭ്യാസം

സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിന്റെ ഭാഗമായി പഠിതാക്കൾക്ക് തുടർ വിദ്യാഭ്യാസം നല്കാൻ വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ കോളണികളിൽ ആരംഭിക്കണം.

സംസ്കാരം

പാരമ്പര്യ നാടൻകലകളായ തെയ്യം, ചെണ്ടവാദ്യം, നാടൻകലകൾ തുടങ്ങിയവ സംരക്ഷിച്ച് പ്രോത്സാഹിപ്പിക്കണം. ആയതിനുള്ള സാംസ്ക്കാരികകേന്ദ്രങ്ങൾ ആരംഭിക്കണം.

മനുഷ്യാദ്ധ്വാനം

കോളണികളുടെ വികസനവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തിയിലും 25% മനുഷ്യാദ്ധ്വാനം നല്കാൻ തയ്യാറാണ്.

ബ്ലോക്കിൽ നിന്നുള്ള പദ്ധതികൾ

PMRY (പ്രൈം മിനിസ്റ്റേർസ് റോസ്ഗാർ യോജന)

ഈ പദ്ധതി അനുസരിച്ച് യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബ്ലോക്ക് മുഖേന ജില്ലാ വ്യവസായകേന്ദ്രത്തിൽനിന്നും ഒരു ലക്ഷം വരെ സഹായധനമനുവദിക്കും.

SSI (സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ്)

ഈ പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്വയം തൊഴിലന്വേഷകരായ യുവതീയുവാക്കൾക്ക് ബേങ്ക് മുഖേനയുള്ള വായ്പാസഹായം ലഭ്യമാക്കും.

പട്ടികജാതി വികസന കോർപ്പറേഷൻ

തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് ഓട്ടോറിക്ഷ, മറ്റു വാഹനങ്ങൾ, STD ബൂത്ത്, ഫോട്ടോസ്റ്റാറ്റ് തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതാണ്.

പട്ടികജാതി വികസനവകുപ്പ്

ഓട് മേയുന്നതിനുള്ള ധനസഹായം, കോളണികളിലേക്ക് സൗജന്യമായി ടി.വി. അനുവദിച്ചുകൊടുക്കൽ തുടങ്ങിയവ നിലവിലുള്ള പദ്ധതികളാണ്.

ബ്ലോക്ക് പഞ്ചായത്ത്

സ്ഥലം ഇല്ലാത്തവർക്ക് ഭൂമി എടുത്ത് വീടുവെക്കാനുള്ള ധനസഹായം അനുവദിക്കുന്നു.

പഠനോപകരണങ്ങൾ

ഹൈസ്കൂൾ, കോളേജ് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായമായി മേശ തുടങ്ങിയവ അനുവദിക്കുന്നു.

പട്ടികജാതി വികസനം

തോറ്റ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന്നുള്ള ധനസഹായം അനുവദിക്കുന്നു. കൂടാതെ ടൈപ്പ് റൈറ്റിംഗ് മിഷീനും, സാങ്കേതികപരിശീലനവും, സ്റ്റൈപ്പൻറും പരാജിതവിദ്യാർത്ഥികൾക്ക് നല്കുന്നു.

തയ്യാറാക്കിയവർ

കെ.സി. അബ്ദുറഹിമാൻ
എം.പി. വാസു
ഇ.കെ. പവിത്രൻ
ഇ. കൃഷ്ണൻ
പി.ജെ. ജോണി

സഹകരണ മേഖല

കേരളത്തിൽ ശക്തിപ്പെടാൻ തുടങ്ങിയ സഹകരണപ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കൊത്ത് നമ്മുടെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം ദൗർഭാഗ്യവശാൽ ഉയർന്നുവന്നില്ല. ഇന്നും ശക്തമായ രീതിയിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ പഞ്ചായത്തിൽ ഉണ്ട് എന്ന് പറയാൻ കഴിയില്ല. എന്നാൽ സഹകരണ മേഖലയുടെ നമ്മുടെ പഞ്ചായത്തിലെ ചരിത്രം പരിശോധിച്ചാൽ ഈ രംഗത്ത് ചില കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചതിന്റെ സൂചനകൾ നമുക്ക് ലഭിക്കും. 1966-ൽ കൂടത്തായിൽ ആരംഭിച്ച സഹകരണബാങ്കാണ് ഈ രംഗത്ത് ആദ്യം തുടങ്ങിയ സഹകരണസ്ഥാപനം. ഈ സ്ഥാപനം ഇന്ന് ഓമശ്ശേരി ടൗൺ ആസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്. കാര്യമായ കുഴപ്പങ്ങളില്ലാതെ നിലനിൽക്കുന്നു.

1972ൽ ഓമശ്ശേരി പഞ്ചായത്തിൽ ആരംഭിച്ച സഹകരണആശുപ്രതി ഇന്ന് നിലവിലില്ല. ഏതാണ്ട് 15 കൊല്ലത്തോളം പ്രവർത്തിച്ച ഈ ആശുപത്രി സാമ്പത്തികകാരണങ്ങളാൽ പിടിച്ചുനിൽക്കാൻ കഴിയാതെ നശിച്ചുപോകുകയാണ് ഉണ്ടായത്. ഇതേപോലെ കൂടത്തായിൽ ആരംഭിച്ച സഹകരണ കൺസ്യൂമർ സ്റ്റോറും നിലനിൽക്കാനാകാതെ തകർന്നുപോയി. സാമ്പത്തികരംഗത്തെ പ്രശ്നങ്ങൾതന്നെയാണ് ഇതിന്റെയും കാരണങ്ങളെന്ന് അറിയാൻ കഴിഞ്ഞു.

ഇന്ന് ഓമശ്ശേരി പഞ്ചായത്തിൽ 22 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഓമശ്ശേരി സർവ്വീസ് സഹകരണബാങ്ക്, പാലുൽപാദന സഹകരണസംഘം പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും ഗുണഭോക്താക്കളാക്കി പ്രവർത്തിക്കുന്നുണ്ട്. വ്യാവസായിക സഹകരണസംഘങ്ങളായി, പാലുൽപാദന നിർമ്മാണയൂണിറ്റ്, കയർ ഉൽപാദന യൂണിറ്റുകൾ, ഭക്ഷ്യസംസ്കരണം, റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകൾ പഞ്ചായത്തിന്റെ പല ഭാഗത്തായാണ് പ്രവർത്തിക്കുന്നത്. ഇവയിൽതന്നെ ഒരേ ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ തമ്മിൽ പരസ്പരം ബന്ധമില്ലാത്തതുകൊണ്ടും, ഒരു ഏകീകരണ സ്വഭാവമില്ലാത്തതുകൊണ്ടും പ്രവർത്തനം മന്ദഗതിയിലാണ്.

3740	ആകെ അംഗങ്ങൾ
10 രൂപ	ഓഹരിവില
4,10,000 രൂപ	ഓഹരി മൂലധനം
3,14,400	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം
51,900	സർക്കാരിൽ നിക്ഷേപം
1,10,06100	കടം കൊടുക്കാവുന്ന പരമാവധി
12,60,000	പിരിച്ചെടുത്ത സ്ഥിരം നിക്ഷേപം
34,22,000	ഹ്രസ്വകാലനിക്ഷേപം
40,83,623	കാർഷിക, കാർഷികേതരവായ്പകൾ
27,33,929	കെ.ഡി.സി. ബാങ്കിൽനിന്നുള്ള കടം എടുത്തത്
8,34,540	തിരിച്ചടവു വരേണ്ട വായ്പ തുക

ക്ഷീരോൽപാദനക സഹകരണസംഘം

ഈ പഞ്ചായത്തിൽ ഒരു ക്ഷീരോൽപാദക സഹകരണസംഘം നിലവിലുണ്ട്. കോടഞ്ചേരി പഞ്ചായത്തിലുള്ള കൂടത്തായി ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ ഗുണഭോക്താക്കളായി ചുണ്ടക്കുന്ന് ഭാഗത്തുള്ള കുറച്ചാളുകൾ ഉണ്ട്. ഓമശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘത്തിൽ ഒരു സ്ഥിര ജീവനക്കാ

രനടക്കം ഏഴ് തൊഴിലാളികൾ ഉണ്ട്. 1988ൽ പ്രവർത്തനമാരംഭിച്ചതും 303 അംഗങ്ങളുള്ളതുമായ ഈ സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 10,000 രൂപയാണ്. സ്വന്തമായ കെട്ടിടവും മറ്റു സൗകര്യങ്ങളുള്ള ഈ സ്ഥാപനം ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കാലിതീറ്റയുടെ അടിക്കടിയുള്ള വിലവർധനവും പാലിന്റെ വിലവർദ്ധനവും പൊതുവായി നേരിടുന്ന പ്രശ്നങ്ങളാണ്.

വനിതാ സഹകരണസംഘം

വനിതകളുടെ നേതൃത്വത്തിൽ ഓമശ്ശേരിയിൽ ഒരു മലയാളം മീഡിയം സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളിൽ പ്രീ പ്രൈമറിതലത്തിൽ ഇംഗ്ലീഷ് മാധ്യമമായും, പ്രൈമറിതലത്തിൽ മലയാള മീഡിയവുമായാണ് പഠനം നടക്കുന്നത്. 1992ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ 118 അംഗങ്ങൾ ഉണ്ട്. മൂന്നാംക്ലാസ്സു വരെ അധ്യയനം നടത്തുന്ന ഈ വിദ്യാലയത്തിൽ മൂന്ന് ജീവനക്കാരുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭാ നിർദ്ദേശങ്ങളിൽ സഹകരണമേഖലയിൽ തുടങ്ങാനാഗ്രഹിക്കുന്ന യൂണിറ്റുകൾ താഴെ പറയുന്നവയാണ്.

1. ടൈലറിംഗ്
2. കയർ
3. സോപ്പ് നിർമ്മാണം
4. അവിൽ നിർമ്മാണം
5 ബേക്കറി
6. ഹോളോബ്രിക്സ്
7. തീപ്പെട്ടി
8. തേനീച്ചവളർത്തൽ
9. മെഴുകുതിരി
10. പപ്പടം
11. കൊപ്ര സംസ്കരണം
12. കോഴിവളർത്തൽ
13. അച്ചാർ, ജാം
14. ചകിരി

പ്രശ്നങ്ങൾ

1. സഹകരണസംഘങ്ങളുടെ മാനേജ്മെൻറിന്റെ കാര്യക്ഷമത ഇല്ലായ്മ.
2. ജനാധിപത്യപരമായ പ്രവർത്തനത്തെക്കാൾ സങ്കുചിത കക്ഷിരാഷ്ട്രീയങ്ങൾ നടക്കുന്നു.
3. കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ആവശ്യാനുസരണം തയ്യാറാക്കാൻ മടി കാണിക്കുന്നു.
4. പുതിയ രീതിയിലുള്ള പ്രവർത്തനമണ്ഡലത്തിലേക്ക് കയറിവരാൻ മടിക്കുന്നു.
5. സാങ്കേതിക നവീകരണത്തിന്റെ അഭാവം.
6. ജനങ്ങൾ വായ്പക്ക് വേണ്ടി മാത്രം സംഘങ്ങളെ സമീപിക്കുന്നു.
7. നിക്ഷേപം സമാഹരിക്കാൻ കഴിയായ്ക.
8. വനിതകൾക്ക് തൊഴിൽ സാധ്യതകളുള്ള വനിതാ സഹകരണസംഘങ്ങൾ ഇനിയും സ്ഥാപിക്കണം.
9. ഭവന നിർമ്മാണരംഗത്ത് പഞ്ചായത്ത് ആസ്ഥാനമാക്കി പ്രത്യേക സഹകരണസംഘം പ്രവർത്തിക്കുന്നില്ല.
10. കാർഷികമേഖലയിലെ സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.
11. പഞ്ചായത്തിന്റെ പണമിടപാട് കോഓപ്പറേറ്റീവ് ബാങ്കിൽക്കൂടി അല്ല നടക്കുന്നത്.
12. സഹകരണസംഘങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നില്ല.

സാധ്യതകൾ

1. ആരോഗ്യരംഗം, വിദ്യാഭ്യാസരംഗം, തൊഴിൽരംഗം, ഭവനനിർമ്മാണരംഗം എന്നീ മേഖലകളിൽ പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കാൻ കഴിയും.
2. നിലവിലുള്ള സഹകരണസംഘങ്ങളുടെ ക്ഷമത കൂട്ടുകയും ജനാധിപത്യരീതിയിലാക്കുകയും ചെയ്യുക.
3. മാർക്കറ്റിംഗ് സഹകരണസംഘം കൺസ്യൂമർ സ്റ്റോർ എന്നിവ തുടങ്ങുക.
4. ജനങ്ങളുടെ താൽപര്യത്തിന് അനുസരിച്ച് പദ്ധതി തയ്യാറാക്കുകയും സഹകരണസംഘങ്ങൾ ജനങ്ങളുടേതാണെന്ന് ബോധ്യപ്പെടുത്തണം.
5. സഹകരണസംഘങ്ങൾ കംപ്യൂട്ടർ മുതലായവ ചേർത്ത് വൈവിധ്യവൽക്കരിക്കുകയും ആകർഷണീയമാക്കുകയും ചെയ്യാം.
6. മാനേജ്മെൻറിനും തൊഴിലാളികൾക്കും പരിശീലനവും പഠനക്ലാസ്സും നൽകാം.
7. വനിതകളുടെ നേതൃത്വത്തിലുള്ള സഹകരണസംഘങ്ങൾ ധാരാളം തുടങ്ങാൻ കഴിയും.

വനിതാ ക്ഷേമം

സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ സ്ഥാനം ഇന്നും വളരെ പിന്നോക്കം തന്നെയാണ്. ഔപചാരിക വിദ്യാഭ്യാസം നേടുന്നതിൽ സ്ത്രീസമൂഹം ഏറെ മുന്നോട്ട് പോയെങ്കിലും അതിനനുസൃതമായ മാറ്റങ്ങൾ സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക നിലവാരങ്ങളിലുണ്ടായിട്ടില്ല. ഈ പ്രതിഭാസം പ്രത്യേക വിശകലനങ്ങൾക്കും ചർച്ചകൾക്കും വിധേയമാക്കേണ്ടതാണ്. ഔപചാരികവിദ്യാഭ്യാസം നേടുന്ന സ്ത്രീകളിൽ 80 ശതമാനത്തോളം സെക്കൻഡറി വിദ്യാഭ്യാസത്തോടെ പഠനം നിർത്തുന്നുവെന്നത് വിലയിരുത്തപ്പെടേണ്ടതാണ്. ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നവരിൽതന്നെ തൊഴിൽരംഗത്ത് പ്രവേശിക്കുന്നവർ താരതമ്യേന കുറവാണ്. വിദ്യാസമ്പന്നരായ സ്ത്രീകളിലധികവും വിദ്യാഭ്യാസ, ആരോഗ്യാദി മേഖലകളിലാണ് സേവനമനുഷ്ഠിക്കുന്നത്. സ്വയംതൊഴിൽ രംഗങ്ങളിലേർപ്പെടുന്ന സ്ത്രീകളും കുറവല്ല. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകുന്ന മറ്റ് മേഖലകൾ പരമ്പരാഗത തൊഴിൽരംഗവും കാർഷികമേഖലയുമാണ്. ഇതിൽ കാർഷികമേഖലയെയാണ് ഭൂരിഭാഗവും ആശ്രയിച്ചിരുന്നത്. എന്നാൽ കാർഷികരംഗത്ത് ഇന്ന് പൊതുവേ കാണുന്ന മുരടിപ്പ് സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതയെ ഏറെ ബാധിച്ചിട്ടുണ്ട്. അംഗീകൃത തൊഴിൽമേഖലകളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകൾ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയും സാമൂഹികാംഗീകാരം നേടുകയും ചെയ്യുമ്പോൾ കുടുംബഭരണത്തിലേർപ്പെടുന്ന സ്ത്രീകളുടെ അദ്ധ്വാനത്തിന് കാര്യമായ അംഗീകാരം ലഭിക്കുന്നില്ല.

മനുഷ്യസമൂഹം പൊതുവായി നേരിടുന്ന ചൂഷണങ്ങൾക്കൊപ്പം സ്ത്രീകളായതുകൊണ്ടുമാത്രം അനുഭവിക്കുന്ന പീഡനങ്ങളും ഏറെയുണ്ട്. സ്ത്രീവിമോചനത്തിനുവേണ്ടിയുള്ള മുറവിളികൾ അങ്ങിങ്ങായി ഉയർന്നുവരുമ്പോൾതന്നെ മറുഭാഗത്ത് അനുദിനം സങ്കീർണമായിക്കൊണ്ടിരിക്കുന്ന സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ പുരുഷ മേൽക്കോയ്മയെ ശക്തിപ്പെടുത്തുകയാണ്. സ്ത്രീ പീഡനത്തെ ഒരു സാമൂഹികവിപത്തായി കണ്ടുകൊണ്ട് അതിനെതിരായ പോരാട്ടം സമൂഹത്തിന്റെ വിഭിന്ന തലങ്ങളിൽനിന്ന് ഉയർന്നുവരേണ്ടതുണ്ട്. സാമൂഹിക സാംസ്കാരികരംഗത്ത് വളർന്നുവരുന്ന ജീർണ്ണത സ്ത്രീകൾക്കെതിരായി പുതിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ട്. ആധുനിക വാർത്താവിനിമയ മാധ്യമങ്ങൾ, സിനിമ, പൈങ്കിളി സാഹിത്യം, വർദ്ധിച്ചുവരുന്ന ഫാഷൻഭ്രമം ഇവയെല്ലാം ഉദാഹരണങ്ങളാണ്. മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നത് അധികവും സ്ത്രീകളാണ്. ശൈശവവിവാഹം നിയമം മൂലം നിരോധിച്ചതാണെങ്കിലും ഇന്നും നമ്മുടെ ഗ്രാമങ്ങളിൽ പ്രായപൂർത്തിയാവാത്ത പെൺകുട്ടികളെ വിവാഹം ചെയ്യുന്ന പ്രവണത കാണാം. കുടുംബസ്വത്തിന്റെ പിന്തുടർച്ചയിൽ സ്ത്രീ പുരുഷ സമത്വം ഇന്നും സാർവ്വത്രികമായിട്ടില്ല. ചെറുപ്രായത്തിൽ വിധവകളായിത്തീരുന്നവരും വിവാഹമോചനം നേടുന്നവരുമായ സ്ത്രീകൾക്ക് പുനർവിവാഹത്തിനുള്ള അവസരം വിരളമായേ ലഭിക്കുന്നുള്ളൂ. ഇവർ സമൂഹത്തിൽ അധികപ്പറ്റായിത്തീരുന്നു.

സ്ത്രീ പീഡനത്തിനെതിരേയും അവരെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരുന്നതിനും ധാരാളം നിയമങ്ങൾ നിലവിലുണ്ടെങ്കിലും ഫലത്തിൽ മർദ്ദിതയായ സ്ത്രീയുടെ മോചനം ഉറപ്പുവരുത്തുന്നില്ല. വനിതാ സംവരണബിൽ പാർലമെന്റിൽ പാസാകാതെ പോയതിന് പിന്നിലുള്ള പ്രശ്നം ഈ പശ്ചാത്തലത്തിൽ വേണം വിശകലനം ചെയ്യാൻ.

1991-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 25,420 ആണ്. ഇതിൽ 12909 പേർ സ്ത്രീകളാണ്. എന്നാൽ വിദ്യാഭ്യാസനിലവാരത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പുറകിലാണ്. 9104 സ്ത്രീകളാണ് 91-ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് സാക്ഷരരാ

യിട്ടുള്ളത്. ആറുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളിൽ ആൺകുട്ടികൾ പെൺകുട്ടികളെ അപേക്ഷിച്ച് കൂടുതലാണ്. പഞ്ചായത്തിൽ ആകെ 4772 കുടുംബങ്ങളുള്ളതിൽ 391 വീടുകൾ സ്ത്രീകളുടെ നിയന്ത്രണത്തിലാണ്.

പൊതുരംഗത്ത് സ്ത്രീപങ്കാളിത്തം വളരെ കുറവാണ്. എങ്കിലും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചില സന്നദ്ധ സംഘടനകളിലും ബഹുജന രാഷ്ട്രീയപ്രസ്ഥാനങ്ങളിലും സ്ത്രീപങ്കാളിത്തം ചെറിയ തോതിൽ വളർന്നുവരാൻ തുടങ്ങിയിട്ടുണ്ട്. ദൈനംദിന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കാനും നേതൃത്വത്തിലേക്കുയർത്തിക്കൊണ്ടുവരാനും ബഹുജന രാഷ്ട്രീയപ്രസ്ഥാനങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ നാല് ഗ്രാമപഞ്ചായത്ത് മെമ്പർമാരും ഒരു ബ്ലോക് പഞ്ചായത്ത് അംഗവും വനിതകളായുണ്ട്. വനിത പ്രസിഡൻറായുള്ള പഞ്ചായത്താണ് നമ്മുടെത്.

നമ്മുടെ പഞ്ചായത്തിൽ 17 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. മിക്ക അംഗൻവാടികളും കുടിവെള്ളം, കക്കൂസ്, ചുറ്റുമതിൽ തുടങ്ങിയ പ്രാഥമികസൗകര്യങ്ങളില്ലാത്തതും കളിക്കോപ്പുകൾ, ഫർണീച്ചറുകൾ എന്നിവ ആവശ്യമായത്രയില്ലാത്തവയുമാണ്. 17 അംഗൻവാടികളിൽനിന്ന് ശേഖരിച്ച കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 261 ഗർഭിണികളും 240 മുലയൂട്ടുന്ന അമ്മമാരുമുണ്ട്.

DWCRA യുടെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലിനിയും സ്ത്രീകൾക്കിടയിൽ വ്യാപകമായിട്ടില്ല. കുളത്തക്കര ഇടിവെട്ടിമലയിൽ ചൂടി വ്യവസായ യൂണിറ്റ്, കൂടത്തായ് അയ്യാട്ട് തുരുത്തിയിലെ ഫൈൻ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, പെരില്ലിയിലെ അമൃത ഗാർമെൻറ് എന്നിവ DWCRA യുടെ സഹായത്തോടെ പ്രവർത്തിക്കുന്നവയാണ്.

പ്രശ്നങ്ങൾ

1. തൊഴിൽരഹിതരായ 11676 സ്ത്രീകൾ 1991ലെ സെൻസസ് രേഖ പ്രകാരം നമ്മുടെ പഞ്ചായത്തിലുണ്ട്.
2. തൊഴിൽരംഗത്തുള്ള സ്ത്രീകൾ പലതരത്തിലുള്ള വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാവുന്നു. ന്യായമായ നിരക്കിൽ കൂലി ലഭിക്കായ്കയാണ് പ്രധാന പ്രശ്നം. ഒറ്റപ്പെട്ട അക്രമസംഭവങ്ങളുമുണ്ടാകാറുണ്ട്.
3. സ്ത്രീധനത്തിനുവേണ്ടിയുള്ള വിലപേശൽ നിരവധി കുടുംബങ്ങളെ അലട്ടുന്ന പ്രശ്നമായി മാറിയിട്ടുണ്ട്. ബാലികാവിവാഹം ഇന്നും നിലനിൽക്കുന്നു.
4. ആധുനികജീവിതരീതിക്ക് യോജിക്കാത്ത അനാചാരങ്ങളും അന്ധവിശ്വാസങ്ങളും എല്ലാവിഭാഗത്തിലും കൂടുതലായുണ്ട്. ഇത് സ്ത്രീകളെയാണ് കൂടുതലും ബാധിക്കുന്നത്.
5. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിലില്ല. പൊതുസ്ഥലങ്ങളിൽ വിശ്രമ സൗകര്യങ്ങളില്ലാത്തതും സ്ത്രീകൾക്ക് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. പരമ്പരാഗത കുടിൽവ്യവസായങ്ങൾക്ക് ആധുനിക സാങ്കേതികസംവിധാനങ്ങളേർപ്പെടുത്തി ആ മേഖലയെ നവീകരിച്ചാൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കും.
2. ചെറുകിട വ്യവസായരംഗത്ത് ടെയ്ലറിംഗ്, റെഡിമെയ്ഡ്, അവൽ മില്ല്, അച്ചാർ, ജാം, സ്കാഷ്, പപ്പടം, സോപ്പുനിർമ്മാണം, പ്രിൻറിംഗ്, ബുക്ക് ബൈൻറിങ്ങ് തുടങ്ങിയ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിലും മറ്റ് രീതികളിലും ആരംഭിക്കാനുള്ള സാദ്ധ്യതകളെ ഉപയോഗപ്പെടുത്തണം.
3. പച്ചക്കറി കൃഷി, കൂൺ കൃഷി, പൂ കൃഷി, പൂച്ചെടി നഴ്സറി തുടങ്ങിയവ വ്യവസായികാടിസ്ഥാനത്തിലാരംഭിക്കാനുള്ള സാദ്ധ്യതയുണ്ട്.
4. പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ഷീരോൽപന്ന സഹകരണസംഘങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകണം.
5. സ്ത്രീകളെ പൊതുപ്രവർത്തനരംഗത്ത് നേതൃത്വത്തിലേക്കുയർത്തിക്കൊണ്ടുവരുന്നതിന് പ്രത്യേകമായ നേതൃത്വപരിശീലനം നടത്തണം. പൊതുപ്രസ്ഥാനങ്ങൾ അവയുടെ വ്യവസ്ഥാപിത സമീപനരീതിയിൽ മാറ്റം വരുത്താനും തയ്യാറാവണം.
6. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരേ സമൂഹത്തിൽ പൊതുവിലും സ്ത്രീകൾക്കിടയിൽ പ്രത്യേകിച്ചും ബോധവൽക്കരണം നടത്തി ശാസ്ത്രബോധം വളർത്തേണ്ടതാണ്.
7. മനുഷ്യാദ്ധ്വാനവും ജനപങ്കാളിത്തവുമുറപ്പാക്കിക്കൊണ്ട് അംഗനവാടികളുടെയും ആരോഗ്യകേന്ദ്രങ്ങളുടെയും ശോചനീയാവസ്ഥ പരിഹരിക്കണം.
8. ഓമശ്ശേരി, കൂടത്തായ് പോലുള്ള ടൗണുകളിൽ വി

ശ്രമസ്ഥലങ്ങളും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തണം.

9. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് ധനസഹായങ്ങളും വായ്പകളും മറ്റാനുകൂല്യങ്ങളും നൽകുന്നതിൽ പ്രത്യേക പരിഗണനയുണ്ടാവണം. ദരിദ്ര കുടുംബങ്ങളെ ഉൾപ്പെടുത്തി മഹിളാ സമാജങ്ങൾ രൂപീകരിച്ച് ദാരിദ്ര്യനിർമാർജ്ജനപരിപാടികൾ ആവിഷ്കരിക്കണം.

10. പുരുഷമേൽക്കോയ്മ അവസാനിപ്പിക്കുന്നതിനും സ്ത്രീപുരുഷസമത്വം വളർത്തുന്നതിനും വിദ്യാഭ്യാസ സാംസ്കാരികമേഖലകളിൽ സംഘടിതമായ ഇടപെടലുകൾ ഉണ്ടാവണം.

തയ്യാറാക്കിയവർ

കെ.പി. സദാശിവൻ
കെ.പി. കുഞ്ഞമ്മദ്
ത്രേസ്യാ പൗലോസ്
റോസമ്മ ജോയ്
എ. ജയപ്രകാശ്

പാർപ്പിടം - സാമൂഹ്യക്ഷേമം

വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും അത്രയൊന്നും പുരോഗമിച്ചിട്ടില്ലാത്ത ഈ പഞ്ചായത്ത് 5 വില്ലേജുകൾ ചേർന്നതാണ്. ഈ വില്ലേജുകൾ പുത്തൂർ, കൂടത്തായി, രാരോത്ത്, നീലേശ്വരം, ചാത്തമംഗലം. ഗൾഫ് പണത്തിന്റെ സ്വാധീനം നമ്മുടെ പഞ്ചായത്തിൽ വിപുലമായ തോതിലാണ്. ഇതിന്റെ ഫലമായി കോൺക്രീറ്റ് വീടുകൾ നിരവധി ഉയർന്നുവരുന്നുണ്ട്. പഞ്ചായത്തിൽ ബഹുഭൂരിഭാഗവും കൃഷിക്കാരും കർഷകതൊഴിലാളികളുമായതിനാൽ ഭൂരിഭാഗം വീടുകൾ ഓട്, ഓല കുടിലുകളാണ്. പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വയൽ നികത്തി ഭവനനിർമ്മാണം നടത്തുന്ന ഈ പ്രവണത വളർന്നുവരുന്നുണ്ട്. ഇതിൽ ജനങ്ങൾ പ്രതിഷേധമുള്ളവരാണ്.

നമ്മുടെ പഞ്ചായത്തിലെ 11 വാർഡുകളിലേയും ഗ്രാമസഭാ അവലോകനം നടത്തിയതിൽനിന്ന് പല കുടുംബങ്ങളും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. പഞ്ചായത്തിൽ വീടുകളുള്ള 6378 കുടുംബങ്ങളാണ് ഉള്ളത്. വീടും സ്ഥലവും ഇല്ലാത്ത 15 കുടുംബങ്ങൾ ഉണ്ട്. മൊത്തം കുടുംബങ്ങളിൽ 30% കുടുംബങ്ങളും നിർദ്ധനരായതിനാൽ കുടിൽ കെട്ടിയാണ് താമസിക്കുന്നത്. കക്കൂസ്, വെള്ളം മുതലായ പ്രാഥമിക സൗകര്യം പോലും ഇല്ലാത്ത വീടുകളാണ് പഞ്ചായത്തിൽ 35% ഉള്ളത്. ഓമശ്ശേരി പഞ്ചായത്തിൽ മൊത്തം 25 കോളനികളാണ് ഉള്ളത്. 5 ലക്ഷം വീട് കോളനി, 13 ഹരിജൻകോളനി, 7 നാലുസെന്റ് കോളനി എന്നിവ. നിർദ്ധനരായ 30% കുടുംബങ്ങളുടെ വീടുകൾ മാറ്റിനിർത്തി നോക്കുകയാണെങ്കിൽ ബാക്കിവരുന്ന 70% കുടുംബങ്ങളുടെ വീടുകളിൽ 75%വും ഓടും 10% ടറസ്സും 15% ഓലയുമാണ്. പഞ്ചായത്തിൽ ഏതാണ്ട് 40%ത്തോളം വീടുകളിൽ സിമന്റ് ഇടാത്ത തറകളാണ് ഉള്ളത്. 5% വീടുകൾക്കേ മൊസൈക്, മാർബിൾ തറയുള്ളൂ. 40%ത്തോളം വീടുകളുടെ ചുമർ മൺകട്ടകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. 200 മുതൽ 500 വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള ചെറുകിട ഭവനങ്ങൾ ആകെയുള്ളതിന്റെ 40%ത്തോളം വരും. 200 ചതുരശ്ര അടിയിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള വീടുകളാണ് 30%വും. തറ, ചുമർ, മേൽപ്പുര, വിസ്തീർണ്ണം എന്നീ ഘടകങ്ങളെല്ലാം പരിഗണിച്ചാൽ തൃപ്തികരമല്ലാത്തതും അടിയന്തിരമായി മാറ്റം ആവശ്യമുള്ളതുമായ വീടുകൾ 20%മാണെന്ന് കണക്കുകൾ കാണിക്കുന്നു. ഭവനനിർമ്മാണരംഗത്ത് വിദേശമലയാളികളുടെയും കൊടുവള്ളി ഭവനനിർമ്മാണ സഹകരണസംഘത്തിന്റെയും സഹായം ലഭിക്കുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഇതുകൊണ്ട് ഒരു ഗുണവും കിട്ടുന്നില്ല. ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം ദുർബലവിഭാഗങ്ങൾക്ക് കിട്ടുന്ന ധനസഹായം മതിയായ തോതിൽ ലഭ്യമാകുന്നില്ല. വിവിധ ഏജൻസികളുടെ സഹായം സർക്കാർ ജീവനക്കാർക്ക് മാത്രമാണ് കൂടുതലും പ്രയോജനപ്പെടുന്നത്.

പ്രശ്നങ്ങൾ

1. നിർമ്മാണ തൊഴിലാളിരംഗത്ത് പഞ്ചായത്ത്വാസികൾക്ക് സൗകര്യം കിട്ടുന്നില്ല.
2. ചെലവുകുറഞ്ഞ വീടുകളെപ്പറ്റിയുള്ള പ്രചാരണം വളരെ കുറവാണ്.
3. ഹൗസിംഗ് സൊസൈറ്റികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.
4. ദരിദ്രവിഭാഗങ്ങൾക്ക് ലഭിക്കുന്ന വായ്പാപദ്ധതികൾ വളരെ കുറവാണ്.
5. ദരിദ്രവിഭാഗത്തിൽപ്പെട്ട മിക്ക ജനവിഭാഗങ്ങളും താമസിക്കുന്നത് മലമ്പ്രദേശങ്ങളിൽ ആയതിനാൽ വീട് നിർമ്മാണസാമഗ്രികൾ എത്തിക്കാനും മറ്റും വലിയ സാമ്പത്തികബാധ്യത ഉണ്ടാക്കുന്നു.
6. സ്വന്തമായി സ്ഥലമില്ലാത്തവർ ഉണ്ട്.
7. വലിയ വീടുകൾ നിർമ്മിക്കുന്നതിന്റെ 'നിരർത്ഥകത' യെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള സ്ഥലം ഈട് നൽകുന്ന സമ്പ്രദായം വിട്ട് വീട് നൽകുന്നതായി പരിഷ്കരിക്കുക.
2. നിലവിലുള്ള പലിശാസമ്പ്രദായം കുറയ്ക്കുക.
3. സർക്കാരിൽ നിന്ന് ലഭിക്കുന്ന നിലവിലുള്ള വായ്പാ പദ്ധതികളിൽ ഉണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ട് പരിഹരിക്കുക.
4. J.R.Y സ്കീം പ്രകാരം അനുവദിക്കുന്ന തുക 30,000ക. ആയി ഉയർത്തുക.
5. ചെലവ്കുറഞ്ഞ വീടുകൾക്ക് പ്രചരണം നൽകുക.
6. വീട് നിർമ്മാണവുമായി ബന്ധപ്പെട്ട വിദഗ്ദരെ സംഘടിപ്പിച്ചുകൊണ്ട് പഞ്ചായത്ത്തലത്തിൽ സമിതി രൂപീകരിക്കുക.
7. രണ്ട് ലക്ഷത്തിൽ കൂടുതൽ നിർമ്മാണചെലവ് വരുന്ന ഭവനങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്തുക.
8. ഇരുനിലയിലധികം മുകളിലോട്ടുയർത്തുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ചുമത്തുക.
9. ഹൗസിംഗ് സൊസൈറ്റി ആരംഭിക്കണം.

പഞ്ചായത്തിലുള്ള തരിശുഭൂമിയും പുറമ്പോക്ക് ഭൂമിയും കണ്ടെത്തി ഹൗസിംഗ് പ്ലോട്ടുകൾ നിർമ്മിക്കാൻ സർക്കാർ തല ഏജൻസിയെ കണ്ടെത്തി അവരെ ഏൽപിക്കുക. ഈ ഏജൻസിയെ സഹായിക്കാൻ പഞ്ചായത്ത് പരമാവധി സഹായിക്കണം. പഞ്ചായത്തിലുള്ള നാല് സെൻറ് ലക്ഷം വീട് കോളനിയിലെ ശോചനീയാവസ്ഥ കണ്ടെത്തി അവർക്ക് വീട് നിർമ്മിക്കാനുള്ള സഹായം വാർഡ് തലത്തിൽ ഗുണഭോക്താക്കളെയും സന്നദ്ധ സംഘടനകളെയും വിളിച്ചുചേർത്ത് പരമാവധി മനുഷ്യാദ്ധ്വാനം സംഭാവന നൽകി ഏറ്റെടുപ്പിച്ച് നടത്തണം. ഈ രീതിയിൽ ആസൂത്രിതമായ ഒരു പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ നടന്നാൽ അഞ്ചുവർഷംകൊണ്ട് പരമാവധി വീടുകൾ നിർമ്മിച്ചുനൽകാൻ നമുക്ക് കഴിയും.

സാമ്പത്തിക-സാമൂഹിക മേഖലകളിൽ പിന്നോക്കം നില്ക്കുന്ന ഒട്ടേറെ പേർ താമസിക്കുന്ന ഒരു പഞ്ചായത്താണ് ഓമശ്ശേരി. വ്യത്യസ്ത കാരണങ്ങൾ ഇതിനു പിന്നിൽ എടുത്തുകാണിക്കാൻ കഴിയുന്നതാണെങ്കിലും ഇത്തരം ജനവിഭാഗത്തിൻെറ ഉന്നമനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ മാത്രമേ ഈ പ്രദേശത്തിന് പുരോഗതിയിലേക്ക് എത്തിപ്പെടാൻ കഴിയുകയുള്ളൂ. ഇവരുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ പ്രഥമ പരിഗണന നല്കേണ്ടിവരിക തീർച്ചയായും ദാരിദ്ര്യനിർമ്മാർജ്ജനത്തിനായിരിക്കും. അതോടൊപ്പം അന്തിയുറങ്ങാൻ സുരക്ഷിതമായ ഒരു വീട് എന്ന സ്വപ്നവും സാക്ഷാത്ക്കരിക്കേണ്ടതുണ്ട്.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 2359 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് മൊത്തം കുടുംബങ്ങളുടെ 40%-ലധികം വരും! ഇവരിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട 239 കുടുംബങ്ങളുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

പട്ടിക - 1

വാർഡ്	സർവ്വെ പ്രകാരം മൊത്തം കുടുംബങ്ങൾ	പട്ടികജാതി വിഭാഗം	ഇതുവരെ സഹായം ലഭിച്ചവർ	ദാരിദ്ര്യ രേഖക്കു മുകളിൽ	സഹായത്തിലൂടെ ദാരിദ്ര്യരേഖക്കു മുകളിൽ
1	319	17	32	5	
2	221	30	30	-	
3	170	7	23	-	
4	200	3	6	2	
5	359	48	48	5	
6	239	22	27	7	
7	309	44	125	112	
8	141	11	279	108	
9	144	5	213	96	
10	109	12	215	96	

ഇതുവരെയായി കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം സഹായം ലഭിച്ചിട്ടുണ്ട്. ഇവരിൽ പട്ടികജാതിക്കാർ 381 വരും. ഈ പദ്ധതിയ്ക്ക് ദിശാബോധം നഷ്ടപ്പെടുന്നുവെന്ന് ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തുമ്പോൾ നമുക്ക് കണ്ടെത്താൻ കഴിയുന്നതാണ്. സഹായം ലഭിച്ച മൊത്തം കുടുംബങ്ങളിൽ കുടുംബങ്ങൾ ഇന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് സ്ഥിതി ചെയ്യുന്നത്. പദ്ധതി നടത്തിപ്പിൻെറ ഗുണം ശതമാനത്തിനു മാത്രമേ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നുള്ളൂ.

CWCRA (Development for Women and Children in Rural area) പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിൽ മൂന്ന് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വേനപ്പാറയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, വിന്നേഴ്സ് ജംഗ്ഷനിൽ ഭക്ഷ്യസംസ്കരണം, ഇടിവെട്ടിമലയിൽ ചൂടി നിർമ്മാണം എന്നിവയാണ് അവ. ഈ യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പറയാം. വനിതകളെ സ്വയംപ്രാ

പ്തരാക്കുന്നതിനും നാടിന്റെ പുരോഗതിയിൽ പങ്കാളികളാക്കുന്നതിനും ആവശ്യമായ ഇത്തരം സംരംഭങ്ങൾ നാട്ടിൽ ഇനിയും ഉയർന്നുവരേണ്ടതാണ്. ഇതിനു പര്യാപ്തമായ പ്രവർത്തനങ്ങൾ DWCRA പദ്ധതിയിലൂടെ നടപ്പിലാക്കുന്നതിന് പഞ്ചായത്ത്തലത്തിൽ ആലോചിക്കേണ്ടതുണ്ട്.

ട്രൈസം (Training for Rural Youth Self employment) തൊഴിൽ പരിശീലനം യുവതീയുവാക്കളെ സ്വയംതൊഴിലിലേക്ക് കൊണ്ടുവരുന്നതിന് അവരെ പര്യാപ്തരാക്കുന്ന ഒന്നാണ്. ഇത് പ്രയോജനപ്പെടുത്തി തൊഴിൽ പരിശീലനം നേടിയ 35 ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഏതേത് മേഖലകളിൽ പരിശീലനം ലഭിച്ചുവെന്നും ലഭിച്ചവരുടെ എണ്ണവും പട്ടിക - ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 2

ട്രൈസം പരിശീലനം ലഭിച്ചവർ

വാർഡ് ക്രമ നമ്പർ	പരിശീലനം കിട്ടിയ വിഷയം	ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവർ	മറ്റുതൊഴിലുകളിൽ ഏർപ്പെടുന്നു
1	മെക്കാനിക്ക്	1	-	-
2	കോഴിവളർത്തൽ	1	1	-
3	വസ്ത്രനിർമ്മാണം	9	6	-
4	ഷീറ്റ് മെറ്റൽ വർക്സ്	1	-	-
5	ലദർ വർക്സ്	7	6	-
6	ഇലക്ട്രോണിക്സ്	1	1	-
7	പെയ്ന്റിംഗ്, കമ്പോസിംഗ്	7	-	-
8	ഓട്ടോ മെക്കാനിക്ക്	1	-	
9				
10	കാർപ്പെന്ററി	1	-	
11	മോട്ടോർ മെക്കാനിക്ക്	3	-	
12	പ്ലാസ്റ്റിക്ക് വർക്സ്	1		

ഈ പട്ടിക പരിശോധിക്കുമ്പോൾ പരിശീലനം ലഭിച്ച 35 ആളുകൾ ഇതുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഇപ്പോൾ ബന്ധപ്പെടുന്നില്ലയെന്ന് മനസ്സിലാക്കാൻ കഴിയും. ഇത് ഗൗരവമായി വിലയിരുത്തപ്പെടേണ്ട ഒന്നാണ്. ഇത്തരം പരിശീലനം ലഭിക്കുന്നവർക്കും ഈ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗം കണ്ടെത്താനുള്ള അവസ്ഥ സംജാതമാകേണ്ടതുണ്ട്. ഓരോ പ്രദേശത്തും നടപ്പിലാക്കാൻ കഴിയുന്ന തൊഴിൽമേഖലകൾക്ക് വേണം അതാത് പ്രദേശത്തെ യുവതീയുവാക്കൾക്ക് പരിശീലനം നല്കേണ്ടത്.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം വീടുകൾ ആവശ്യമുള്ള 2210 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ സഹായം ലഭിച്ചവ 1149ഉം പൂർത്തീകരിച്ചവ ആണ്. സാമ്പത്തികബുദ്ധിമുട്ടുകൾ മൂലമാണ് ഇത്രയും വീടുകളുടെ പണി പൂർത്തിയാകാതിരിക്കാൻ കാരണം. പര്യാപ്തമായ തോതിൽ പണം അനുവദിക്കാത്ത അവസ്ഥയിൽ ലഭ്യമാകുന്ന പണംപോലും വേണ്ടത്ര ശരിയായരീതിയിൽ പ്രയോജനപ്പെടുത്താൻ പലർക്കും കഴിയുന്നില്ല. സർവ്വേ പ്രകാരം തന്നെ ഇനിയും കുടുംബങ്ങൾക്ക് കൂടി വീടുകൾ ഉണ്ടാവേണ്ടതുണ്ട്. സ്വന്തമായി കിടക്കാനൊരിടം ഇല്ലാത്തവർക്ക് അടിയന്തിരമായ സഹായം ഇക്കാര്യത്തിൽ ഉണ്ടാവണം.

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനികോപകരണങ്ങൾ നല്കി അവരുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് RAP. ഇതുപ്രകാരം 55 പേർക്ക് Tool Kit ലഭിച്ചിട്ടുണ്ട്.

പട്ടിക - 3

വർഷം	ലഭിച്ചവരുടെ എണ്ണം
92-93	12
93-94	17
94-95	14
95-96	12
ആകെ	55

ഈ പദ്ധതിപ്രകാരം പേർക്ക് കൂടി തൊഴിലുപകരണങ്ങൾ ലഭിക്കേണ്ടതുണ്ട്.

ഗ്രാമീണശുചിത്വം ലക്ഷ്യംവെച്ചുകൊണ്ട് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള [illegible] കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായം നല്കുന്ന പദ്ധതി നിലവിലുണ്ട്. കക്കൂസുകൾ ഇല്ലാത്ത 1235 കുടുംബങ്ങളെ ഐ.ആർ.ഡി.പി. സർവ്വേപ്രകാരം കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ ഈ പദ്ധതിപ്രകാരം (CRSP) ഗുണം ലഭിച്ചവരുടെ വിവരം പട്ടിക - 4ൽ കൊടുത്തിരിക്കുന്നു.

വർഷം	ലക്ഷ്യം	നല്കിയ എണ്ണം	
93-94	26	26	
94-95	10	10	
95-96	25	19	
ആകെ	61	55	

ഇനിയും കക്കൂസുകൾ ലഭിക്കേണ്ട കുടുംബങ്ങൾ ഉണ്ട്. ഇവർക്ക്കൂടി കക്കൂസുകൾ ലഭ്യമാക്കേണ്ടതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കിണർവെള്ളം മാത്രം അടിസ്ഥാനമാക്കി ശുദ്ധജലവിതരണം നടക്കുന്ന നമ്മുടെ പഞ്ചായത്തിൽ തുറസ്സായ സ്ഥലത്ത് നടക്കുന്ന മലവിസർജ്ജനം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നം വളരെ ഗുരുതരമായിരിക്കും. ജലജന്യരോഗങ്ങൾ അടുത്തകാലത്തായി വർദ്ധിച്ചുവരുന്നുവെന്ന സാഹചര്യം നാം പരിഗണിക്കേണ്ടതാണ്.

വിവിധ രോഗങ്ങൾകൊണ്ട് അവശതയനുഭവിക്കുന്നവർക്കുള്ള വിവിധ ആശ്വാസപദ്ധതികളുടെ ഗുണഭോക്താക്കൾ പഞ്ചായത്തിലുണ്ട്. ഇവരിൽ ഏറ്റവും കൂടുതൽ തുക ചിലവഴിക്കപ്പെടുന്നത് ക്ഷയരോഗികൾക്കാണ്. 94 പേർ. പെൻഷൻ ലഭിക്കുന്ന 5 കാൻസർ രോഗികൾ ഉണ്ട്. വിധവ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ ധനസഹായം ലഭിക്കുന്നവരും പഞ്ചായത്തിലുണ്ട്.

വിധവ പെൻഷൻ	-	120
വികലാംഗ പെൻഷൻ	-	77
അഗതി പെൻഷൻ	-	144
വാർദ്ധക്യ പെൻഷൻ	-	28

പെൻഷനുകൾക്ക് അപേക്ഷ കൊടുത്ത പലരുടെയും അപേക്ഷകൾ നിസ്സാര കാരണങ്ങൾ പറഞ്ഞ് നിരാകരിക്കപ്പെടുന്നതായി ഗ്രാമസഭകളിൽ പരാതിയുയർന്നിട്ടുണ്ട്. കൊടുത്ത അപേക്ഷയെകുറിച്ച് യാതൊരു വിവരവും പിന്നീട് അറിയാത്തവരും ഉണ്ട്. ഇത്തരം ക്ഷേമപദ്ധതികളെ കുറിച്ച് തികച്ചും അജ്ഞരായ ആളുകൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട് എന്നത് ഗൗരവപൂർവ്വമായ പരിഗണനയിൽ വരേണ്ടതാണ്.

കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ 800 പേരും ആർട്ടിസാൻസ് തൊഴിലാളി ക്ഷേമനിധിയിൽ 100 പേരും അംഗങ്ങളായിട്ടുണ്ട്. ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളാവേണ്ട നിരവധി തൊഴിലാളികൾ ഇനിയും നമ്മുടെ പ്രദേശത്തുണ്ട്. ക്ഷേമപദ്ധതികളെകുറിച്ച് തൊഴിലാളികളെ ബോധവല്ക്കരിക്കാൻ സന്നദ്ധ രാഷ്ട്രീയപ്രസ്ഥാനങ്ങൾ മുൻഗണന നല്കേണ്ടതുണ്ട്.

അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണകാര്യത്തിൽ അംഗനവാടികൾക്കുള്ള പങ്ക് നിസ്തർക്കമാണ്. ഇവയ്ക്ക് അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിച്ച് ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതുണ്ട്. സാമൂഹ്യരംഗത്തെ മാറ്റങ്ങൾക്ക് ശക്തമായ പങ്കുവഹിക്കുന്നതിന് സ്ത്രീകളെ പര്യാപ്തമാക്കുന്നതിൽ അംഗനവാടികൾ വഹിക്കേണ്ട പങ്കിനെകുറിച്ച് ജനങ്ങൾ വേണ്ടത്ര അറിവുള്ളവരല്ലയെന്നാണ് ഇന്നത്തെ ഈ സ്ഥാപനങ്ങളുടെ അവസ്ഥ സൂചിപ്പിക്കുന്നത്.

17 അംഗനവാടികളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. ഇതിൽ 12 എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. മൂന്നെണ്ണത്തിന് സ്ഥലമുണ്ട്. കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ളതിൽ രണ്ടെണ്ണം മഹിളാസമാജം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഭൂരിഭാഗത്തിനും ആവശ്യമായ ഫർണിച്ചറുകളോ കളിപ്പാട്ടങ്ങളോ ഇല്ല. കുടിവെള്ളം ലഭിക്കാനുള്ള ബുദ്ധിമുട്ടുണ്ട്. ചുറ്റുമതിൽ ഒന്നിനും ഇല്ല. ഭക്ഷണസാധനങ്ങൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽനിന്നും എത്തുന്നതിനുള്ള കാലതാമസം 'ഹീസിംഗി'നെ ബാധിക്കാറുണ്ട്.

1000 ജനസംഖ്യക്ക് ഒന്ന് എന്ന പരിഗണനയെടുത്താൽ പോലും ഇനിയും പത്തിലധികം അംഗനവാടികൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതുണ്ട്. അംഗനവാടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളിൽ പലതും നിർജീവങ്ങളാണ്. സ്ത്രീകളിൽ ഭൂരിഭാഗം പേരും ഇവയുമായി ബന്ധപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇതുകൊണ്ട്തന്നെ അംഗനവാടികൾ അവയുടെ ലക്ഷ്യസാധൂകരണത്തിൽ നിന്നും പിന്നോട്ട് തള്ളപ്പെടുന്നു. ആരോഗ്യക്ലാസുകൾ, പോഷക ഭക്ഷണസംബന്ധമായ കാര്യങ്ങൾ, ശിശുപാലനരീതികൾ തുടങ്ങിയ വിവിധങ്ങളായ അവശ്യവസ്തുതകൾ അറിയാനുള്ള അവസരമാണ് ഇതിലൂടെ സ്ത്രീകൾക്ക് നഷ്ടപ്പെടുന്നത്. ഇന്ന് സ്ത്രീകളുടെയിടയിൽ പൊതുവെ വായനാശീലം കുറഞ്ഞുവരികയാണ്. ഇതിനൊരു പരിഹാരമെന്ന നിലയിൽ മൂല്യങ്ങൾ കാത്ത്സൂക്ഷിക്കുന്ന പ്രസിദ്ധീകരണങ്ങൾ അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നത് സ്ത്രീകളെ ഈ കേന്ദ്രങ്ങളുമായി കൂടുതൽ ബന്ധപ്പെടാൻ പ്രേരിപ്പിക്കുന്നതാണ്.

പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമാർജനപദ്ധതിയെക്കുറിച്ച് പലരും അറിയുന്നില്ല. അതിനാൽ അവയുടെ ഗുണം ന്യൂനപക്ഷത്തിനുമാത്രം.
2. ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല.
3. പെൻഷനുകൾക്ക് അപേക്ഷകൊടുത്ത് കിട്ടാതെ

കാത്തിരിക്കുന്നവർ ധാരാളമുണ്ട്.

4. ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം സഹായം കിട്ടേണ്ടവരുടെ ലിസ്റ്റിൽപെട്ടവർക്ക് മുഴുവൻ സഹായവും കിട്ടുന്നില്ല.
5. അർഹരായ മുഴുവൻപേരെയും ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.
6 വീടുനിർമാണത്തിനും മറ്റുമുള്ള ധനസഹായം അപര്യാപ്തമാണ്.
7. തൊഴിൽ പരിശീലനം നേടിയവർക്ക് തൊഴിലെടുക്കാനുള്ള അവസരക്കുറവ്.
8. അംഗനവാടികൾക്ക് ഭൗതികസാഹചര്യങ്ങളില്ല.
9. മഹിളാസംഘങ്ങൾ പ്രസ്ഥാനങ്ങൾ ഇവയുടെ പ്രവർത്തനങ്ങൾ വേണ്ടത്ര ഊർജിതമായി നടക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. ദാരിദ്ര്യനിർമാർജനപദ്ധതികൾ അർഹരായവരിലെത്തിക്കാനുള്ള പ്രചാരണസംവിധാനങ്ങളുണ്ടാകണം.
2. സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. അപേക്ഷ നൽകുന്നവർക്ക് അതിന്മേലുള്ള തീരുമാനം പെട്ടെന്ന് അറിയിക്കാനുള്ള സംവിധാനമുണ്ടാക്കണം.
3. ആനുകൂല്യങ്ങൾക്കർഹരായ മുഴുവൻപേരേയും കണ്ടെത്താനുള്ള സമഗ്രമായ സർവേ നടത്തണം.
4. സഹായധനം ആവശ്യത്തിന് തികയുന്നവിധം ഉയർത്തേണ്ടതുണ്ട്.
5. 60 വയസ്സുകഴിഞ്ഞ സാമ്പത്തികപരാധീനത അനുഭവിക്കുന്ന മുഴുവൻപേർക്കും മറ്റു പരിഗണനകളില്ലാതെ പെൻഷൻ നൽകാനുള്ള സംവിധാനമുണ്ടാക്കണം.
6. അംഗനവാടികൾക്ക് ഭൂമിയും കെട്ടിടവും ഉണ്ടാക്കാനുള്ള സംവിധാനം വേണം.
7. മഹിളാസംഘങ്ങളേയും പ്രസ്ഥാനങ്ങളേയും പ്രവർത്തനോന്മുഖമാക്കിമാറ്റണം.

സാധ്യതകൾ

1. പഞ്ചായത്ത്തലത്തിൽ സന്നദ്ധസംഘങ്ങളുടെ സഹായത്തോടെ ദാരിദ്ര്യനിർമാർജനപ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രചാരണം സംഘടിപ്പിക്കുക. ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവേയും രാഷ്ട്രീയപാർട്ടി, സന്നദ്ധസംഘടന, ക്ലബ്ബ് ഇവയുടെ സഹായത്തോടെ നടത്തുക.
2. അർഹരായവർക്ക് പെൻഷൻ ലഭിക്കാൻ പഞ്ചായത്തിലെ രാഷ്ട്രീയപ്പാർട്ടിനേതാക്കൾ, സാമൂഹ്യസാംസ്കാരികനേതാക്കൾ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.
3. അംഗനവാടികെട്ടിടങ്ങൾക്ക് ഇപ്പോഴനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം. കളിക്കോപ്പുകൾ, ഊഞ്ഞാൽ, സൈക്കിൾ എന്നിവ നൽകാൻ സംവിധാനം വേണം.
4. മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവ കേന്ദ്രീകരിച്ചും പോഷകാഹാരവിതരണകേന്ദ്രങ്ങളും പ്രതിരോധ ചികിത്സാസമ്പ്രദായങ്ങളുമുണ്ടാക്കാം.
5. വനിതകൾക്കായി എല്ലാ വാർഡിലും ഒന്നോ രണ്ടോ പുതിയ DWCRA യൂണിറ്റുകൾ ആരംഭിക്കണം.
6. വികലാംഗർക്കായി പുതിയ തൊഴിൽപദ്ധതികൾ കണ്ടെത്തണം.
7. കമ്പ്യൂട്ടർ സാക്ഷരതയ്ക്കുള്ള സംവിധാനങ്ങളേർപ്പെടുത്താം.

തയ്യാറാക്കിയത്

കെ. കരുണൻ മാസ്റ്റർ
വിദ്യാധരൻ



വിഭവസമാഹരണം

കാർഷികഗ്രാമമായ ഓമശ്ശേരി പഞ്ചായത്തിൽ ഈ രംഗത്തുനിന്ന് വിഭവസമാഹരണത്തിനുള്ള സാദ്ധ്യത ധാരാളമുണ്ട്. എന്നാൽ ഉദ്പാദനരംഗത്തു നിലനിൽക്കുന്ന മുരടിപ്പ് ഈ മേഖലയെ തികച്ചും ദരിദ്രമാക്കുകയാണ്. നമ്മുടെ മുഖ്യവിളകളായ തെങ്ങ്, കമുക്, റബ്ബർ എന്നിവ പരമാവധി ഉദ്പാദനം നൽകിയാൽ അത്തരം ഉൽപന്നങ്ങളെ നിരവധി വ്യവസായസംരംഭങ്ങൾക്കുള്ള അസംസ്കൃതവസ്തുക്കളായി ഉപയോഗിക്കാൻ ബോധപൂർവ്വവും സംഘടിതവുമായ ഇടപെടലിലൂടെ ഈ മേഖലയെ പുഷ്ടിപ്പെടുത്താൻ കഴിയും. ഇന്നും ബാലാരിഷ്ടതകൾ വിട്ടുമാറിയിട്ടില്ലാത്ത നമ്മുടെ വ്യവസായരംഗത്തുനിന്നും വിഭവസമാഹരണത്തെക്കുറിച്ച് എന്തു പറഞ്ഞാലും അത് അതിശയോക്തിയാവുമെന്നത് തർക്കമറ്റ സംഗതിയാണ്. എന്നാൽ ഈ മേഖലയിൽ എന്തെല്ലാം പരാധീനതകളുണ്ടെങ്കിലും ഏതെങ്കിലും വ്യവസ്ഥാപിതമാർഗ്ഗങ്ങൾ അനുകരിക്കുന്നതിനുപകരം ചുറ്റുപാടുകളെ സംബന്ധിച്ച തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ ഈ മേഖലയെ കൈകാര്യം ചെയ്യാൻ കഴിഞ്ഞാൽ അനന്തമായ സാദ്ധ്യതകൾ തെളിഞ്ഞുവരുമെന്നുറപ്പാണ്.

സമ്പത്തുൽപാദനത്തിന്റെ വളരെ പ്രധാനപ്പെട്ട ഈ രണ്ടു മേഖലകളെയും ഇന്ന് അവ നേരിടുന്ന പ്രതിസന്ധികളിൽനിന്നു കരകയറ്റിക്കൊണ്ടു മാത്രമേ വിഭവസമാഹരണത്തിനായി മറ്റു മേഖലകളിലേക്കും കൈവെക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

നമ്മുടേത് ഒരു ലാസ്റ്റ് ഗ്രേഡ് പഞ്ചായത്താണെന്ന വസ്തുത വിഭവങ്ങളുടെ കാര്യത്തിൽ നമ്മുടെ സ്ഥാനം നിർണ്ണയിക്കുന്നു.

ലൈസൻസ് ഫീസ്

കച്ചവടസ്ഥാപനങ്ങളിൽനിന്നും, ചെറു വ്യവസായസ്ഥാപനങ്ങളിൽനിന്നും 1995-96 സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ 13696 രൂപയാണ് നമുക്ക് പിരിഞ്ഞുകിട്ടിയത്. മുഴുവൻ കച്ചവടക്കാരെയും മറ്റും തൊഴിൽ സംരംഭകരെയും നികുതിദായകരാക്കിമാറ്റാൻ ഇന്നും നമുക്ക് കഴിഞ്ഞിട്ടില്ല. ലൈസൻസ് ഫീസ് നിർണയിക്കുന്നതും അതു പിരിച്ചെടുക്കുന്നതുമെല്ലാം കൂടുതൽ കാര്യക്ഷമമായി നടത്തേണ്ടതുണ്ട്.

കെട്ടിടനികുതി

പഞ്ചായത്തിനുള്ള ഏറ്റവും പ്രധാനമായ വരുമാനമാർഗങ്ങളിലൊന്നാണിത്. കെട്ടിടങ്ങളുടെ നിർമ്മാണച്ചിലവ് വലുപ്പം, ആഡംബരം, നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന വാടക തുടങ്ങിയ ഘടകങ്ങളെല്ലാം സൂക്ഷ്മമായി പരിശോധിച്ചുകൊണ്ട് നികുതി നിർണയിച്ചാൽ ഈ ഇത്തിലുള്ള വരുമാനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കാൻ കഴിയും.

തൊഴിൽ നികുതി

മുഖ്യമായും സർക്കാർ ജീവനക്കാരിൽ നിന്നും അദ്ധ്യാപകരിൽനിന്നുമാണ് ഈ ഇനത്തിൽ നികുതി കിട്ടിക്കൊണ്ടിരിക്കുന്നത്. ചെറിയതോതിൽ കച്ചവടക്കാരിൽ നിന്നും ചെറു വ്യവസായസംരംഭകരിൽനിന്നു നാമമാത്രമായ തോതിലുള്ള വരുമാനവും ഉണ്ട്.

വിനോദനികുതി

വിനോദനികുതിയിനത്തിൽ വരുമാനമുണ്ടാക്കാനുള്ള യാതൊരു മാർഗ്ഗവും നമുക്കില്ല എന്നുതന്നെ പറയാം. ആകെകൂടെയുള്ള ഒരു സിനിമാ ടാക്കീസു മാത്രമാണ്. ഓമശ്ശേരി ടൗൺ പരിസരത്ത് ഒരു സിനിമാ തിയേറ്ററിനുള്ള സാദ്ധ്യത വളരെയേറെയാണ്. നമ്മുടെ പഞ്ചായത്ത് സ്റ്റേഡിയം അതിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഒരു ഓപ്പൺ എയർ തിയേറ്ററാക്കി മാറ്റിയാൽ പൊതു ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകാൻ കഴിയും.

മറ്റു ധനാഗമമാർഗ്ഗങ്ങൾ

കൃഷിയോഗ്യമായ പുറംപോക്കു ഭൂമി നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. അടിയന്തിരമായി ഇത് അളന്നു തിട്ടപ്പെടുത്തണം. വില്ലേജ് ഓഫീസുകളിലെ അടിസ്ഥാനവിവര രജിസ്റ്റർ പ്രകാരം 112.82 ഏക്കർ ഭൂമി പുറംപോക്കായി നമുക്കുണ്ട്. ഇതിൽ വളരെ കുറച്ചു ഭൂമി മാത്രമേ നമുക്ക് വാടകയ്ക്ക് നൽകാൻ കഴിഞ്ഞിട്ടുള്ളൂ. വളരെ തുച്ഛമായ നിരക്കിൽ മാത്രമേ ഇപ്പോൾ വാടക ലഭിക്കുന്നുള്ളൂ. സ്ഥിരമായി ഏതെങ്കിലും വ്യക്തികൾക്ക് മാത്രം അനുവദിച്ചുകൊടുക്കുന്ന രീതി ഒഴിവാക്കി പൊതുവായി ലേലം നടത്താൻ കഴിയണം. ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷിചെയ്യാൻ സന്നദ്ധതയുള്ള ആളുകൾക്ക് ഇത്തരം ഭൂമി വാടകയ്ക്കു നൽകാൻ ശ്രമിക്കണം. 1995-96 വർഷത്തിൽ പുറംപോക്കു ഭൂമി ലീസ് ഇനത്തിൽ കേവലം 800 രൂപ 50 പൈസ മാത്രമാണ് വരുമാനമുള്ളത്.

ബാങ്ക് ഫൈനാൻസിയേർസ്

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണബാങ്കും ഒരു ഗ്രാമീണബാങ്കുമാണുള്ളത്. സ്വകാര്യ ഫൈനാൻസിംഗ് സ്ഥാപനങ്ങൾ നമുക്കില്ല. നമ്മുടെ പഞ്ചായത്തിൽനിന്ന് സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 90 ശതമാനമെങ്കിലും പഞ്ചായത്തിൽത്തന്നെ വായ്പയായി കൊടുക്കണം. പഞ്ചായത്തിന്റെ വരവിനങ്ങൾ പട്ടിക - 1ൽ കൊടുത്തിരിക്കുന്നു.

ചെലവുകൾ

പരിമിതമായ നമ്മുടെ വിഭവങ്ങൾ പ്രത്യുൽപാദനപരമായി ഉപയോഗിക്കുന്ന രീതി നമുക്കുണ്ടായിരുന്നില്ല. പൊതുമരാമത്ത് ഭരണച്ചിലവുകൾക്ക് വിദ്യാഭ്യാസം സാമൂഹ്യക്ഷേമം എന്നിവയ്ക്ക് വും വീതമാണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത്. പൊതുമരാമത്ത് ചിലവുകൾ പഞ്ചായത്തുറോഡുകളുടെ റിപ്പയർ ജോലികൾക്കു വേണ്ടി ചെലവഴിച്ചവയാണ്. 5000 രൂപ ഉപയോഗിച്ച് പഞ്ചായത്ത് റോഡുകൾ റിപ്പയർ ചെയ്യുന്നത് ഒരു ഗുണവും കാണുന്നില്ല. ഒറ്റ മഴയോടുകൂടി റിപ്പയർ ചെയ്ത റോഡുകൾ വീണ്ടും പൂർവ്വസ്ഥിതിയിലാവുന്നതാണ് അനുഭവം. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. റോഡുകളുടെ സംരക്ഷണം അതിന്റെ ഗുണഭോക്താക്കളുടെ ഉത്തരവാദിത്വത്തിലായി മാറണം. ഇത്തരത്തിൽ മരാമത്തുചിലവുകൾ കുറക്കുകയും ആരോഗ്യവിദ്യാഭ്യാസരം-

പട്ടിക - 1

വരവ്

ഇനം	1986-87	87-88	88-89	89-90	90-91	91-92	92-93	93-94	94-95	95-96
തൊഴിൽനികുതി	35290.00	23667.00	33923.00	34922.00	98654.00	45106	57089.00	60652.00	337423	725901
കെട്ടിടനികുതി	36036.00	27336.00	86947.00	64001.00	46745.00	101020	65391.00	174585.00	69510.00	1614261
വിനോദനികുതി	978.00	11303.00	7848	11099.00	7522	11435.00	13168.0	2740170	10884.00	250171
അടിസ്ഥാനനികുതി	34392.00	34392.00	17196.00	34900.00	35829.00	33988.00	35493.00	30918.00	47661.00	46245
ഗ്രാന്റുകൾ	25673.00	42899.00	50275.00	60591.00	83232	124687.00	124687.00	207430.00	45458.00	539447
വസ്തുകൈമാറ്റനികുതി	124494.00	147031.00	152499.00	147232.00	168640	204119.00	235102.00	398382.00	345471.00	436964
അൺടൈഡ്								225800	318000	324730
ജെ.ആർ.വൈ									29758	50318
എസ്റ്റാബ്ലിഷ്മെൻറ് വരവ്	584	341	12605	33901	23392	22577	25806	57938		-198210771

ഗങ്ങളിലും കുടിവെള്ളാവശ്യത്തിനും കാർഷിക, വ്യവസായികരംഗത്തെ പുരോഗതിക്കും സഹായകമാവുന്ന രീതിയിൽ നമ്മുടെ വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയണം. (പട്ടിക - 2 നോക്കുക)

മനുഷ്യാധ്വാനം

നമ്മുടെ പതിനൊന്നു വാർഡുകളിലെയും ഗ്രാമസഭാറിപ്പോർട്ടുകൾ അവലോകനം ചെയ്തതിൽ കാണാൻ കഴിഞ്ഞത് അടിയന്തിരമായി നാം പൂർത്തീകരിക്കേണ്ട നിർമ്മാണപ്രവർത്തനങ്ങളിലും വികസനപ്രവർത്തനങ്ങളിലും 25% മുതൽ 50% വരെ മനുഷ്യാധ്വാനം സംഭാവന ചെയ്യാൻ ജനങ്ങൾ തയ്യാറാണ് എന്നാണ്. വിഭാഗീയചിന്തകൾക്കതീതമായി അദ്ധ്വാനം സംഭാവന ചെയ്യാനുള്ള സന്നദ്ധത വികസനസംസ്കാരത്തിന്റെ മങ്ങിയ അറയാക്കിമാറ്റണം. നമ്മുടെ പഞ്ചായത്തിൽ പതിനായിരക്കണക്കിനാളുകൾ വിവിധ ബഹുജനസംഘടനകളിൽ അണിനിരന്നവരാണ്. അതുകൊണ്ടുതന്നെ ബഹുജനസംഘടനകളുടെ ഇടപെടൽ ഈ രംഗത്ത് വമ്പിച്ച മാറ്റങ്ങളുണ്ടാക്കാൻ കഴിയും.

പട്ടിക - 2

ചിലവുകൾ

ഇനം	86-87	87-88	88-89	89-90	90-91	91-92	92-93	93-94	94-95	95-96
ESI	114277.10	145739.50	160169.95	190442.10	200744.85	226189.45	256961.95	284537.85	259941.50	274766. 14 %
പൊതുമരാമത്ത്	48147.00		111101.25	35240.10	99196	71476.10	114265	238636	113810.10	646414.75 32.7 %
ലോൺ തിരിച്ചടച്ചത്	2355.80	2538.00	52947.00	65000.00	59296.00	56924.00	50000	50000	92055	
ലോൺ	437851									

തയ്യാറാക്കിയവർ

കെ. പി. സദാശിവൻ

മനോജ്കുമാർ

റിസോഴ്സ് പേഴ്സൺസ്

കെ.പി. സദാശിവൻ
കൺവീനർ

കെ.വി. കൃഷ്ണനുണ്ണി
എ. ജയപ്രകാശ്
ജോ. കൺവീനർമാർ

പി.പി. ആമിന ടീച്ചർ
കെ.പി. കുഞ്ഞമ്മദ്
ഇ.എൻ. ഗോപിനാഥൻ നായർ
കെ. ശാന്തകുമാർ
പി.പി. മൊയ്തീൻകുട്ടി മാസ്റ്റർ
കെ. കരുണാകരൻ മാസ്റ്റർ
എം. ജെ. ജയിംസ്
പി. എ. ഹുസൈൻ
കെ.സി. അബ്ദുറഹ്മാൻ

പഞ്ചായത്ത് റിസോഴ്സ് പേഴ്സൺസ്

റസാക്ക് തടത്തിൽ
വി.ടി. ഉണ്ണീരിക്കുട്ടി
ടി.പി. മൊയ്തീൻ കുഞ്ഞി
ജയപ്രകാശൻ. സി
അബ്ദുൽ നാസിർ.എം.എൻ
പവിത്രൻ. ഇ.കെ
സി.കെ. മുഹമ്മദ്
ലിസിയാമ്മ വർഗ്ഗീസ്
പ്രദീപ്കുമാർ
എ.കെ. അബ്ദുറഹ്മാൻ
സി.വി. മുഹമ്മദ്
എ. അബ്ദുൽ സലാം
ഇ.കെ. അബ്ദുൽ നാസർ
ഒ.കെ. അബ്ദുൽ കരീം

സജീവ്. വി.കെ
വിദ്യാധരൻ. പി
ടി. ബാബുരാജൻ
പി. സദാനന്ദൻ
കെ.ജെ. ജോയ്
കെ. ശിവദാസൻ
എം. സജീവ്
തങ്കമണി. എം
എ.കെ. അബ്ദുൽ ലത്തീഫ്
കെ. ജമീല
സി.കെ. അബ്ദുൽ കരീം
കെ.എസ്. മനോജ്കുമാരൻ
സുലോചന. സി.എം.
പി.ടി. മനോജ് കുമാർ

അബ്ദുൽ അസീസ്
എം.ടി. മുഹമ്മദ്
ജോണി. പി.ജെ.
ഏലിയാമ്മ. പി.യു
എം.പി. വാസുദേവൻ
ഷാജു കുന്നുമ്മൽ
കെ.എ. ബേബി
എം.പി. ബിന്ദു
അപ്പച്ചൻ മൈക്കിൾ
ജോസ് പി.ഐ
റോസമ്മ ജോയ്
രാജു ജോൺ
ടി. സി. ലവൻ

എഡിറ്റോറിയൽ ബോർഡ് :

കെ. പി. കുഞ്ഞമ്മദ്
കെ. ശാന്തകുമാർ
കെ. വി. കൃഷ്ണനുണ്ണി
കെ. പി. സദാശിവൻ

എഡിറ്റർ :

പി. എ. ഹുസൈൻ

സബ്എഡിറ്റർ :


എ. ജയപ്രകാശ്

കവർ ഡിസൈൻ :

എം. പി. വാസുദേവൻ

ടൈപ്പ് സെറ്റിംഗ് & ലേഔട്ട്

ഡാറ്റാപ്രിൻറ്, മാവൂർറോഡ്



INSTITUTE OF LOCAL
KERALA

4323